## VII. ധനകാര്യം

### 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച

ശ്രീ. വർക്കല കഹാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ബഡ്ജറ്റവതരണത്തിൽ ഒരു വ്യാഴവട്ടം പൂർത്തിയാക്കിയ മാണി സാർ അവതരിപ്പിച്ച ഈ ബഡ്ജറ്റ് മനുഷ്യ മുഖമുള്ളതായിരുന്നു. നമ്മുടെ നാട്ടിലെ കൃഷിക്കാരുടേയും യുവജനങ്ങളുടേയും സാധാരണ ജനങ്ങളുടേയും വികാരങ്ങളോട് ചേർന്നുനിൽക്കുന്ന ബഡ്ജറ്റാണിത്. ഒരു നല്ല സർക്കാരിനുവേണ്ട ലക്ഷണങ്ങളെപ്പറ്റി തിരുക്കുറലിൽ പറയുന്നുണ്ട്. ആ കുറൽ ഇങ്ങനെയാണ്-

'ഇയറ്റലും ഈട്ടലും കാത്തലും,

കാത്ത ബഹുത്തലും വല്ലതരസ് ' - ഒരു നല്ല ഭരണകൂടം ധനസമാഹരണത്തിന് പുതുവഴികൾ കണ്ടെത്തുന്നു. കണ്ടെത്തിയ വഴികളിലൂടെ പരമാവധി പണം സ്വരൂപിക്കുന്നു. ഇങ്ങനെ സ്വരൂപിച്ച പണം കരുതലോടെ കൈകാര്യം ചെയ്യുന്നു. ഈ പണം സമർത്ഥമായി പങ്കുവച്ച് നൽകുന്നു. ഇതാണ് ഈ കുറൽ പറയുന്നത്. ഈ കുറലിനെ അന്വർത്ഥമാക്കുന്നതാണ് മാണി സാറിന്റെ ഇപ്പോഴത്തെ ബഡ്ജറ്റ്.

മി. സ്പീക്കർ: തിരുവള്ളുവർ എന്നുപറഞ്ഞാൽ മതി.

ശ്രീ. വർക്കല കഹാർ: തിരുക്കുറൽ എന്നുപറയുമ്പോൾ എല്ലാവർക്കുമറിയാം. എന്റെ സ്നേഹിതൻ ശ്രീ. കോവൂർ കുഞ്ഞുമോനുപോലും അറിയാം. അതുകൊണ്ടാണ് അദ്ദേഹം ആഹ്ളാദിച്ചത്. ഇതൊരു കാർഷിക ബഡ്ജറ്റാണ് എന്ന് ചില മാധ്യമങ്ങൾ വിശേഷിപ്പിച്ചിട്ടുണ്ട്. കർഷക പ്രശ്നങ്ങളെക്കുറിച്ചും കർഷക ആത്മഹത്യയെക്കുറിച്ചും ഒരുപാട് പ്രസംഗങ്ങളും

പ്രഭാഷണങ്ങളും ചർച്ചകളും ഈ സഭയിൽ നടന്നിട്ടുണ്ട്. സഭയ്ക്കു പുറത്തും ഈ ചർച്ചകളും പ്രസംഗങ്ങളും നമ്മൾ കേട്ടിട്ടുണ്ട്. പക്ഷെ ചർച്ച കളും പ്രസംഗങ്ങളും കേൾക്കുകയല്ലാതെ കർഷകന്റെ പ്രശ്നങ്ങൾ തിരിച്ച റിഞ്ഞ് ഇന്ററാക്ട് ചെയ്യാൻ കഴിഞ്ഞത് മാണി സാറിനാണ്. അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. വൈലോപ്പിള്ളി പാടിയത്,

ഉർവിയെ പുഷ്ടിപ്പിക്കും കലപോൽ നമുക്കത്ര

നിർവൃതികരം സർഗ്ഗ വ്യാപാരമുണ്ടോ മണ്ണിൽ?' – ഏറ്റവും ക്രിയാത്മ കമായ സർഗ്ഗ വ്യാപാരം കൃഷിയെന്നു തിരിച്ചറിഞ്ഞ യു.ഡി.എഫ്. സർക്കാ രിന്റെ മാണി സാറിന്റെ ബഡ്ജറ്റാണിത്. നമ്മുടെ നാട് ഒത്തിരി പ്രതിസന്ധി കളെ നേരിടുമ്പോഴും പദ്ധതികളൊന്നും വെട്ടിച്ചുരുക്കാതെ പുതിയ പദ്ധതി കളുമായി മുന്നോട്ടുപോകുന്ന ധനകാര്യ വകുപ്പുമന്ത്രിയെ എങ്ങനെ അഭിന ന്ദിക്കാതിരിക്കും; വാർഷിക പദ്ധതിച്ചെലവ് 17.65 ശതമാനം വർദ്ധിപ്പിച്ച് 20,000 കോടിയിൽ എത്തിച്ചിരിക്കുന്നു. ബുദ്ധിമുട്ടുകളുടേയും പ്രയാസങ്ങളു ടേയും നുകവും പേറിനടക്കുന്ന കേരളത്തിലെ കർഷകന് ആത്മവിശ്വാസം പകരുന്ന ക്രിയാത്മകമായ നടപടികളാണ് ഇതിലൂടെ ഉണ്ടായിരിക്കുന്നത്. രണ്ട് ഹെക്ടറിൽത്താഴെമാത്രം ഭൂമിയുള്ള ചെറുകിട കർഷകന് 90 ശത മാനം പ്രീമിയം നൽകിക്കൊണ്ട് നടപ്പിലാക്കുന്ന കർഷക ഇൻഷ്വറൻസ് പദ്ധ തി, നാമമാത്ര കർഷകർക്കായിട്ടുള്ള ഇൻകം ഗ്യാരണ്ടി പദ്ധതി, 25 വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി, ഹൈടെക് കൃഷിക്ക് പലിശരഹിത വായ്പ, കുറഞ്ഞ പലിശയുള്ള വായ്പാ പദ്ധതികൾ – ഇതൊക്കെ കർഷകനെ സന്തോഷിപ്പിക്കു കയില്ലേ; ഉൽപ്പാദന മേഖലയെ ശക്തിപ്പെടുത്തുക, വളർച്ച മുരടിച്ച കാർഷിക മേഖലയ്ക്ക് ഊർജ്ജം പകരുക എന്നിവയാണ് ഈ ബഡ്ജറ്റിന്റെ

പ്രധാന ലക്ഷ്യമായി മാണി സാർ പ്രഖ്യാപിച്ചിട്ടുള്ളത്. അധിക റവന്യൂ ചെലവ് വന്നതിനെക്കുറിച്ചാണ് ഇവിടെ പലരും പ്രഭാഷണം നടത്തിയത്. മൂന്നു വർഷക്കാലമായി കേരളത്തിൽ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റുണ്ട്. നാടിന്റെ ഒഴിവാക്കാനാവാത്ത ആവശ്യങ്ങൾക്കുമുമ്പിൽ ദാരിദ്ര്യവും ബുദ്ധി മുട്ടും പ്രസംഗിക്കുകയല്ല ഒരു ഗവൺമെന്റിന്റെ ജോലി. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനെ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീക രിച്ചത്; ഈ ഗവൺമെന്റിന്റെ ഭരണത്തെ തുലാസിന്റെ ഒരു തട്ടിലും ഇടതു പക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തെ അതേ തുലാസിന്റെ മറുതട്ടിലും വച്ച് കേരളത്തിലെ ജനങ്ങൾ തൂക്കും. അപ്പോൾ ആ ഭരണത്തിലെ വ്യത്യാസം തീർച്ചയായും മനസ്സിലാകും. അതിൽ യാതൊരു സംശയവുമില്ല. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ്, സ്ഥലമെടുക്കുന്ന മുറയ്ക്ക് കൊല്ലത്ത് മെഡിക്കൽ കോളേജുണ്ടാകുമെന്ന് പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളുടേയും അമ്മയായ തിരുവനന്തപുരം മെഡി ക്കൽകോളേജ് ഒഴികെ മറ്റൊരു മെഡിക്കൽ കോളേജ് ഉണ്ടായിരുന്നോ; പിന്നെ ചില മെഡിക്കൽ കോളേജുകളുണ്ടായി. ഇതൊക്കെ വെറും സ്വപ്ന ങ്ങളാണ് എന്നല്ലേ പലരും പറഞ്ഞത്. സ്വപ്നങ്ങൾ ചില കാലങ്ങളിൽ ചിലർക്ക് യാഥാർത്ഥ്യമാകും. കേരളത്തിലെ 8 ജില്ലകളിൽ മെഡിക്കൽ കോളേജുകൾ, സഹകരണ മേഖലയിൽ 9-ാമത്തെ മെഡിക്കൽ കോളേജു കൂടി വരാൻ പോകുന്നു. ഈ ഗവൺമെന്റ് പ്രവർത്തിക്കാത്ത ഗവൺമെന്റാ ണെന്നാണോ നിങ്ങൾ പറയുന്നത്; പാലക്കാട് മെഡിക്കൽ കോളേജിൽ പട്ടിക ജാതിക്കാർക്ക് 70 ശതമാനം മെഡിക്കൽ സീറ്റ്, ......

<u>ശ്രീ. എ.കെ. ബാലൻ</u>: നല്ല കാര്യമാണ്. പക്ഷെ പത്തുപൈസയുടെ ബഡ്ജറ്ററി സപ്പോർട്ട് ആ മെഡിക്കൽ കോളേജിനുണ്ടോ എന്നുള്ള കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. വർക്കല കഹാർ</u>: സർ, അതിൽ എത്ര രൂപ ആവശ്യമുണ്ടോ ആ പണം മുഴുവൻ എസ്.സി. വകുപ്പിൽനിന്നും കൊടുക്കുമെന്ന് പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. അത് തീർച്ചയായും കൊടുക്കും. അപ്പോൾ പണത്തിന്റെ കുറവുകൊണ്ട് ഉമ്മൻ ചാണ്ടി സർക്കാർ, മാണി സാറിന്റെ സർക്കാർ ഏറ്റെടുത്ത മൂന്നുവർഷത്തെ ഒരു പരിപാടിയും സ്തംഭിച്ചിട്ടില്ല. അതും സ്തംഭിക്കുകയില്ല അതിൽ ശ്രീ. എ. കെ.ബാലന് യാതൊരു സംശയവും വേണ്ട. ഒന്നു മുതൽ 18 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും മരുന്നും ചികിത്സയും സൗജന്യം. നിങ്ങൾക്കെന്താ ഇതിനെക്കുറിച്ച് ആലോചിച്ചുകൂടായിരുന്നോ; ഒരു കുഞ്ഞ് ജനിക്കുന്ന സമയം മുതൽ 18 വയസ്സുവരെ സൗജന്യ മരുന്നും ചികിത്സയും– പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ മെഡിക്കൽ കോളേജുവരെയുള്ള മുഴുവൻ ആശുപത്രികളിലും ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്നു. ഇതൊക്കെ ചെയ്യുമ്പോൾ തീർച്ചയായും കമ്മി വരും, അധിക ചെലവുണ്ടാകും. കാരണം മൂന്നുവർഷക്കാലമായി കേരളം ഭരിക്കുന്നത് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ്. അതോടൊപ്പംതന്നെ വികസന പരിപാടികൾ, വിദ്യാഭ്യാസ രംഗത്ത് ഒട്ടനവധി ഉന്നത വിഭ്യാഭ്യാസ സ്ഥാപനങ്ങൾ, നിരവധി ഗവൺമെന്റ് കോളേജുകൾ നിരവധി ഹയർ സെക്കണ്ടറി സ്കൂളുകൾ വരാൻ പോകുന്നു. അടിസ്ഥാന സൗകര്യ വികസന രംഗത്ത് വിപ്ലവകരമായ മാറ്റം നടന്നു. കേരളത്തിന്റെ എല്ലാ കാലത്തേയും ശാപമായിരുന്ന പൊട്ടിപ്പൊളിഞ്ഞ റോഡുകൾ ഉണ്ടായിരുന്ന പല സ്ഥലങ്ങ

ളിലും, എന്റെ മണ്ഡലത്തോടു ചേർന്നു കിടക്കുന്ന ശ്രീ. മുല്ലക്കര രത്നാകരന്റെ നാട്ടിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള റോഡ് വന്നു. അവിടെ മുഴുവൻ മുല്ലക്കരയുടെ ഫ്ളക്സ് വച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിന്റെ ഇപ്പുറത്തുള്ള ശ്രീ. ജി.എസ്. ജയലാലിന്റെ മണ്ഡലത്തിൽ മുഴുവൻ ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞിന്റേയും ശ്രീ. ജി.എസ്. ജയലാലിന്റേയും ഫ്ളക്സുകളാണുള്ളത്, വി.എസ്-ന്റേതോ ശ്രീ. സി. ദിവാകരന്റേതോ അല്ല. നിങ്ങൾക്ക് നാട്ടിൽ ആണുങ്ങളെപ്പോലെ തല നിവർത്തി ഇറങ്ങി നടക്കാനുള്ള അവസ്ഥ മാണി സാറും ശ്രീ. വി.കെ. ഇബാഹിം കുഞ്ഞുംകൂടി ഉണ്ടാക്കിത്തന്നില്ലേ; നിങ്ങൾക്ക് പറയാമല്ലോ പഴയ അഞ്ചുവർഷമല്ല ഇതെന്ന്. അങ്ങനെയുള്ള ഒരു സുവർണ്ണ കാലമാണിത്. വികസന രംഗത്തുണ്ടായ ഈ വമ്പിച്ച മാറ്റം കാരണമാണ് റവന്യൂ ചെലവുകളും കമ്മിയും വർദ്ധിക്കുന്നത്. ഈ രംഗങ്ങളിലെല്ലാം അഞ്ചുവർഷക്കാലം ഇടതുപക്ഷ ഗവൺമെന്റ് കയ്യുംകെട്ടി കണ്ണുംപൂട്ടി ഇരുന്ന കാലത്ത് ഉറച്ച ചുവടുവയ്പ്പുകളുമായി ശ്രീ. ഉമ്മൻ ചാണ്ടിയുടെ, മാണി സാറിന്റെ സർക്കാർ മുന്നോട്ടുനീങ്ങുന്നു.

100 കോടി രൂപയുടെ ജലസമൃദ്ധി പദ്ധതി, 45 ദിവസം മഴ പെയ്തു. കേരളത്തിൽ 30 വർഷത്തിനുശേഷമുണ്ടായ റിക്കോർഡ് മഴയായിരുന്നു. പിന്നീടും ഇടവിട്ട് മഴ പെയ്തപ്പോൾ, അവസാനം മഴ കൂടിപ്പോയി എന്നുപറഞ്ഞ് നമ്മൾ വിഷമിച്ചുപോയി. ആ മഴ പെയ്തെങ്കിലും നമ്മുടെ കിണറുകളിലെ വെള്ളം വറ്റിത്തുടങ്ങി. അതുമാത്രമല്ല വരൾച്ച വരുമെന്ന് എല്ലാവരും ഭയക്കുന്നൊരു സ്ഥിതിവിശേഷം നാട്ടിലുണ്ട്. മഴവെള്ളത്തെ തടഞ്ഞുനിർത്തി സംരക്ഷിച്ചില്ലെങ്കിൽ ഈ വേനൽക്കാലത്തെ നേരിടാൻ നമുക്ക് കഴിയില്ല.

അതിനുവേണ്ടി ക്രിയാത്മകമായി 'ജലസമൃദ്ധി' എന്ന പദ്ധതി 100 കോടി രൂപ ചെലവിൽ ആവിഷ്ക്കരിച്ചു. ഇത് കേരളത്തിന്റെ വർത്തമാനകാല സാഹ ചര്യങ്ങൾക്ക് ഏറ്റവും അനുപേക്ഷണീയമല്ലേ? വികസന രംഗത്ത് പല സംസ്ഥാനത്തെക്കാളും നമ്മുടെ നാട് പുറകോട്ട് പോയിരിക്കുകയാണ്. അതിന് പല കാരണങ്ങളുണ്ട്. ചില രാഷ്ട്രീയ പാർട്ടികളും അവരുടെ നയ ങ്ങളും കേരളത്തിനെ സാമ്പത്തികമായി പിന്നോട്ടുവലിക്കുന്നുവെന്ന കാര്യം ഞാൻ പറഞ്ഞതല്ല, പണ്ട് സി. അച്ച്യുതമേനോൻ പറഞ്ഞതാണ്. സ്വയംസംരം ഭകരംഗത്ത് ഉണ്ടായിരുന്ന ക്ഷീണം നമ്മുടെ നാടിനെ വളരെയധികം ബാധി ച്ചു. എല്ലാക്കാലത്തും കാണപ്പെടുന്ന പിന്നോക്കാവസ്ഥയ്ക്ക് പ്രധാന കാരണം ഇതായിരുന്നു. നമ്മുടെ യുവാക്കൾ സർക്കാർ ജോലിക്കു പുറകേ പരക്കം പായുമ്പോൾ നഷ്ടമാകുന്നത് പുത്തൻ സാങ്കേതിക ലോകം തുറന്നു വിട്ട വലിയ വ്യാവസായിക അവസരങ്ങളാണ്. അതുകൊണ്ടാണ് യു.ഡി.എ ഫ്. സർക്കാർ സംരംഭകത്വവികസനത്തിന് എപ്പോഴും പ്രഥമപരിഗണന നൽകുന്നത്. ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്ന, യുവസംരംഭകർക്കുള്ള 5 ലക്ഷം രൂപയുടെ ധനസഹായം യുവപ്രതിഭാ പുരസ്കാരം, വനിതാ സംരംഭ കർക്കായുള്ള പലിശ-രഹിത വായ്പ, ഇന്നൊവേഷൻ സോൺ തുടങ്ങിയ പദ്ധതികൾ പുതിയ വ്യവസായ സംസ്കാരത്തിന് വഴിയൊരുക്കുന്നു. എല്ലാ പദ്ധതികളുടേയും പദ്ധതി ചെലവിൽ നിന്ന് ഒരു ശതമാനം ഇതിനായി മാറ്റി വയ്ക്കുന്നു. ബഡ്ജറ്റ് അടങ്കൽ തുകയായ 66,000 കോടി രൂപയുടെ ഒരു ശത മാനമാകുമ്പോൾ 600 കോടി രൂപയായി. ആ ഒരു ശതമാനം നവസംരംഭ ങ്ങൾക്കായി മാറ്റിവയ്ക്കുകയാണ്. ഇത് കേരളത്തിന്റെ വികസനത്തിന് വലിയ മുതൽക്കൂട്ടാകും. ഈ ഗവൺമെന്റ് എല്ലാ പെൻഷനുകളും വർദ്ധിപ്പിച്ചു.

അതൊരു ചെറിയ കാര്യമാണോ? കൂട്ടത്തിൽ വൃദ്ധരായ മാതാപിതാക്കളുടേയും പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. നിങ്ങളുടെ കൂട്ടത്തിലും കാരണവന്മാരും മുതിർന്നയാളുകളും ഉണ്ട്. അവരെ വെട്ടി നിരത്താൻ വാളും തേച്ച്മിനുക്കി നടക്കുന്ന നിങ്ങൾക്ക് ഈ വർദ്ധനവ് സന്തോഷമുണ്ടാക്കുമോ? ഒരിക്കലും ഉണ്ടാക്കുകയില്ല. കാരുണ്യ പ്രവർത്തനങ്ങൾ, ആരോരുമില്ലാത്ത അഗതികൾ, അനാഥർ, നിത്യരോഗികൾ തുടങ്ങിയവർക്ക് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ഒരു അത്താണിയാണെന്ന് ആരും തലകുലുക്കി സമ്മതിക്കും. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ മുഖമുദ്രയാണ് ഈ കാരുണ്യ പ്രവർത്തനങ്ങൾ. ഈ ബഡ്ജറ്റിലൂടെ അനാഥകുഞ്ഞുങ്ങളുടെ ഹയർ സെക്കണ്ടറിതലം വരെയുള്ള പഠനം സർക്കാർ ഏറ്റെടുത്തിരിക്കുന്നു. നിത്യരോഗികൾക്കായി മാസം 1000 രൂപയുടെ ധനസഹായവും യാഥാർത്ഥ്യമാകുകയാണ്. ഇതൊക്കെ വലിയ കാര്യങ്ങളല്ലേ; ഇ–ഗവേണൻസ് പദ്ധതി – കൈയെത്താവുന്ന ദൂരത്ത് എത്തിക്കഴിഞ്ഞു. അക്ഷയ പദ്ധതി വഴി ലഭ്യമാകുന്ന സേവനങ്ങൾ സർക്കാർ സംവിധാനങ്ങളിൽ കാര്യക്ഷമത വർദ്ധിപ്പിക്കും എന്നതിൽ ഒരു സംശയവുമില്ല. ആഗോള തലത്തിൽ സാമ്പത്തിക മാന്ദ്യം ബാധിച്ചിരിക്കുന്ന, ഈ കാലത്ത് കേരളം കൈവരിച്ച 8.2 ശതമാനം വളർച്ചാനിരക്ക് യു.ഡി.എഫ്. സർക്കാരിന്റെ നേട്ടമാണെന്ന് ഞാൻ ആവർത്തിച്ച് പറയുന്നു. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന ചില നിർദ്ദേശങ്ങൾ ഗവൺമെന്റും ശ്രീ. കെ.എം. മാണിയും പുനരാലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഓട്ടോറിക്ഷകൾക്ക് ചുമത്തിയ അധിക നികുതി സാധാരണക്കാരെ ബാധിക്കും. അതുകൊണ്ട് ഈ അധിക നികുതി ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. .......ശബ്ദം രണ്ടു തരത്തിലാണ്. ഒന്ന് മുൻവശത്തുകൂടി വരുന്ന അർത്ഥമുള്ള ശബ്ദവും

വേറൊന്ന് പിൻഭാഗത്തുകൂടി വരുന്ന അർത്ഥമില്ലാത്ത ശബ്ദം, ഇതിനാരും മറുപടി പറയില്ല. – അതുകൊണ്ട് ഈ അധിക നികുതി ഒഴിവാക്കണമെന്ന് ഞാൻ പറയുന്നതോടൊപ്പം തന്നെ കൂടുതൽ വിറ്റുവരവുള്ള ടെക്സ്റ്റയിലുകൾക്കുമേൽ ചുമത്തുന്ന രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് സാധാരണക്കാരെ ബാധിക്കും. അതുകൊണ്ട് അതും പുനഃപരിശോധിക്കണം. ഈ ഗവൺമെന്റ് സാധാരണക്കാരന്റെ പ്രയാസങ്ങൾ സഹിക്കാത്ത ഒരു ഗവൺമെന്റാണ്. പെട്രോളിനും ഡീസലിനും വില വർദ്ധിച്ചപ്പോൾ ഈ ഗവൺമെന്റ് എന്തുചെയ്തു? പെട്രോളിനും ഡീസലിനും വില വർദ്ധിച്ചപ്പോൾ സംസ്ഥാന ടാക്സ് ഒഴിവാക്കിക്കൊണ്ട് അതിൽനിന്നുള്ള ഒരുപൈസപോലും ഈ ഗവൺമെന്റിന് വേണ്ടെന്ന് തീരുമാനിച്ചു. കഴിഞ്ഞ ഭരണകാലത്ത് ഇതു പോലെ വില വർദ്ധിപ്പിച്ചപ്പോൾ ഞങ്ങൾ പ്രതിപക്ഷം സഭയ്ക്ക് അകത്തു നിന്നുകൊണ്ട്, സംസ്ഥാന ടാക്സ് വേണ്ടെന്ന് വയ്ക്കണമെന്ന് ഏകകണ്ഠ മായി ഡോ. ടി.എം. തോമസ് ഐസക്കിനോട് ആവശ്യപ്പെട്ടു.. ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. കെ.എം. മാണിസാറിന്റെ പാതകൾ പിന്തുടരണമെന്ന് ഞങ്ങൾ പറഞ്ഞു. ഡോ. ടി.എം. തോമസ് ഐസക് എന്താണ് അന്നുപറഞ്ഞത്, അതൊക്കെ വേറെ കാര്യം, സംസ്ഥാന സർക്കാരിന് കിട്ടേ ണ്ടത് കിട്ടും. അത് വാങ്ങുകതന്നെ ചെയ്യുമെന്ന് പറഞ്ഞു. എന്നാൽ ഈ ഗവൺമെന്റ് സാധാരണക്കാരുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് ടാക്സ് ഒഴിവാക്കിക്കൊണ്ട് അതിൽനിന്നുള്ള ഒരുപൈസപോലും വേണ്ടെന്നുവച്ചു. ആ മാതൃക പിന്തുടർന്നുകൊണ്ട് ഓട്ടോറിക്ഷക്കാരുടെയും ടെക്സ്റ്റ യിൽസുകാരുടെയും കാര്യങ്ങൾ, കെട്ടിടനികുതി വർദ്ധനവ് ഇവയൊക്കെ സാധാരണക്കാരെ ഒരു തരത്തിലും ബാധിക്കില്ലെന്ന് ഉറപ്പുവരുത്താനുള്ള നടപടി അങ്ങ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. യു.ഡി.

എഫ്. സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ – കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം, ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ 50–ലധികം ജനക്ഷേമ ഉത്തരവുകൾ ഇറക്കി, ഇതൊക്കെ ഭരണഘടനാ വിരുദ്ധമാണെന്നും പ്രകൃതി വിരുദ്ധമാണെന്നുമൊക്കെ ഇന്നലെ ഏതോ മെമ്പർ പറയുന്നതുകേട്ടു. ആശ്രയ പദ്ധതി, കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ – ബധിര–മൂകരായ ചെറിയ കുഞ്ഞുങ്ങൾക്ക് ലക്ഷങ്ങൾ ചെലവഴിക്കുന്ന ചികിത്സ എങ്ങനെ പ്രാപ്യമാകും? അത് പ്രാപ്യമാക്കുന്നതിനുവേണ്ടിയുള്ള ശക്തമായ നട പടിയാണ്. എത്ര സാമ്പത്തിക ചെലവ് വന്നാലും കേരളത്തിലെ ഒരുകുഞ്ഞു പോലും ബധിരരും മൂകരുമായ അവസ്ഥയിൽ അപകടത്തിൽപ്പെട്ട് മരിക്കാൻ പാടില്ലെന്ന് പറഞ്ഞ് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിലൂടെ പണം ചെലവ ഴിക്കാൻ തുനിഞ്ഞ ഗവൺമെന്റാണിത്. കർഷകർക്ക് പെൻഷനും പട്ടയവും കൊടുക്കുന്ന കാര്യം ഞാൻ നേരത്തെ പറഞ്ഞു. അതുപോലെ നിരവധി കാര്യങ്ങൾ ഈ ഗവൺമെന്റ് നടപ്പിലാക്കി. യു.ഡി.എഫ്. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ ഇങ്ങനെ ഒന്നൊന്നായി പറഞ്ഞാൽ കൂടുതൽ പറയേണ്ടി വരും. നമ്മുടെ സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ജീവന ക്കാരുടെ പെൻഷന്റെ കാര്യം നാം അനുകമ്പാപൂർവ്വം കാണണം. അവരെ ഒഴിവാക്കരുത്. രണ്ടു വർഷത്തെ പാലിയേറ്റീവ് ട്രെയിനിംഗ് പിരീഡ് പൂർത്തി യായി വരുന്നവർക്ക് പഞ്ചായത്ത് ഇപ്പോൾ നൽകുന്നത് 6000 രൂപയാണ്. കാരുണ്യവാനായ അങ്ങ് അവരേയുംകൂടി പരിഗണിക്കണം. അവർക്ക് എന്ത് സഹായം ചെയ്യാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഇന്ന് ടി.പി. കേസ്സിന്റെ വിധി വന്ന ദിവസമാണ്, ശിക്ഷ വന്ന ദിവസമാണ്. ടി.പി. ചന്ദ്രശേഖരൻ

വധക്കേസിൽ പാർട്ടിക്ക് പങ്കില്ലെന്ന് സി.പി.എം. പറഞ്ഞു. ടി.പി. ചന്ദ്രശേഖ രൻ വധക്കേസിൽ – കൊടി സുനിക്കും കുഞ്ഞനന്തനും – അവർക്ക് രണ്ടു പേർക്കും ഒരേ പങ്കാണുള്ളതെന്ന് കോടതി കണ്ടെത്തി. കുഞ്ഞനന്തനെ ന്യായീകരിച്ച ശ്രീ. പിണറായി വിജയന് എന്താണ് പറയാനുള്ളത്? സഭയിലെ സി.പി.എം. നേതാക്കന്മാർ മറുപടി പറയുമ്പോൾ ഇതിന് ഉത്തരം നൽകണം. ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകം സമാനതകളില്ലാത്ത ഒരു കൊലപാതക മായിരുന്നു. ടി.പി. ചന്ദ്രശേഖരൻ വധക്കേസ് അപൂർവ്വങ്ങളിൽ അപൂർവ്വമായ കൊലപാതകമാണെന്നാണ് നീതികൂടം വിശേഷിപ്പിച്ചത്. കാട്ടുമൃഗങ്ങൾ ആഹാരത്തിനായി വേട്ടയാടുമ്പോൾപോലും വേട്ടമൃഗത്തിന്റെ കഴുത്ത് ഞെക്കി പെട്ടെന്ന് കൊന്നശേഷമേ അതിനെ തിന്നുകയുള്ളു. മൃഗങ്ങൾ കാട്ടുന്ന ഈ ദയപോലും സഹജീവിയോട് കാട്ടാതെ ഈ വിധം 51 വെട്ടുകൾ വെട്ടി ചന്ദ്രശേഖരനെ കൊന്നവർ മൃഗത്തേക്കാൾ അധ:പതിച്ചിരി ക്കുന്നു. ഒ.എൻ.വി.കുറുപ്പ് ഒരു കവിത പാടി,

‘കൊന്നും വെന്നും വാഴുക
പുലികളായി, സിംഹങ്ങളായി
മർത്ത്യരാവുക മാത്രം വയ്യ
ജന്തുത ജയിക്കുന്നു, ജന്തുത ജയിക്കുന്നു’.

കൊല്ലപ്പെട്ട ടി.പി. ചന്ദ്രശേഖരന്റെ വൃദ്ധയായ അമ്മയുടെ കണ്ണീരിന്റെ തോരാമഴ തീരാശാപമാണ്. ആനന്ദിക്കുകയാണ് നിങ്ങൾ. ഈ ഗവൺമെന്റി നെതിരെ വിചാരണ വരാൻ പോകുന്നുവെന്നാണ് ഇന്നലെ എന്റെ സ്നേഹി തനായ ശ്രീ. മുല്ലക്കര രത്നാകരൻ സഭയിൽ പറഞ്ഞത്. എന്താണ് വിചാരണ? ആക്ഷേപിക്കപ്പെട്ട പാഞ്ചാലി മുടി കെട്ടണമെങ്കിൽ അതിന് കാരണക്കാരായ

ദുശ്ശാസനന്മാരുടെ നെഞ്ച് പിളർന്ന് ചോര മുടിയിൽ പുരണ്ട ശേഷമേ ഞാൻ കെട്ടുകയുള്ളു എന്ന്. അതല്ല ശപഥം, പുത്രശോകം കൊണ്ട് നെഞ്ചുപൊട്ടിയ അമ്മമാരുടേയും ഭർത്താവ് നഷ്ടപ്പെട്ട സഹോദരിമാരുടേയും കണ്ണീർ കുത്തൊഴുക്കിൽ വംശനാശം നേരിടാൻ പോകുന്ന ഒരു ആൾക്കൂട്ടമാണ് കേരളത്തിലെ സി.പി.എം. ഒരമ്മയുടെ കണ്ണീർ, ഒരമ്മയുടെ വിലാപം, ടി.പി. ചന്ദ്രശേഖരന്റെ അമ്മയുടെ വിലാപം ഈ നാട് മുഴുവൻ മാറ്റൊലിക്കൊള്ളുകയാണ്. ഇന്ന് വിധിയുടെ ദിവസമാണെങ്കിൽ, ഇനിയുള്ള ദിവസം പാർലമെന്റ് തെരഞ്ഞെടുപ്പ് ഉൾപ്പെടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടിക്ക് വിജയ വിചാരണയുടെ, ജനകീയ വിചാരണയുടെ ദിനങ്ങളായിരിക്കും. എണ്ണിക്കോ, ചെവിയിൽ നുള്ളിക്കോ എന്നുപറഞ്ഞുകൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഈ ബഡ്ജറ്റിനെ ഞാൻ വളരെ ശക്തമായി എതിർക്കുകയാണ്. സാധാരണ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുന്നതും കേരളത്തിന്റെ വികസനം മുരടിപ്പിക്കുന്നതുമായിട്ടുള്ള ഈ ബഡ്ജറ്റിലെ ഉള്ളടക്കത്തിലേക്ക് കടക്കുന്നതിനുമുൻപ് പ്രിയപ്പെട്ട വർക്കല കഹാർ പറഞ്ഞ ഒരു കാര്യത്തിന് മറുപടി പറയാതെ പോകുന്നത് ശരിയല്ല. ടി.പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് ഞങ്ങളുടെ പാർട്ടിക്ക് ഒരു ബന്ധവുമില്ലായെന്നുള്ള കാര്യം വളരെ നേരത്തെതന്നെ വ്യക്തമാക്കിയതാണ്. കോടതിവിധി വന്നപ്പോൾ ഒന്നുകൂടി വ്യക്തമായിട്ടുണ്ട്. ഇനി, പാർട്ടിയിൽപ്പെട്ട ഏതെങ്കിലും ആളുകൾ കോടതിയുടെ നിരീക്ഷണത്തിൽ വന്നിട്ടുണ്ടെങ്കിൽത്തന്നെ ഇത് അവസാന കോടതിയൊന്നുമല്ല, അക്കാര്യങ്ങളൊക്കെ

പിന്നീട് പറയാവുന്നതാണ്. ഇവിടെ നടക്കുന്ന കൊലപാതകങ്ങൾ ഒന്നും തന്നെ യാതൊരു കാരണവശാലും അംഗീകരിക്കാൻ പാടില്ലാത്തതും വേദനാ ജനകവുമാണ്. ഇവിടെ എനിക്ക് ചോദിക്കാനുള്ളത്, തൃശ്ശൂരിലെ കോൺഗ്രസ് (ഐ) ഗ്രൂപ്പ് നേതാവായിരുന്ന, അയ്യന്തോൾ മണ്ഡലം സെക്രട്ടറി മധു ഈച്ച രത്തിനെ ക്ഷേത്രദർശനം കഴിഞ്ഞ് ഭാര്യയുമായി വരുമ്പോഴാണ് എതിർ ഗ്രൂപ്പുകാർ പരസ്യമായി വെട്ടിക്കൊലപ്പെടുത്തിയത്. അദ്ദേഹത്തിന്റെ മുഖത്തു മാത്രം 10 വെട്ടാണുണ്ടായിരുന്നത്. അയ്യന്തോൾ മണ്ഡലം കോൺഗ്രസ്സ് വൈസ് പ്രസിഡന്റ് ലാൽജി കൊള്ളന്നൂർ എന്ന നേതാവിനെ വെട്ടിക്കൊലപ്പെ ടുത്തി. ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകത്തിൽ വിഷമം തോന്നി അവിടെ കണ്ണീരൊപ്പാൻ പോയത് കോൺഗ്രസ്സിലെ രണ്ട് കേന്ദ്രമന്ത്രിമാരും മൂന്ന് സംസ്ഥാന മന്ത്രിമാരുമാണ്. നിങ്ങളുടെ സഹപ്രവർത്തകരെ വെട്ടിക്കൊലപ്പെടുത്തിയപ്പോൾ ഏതെങ്കിലും ഒരു മന്ത്രിയോ നിങ്ങളുടെ നേതാക്കൻമാരാരെങ്കിലുമോ ആ വഴിക്ക് പോയോ; ശ്രീ. വർക്കല കഹാർ പോയോ; ഭാര്യയും മക്കളും അമ്മയും പെങ്ങളുമൊന്നും ഇല്ലാത്തവരാണോ മധുവും ലാൽജിയും; പിന്നെ ഏത് അടിസ്ഥാനത്തിലാണ് നിങ്ങളീ വർത്ത മാനം പറയുന്നത്? നിങ്ങൾക്ക് വർത്തമാനം പറയാൻ യാതൊരു യോഗ്യത യുമില്ല. നിങ്ങളുടെ ഭരണാധികാരം ഉപയോഗിച്ച് ചില പത്രക്കാരെയുംകൂടി കൂട്ടുപിടിച്ച് കള്ളപ്രചാരണം സംഘടിപ്പിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാ ക്കൻമാരെയും പ്രവർത്തകൻമാരെയും കള്ളക്കേസിൽപ്പെടുത്തി ഒതുക്കാ നുള്ള ശ്രമമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്, അത് നടക്കുകയില്ല. ഭരണ പക്ഷത്തിരുന്നുകൊണ്ട് എക്കാലവും ഇക്കാര്യങ്ങൾ ചെയ്യാമെന്ന് വിചാ രിക്കുന്നത് അത്ര നല്ലകാര്യമല്ല. ഇവിടെ നടക്കുന്ന തുടരന്വേഷണവും മറ്റും ഭാവിയിലും ഉണ്ടായാൽ നീറ്റലും പുകച്ചിലുമൊക്കെ നിങ്ങൾക്കും ഉണ്ടാകുമെ

ന്നുള്ള കാര്യം അങ്ങ് ഓർക്കണം. എൽ.ഡി.എഫ്. ഭരണവും യു.ഡി.എഫിന്റെ ഭരണവും തമ്മിൽ പരിശോധിക്കുമ്പോൾ വലിയ വ്യത്യാസമുണ്ട്. ശ്രീ. കെ. എം. മാണിക്ക് തന്നെ അക്കാര്യമറിയാം. ചോദ്യങ്ങൾക്ക് അപ്പപ്പോൾ മറുപടി പറയാറുള്ള ശ്രീ. കെ. എം. മാണി ഞങ്ങളുടെ ചോദ്യങ്ങൾക്ക് 29-ാം തീയതി മറുപടി പറയാമെന്നാണ് പറഞ്ഞത്. 29-ാം തീയതിയും മാണി സാറിന് വ്യക്തമായ മറുപടിയൊന്നും പറയാൻ കഴിയില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ഞങ്ങൾ നികുതി ചോർച്ച അടച്ചുകൊണ്ട് കുറ്റമറ്റ രീതിയിൽ നികുതി പിരിച്ചാണ് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിച്ചത്. എന്നാൽ നിങ്ങൾക്ക് അങ്ങനെയൊന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നുമാത്രമല്ല, 4 ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 4,831 കോടി രൂപയാണ് ജനങ്ങളിൽ നിന്ന് അധികമായി.പിരിച്ചത്. ഇത് നാട്ടിലെ ജനങ്ങളുടെ ഭാരം വല്ലാതെ വർദ്ധിപ്പിച്ചിട്ടുള്ളതുകൊണ്ടാണ് 3 ഐറ്റത്തിനെങ്കിലും നികുതി കുറയ്ക്കണമെന്ന് ശ്രീ. വർക്കല കഹാർ പറഞ്ഞത്. 2013-14-ലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനം 58,057.85 കോടി (അൻപത്തിയെണ്ണായിരത്തി അൻപത്തിയേഴ് കോടി എൺപത്തിയെട്ട് ലക്ഷം) രൂപയായിരുന്നു. യഥാർത്ഥത്തിൽ വന്നത് 54,966.85 കോടി (അൻപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത്തിയാറ് കോടി എൺപത്തിയഞ്ച് ലക്ഷം) രൂപയാണ്. ഈ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതമൂലം ഉണ്ടായ റവന്യൂ കമ്മി 3,091.03 കോടി (മൂവായിരത്തി തൊണ്ണൂറ്റിയൊന്നു കോടി മൂന്ന് ലക്ഷം) രൂപയാണ്. 2013-14-ലെ റവന്യൂ ചെലവ് 60,327.85 കോടി (അറുപതിനായിരത്തി മുന്നൂറ്റി ഇരുപത്തിയേഴ് കോടി എൺപത്തിയഞ്ച് ലക്ഷം) രൂപയാണെങ്കിൽ യഥാർത്ഥ ചെലവ് 61,175.35 കോടി (അറുപ

ത്തിയോരായിരത്തി ഒരുനൂറ്റി എഴുപത്തിയഞ്ച് കോടി മുപ്പത്തിയഞ്ച് ലക്ഷം) രൂപയാണ്. ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് സംസാരി ക്കുമ്പോൾ ഡോ. ടി. എം. തോമസ് ഐസക് ഇടപെട്ട് ഈ കണക്ക് കള്ളമാ ണെന്ന് പറഞ്ഞതാണ്. എന്നിട്ടും നിങ്ങൾ സമ്മതിച്ചില്ല. 2013–14–ലെ ബഡ്ജ റ്റിൽ 2269.97 കോടി രൂപ കമ്മിയായിരിക്കുമെന്നാണ് പറഞ്ഞിരുന്നതെങ്കിൽ സി ആന്റ് എ.ജി യുടെ കണക്കുകൾ പുറത്തുവന്നപ്പോൾ യഥാർത്ഥ കമ്മി ആറായിരത്തി ഇരുന്നൂറ്റിയെട്ട് കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപയാണെ ന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് മൂവായിരത്തി തൊള്ളായിരത്തി മുപ്പ ത്തിയെട്ട് കോടി മുപ്പത്തിയെട്ട് ലക്ഷം രൂപ പ്രതീക്ഷിച്ചതിലും അധികം കമ്മി വരുന്നു. അടുത്ത വർഷത്തെ സി ആന്റ് എ. ജി. യുടെ റിപ്പോർട്ട് പുറത്തുവരുമ്പോൾ ഇതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ വ്യക്തമാകും. എന്തെന്നാൽ, കൂടുതൽ മന്ത്രിമാരെ വച്ചിട്ടുണ്ട്, മുന്നോക്ക വികസന കോർപ്പറേഷന്റെ ചെയർമാന് മന്ത്രി പദവി കൊടുത്തിട്ടുണ്ട്, അതുപോലെ നിരവധി ധൂർത്തുകളുടെയും ബഡ്ജറ്റിന് പുറത്തുള്ള കണക്കും വരാൻ പോകുന്നതേയുള്ളൂ. സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണെന്ന് ഇപ്പോൾ പറയാൻ കഴിയില്ല, അന്നേ പറയാൻ കഴിയൂ.

ശ്രീ. എ. കെ. ബാലൻ: സർ, പ്രഗത്ഭനായൊരു ധനകാര്യ വകുപ്പുമന്ത്രി യാണ് ശ്രീ. കെ. എം. മാണി എന്നാണ് എല്ലാവരും പറയുന്നത്. പക്ഷെ, ചരിത്രത്തിലാദ്യമായി ജീവനക്കാർക്ക് ക്രിസ്തുമസിന് ശമ്പളം അഡ്വാൻസ് കൊടുക്കാത്തത് ആരുടെ കാലഘട്ടത്തിലാണ് എന്നുള്ളത് ശ്രീ. കെ. കെ. ജയ ചന്ദ്രന് അറിയുമോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, കേരളത്തിൽ അതിന്റെ സർട്ടിഫിക്കറ്റ് ശ്രീ. കെ. എം. മാണിക്ക് മാത്രം ലഭിക്കുന്നതാണ്. അതുകൊണ്ടാണ് അദ്ദേഹത്തെ പ്രഗത്ഭനാണെന്ന് ഭരണകക്ഷിയിൽപ്പെട്ട ആളുകൾ പുകഴ്ത്തി ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഇവിടെ വാറ്റുമായി ബന്ധപ്പെട്ട മുഴുവൻ കേസുകളിലും സർക്കാർ തോറ്റുകൊടുത്തുകൊണ്ടിരിക്കുന്നത് സമയക്കുറവുകൊണ്ട് ഒന്നുരണ്ടു കാര്യങ്ങൾ മാത്രം ഞാനിവിടെ സൂചിപ്പി ക്കുകയാണ്. കോഴിക്കച്ചവടക്കാരോടുള്ള ഈ ഗവൺമെന്റിന്റെ സമീപ നമെന്താണ്? മൂന്നു വർഷമായി നികുതി വെട്ടിപ്പുകാരുടെ പറുദീസയാണ് കേരളം. പല സ്ഥാപനങ്ങളായി രജിസ്റ്റർ ചെയ്ത് ഒറ്റ സ്ഥാപനമായി പ്രവർത്തിക്കുന്ന തൃശ്ശൂരിലെ ഇറച്ചിക്കോഴി വ്യാപാരികളായ തോംസൺ ഗ്രൂപ്പ് 64 കോടി രൂപയുടെ നികുതിയാണ് വെട്ടിച്ചത്. ഇത് ഈടാക്കാനുള്ള ഉത്തരവ് ധനകാര്യ വകുപ്പാണ് റദ്ദ് ചെയ്തിരിക്കുന്നത്, അതെങ്ങനെ സംഭവിച്ചു? അതുപോലെതന്നെ, മോട്ടോർ വാഹന വകുപ്പിൽ 254 കോടി രൂപ യുടെ നികുതി കുടിശ്ശികയുണ്ടെന്നാണ് മാണി സാർ ബഡ്ജറ്റിൽ പറഞ്ഞത്. ഇത് പിരിച്ചെടുക്കുന്നതിനുപകരമാണ് പുതിയ നികുതി പ്രഖ്യാപിച്ചിരിക്കു ന്നത്. ഇടതുഭരണ കാലത്ത് അഴിമതിരഹിത ചെക്ക്പോസ്റ്റുകളാണുണ്ടായിരു ന്നതെങ്കിൽ ഇന്ന് വാളയാർ അടക്കം അഴിമതിയുടെ ചെക്ക്പോസ്റ്റുകളായി മാറിയില്ലേ? കഴിഞ്ഞ മൂന്നു വർഷക്കാലമായി പാട്ടക്കരാർ പുതുക്കുകയോ പാട്ടക്കുടിശ്ശിക പിരിക്കുകയോ ചെയ്യുന്നില്ല സി ആന്റ് എ. ജി റിപ്പോർട്ട് പ്രകാരം 10,273.9 കോടി രൂപ നികുതി കുടിശ്ശിക പിരിഞ്ഞു കിട്ടാനുണ്ട്. വാണിജ്യവകുപ്പിൽ നിന്നുമാത്രം അയ്യായിരത്തി നാനൂറ്റി അൻപത്തിയെട്ടു കോടി അറുപത്തിനാല് ലക്ഷം രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്.. മദ്യമുത

ലാളിമാരിൽ നിന്നും കോടികൾ പിരിച്ചെടുക്കാനുണ്ട്. മദ്യമുതലാളിമാരും ഗവൺമെന്റും തമ്മിലുള്ള ബന്ധമെന്താണ്; ഈ നികുതി പിരിക്കാൻ എന്താണ് വിഷമം? വിലവർദ്ധനവ് കൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുന്ന രീതിയിലുള്ള നികുതി നിർദ്ദേശങ്ങളാണ് ഇവിടെ നടത്തിയിരിക്കുന്നത്. ഉപജീവനമാർഗ്ഗത്തിന്റെ ഭാഗമായി സ്വയം തൊഴിൽ വായ്പയെടുത്തും ബാങ്ക് വായ്പയെടുത്തും ടാക്സിയും ഓട്ടോയും ഓടിച്ചു ജീവിക്കുന്ന തൊഴിലാളികൾക്ക് ഈ നികുതി നിർദ്ദേശം വല്ലാത്ത ഭാരമാണ് അടിച്ചേല്പിച്ചിരിക്കുന്നത്. ഹോംസ്റ്റേകൾക്ക് 12.5% ആഡംബരനികുതിയാണ് ചുമത്തിയിരിക്കുന്നത്. ഇത് ഇടത്തരക്കാരന്റെ വയറ്റത്തടിക്കുന്ന സമീപനമാണ്, പുനഃപരിശോധിക്കേണ്ടതാണ്. മെറ്റൽ ക്രഷർ യൂണിറ്റുകളുടെ നികുതി വർദ്ധിപ്പിക്കുന്നതോടൊപ്പം പാറപ്പൊടി, പാറമണൽ ഇവയുടെ വില വർദ്ധിപ്പിക്കുന്നതും നിർമ്മാണമേഖലയെ പിന്നോട്ടടിപ്പിക്കുമെന്ന് മാത്രമല്ല ആ രംഗത്ത് പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ ജീവിതത്തെത്തന്നെ ബാധിക്കുന്നതുമാണ്.

കേന്ദ്രം പാചകവാതകത്തിന്റെ വില വർദ്ധിപ്പിച്ചതിനാൽ എല്ലാ ഭക്ഷണസാധനങ്ങളുടെയും വില വർദ്ധിച്ചിരിക്കുകയാണ്. വെളിച്ചെണ്ണ ഒഴികെയുള്ള ഭക്ഷ്യ എണ്ണയ്ക്ക് നികുതി ഏർപ്പെടുത്തുന്നതിനാൽ ഭക്ഷണ സാധനങ്ങളുടെ വില വീണ്ടും വർദ്ധിക്കാൻ പോവുകയാണ്. ഈ ബഡ്ജറ്റ് കേരളത്തിന്റെ നികുതി സംവിധാനത്തെയാകെ തകർക്കുകയും സാധാരണക്കാരുടെ ജീവിതത്തെ ഇരുൾ മൂടിയതാക്കുകയും ചെയ്യുന്നതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ഇടുക്കി ജില്ലയ്ക്ക് പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ ഒന്നുപോലും നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. തേക്കടിയിൽ ഒരു മാസ്റ്റർ പ്ലാൻ പ്രഖ്യാപി

ച്ചിരുന്നു, അതിനായി തുക വകയിരുത്തുകയോ ആരെയെങ്കിലും ചുമതലപ്പെ ടുത്തുകയോ ചെയ്തിട്ടില്ല. മൂന്നാറിൽ സാംസ്കാരിക സമുച്ചയം – ഈ പദ്ധതിക്കു വേണ്ടി എന്തെങ്കിലും ചെയ്യാൻ ശ്രമിച്ചിട്ടുണ്ടോ; ഇലവീഴാ പൂഞ്ചിറയിൽ വിക സനത്തിന് മാസ്റ്റർ പ്ലാൻ – ഇത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതി ആവിഷ്ക രിക്കുകയോ നടപ്പിലാക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടുണ്ടോ; നീണ്ടുനിന്ന സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഭാഗമായി മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണത്തിന് 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു, അത് സംബന്ധിച്ച് പ്രാഥമികമായ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനം ആരംഭി ച്ചോ? ഈ ബഡ്ജറ്റിൽ അത് സംബന്ധിച്ച് ഒന്നും പറഞ്ഞിട്ടുമില്ല. ആദിവാസി കളുടെ ഉന്നമനത്തിന്റെ ഭാഗമായും ആദിവാസികളെ ആദരിക്കുന്നതിന്റെ ഭാഗ മായും കോവിൽമല രാജാവിന് കൊട്ടാരം പണിയാൻ 20 ലക്ഷം രൂപ വകയി രുത്തിയിരുന്നു. രാജാവിന് കൊട്ടാരം പണിയുന്നത് എവിടെവരെയായി; അത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? തൊടുപുഴയിൽ മലങ്കര ജലാശയത്തോടനുബന്ധിച്ച് മലങ്കര ഇറിഗേഷൻ പ്രോജക്ടിന് 50 ലക്ഷം രൂപ വകിയിരുത്തിയിരുന്നു, ഇത് സംബന്ധിച്ച എന്തെങ്കിലും പ്രവർത്ത നങ്ങൾ നടത്തിയിട്ടുണ്ടോ; കസ്തൂരി രംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് കേര ളത്തിന്റെ മലയോര ജില്ലകളിലാകെ, പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ ഉയർന്നുവന്നിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനോ അവർക്ക് ആശ്വാസം പകരുന്നതിനോ ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിന്റെ ഭാഗമായി വന്നിട്ടുണ്ടോ; ഇടുക്കി ജില്ല മുഴുവനും കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ പരിധിയിൽ വരികയാണ്. ഞങ്ങളത് പറയുമ്പോൾ കൃത്യമായി, വ്യക്തതയോടെ കാര്യങ്ങൾ മനസിലാക്കാനും അത് സംബന്ധിച്ച് നില പാട് സ്വീകരിക്കാനും ഇന്ന് ഭരണത്തിലിരിക്കുന്നവർക്ക് കഴിയാത്തതിന്റെ

കാരണമെന്താണ്? ഏതെങ്കിലും വനപ്രദേശത്തേയ്ക്ക് പുതിയതായി പ്രവേശി ക്കാനല്ല ഞങ്ങൾ ആവശ്യപ്പെടുന്നത്. പത്തമ്പത് വർഷങ്ങൾക്കുമുമ്പുതന്നെ സർക്കാർ താമസിപ്പിച്ചവരും സ്വയം കുടിയേറി താമസിക്കുന്നവരും വസി ക്കുന്ന പ്രദേശമാണത്. അവിടെ 40 വർഷങ്ങൾക്കുമുമ്പുതന്നെ വനാതിർത്തി ഫോറസ്റ്റ് ജണ്ടയിട്ട് തിരിച്ചിട്ടുണ്ട്. ആ ജണ്ടയ്ക്ക് വെളിയിൽ താമസിക്കുന്ന, കൃഷി ചെയ്തുവരുന്ന, പ്ലാന്റേഷൻ നടത്തിവരുന്ന, പട്ടണങ്ങളായി രൂപപ്പെട്ട പ്രദേശങ്ങളാകെ കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ പരിധിയിലുൾപ്പെടുത്തിയതി നെയാണ് ഞങ്ങൾ എതിർക്കുന്നത്. അത് സംബന്ധിച്ച് ജനങ്ങൾക്ക് ആശ്വാസ കരമായ ഏതെങ്കിലും ഒരു വാക്ക് ഉച്ചരിക്കുവാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ? ഇടുക്കി ജില്ലാ ആശുപത്രി തൊടുപുഴയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന്റെ ഭാഗമായി 50 ലക്ഷം രൂപ വകയിരുത്തുന്നു എന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ഹൈറേഞ്ച് നിവാസികൾ മനുഷ്യരല്ലേ; ഹൈറേഞ്ചിലെ ഏക റഫറൽ ആശു പത്രിയാണിത്. ആദിവാസികളും ചെറുകിട കൃഷിക്കാരും തോട്ടം തൊഴിലാളി കളും തിങ്ങിപ്പാർക്കുന്ന മേഖലയിൽനിന്ന് എന്തടിസ്ഥാനത്തിലാണ് ഇത് മാറ്റു ന്നത്? ഞാനിത് പറയുമ്പോഴും തൊടുപുഴയിലെ നിലവിലുള്ള ആശുപത്രി യുടെ ഏതെങ്കിലും തരത്തിലുള്ള വികാസത്തിന് ഞാൻ എതിരല്ല. അവിടെ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണം. പക്ഷേ ഇന്ന് നില നിൽക്കുന്ന ആരോഗ്യ നിയമത്തിന് തികച്ചും വ്യത്യസ്തവും വിരുദ്ധവുമായ നിലപാടാണ് ഈ ആശുപത്രിയുടെ കാര്യത്തിൽ സർക്കാർ തീരുമാനിച്ചിരിക്കു ന്നതെന്ന് പറയാതിരിക്കാൻ കഴിയില്ല. ജനങ്ങളെയാകെ കൊള്ളയടിക്കുന്ന നട പടി സ്വീകരിച്ചുകൊണ്ട് ജനങ്ങൾക്ക് ദുരിതം മാത്രം നൽകുന്ന സർക്കാരാണി ത്. ജനങ്ങളെ കൊള്ളയടിക്കുന്ന കേന്ദ്ര സർക്കാർ നയങ്ങൾമൂലം ക്ഷമയുടെ നെല്ലിപ്പലക കണ്ട, ജനങ്ങളുടെ കളസംകൂടി കീറിയെടുക്കുന്ന ബഡ്ജറ്റാണ്

മാണിസാർ അവതരിപ്പിച്ചിരിക്കുന്നത്. മഹാനായ മാണിസാർ അവസരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറ്റ് കേരളത്തിന്റെ സമസ്ത രംഗത്തിന്റെയും പുരോഗതി തകർക്കുന്നതും സർവ്വ നാശത്തിലേയ്ക്ക് നയിക്കുന്നതുമാണ്. ഇവിടെ സാധാരണ ജനങ്ങള കൊള്ളയടിച്ചാൽ മാത്രമേ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാക്കാൻ കഴിയൂ എന്ന കേന്ദ്ര സർക്കാരിന്റെ നയം തുടരുകയാണ്, ആവർത്തിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽകൂടി ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതിവച്ചുനോക്കിയാൽ ഏറ്റവും നല്ല ബഡ്ജറ്റാണ് പ്രിയപ്പെട്ട കെ. എം. മാണിസാർ അവതരിപ്പിച്ചതെന്ന് മനസ്സിലാകും. ദേശീയതലത്തിൽ പല കാരണങ്ങളാൽ സാമ്പത്തിക വളർച്ചയിൽ മുരടിപ്പ് അനുഭവപ്പെടുകയാണ്. കേരളത്തിൽ ചെലവുകൾ ക്രമാതീതമായി വർദ്ധിക്കുമ്പോൾ അതിനനുസരിച്ച് വരുമാനം കണ്ടെത്താനാകുന്നില്ല. ഇത്തരമൊരവസ്ഥയിലാണ് എന്തുകൊണ്ടും ചരിത്രത്തിൽ ഇടംനേടുന്ന ബഡ്ജറ്റ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി അവതരിപ്പിച്ചിരിക്കുന്നത്. ചെലവുകൾ വർദ്ധിക്കുമ്പോൾ പുതിയ വരുമാനമാർഗ്ഗങ്ങളും കണ്ടെത്തേണ്ടതുണ്ട്. ഇതിനുവേണ്ടി പുതിയ ചില നികുതി നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട് എന്നത് ശരിയാണ്. പക്ഷെ, സമഗ്രമായി ബഡ്ജറ്റ് പരിശോധിച്ചാൽ ഇതൊരു ജനപ്രിയ ബഡ്ജറ്റാണെന്ന് മനസ്സിലാകും. ഗ്രാമങ്ങളെയും കർഷകരെയും പാവങ്ങളെയും നന്നായി പരിഗണിക്കുന്നു എന്നതാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും നല്ല വശം. ഗ്രാമങ്ങളിലാണ് ഇന്ത്യയുടെ ആത്മാവ് നില

നിൽക്കുന്നതെന്നാണ് നമ്മുടെ രാഷ്ട്രപിതാവ് പറഞ്ഞിട്ടുള്ളത്. കൃഷി, മൃഗ സംരക്ഷണം, ഗ്രാമവികസനം, തൊഴിലില്ലായ്മ പരിഹരിക്കൽ, വ്യവസായ വികസനം, പാവങ്ങൾക്കുള്ള സഹായങ്ങൾ എന്നിവ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തിലൂടെ കർഷകരും പാവപ്പെട്ടവരുമാണ് ബഡ്ജറ്റിന്റെ ലക്ഷ്യമെന്ന് വ്യക്ത മാണ്. സംസ്ഥാനത്തെ 77 ശതമാനം ജനങ്ങളും അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണ്. അവരെ എങ്ങനെ സഹായിക്കാമെന്നാണ് ബഡ്ജറ്റ് നോക്കുന്നത്. നടപ്പുസാമ്പത്തിക വർഷത്തെക്കാളും 18 ശതമാന ത്തോളം വർദ്ധനവ് ഉൾക്കൊള്ളുന്ന വാർഷിക പദ്ധതി അവതരിപ്പിച്ചപ്പോൾ ആ വർദ്ധനവിന്റെ 31 ശതമാനം സാമൂഹ്യ മേഖലയ്ക്കും 27 ശതമാനം ഗ്രാമ വികസനത്തിനും 17 ശതമാനം വ്യവസായത്തിനും 16 ശതമാനം കൃഷിക്കും ആരോഗ്യത്തിനുമാണ് നീക്കിവച്ചിട്ടുള്ളത്. പാവങ്ങളോടും കർഷകരോടു മുള്ള സർക്കാരിന്റെ കരുതലാണ് ഇത് സൂചിപ്പിക്കുന്നത്. കേരളം കാർഷിക ഉല്പന്നങ്ങളുടെ ഉൽപ്പാദനത്തിൽ വളരെ പിറകിലാണ്. നമുക്ക് ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ അയൽ സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരികയാണ് പതിവ്. അതുകൊണ്ടുതന്നെ അവിടെയുണ്ടാകുന്ന ഏത് ചലനവും നമ്മുടെ വിപണിയെ ബാധിക്കുന്നു. ഇതിന് മാറ്റമുണ്ടാകണമെങ്കിൽ നമുക്ക് ആവശ്യ മുള്ളത് ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കേണ്ടതുണ്ട്. ഇതിനായി ഒട്ടേറെ പദ്ധതി കൾ ഈ ബഡ്ജറ്റിലുണ്ട്. 32 മുൻഗണനാ പരിപാടികൾ പ്രഖ്യാപിച്ചവയിൽ 19 എണ്ണവും കാർഷിക മേഖലയുമായി ബന്ധപ്പെട്ടവയാണ്. ഇവയ്ക്കെല്ലാം പുറമെ കൃഷിക്കുമാത്രമായി 965 കോടി രൂപയും മണ്ണ് സംരക്ഷണത്തിന് 73 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇത്രയും തുക വകയിരുത്തുന്നതോ

ടൊപ്പം നല്ല പദ്ധതികൾ കൊണ്ടുവരാനും കർഷകർക്കുള്ള സഹായങ്ങൾ യഥാസമയം നൽകുന്നതിനും ഉദ്യോഗസ്ഥതലത്തിലും ശ്രമങ്ങളുണ്ടാകണം. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ധനസഹായം നൽകുന്നത് നല്ലതാണ്. അതോടൊപ്പം കുടുംബനാഥൻ മരണപ്പെട്ടാൽ കാർഷിക കടം സർക്കാർ ഏറ്റെടുക്കുമെന്ന ഈ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം കർഷ കരിൽ വലിയ ആത്മവിശ്വാസം വളർത്തുന്നുണ്ട്. അടയ്ക്കാ കർഷകരെ സഹായിക്കാൻ 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ആരോഗ്യ പ്രശ്നത്തിന്റെ പേരിൽ അടയ്ക്ക നിരോധിക്കാൻ പോകുന്നുവെന്ന പ്രചരണം കർഷകരിൽ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. അതുകൂടി പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുക യാണ്. കാർഷിക മേഖലയുടെ വളർച്ചയ്ക്കുവേണ്ടി എത്ര ചെയ്താലും മതി യാവില്ല. റയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കുന്നതുപോലെ കാർഷിക ബഡ്ജറ്റും കേന്ദ്രത്തിൽ പ്രത്യേകം അവതരിപ്പിക്കുവാൻ സമ്മർദ്ദവും നിയമ നിർമ്മാണവും വേണമെന്ന അഭിപ്രായംകൂടി ഈ സഭയിൽ ഞാൻ പ്രകടിപ്പി ക്കുകയാണ്. ന്യൂനപക്ഷ ക്ഷേമത്തിന് 55 കോടി രൂപ നീക്കിവച്ച ബഡ്ജറ്റ് പട്ടികജാതി സമുദായത്തിന് 1034 കോടി രൂപയും പട്ടിക വർഗ്ഗ സമുദാ യക്ഷേമത്തിന് 460 കോടി രൂപയും നീക്കിവച്ചു. മറ്റ് പിന്നോക്ക വിഭാഗങ്ങ ളുടെ ക്ഷേത്തിന് 80 കോടി രൂപയും മുന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിന് 25 കോടി രൂപയും അനുവദിച്ചതോടെ എല്ലാവിഭാഗം ജനങ്ങളുടെയും ക്ഷേമ ത്തിന് പണം അനുവദിക്കുന്ന തുറന്ന മനസ്സ് പ്രകടിപ്പിച്ചിരിക്കുകയാണ്. കുടുംബനാഥന് അകാല മരണമോ സ്ഥായിയായ അംഗവൈകല്യമോ സംഭ വിച്ചാൽ ആ കുടുംബത്തിന് പ്രതിമാസം 2000 രൂപ അതിജീവന സഹായം

നൽകുന്ന സാമൂഹ്യക്ഷേമ പദ്ധതിയെ അനുകൂലിക്കാത്തവർ ഈ സഭയിലുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. ഇത്തരം കഷ്ടതകൾ കാരണം നാളെ ഒരാളും ആത്മഹത്യചെയ്യരുതെന്ന നിർബന്ധ ബുദ്ധിയാണ് ഇത്തരം ക്ഷേമ പ്രവർത്തനങ്ങളിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്നാണ് മനസ്സിലാക്കേണ്ടത്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക സ്ഥാനം വഹിച്ചിട്ടുള്ള പ്രവാസികളുടെ പുനരധിവാസത്തിന് ഒട്ടേറെ പദ്ധതികളുണ്ടെങ്കിലും കൂറച്ചുകൂടി തുക ഇതിലേയ്ക്ക് മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ക്യാൻസർ രോഗം ഭീതിപടർത്തി പടർന്നുകൊണ്ടിരിക്കുകയാണ്. എറെ പണം ചെലവുള്ള ചികിത്സയാണ് ക്യാൻസർ രോഗത്തിന്റേത്. ഈ രോഗം ആരംഭ ഘട്ടത്തിൽത്തന്നെ കണ്ടെത്തുന്നതിന് ബഡ്ജറ്റിൽ വിഹിതം വച്ചിട്ടുണ്ട്. ക്യാൻസർ രോഗം ഏറ്റവും കൂടുതൽ കണ്ടുവരുന്നത് മലപ്പുറം ജില്ലയിലാണെന്നും അതിൽത്തന്നെ എന്റെ മണ്ഡലത്തിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിലാണെന്നും പല പഠന റിപ്പോർട്ടുകളിലും കണ്ടെത്തിയിട്ടുണ്ട്. അതിനാൽ ഈ പദ്ധതിയിൽ മലപ്പുറം ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. വ്യവസായ രംഗങ്ങളിൽ ഈ ബഡ്ജറ്റ് പുത്തൻ പ്രതീക്ഷകൾ നൽകുന്നുണ്ട്. മലിനീകരണം കാരണമാണ് പല വ്യവസായങ്ങളെയും ജനങ്ങൾ എതിർക്കുന്നത്. എന്നാൽ പ്രകൃതിയോട് ചേർന്നു നിൽക്കുന്ന വ്യവസായങ്ങളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. പരമ്പരാഗത വ്യവസായമടക്കം വ്യവസായങ്ങളുടെ വളർച്ചയ്ക്ക് 639 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നു. ഇതുമൂലം വിദ്യാസമ്പന്നരായ നമ്മുടെ യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിന് കൂടുതൽ അവസരം ലഭിക്കും.

സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തന് 9 കോടി രൂപ അനുവദിച്ചത് പ്രത്യേകം പറയേണ്ടതാണ്. മലപ്പുറം ജില്ല കേരളത്തിന് സംഭാവന നൽകിയ അക്ഷയ പദ്ധതി കേരളമൊട്ടുക്കും വ്യാപിക്കുകയാണ്. ഇതടക്കം വിവര സാങ്കേതികവിദ്യാമേഖലയ്ക്ക് 313 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. ഏറെ നന്നായി കൈകാര്യം ചെയ്യുന്ന ഒരു വകുപ്പാണ് പൊതുമരാമത്ത്. ഈ വകുപ്പിനായി നീക്കിവച്ച തുക വർദ്ധിപ്പിക്കണമെന്ന അഭിപ്രായമുണ്ട്. ഇപ്പോൾത്തന്നെ പല പ്രവൃത്തികളുടെ എസ്റ്റിമേറ്റും ഭരണാനുമതി കാത്ത് കിടപ്പിലാണ്. പല പ്രവൃത്തികൾക്കും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയുടെ അനുമതി ഉണ്ടായിട്ടും ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർ അനുമതി നൽകുന്നില്ലെന്ന സത്യം കാണാതിരുന്നുകൂടാ. യു.ഡി.എഫ്. സർക്കാരിന് വലിയ മുന്നേറ്റമുണ്ടായ മേഖലയാണ് വിദ്യാഭ്യാസമേഖല. കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ പുതിയതായി കോളേജ് ആരംഭിക്കുമെന്ന കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനത്തെത്തുടർന്ന് കൊണ്ടോട്ടി മണ്ഡലത്തിലും ഒരു സർക്കാർ കോളേജ് ആരംഭിക്കുകയുണ്ടായി. സംസ്ഥാനത്ത് പുതിയതായി 12 താലൂക്കുകൾ പ്രഖ്യാപിച്ച് ചരിത്രം സൃഷ്ടിച്ചിരുന്നു. അതിൽ എന്റെ മണ്ഡലം ഉൾപ്പെടുന്ന കൊണ്ടോട്ടി താലൂക്കിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 23–12–2013–ന് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഈ താലൂക്കിന് ആസ്ഥാനമെന്ന നിലയിലും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾക്ക് സ്വന്തമായ കെട്ടിടമെന്ന നിലയിലും ഒരു മിനി സിവിൽസ്റ്റേഷൻ പണിയേണ്ടതുണ്ട്. ഇതിന് പ്രത്യേക വിഹിതമായി 7 കോടി രൂപ അനുവദിക്കണമെന്നും അത് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഉണ്ടാക

ണമെന്നും അഭ്യർത്ഥിക്കുന്നു. പുതിയ കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് എന്റെ ആസ്തി വികസന ഫണ്ട് നീക്കിവച്ചതുകൊണ്ടാണ് മിനി സിവിൽ സ്റ്റേഷന് പ്രത്യേകം ഫണ്ട് ചോദിക്കുന്നത്. സംസ്ഥാനത്തിന്റെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുവാൻ 1370 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൊണ്ടോട്ടി കേന്ദ്രമായി പുതിയ ഇലക്ട്രിക് ഡിവിഷൻ ഓഫീസ് പ്രഖ്യാപിച്ച ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയെയും ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നതോടൊപ്പം ബഡ്ജറ്റിൽ പുതിയതായി പ്രഖ്യാപിച്ച സബ്സ്റ്റേഷനുകളിൽ ഒന്ന് എന്റെ മണ്ഡലത്തിൽ അനുവദിക്കണ മെന്നും അഭ്യർത്ഥിക്കുന്നു. ഈ ബഡ്ജറ്റിന്റെ ഗുണങ്ങൾ എണ്ണിപ്പറയാൻ എനിക്ക് വാക്കുകളില്ല. ഏറ്റവും കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ച് ചരിത്ര ത്തിൽ ഇടംനേടിയ വ്യക്തിയാണ് ശ്രീ. കെ. എം. മാണി. അങ്ങയുടെ മറുപടി പ്രസംഗത്തിൽ എന്റെ മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഒന്നുരണ്ട് കാര്യ ങ്ങൾ കൂടി അനുവദിക്കുന്നതിലേയ്ക്ക് സമർപ്പിക്കുകയാണ്. ഒന്നാമതായി, കൊണ്ടോട്ടിയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രി യായി ഉയർത്തുകയെന്നതാണ്. കോഴിക്കോടിന്റെയും മലപ്പുറത്തിന്റെയും മധ്യത്തിൽ സ്ഥിതി ചെയ്യുന്ന പ്രധാന പട്ടണമാണ് കൊണ്ടോട്ടി. കോഴിക്കോട് വിമാനത്താവളത്തിന്റെയും ഹജ്ജ് ഹൗസിന്റെയും തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോൾത്തന്നെ ധാരാളം രോഗികൾ ചികിത്സയ്ക്ക് എത്തുന്നുണ്ട്. താലൂക്ക് ആസ്ഥാനങ്ങളിലല്ലാതെ സ്ഥിതി ചെയ്യുന്ന പല സി.എച്ച്.സി.-കളും താലൂക്ക് ആശുപത്രികളായി ഉയർത്തിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനാൽ പുതിയ താലൂക്ക് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത്

സെന്ററിനെയും താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന് അഭ്യർത്ഥിക്കുന്നു. രണ്ടാമതായി, വാഴക്കാട് കേന്ദ്രമായി ഒരു ഐ.റ്റി.ഐ. സ്ഥാപിക്കുകയെന്നതാണ്. ഇതിന്റെ നടപടികൾ പൂർത്തിയായതാണ്. ആവശ്യമുള്ള സ്ഥലം പഞ്ചായത്ത് വിട്ടുനൽകുകയും അധികൃതർ പരിശോധിച്ച് സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ ബഡ്ജറ്റിൽ പ്രഖ്യാപനം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചതുമാണ്. അതുകൂടി മറുപടി പ്രസംഗത്തിൽ പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പുതിയ താലൂക്ക് ആസ്ഥാന മന്ദിരമായ മിനി സിവിൽസ്റ്റേഷൻ പണിയുന്നതിന് 7 കോടി രൂപ അനുവദിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ടും ജനക്ഷേമകരമായ ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. രാജു : സർ, ഞാൻ ഈ ബഡ്ജറ്റിനെയും ബഡ്ജറ്റിലെ നിർദ്ദേശങ്ങളെയും ശക്തിയായി എതിർക്കുകയാണ്. ഏതുനിലയിലും ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് എനിക്ക് രണ്ടുമൂന്ന് കാര്യങ്ങൾ അഭ്യർത്ഥിക്കാനുണ്ട്. ഒന്നാമതായി, സാംസ്കാരിക മേഖലയ്ക്ക് അങ്ങ് തുക നീക്കിവച്ചിട്ടുണ്ട്. അതിൽ നീതിപൂർവ്വമല്ലാത്ത ചില സമീപനങ്ങൾ സ്വീകരിച്ചതായി തോന്നുന്നു, അവയ്ക്ക് പരിഹാരം കാണണം. തിരുവനന്തപുരത്ത് വൈകുണ്ഠസ്വാമി അന്തർദേശീയ പഠനകേന്ദ്രം ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നുവെന്നാണ് വളരെ സൗമനസ്യപൂർവ്വം പറഞ്ഞിട്ടുള്ളത്. ശ്രീനാരായണ ഗുരുവിനെപ്പോലെയും ചട്ടമ്പിസ്വാമികളെപ്പോലെയും തിരുവിതാംകൂർ മേഖലയിൽ, പ്രത്യേകിച്ച് തിരുവനന്തപുരത്ത് നാടാർ സമുദായത്തിന്റെ ആത്മീയ ഗുരുവാണ് വൈകുണ്ഠസ്വാമി. സാംസ്കാരിക,

സാമൂഹിക മേഖലകളിൽ വളരെ സംഭാവന ചെയ്ത അദ്ദേഹത്തിന് സമുചിത മായ സ്മാരകം പണിയേണ്ടതുണ്ട്. പ്രതിമ സ്ഥാപിക്കുന്നതിന് അനുയോജ്യ മായ സ്ഥലം അനുവദിക്കുന്നതോടൊപ്പം അന്തർദേശീയ പഠനകേന്ദ്രം ആരംഭിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള 10 ലക്ഷം രൂപ എന്നുള്ളത് ഏറ്റവും കുറഞ്ഞത് 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. അല്ലെങ്കിലത് നീതിപൂർവ്വ മാകില്ലെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെ, കായിക്കരയിലുള്ള കുമാര നാശാൻ സ്മാരകത്തിന് 2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അത് കുറഞ്ഞത് 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥി ക്കുന്നു. ശ്രീമൂലം പ്രജാസഭാംഗവും സാമൂഹിക പരിഷ്കർത്താവും സാംബവ മഹാസഭയുടെ സ്ഥാപകനുമായ കാവാരിക്കുളം കണ്ഠൻ കുമാരന് സ്മാരകം നിർമ്മിക്കാൻ സാംബവ മഹാസഭയ്ക്ക് 2 ലക്ഷം രൂപ യാണ് വകയിരുത്തിയിരിക്കുന്നത്. തീർച്ചയായും അതൊരു വിവേചനമായി കണക്കാക്കും. മറ്റ് സാംസ്കാരിക കേന്ദ്രങ്ങൾക്കും സ്മൃതിമണ്ഡപങ്ങൾക്കും കൂടുതൽ തുക വകയിരുത്തിയിരിക്കുന്ന സാഹചര്യത്തിൽ സാംബവ മഹാ സഭയ്ക്ക് അനുവദിച്ചിരിക്കുന്ന തുക 5 ലക്ഷം രൂപയായെങ്കിലും വർദ്ധിപ്പിക്കണം. അങ്ങയുടെ നിർദ്ദേശങ്ങളിൽ പ്രത്യക്ഷത്തിൽത്തന്നെ നീതി പൂർവ്വമല്ലെന്ന് തോന്നിയ കാര്യങ്ങൾ മാത്രമാണ് സൂചിപ്പിച്ചത്. ബഡ്ജറ്റ് പൊതുവിൽ ജനവിരുദ്ധമാണ്. ബഡ്ജറ്റ് പുറത്തുവന്നതിനുശേഷം ജനപ്രതി നിധികൾക്കും വിവിധ സംഘടനകൾക്കും പത്രമാധ്യമങ്ങൾക്കുമുള്ളത് സമ്മിശ്ര പ്രതികരണമല്ല, ഇത് ജനവിരുദ്ധവും വിലക്കയറ്റം ഉണ്ടാക്കു ന്നതുമായ ബഡ്ജറ്റാണെന്ന ഒരേ തരത്തിലുള്ള പ്രതികരണമാണ്. കേരളം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നമടക്കമുള്ള കാര്യങ്ങൾക്കൊന്നിനും

തന്നെ പരിഹാരം നിർദ്ദേശിക്കുന്ന ബഡ്ജറ്റല്ലെന്ന് എല്ലാ പത്രമാധ്യമങ്ങളും ഐകകണ്ഠ്യേന പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് തന്നെയായിരിക്കും നികുതി നിർദ്ദേശങ്ങൾ വരുമ്പോൾ അതിനുമുമ്പായി ആവശ്യമായ മാർക്കറ്റ് സ്റ്റഡി നടത്തണമെന്ന് കോൺഗ്രസ്സിന്റെ എ.ഐ.സി.സി. സെക്രട്ടറി കൂടി യായ ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. ശ്രീ. കെ. എം. മാണിയുടെ 12-ാമത് ബഡ്ജറ്റ് എന്നതുപോലെതന്നെ ശ്രീ. വി. ഡി. സതീശന്റെ 12-ാമത് ബഡ്ജറ്റ് സ്പീച്ചാണിതെന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം ഇതിനുമുമ്പും ശ്രീ.കെ. എം. മാണിയുടെ ബഡ്ജറ്റിനെക്കുറിച്ച് സംസാരിച്ചിട്ടുണ്ടാകാം. ശ്രീ. വി. ഡി. സതീശൻ യഥാർത്ഥത്തിൽ ശ്രീ. കെ. എം. മാണിയെ കുറ്റപ്പെടുത്തുകയായിരുന്നു. 1556 കോടി രൂപയുടെ പുതിയ നികുതി നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ വച്ചിരിക്കുകയാണ്. അതിൽ ഭൂരിപക്ഷവും വിലക്കയറ്റം ഉണ്ടാക്കുന്ന നിർദ്ദേശങ്ങളാണ്. ആട്ടോറിക്ഷയുടെയും ടാക്സി കാറിന്റെയും നികുതി വർദ്ധിപ്പിച്ചുകൊണ്ട് ടൂറിസ്റ്റുകളെയും ബാധിക്കുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ വച്ചിട്ടുള്ളത്. അങ്ങയുടെ ഈ നിർദ്ദേശങ്ങളെ സംബന്ധിച്ച് സ്റ്റഡി നടത്തിയിട്ടുണ്ടോയെന്നല്ലേ, ശ്രീ. വി. ഡി. സതീശൻ പച്ചയായി ചോദിച്ചത്? അത്തരത്തിലൊരു സ്റ്റഡി നടത്തിയിരുന്നെങ്കിൽ തീർച്ചയായും ആട്ടോറിക്ഷയ്ക്കും ടാക്സിക്കും അധിക നികുതിയും ടൂറിസ്റ്റുകളുടെ വരവിനെ ബാധിക്കുന്ന തരത്തിലുള്ള നികുതികളും വയ്ക്കുമായിരുന്നില്ലെന്നാണ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞിരിക്കുന്നത്. സ്വാഭാവികമായും അത്തരം നിർദ്ദേശങ്ങൾ വരുന്നതുവഴി ആ മേഖലയ്ക്കുണ്ടാകുന്ന ആഘാതം നമ്മുടെ പൊതുവായ വികസനത്തെ ബാധിക്കാനിടയുണ്ടെന്നുള്ള സ്റ്റഡി നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ വയ്ക്കണം. എല്ലാവരും അങ്ങനെ ചെയ്യണമെന്ന പൊതുവായ

നിർദ്ദേശം നൽകിക്കൊണ്ട് സമാധാനിക്കുകയാണ് അദ്ദേഹം ചെയ്തത്. മറ്റൊന്ന്, ബഡ്ജറ്റിലെ നിർദ്ദേശങ്ങളൊന്നും വെറുതെയാകരുതെന്നായിരുന്നു. ഈ മന്ത്രിസഭ വന്നതിനുശേഷം ശ്രീ. കെ. എം. മാണിയുടെ മൂന്നാമത്തെ ബഡ്ജറ്റാണിത്. ബഡ്ജറ്റിൽ പറയുന്ന, സാമൂഹിക ക്ഷേമപരമായതും മാറ്റ ങ്ങൾക്ക് വേണ്ടിയുള്ളതുമായ നിർദ്ദേശങ്ങൾ വെറുതെയായിപ്പോകരുതെന്നും ഭൂരിപക്ഷവും നടപ്പിലാക്കപ്പെടുന്നില്ലെന്നുമാണ് അദ്ദേഹം സൂചിപ്പിച്ചത്. അതു കൊണ്ട് ജനങ്ങൾക്ക് ബഡ്ജറ്റിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. ഇത് എൽ.ഡി.എഫ്. സർക്കാരിനെക്കുറിച്ചല്ല പറഞ്ഞത്. കഴിഞ്ഞ 3 വർഷമായി ബഡ്ജറ്റ് അവതരിപ്പിക്കുന്ന ശ്രീ. കെ. എം. മാണിയോട് അദ്ദേഹത്തിന്റെ ബഡ്ജറ്റിനെ സപ്പോർട്ട് ചെയ്ത് സംസാരിക്കുമ്പോൾ ഇത്തരം വേദോപദേശം നടത്തണമെങ്കിൽ, അത് അങ്ങയെക്കുറിച്ച് തന്നെയാണ് പറഞ്ഞത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നടപ്പിലാക്കുന്നില്ല എന്നത് എന്നെപ്പറ്റിയല്ല ?

ശ്രീ. കെ. രാജു: കഴിഞ്ഞ 10 വർഷമായി എന്ന് അദ്ദേഹം സൂചിപ്പിച്ചു. അങ്ങനെ പറയാതിരിക്കാൻ ഒക്കുമോ; അങ്ങനെയല്ലാതെ പറയാൻ പറ്റുമോ? എൽ.ഡി.എഫ്-ന്റെ കാലഘട്ടം എന്നുകൂടി വരത്തക്കവിധം അദ്ദേഹം ഒരു സൂചന നൽകി. പക്ഷേ ആ വാചകം ഈ ബഡ്ജറ്റ് അവതരണവേളയിൽ പറയുന്നതിന്റെ അർത്ഥം എന്താണ്? അങ്ങ് ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങ ളിൽ ഭൂരിപക്ഷവും നടപ്പിലാക്കാൻ പോകുന്നില്ല. നടപ്പിലാക്കില്ല. അങ്ങനെ നടപ്പിലാക്കാതെ വന്നാൽ ജനങ്ങൾക്ക് ബഡ്ജറ്റിന്മേലുള്ള വിശ്വാസം നഷ്ട പ്പെടുമെന്നുള്ളതുതന്നെയല്ലേ വ്യക്തമായ സൂചന. അത് അങ്ങ് കണക്കിലെ

ടുക്കണം. അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റിന്റെ പ്രത്യേകത എന്താണ്. പ്രവാസികളെ ഏതാണ്ട് മറന്ന ബഡ്ജറ്റല്ലേ ഇത്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികൾക്കുവേണ്ടി ആയിരം കോടി രൂപയുടെ പാക്കേജ്, ഒരു പക്ഷേ അല്പം കുറഞ്ഞോട്ടേ, അവരെ സംരക്ഷിക്കാൻ വേണ്ടി അങ്ങയുടെ ഭാഗത്ത് നിന്ന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കപ്പെടും എന്ന് 75000-ൽ അധികം വരുന്ന കേരളത്തിലെ പ്രവാസികുടുംബങ്ങളിലെ ആളുകൾ ന്യായമായി പ്രതീക്ഷിച്ചതല്ലേ? അങ്ങയെ നേരിൽ കണ്ട് പ്രവാസി ഫെഡറേഷന്റേയും മറ്റു സംഘടനകളുടേയും ആളുകൾ നിവേദനം തന്നു. അങ്ങ് അവരോട് അനുകൂലമായി പ്രതികരിച്ചു. പക്ഷേ പ്രവാസികളെ പൂർണ്ണമായും മറന്ന, അവർക്കുവേണ്ടി ഒരു പുനരധിവാസ പദ്ധതിപോലും പ്രഖ്യാപിച്ചിട്ടില്ലാത്ത ഒരു ബഡ്ജറ്റ് ഈ ഗവൺമെന്റിന്റെ ഒരു പ്രത്യേകതയാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ.എം. മാണി: ഇങ്ങനെയൊന്നും പ്രസംഗിക്കരുത്. ബഡ്ജറ്റിന്റെ 64-ാം പേജിലെ 305, 306, 307, 308, 309 എന്നീ ഖണ്ഡികകളിലായി പ്രവാസികളെപ്പറ്റി വളരെയധികം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. വെറുതേ പ്രവാസികളെപ്പറ്റി ഒന്നു പറഞ്ഞിട്ടില്ലായെന്ന് പറയുന്നത് ശരിയല്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): കേരള സമ്പദ്ഘടനയിൽ പ്രധാന പങ്ക് വഹിക്കുന്ന പ്രവാസി മലയാളി സമൂഹത്തിന്റെ പുനരധിവാസ ക്ഷേമ പാക്കേജിനായി 10 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. കെ. രാജു: ബഹുമാനപ്പെട്ട പ്രവാസി വകുപ്പു മന്ത്രി തന്നെ പറയുകയാണ് 10 കോടി രൂപയാണ് പ്രവാസി മലയാളികൾക്കുവേണ്ടി വച്ചിട്ടുള്ളത്.

സംഘടനകൾ ആവശ്യപ്പെടുന്ന തുക കൊടുക്കണമെന്ന് പറയുന്നില്ല. 1000 കോടി രൂപയുടെ ഒരു പാക്കേജ് പ്രഖ്യാപിക്കുമെന്ന് കരുതിയ പ്രവാസി സമൂഹത്തെ 10 കോടി രൂപ വച്ച് കളിപ്പിച്ചിരിക്കുകയാണ്.

ശ്രീ. കെ.എം. മാണി : ആരാണ് അങ്ങനെ വിചാരിച്ചത്?

ശ്രീ. കെ. രാജു: എല്ലാപേരും അങ്ങനെയാണ് കരുതിയത്. പ്രത്യേകിച്ച് പ്രവാസികൾ. ഇത്രയും വലിയ സാമ്പത്തിക പ്രതിസന്ധി, ബുദ്ധിമുട്ട്, തൊഴിൽ നഷ്ടപ്പെട്ട ആളുകൾ തിരിച്ചുവന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അവരെല്ലാപേരും അങ്ങനെ കരുതി. അവരെ ഈ ബഡ്ജറ്റ് വഞ്ചിച്ചിരിക്കുകയാണ് എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പൊതുമേഖലകൾ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു. അത് പരിഹരിക്കുന്നതിന് ഈ ബഡ്ജറ്റിൽ എന്താണ് അഡ്രസ് ചെയ്തിരിക്കുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമാണല്ലോ കെ.എസ്.ആർ.ടി.സി. അത് ഒരു സർക്കാർ ഡിപ്പാർട്ട്മെന്റായിരുന്നില്ലേ. ആ സർക്കാർ ഡിപ്പാർട്ട്മെന്റിനെ പിന്നീട് കെ.എസ്.ആർ.ടി.സി. ആക്കി. ഇന്ന് പ്രധാനപ്പെട്ട ബസ് സ്റ്റാന്റുകളിൽ ചെന്നാൽ കേൾക്കുന്ന ദീനരോധനം, നിലവിളി, ഭിക്ഷക്കാർ നിലവിളിക്കുന്നതുപ്പോലെ അവർ വിളിക്കുകയാണ്, ഞങ്ങൾക്ക് കിട്ടിക്കൊണ്ടിരുന്ന പെൻഷൻ കിട്ടുന്നില്ല. പാർട്ട് പാർട്ടായി പെൻഷൻ കൊടുത്തു. പെൻഷൻ പാർട്ടായി കൊടുക്കാൻ ഏത് നിയമത്തിന്റെ പിൻബലമാണ് ഉള്ളത്. ഇപ്പോൾ അതുമില്ല. കെ.എസ്.ആർ.ടി.സി.-യിലെ 35000-ൽ അധികം വരുന്ന ജീവനക്കാരുടെ കുടുംബങ്ങൾക്ക് പെൻഷനില്ല. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ട്രാൻസ്പോർട്ട് തൊഴിലാളികളും അതുപോലെ അവരുടെ നന്മ ആഗ്രഹിക്കുന്ന പൊതുജനങ്ങളും ഞാനും ആഗ്രഹിച്ചത് കെ.എസ്.ആർ.ടി.സിയുടെ നിലനിൽപ്പിനുതകുന്ന ചില പ്രഖ്യാപനങ്ങൾ ഇതിൽ ഉണ്ടാകുമെന്നാണ്.

കെ.എസ്.ആർ.ടി.സി.–യുമായി ബന്ധപ്പെട്ടുള്ള പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തുകൂടേ? പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുത്താൽ തന്നെ കെ.എസ്.ആർ.ടി.സി ലാഭകരമായി പ്രവർത്തിച്ചുപോകാൻ കഴിയും. 35,000–ൽ അധികം പെൻഷൻകാർ, 25,000–ൽ അധികം ജീവനക്കാർ ഗവൺമെന്റിനും സമൂഹത്തിനും വേണ്ടി കൺസഷനും മറ്റ് നിരവധി ആനുകൂല്യങ്ങളും നൽകിക്കൊണ്ട് കെ.എസ്.ആർ.ടി.സി. പ്രവർത്തിക്കുമ്പോൾ കേരളത്തിലെ സാധാരണക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട യാത്രാമാർഗ്ഗം അടയ്ക്കുന്ന തരത്തിലുള്ള സമീപനം സർക്കാർ സ്വീകരിക്കുന്നത് ശരിയാണോ? 150 കോടി പ്രഖ്യാപിച്ചു. അതിനേക്കാളെല്ലാം പ്രധാനം ഇന്നുവരെയുള്ള പെൻഷന്റെ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുക എന്നുള്ളതാണ്. നാളെ മുതൽ പുതിയ ജീവനക്കാർ വരുന്നു. അവർക്ക് പങ്കാളിത്ത പെൻഷനാകട്ടെ, മറ്റേതെങ്കിലും പെൻഷനാകട്ടെ. ഞാൻ ആത്മാർത്ഥമായി പ്രതീക്ഷിക്കുകയാണ്, ബഡ്ജറ്റിന്റെ മറുപടി പറയുമ്പോൾ അങ്ങ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായിട്ടുള്ള കെ.എസ്.ആർ.ടി.സി.–യെ സംരക്ഷിക്കുന്നതിനാവശ്യമായ പ്രഖ്യാപനം നടത്തണം. മന്ത്രിസഭയിൽ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി, തൊട്ടു മുമ്പ് ഇരുന്ന മന്ത്രിയുമെല്ലാം ആഗ്രഹിക്കുന്നു കെ.എസ്.ആർ.ടി.സി.–യുടെ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കണം. അതിന് നീതിപൂർവ്വമായ അവകാശമുണ്ട്. കാരണം ഇത് ഒരു ഡിപ്പാർട്ടമെന്റായിരുന്നതാണ്. ആ ഡിപ്പാർട്ടമെന്റ് കെ.എസ്.ആർ.ടി.സി ആക്കി മാറ്റിയതാണ്. പെൻഷൻ അടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും തുടർന്ന് കൊടുത്തുകൊള്ളാം എന്നാണ് അന്നത്തെ കരാറിൽ പറയുന്നത്. അങ്ങനെ കെ.എസ്.ആർ.ടി.സി–യുടെ ബാദ്ധ്യത ഏറ്റെടുക്കാത്ത ഒരു ബഡ്ജറ്റാണിത്. ഞാൻ കൊല്ലം ജില്ലയെ പ്രതിനിധീകരിക്കുന്ന ഒരു എം.എൽ.എ ആണ്.

കൊല്ലത്തു നിന്നുള്ള പലരും ഇവിടെ സംസാരിച്ചു. ഇനി പലരും സംസാരിക്കാനുണ്ട്. കൊല്ലം ജില്ലയെ പ്രതിനിധീകരിച്ച് സംസാരിച്ച എം.എൽ.എ മാരെല്ലാം കൊല്ലത്തോട് ഈ ബഡ്ജറ്റിൽ കാണിച്ച അവഗണനയെക്കുറിച്ച് പറയുന്നു. എനിക്കും അത് തന്നെയാണ് പറയാനുള്ളത്. അങ്ങ് കൊല്ലത്തോട് ഇത്രയും വലിയ അവഗണന കാണിക്കേണ്ട ഒരു കാര്യവുമില്ല. കാരണം മാണിസാറിനെ സ്നേഹിക്കുന്നവരാണ് കൊല്ലം ജില്ലയിലെ ഞാനടക്കമുള്ള എം.എൽ.എ മാരും അതുപോലെതന്നെ പൊതുജനങ്ങളും, അവരോട് എന്തിനാണ് ഈ ക്രൂരത. കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് ആരംഭിക്കുമ്പോൾ കൊല്ലത്ത് എവിടെയാണ് മെഡിക്കൽ കോളേജ്? ആരോഗ്യ വകുപ്പുമന്ത്രി അവിടെ വന്ന് പ്രഖ്യാപിച്ചില്ലേ, കൊല്ലം പാർലമെന്റ് മെമ്പർ അവിടെ ഉണ്ടായിരുന്നില്ലേ? സ്പർശനംകൊണ്ടോ ദർശനം കൊണ്ടോ എന്തെങ്കിലും ദോഷമുണ്ടായിട്ടുണ്ടെങ്കിൽ ക്ഷമ...ക്ഷമ എന്ന് പറഞ്ഞ് ക്രിമിനൽ നടപടിയിൽ നിന്നും രക്ഷപ്പെട്ട പാർലമെന്റ് മെമ്പർ അടക്കമിരുന്ന വേദിയിൽ മെഡിക്കൽ കോളേജ് അനുവദിക്കുമെന്ന് പറഞ്ഞു. എന്തുകൊണ്ട് മെഡിക്കൽ കോളേജ് അനുവദിക്കുന്നില്ല? വിക്ടോറിയ ആശുപത്രിയും ജില്ലാ ആശുപത്രിയും ചേർന്ന് മെഡിക്കൽ കോളേജാക്കാൻ പറ്റില്ലേ; കഴിയുമല്ലോ. ജില്ലാ പഞ്ചായത്തും മറ്റ് ജനപ്രതിനിധികളും എവിടെവേണമെങ്കിലും ആവശ്യമായ സ്ഥലം കൊടുക്കാമെന്ന് പറഞ്ഞിട്ടും കൊല്ലത്ത് മെഡിക്കൽ കോളേജ് അനുവദിക്കാതിരിക്കുന്നത് ഈ ഗവൺമെന്റ് കൊല്ലം ജില്ലയോട് കാണിക്കുന്ന വിരോധപരമായ സമീപനമാണെന്ന് ഞാൻ സൂചിപ്പിക്കുന്നു. തിരുവനന്തപുരത്ത് മെഡിക്കൽകോളേജുണ്ട്. കൊല്ലംകാരായ ഞങ്ങളെല്ലാം ആശ്രയിക്കുന്ന മെഡിക്കൽകോളേജാണത്. ആ മെഡിക്കൽകോളേജിന്റെ തൊട്ടുകീഴേ ജനറൽ ആശുപത്രി; മൂന്ന് കിലോമീറ്റർ മാത്രം ഇപ്പുറമുള്ള

ജനറൽ ആശുപത്രി വീണ്ടും മെഡിക്കൽകോളേജാക്കുമെന്ന് പറയുന്നതിൽ എന്താ അർത്ഥം? പേരൂർക്കടയിലല്ലേ ഇതിന് ചികിത്സ. മെഡിക്കൽ കോളേജ് ആരംഭിക്കുമ്പോൾ സർക്കാർ മെഡിക്കൽകോളേജില്ലാത്ത കൊല്ലം ജില്ലയ്ക്ക് പ്രഖ്യാപിക്കുന്ന കാര്യത്തിൽ വീഴ്ച വരരുത് എന്നാണ് ഈ അവസരത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഇന്നലെ ഇവിടെ പ്രസംഗിച്ച യു.ഡി. എഫ്-ന്റെ അംഗങ്ങൾ, ഞങ്ങൾ ഒരു രൂപയ്ക്ക് അരികൊടുത്തുവെന്ന് വീമ്പിളക്കുന്നത് കേട്ടു.

തൊട്ടടുത്ത സംസ്ഥാനമായ, ഒരു പ്രാദേശിക പാർട്ടിയുടെ നേതാവ് വനിത ഭരിക്കുന്ന തമിഴ്നാട്ടിൽ, പാവപ്പെട്ടവർക്ക് 25 കിലോ ഗ്രാം അരി സൗജ ന്യമായാണ് നൽകുന്നത്. എന്നിട്ടാണ് ഇവിടെ ഒരു രൂപയ്ക്ക് അരി കൊടു ക്കുന്നതെന്നു പറയുന്നത്. എല്ലാ ആഴ്ചകളിലും കൊടുക്കുന്നില്ല, പക്ഷെ അതിന്റെ പേരിൽ ഊറ്റം കൊള്ളുകയാണ്. പൊതുവിതരണ സമ്പ്രദായ ത്തിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? കൺസ്യൂമർ ഫെഡ് എന്നുപറയുന്ന സ്ഥാപനം ഇപ്പോഴുണ്ടോ? അതിന്റെ എം.ഡി. ഇപ്പോഴുണ്ടോ? അതിന്റെ എം. ഡി.യായിരുന്ന ആളിന്റെ പേരിൽ എത്ര ക്രിമനൽ കേസുകളായി? കൺസ്യൂ മർ ഫെഡ്, അതിന്റെ കീഴിലുള്ള നന്മ അടക്കമുള്ള സ്റ്റോറുകൾ, പൊതുവിത രണ ശൃംഖല എന്നിവ ഇപ്പോൾ അവതാളത്തിലായിരിക്കുന്നു, തകരാറിലായി രിക്കുന്നു. അത് മെച്ചപ്പെടുത്താൻ എന്തു പദ്ധതിയാണ് ഈ ബഡ്ജറ്റിലുള്ള ത്. മാവേലി സ്റ്റോറുകളുടെ സ്ഥിതിയെന്താണ്? അവിടെ സബ്സിഡി ഐറ്റ മെന്നുള്ള നിലയിൽ കൊടുത്തിരുന്ന സാധനങ്ങൾ ഇന്നിപ്പോൾ ഉണ്ടോ? മാവേലി സ്റ്റോറിൽ സാധാരണക്കാരായ ആളുകളുടെ ക്യൂ ഇപ്പോൾ കാണാൻ കഴിയുന്നില്ല അവിടെ സബ്സിഡി സാധനങ്ങൾ കിട്ടാനില്ല, വെട്ടിച്ചുരുക്കി.

അതാണ് കാരണം. നന്മ സ്റ്റോറുകളും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുമെല്ലാംതന്നെ അവസാനിച്ചിരിക്കുന്നു. ഇതെല്ലാം ഈ സർക്കാരിന്റെ ഭരണത്തിന്റെ പ്രത്യേകത കൊണ്ടാണ്. പ്ലാന്റേഷൻ ടാക്സിൽ ശ്രീ. കെ. എം. മാണി ഒരു വലിയ ഗിമ്മിക് കാണിച്ചിട്ടുണ്ട്. തോട്ടങ്ങൾ ഒഴികെ ബാക്കിവരുന്ന പ്ലാന്റേഷൻ മേഖലകളെ പ്ലാന്റേഷൻ ടാക്സിൽ നിന്ന് ഒഴിവാക്കിയെന്നൊരു പ്രഖ്യാപനം അദ്ദേഹം നടത്തുകയുണ്ടായി. പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കേണ്ടതുണ്ടോ; പാവപ്പെട്ട ആളുകൾക്ക് ഒരേക്കറോ, രണ്ടേക്കറോ, മൂന്നേക്കറോ, അല്ലെങ്കിൽ രണ്ട് ഹെക്ടർ, അല്ലെങ്കിൽ 5 ഏക്കർ വരെ ഭൂമിയുള്ള ആളുകളെ പ്ലാന്റേഷൻ ടാക്സിൽനിന്ന് ഒഴിവാക്കിയോ? തോട്ടങ്ങളൊഴികെ ബാക്കിയുള്ളതെന്നു പറയുമ്പോൾ ഇരുപതും ഇരുപത്തിയഞ്ചും മുപ്പതും അമ്പതും ഏക്കർ റബറും അതുപോലെതന്നെ ഏലവും കാപ്പിയും കുരുമുളകുമടക്കം കൃഷി ചെയ്യുന്ന നമ്മുടെ കിഴക്കൻ പ്രദേശത്തെ വൻകിടക്കാരായ ധനിക കൃഷിക്കാരെ പ്ലാന്റേഷൻ ടാക്സിൽനിന്ന് ശ്രീ. കെ. എം. മാണി ഒഴിവാക്കികൊടുത്തിരിക്കുന്നു. ഇന്നത്തെ ബഡ്ജറ്റിൽ പ്രധാനമായും അദ്ദേഹം അഡ്രസ്സ് ചെയ്യേണ്ടിയിരുന്നത് മറ്റൊരു വിഷയമല്ലേ; കസ്തൂരി രംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ടുള്ള വിഷയം. കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ആ മേഖലയിലെ കൃഷിക്കാർ അടക്കമുള്ളവർ അനുഭവിക്കാൻ പോകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി എന്തെങ്കിലുമൊരു പ്രൊവിഷനോ പ്രത്യേകമായി കൃഷിക്കാരെ സഹായിക്കുന്നതിന് തുകയോ മാറ്റിവച്ചിട്ടുണ്ടോ? രാസവളങ്ങൾ ഉപയോഗിക്കുന്നതിൽ നിന്ന് മാറി ജൈവവളം ഉപയോഗിച്ച് കൃഷി ചെയ്യണമെന്നാണല്ലോ പറയുന്നത്. അത് നടപ്പിലാക്കണ്ടേ? പശ്ചിമഘട്ട സംരക്ഷണത്തിന്റെ ഭാഗമായി അത് നടപ്പിലാക്കുമ്പോൾ ഉത്പാദനക്കുറവിൽ വരുന്ന കാര്യങ്ങൾ, അതുമൂലം കൃഷി

ക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്നിവ പരിഹരിക്കുന്നതിനുവേണ്ടി ആ കൃഷിക്കാരെ സഹായിക്കാൻ എന്തെങ്കിലുമൊരു പദ്ധതി പ്രഖ്യാപിക്കണ്ടേ? അങ്ങനെ പ്രഖ്യാപിച്ചില്ലെങ്കിൽ എന്തുകൊണ്ട് കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ഈ കമ്മീഷന്റെ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ ഇവിടെ ധനസഹായം നൽകണമെന്ന് ആവശ്യപ്പെടുന്നു. പക്ഷെ കേരള ഗവൺമെന്റ് അവരെ അഡ്രസ്സ് ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. ആ നിലയിൽ പരിശോധിക്കുമ്പോൾ ഈ ബഡ്ജറ്റ് എന്നുപറയുന്നത് ഇന്നത്തെ കേരളത്തിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന ഒരു വിഷയത്തിലും പരിഹാരം നിർദ്ദേശിക്കുന്ന ബഡ്ജറ്റല്ല. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ശക്തിയായി എതിർത്തുകൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. എഫ്. തോമസ്:</u> സർ, ഇന്നത്തെ കേരളത്തിന്റെ ഒരു പ്രശ്നങ്ങൾക്കും മറുപടിയല്ല ഈ ബഡ്ജറ്റെന്ന് ശ്രീ. കെ. രാജു ഇവിടെ പറഞ്ഞ് അവസാനിപ്പിച്ചിടത്തുനിന്നും ഞാൻ ആരംഭിക്കുകയാണ്. ഇന്നത്തെ കേരളത്തിന്റെ പ്രശ്നം ശരിക്കും പഠിച്ച് ഇപ്പോഴത്തെ സാഹചര്യത്തിൽ കേരളം രക്ഷപ്പെടാനുള്ള മാറ്റം ഉൾക്കൊള്ളുന്നുവെന്നതാണ് ഞാനീ ബഡ്ജറ്റിൽ കാണുന്ന പ്രത്യേകത. സാമൂഹ്യക്ഷേമ പെൻഷനുകൾക്കൊക്കെ ഏറ്റവും മുൻതൂക്കം കൊടുക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. പാവപ്പെട്ടവരുടെ പ്രശ്നങ്ങളിൽ അവരെ സഹായിക്കാനായി എപ്പോഴും ഈ നിയമസഭയും നമ്മുടെ മന്ത്രിസഭയുമൊക്കെ ധാരാളം കാര്യങ്ങൾ ഇവിടെ ചർച്ചചെയ്തു. നമ്മുടെ ഇന്നത്തെ വിഷയമായി എടുക്കേണ്ടത് ഒരുപക്ഷെ ശ്രീ. കെ. രാജു പറഞ്ഞ വിഷയം തന്നെയാണ്, പക്ഷേ ശ്രീ. കെ. രാജു പറഞ്ഞത് തിരി

ച്ചാണ്. ഈ ബഡ്ജറ്റ് അടിസ്ഥാനപരമായി കേരളത്തെ ഇന്നത്തെ സാഹചര്യത്തിൽ മോചിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. എന്താണ് കേരളത്തെ അടിസ്ഥാനപരമായി രക്ഷിക്കണമെങ്കിൽ ചെയ്യേണ്ടത്? നമ്മുടെ വരുമാനം, സാമ്പത്തിക വളർച്ച, ഉയർച്ച എന്നിവയൊക്കെ ആശ്രയിച്ചിരിക്കുന്നത് നമ്മുടെ അടിസ്ഥാന മേഖലകളെത്തന്നെയാണ്. ഒന്നാമതായി കൃഷി, അതുകഴിഞ്ഞാൽ വ്യവസായം, ഇതു രണ്ടും തകർന്നിരിക്കുന്നു. അല്ലെങ്കിൽ വ്യാവസായിക മേഖല ആവശ്യമായ പുരോഗതി കൈവരിക്കുന്നില്ല, കാർഷിക മേഖലയെക്കുറിച്ച് പറഞ്ഞാൽ കടുത്ത തകർച്ചയും വെല്ലുവിളിയും നേരിടുകയാണ്. നമ്മുടെ മേഖലയിലെ കുറവുകൾ നമ്മൾ പരിശോധിച്ചാൽ എല്ലാ മേഖലയിലും കാർഷിക വിളകളുണ്ട്, കഷ്ടിച്ച് റബ്ബറുണ്ട്. ബാക്കിയെല്ലാ മേഖലയിലെയും ഉൽപ്പാദനക്ഷമത തകർന്നു. ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും തകർന്ന കേരളത്തെ രക്ഷിക്കാൻ ഇതുവരെ ആരും കിണഞ്ഞ് പരിശ്രമിക്കാത്തതെന്താണ്, ആഴത്തിൽ ചിന്തിക്കാതെ കൊണ്ടുവന്ന ബഡ്ജറ്റെന്ന് ഡോ. ടി. എം. തോമസ് ഐസക് ഇന്നലെ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു. ഞാൻ തിരിച്ച് ഡോ. ടി. എം. തോമസ് ഐസകിനോട് പറയുന്നു, വളരെ ആഴത്തിൽ ചിന്തിച്ച് എന്താണ് രക്ഷപ്പെടുത്താനുള്ള മാർഗ്ഗമെന്ന് സജസ്റ്റ് ചെയ്യുകയാണ്. വേറെ മാർഗ്ഗമൊന്നുമില്ല. ഇവിടെ പറയുന്നത് ശരിയാണ്. കേരളത്തിലെ കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കണം. ഉൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ ഇന്നത്തെ മാർഗ്ഗവും കൊണ്ടുപോയാൽ വല്ല രക്ഷയുമുണ്ടോ? നെൽകൃഷി തകർന്നു, തേങ്ങ ഉൽപ്പാദനം ഇല്ല, മറ്റ് മേഖലകളെല്ലാം പോയി, എന്താണ് അതിനൊരു മാർഗ്ഗം. പറഞ്ഞാൽ ചിലർക്ക് പരിഹാസമാണ്. ആധുനിക രീതിയും ഹൈടെക് മെത്തേഡ്സും വേണ്ടേ? അതുവേണമെങ്കിൽ അതിന് പദ്ധതിയുണ്ട്. പദ്ധതി നിർദ്ദേശിച്ചതിനെക്കുറിച്ച് ഇന്നലെ

ഡോ.ടി. എം. തോമസ് ഐസക് ഒന്നും മിണ്ടിയില്ല, സൈലന്റായിരുന്നു. അധികാര വികേന്ദ്രീകരണം കഴിഞ്ഞപ്പോൾ നമ്മൾ പഞ്ചായത്തുകൾക്ക് വലിയ പ്രാധാന്യം നൽകുന്നുണ്ടല്ലോ, ഈ പഞ്ചായത്തുകളാണല്ലോ അടിസ്ഥാനപരമായി ഇവിടെ പല കാര്യങ്ങളും നടത്തിത്തരേണ്ടത്, അവരുടെ വാർഷിക ബഡ്ജറ്റിന്റെ 15 ശതമാനത്തിൽ കൂടുതൽ തുക കൃഷിക്കുവേണ്ടി ചെലവഴിച്ചാൽ ആ തുകയ്ക്ക് തുല്യമായ മാച്ചിംഗ് ഗ്രാന്റ് കൊടുക്കാൻ പോകുന്നു, ചെറിയ കാര്യമാണോ അത്? ഉൽപ്പാദന മേഖലയിൽ കൃഷിക്ക് 15% അവരുടെ ബഡ്ജറ്റിൽ മാറ്റിവയ്ക്കുകയാണെങ്കിൽ അത്രയും തുക ഗവൺമെന്റ് കൊടുക്കാൻ പോകുന്നു, ചെറിയ തുകയാണോ വരാൻ പോകുന്നത്? അതിന് പഞ്ചായത്തുകൾ വെറുതേ വിത്തുകളോ, അല്ലെങ്കിൽ കുറച്ച് വാഴകൃഷിക്ക് തുകയോ നൽകിയാൽ പോരാ, ഇവിടെപ്പറയുന്ന മാർഗ്ഗമെന്താണ്, കാർഷിക സർവ്വകലാശാലയുമായിച്ചേർന്ന് ആധുനിക രീതികൾ അവലംബിക്കണം. ബഡ്ജറ്റ് ശരിക്ക് പഠിക്കാതെയാണ് അപ്പുറത്തുനിന്ന് സംസാരിച്ചത്. അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ സപ്ലൈ ചെയ്യണം. ആധുനിക രീതികൾ, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ടിഷ്യൂകൾച്ചർ, ജൈവകൃഷി എന്നീ മാർഗ്ഗങ്ങൾ സ്വീകരിച്ചാലേ രക്ഷപ്പെടാൻ മാർഗ്ഗമുള്ളൂ. പഴയമാർഗ്ഗങ്ങൾ മാർഗ്ഗമല്ല. അതുകൊണ്ട് അങ്ങനെയുള്ള മെത്തേഡ്സ് പ്രയോഗിക്കുവാൻ നമ്മുടെ പഞ്ചായത്തുകൾക്ക് നിർദ്ദേശം കൊടുക്കുകയും ധനസഹായം ചെയ്യുകയുമാണ്. രണ്ട്, ഈ രംഗത്തുനിന്നും മാറുന്ന കൃഷിക്കാരെ പിടിച്ചു നിർത്താൻ വേണ്ടി പ്രഖ്യാപിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ, ചെറുതാണോ? നമ്മുടെ കേരളത്തിന്റെ പ്രത്യേകതകളായി ഇപ്പോൾ മാറിയിരിക്കുന്നതെന്താണ്? ശ്രീ. തോമസ് ചാണ്ടി ഇവിടെയുണ്ട്, കുട്ടനാട്ടിലെ കർഷകർ, അല്ലെങ്കിൽ വ്യാപകമായി പറഞ്ഞാൽ കേരളത്തിലെ എല്ലാ കർഷകരും നെല്ലുമാത്ര

മല്ലല്ലോ കൃഷി ചെയ്യുന്നത്, മറ്റ് കൃഷികളൊക്കെ കാലാവസ്ഥാ വ്യതിയാനം വന്നതിനുശേഷം പ്രതീക്ഷിക്കാത്ത സമയത്തുണ്ടാകുന്ന കാറ്റും മഴയും, കടുത്ത വരൾച്ചയും കാരണം പ്രതീക്ഷയോടെ കാത്തിരിക്കുന്ന കർഷകർക്ക് ഒന്നും കിട്ടാതെ കൃഷി മുഴുവൻ നശിക്കുന്നു. മാർഗ്ഗമെന്താണ്; പറഞ്ഞിട്ടില്ലേ ബഡ്ജറ്റിൽ; അതിനെക്കുറിച്ച് പിന്നേയും സൈലന്റാകുകയാണ്. അപ്പുറത്തു നിന്ന് പറയണ്ടെ അത്? ഇൻകം ഗ്യാരണ്ടി സ്കീം, ചെറിയ കാര്യമാണോ? 90% പ്രീമിയം ഗവൺമെന്റ് നൽകാൻ പോകുകയാണ്. അത് കൊടുത്തു കൊണ്ട് നെൽകർഷകരെ ഭയപ്പെടാനൊന്നുമില്ലാത്ത ഒരു സാഹചര്യത്തി ലേയ്ക്ക് കൊണ്ടുവരുന്നു. വാഴ, പച്ചക്കറി, റബ്ബർ എന്നീ കൃഷി നടത്തുന്ന വർ, കാറ്റടിച്ചാൽ മറിഞ്ഞുവീഴുന്ന റബ്ബർ മരങ്ങൾ, വാഴകൾ, നെൽകൃഷി, വെള്ളപ്പൊക്കം, അവിടെയൊക്കെ കൃഷിക്കാർക്കിനി ഭീതി വേണ്ട. 90% പ്രീമി യത്തോടുകൂടിയുള്ള ഇൻകം ഗ്യാരണ്ടി സ്കീമാണ് കൊണ്ടുവരുന്നത്. കേരളത്തെക്കുറിച്ച് സഗൗരവ്വമായിട്ട് ചിന്തിക്കുന്നില്ലേ? നല്ലവണം ശരിയാ യിട്ട് ആലോചിച്ച് അടുത്തതുവരുന്നു, നമ്മുടെ സംസ്ഥാനത്തെ കൃഷി ക്കാർക്ക് ആവശ്യമായ ടെക്നോളജി, ആധുനിക മെത്തേഡ്സ് ഇൻഡ്യയിൽ പോരെങ്കിൽ 'എമർജിംഗ് കേരള'പ്പോലെ ലോകത്തിലെത്തന്നെ കാർഷിക രംഗത്ത് പ്രശസ്തിയുള്ള അഞ്ച് രാജ്യങ്ങളും നമ്മളുംകൂടി ചേർന്ന് കേരള ത്തിൽ ഒരു വലിയ അഗ്രി മീറ്റ് സംഘടിപ്പിക്കാൻ പോകുന്നു.

അവിടെ ആശയവിനിമയം നടക്കുമല്ലോ, അവിടത്തെ മെത്തേഡ്സ് നമുക്ക് പഠിക്കാമല്ലോ. ചർച്ചനടക്കുമ്പോൾ കേരളത്തിലെ എല്ലാ ബ്ലോക്കുക ളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കർഷകരും അതിൽ പങ്കെടുക്കാൻ പോകു

ന്നു. അത് നല്ല ആശയമല്ലേ. നമുക്ക് ശാസ്ത്രീയമായ രീതികൾ സ്വീകരിക്കുവാനുതകുന്ന മാർഗ്ഗങ്ങൾ ആ രംഗത്തേയ്ക്ക് വരുന്നു. വരുമാനമില്ലാതെ തകരുന്ന പാവപ്പെട്ട കൃഷിക്കാർ വ്യാപകമായിട്ടുള്ള നമ്മുടെ നാട്ടിൽ കൃഷി മേഖലയിൽ നിന്ന് അവർ പിന്തിരിഞ്ഞ് ഓടാതിരിക്കാനുള്ള സംരക്ഷണ പദ്ധതികൾ, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന അവരുടെ കുഞ്ഞുങ്ങൾക്ക് ലാപ്ടോപ്പ് കൊടുക്കുന്നു, കർഷക കുടുംബങ്ങളെ മുഴുവൻ ഇൻഷ്വർ ചെയ്യാൻ പോകുന്നു. ഇതൊക്കെ ചെറിയ കാര്യമാണോ? കർഷക കുടുംബത്തിലെ കുടുംബനാഥൻ മരിച്ചാൽ ആ കർഷകനെടുത്ത വായ്പ ഗവൺമെന്റ് കൊടുക്കുമെന്ന് പറയുന്നു. ഇത് ചെറിയ കാര്യമാണോ? മുൻ മന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെയുണ്ട്. അദ്ദേഹം ഇന്നലെ പറഞ്ഞ പ്രശ്നം ഞാൻ അംഗീകരിക്കുന്നു. അതായത് ഭക്ഷ്യവിളകളുടെ ഉത്പാദനം. എന്നാൽ ഇതിനകത്ത് പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞില്ല. ഭക്ഷ്യവിളകളുടെ ഉത്പാദനം കുറഞ്ഞെന്നുപറഞ്ഞു. എന്നാൽ ഉത്പാദനക്ഷമത കൂട്ടാൻ ഈ ബഡ്ജറ്റിൽ കൊണ്ടുവന്ന വ്യക്തമായ നിർദ്ദേശങ്ങൾ നമ്പരിട്ട് പറഞ്ഞിരിക്കുന്നതിനെക്കുറിച്ച് അദ്ദേഹം മിണ്ടിയില്ല. ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രിയും മിണ്ടിയില്ല. വളരെ പ്രായോഗികമായ നിർദ്ദേശങ്ങൾതന്നെയാണ് ഈ ബഡ്ജറ്റിൽ കൊണ്ടുവന്നിരിക്കുന്നത്. ആ നിർദ്ദേശങ്ങൾ നടപ്പിലാകുമ്പോൾ കാർഷികമേഖലയിൽ വരാൻ പോകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളണം. സ്വാമിനാഥൻ ഫൗണ്ടേഷനിലെ വിദഗ്ദ്ധരുടെ സഹായമുപയോഗിച്ച് നല്ല എക്സ്പെർട്ടായ ആളുകൾക്ക് ക്ലാസുകൾ കൊടുത്ത് അങ്ങനെയുള്ള വിദഗ്ദ്ധരെ എല്ലാ പഞ്ചായത്തിലും രണ്ടും മൂന്നുംപേരെവച്ച് ആധുനിക കൃഷി, ആധുനിക കാർഷിക ഉപകരണങ്ങളുടെ പരിശീലനം തുടങ്ങിയവ കൊടുക്കാൻ പോകുന്നു. കുടുംബശ്രീ

യുടെ സഹായത്തോടുകൂടി അവർക്ക് ആവശ്യമായ അത്യുത്പാദന ശേഷി യുള്ള തൈകൾ, വിത്ത് തുടങ്ങിയവ എല്ലായിടത്തും സപ്ലൈ ചെയ്യാൻ പോകുന്നു. ഇതൊക്കെ പറഞ്ഞിരിക്കുന്നത് ആധുനിക കൃഷി സമ്പ്രദായ ങ്ങളെക്കുറിച്ചാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അങ്ങ് പറഞ്ഞതനുസരിച്ചാണെങ്കിൽ ബഡ്ജറ്റിൽ നിർദ്ദേശിച്ചിരിക്കുന്നത് ഓരോ പഞ്ചായത്തിലും നാലുപേർവീ തവും പിന്നെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വേറെയുമാണ്. അങ്ങനെ എല്ലാംകൂടി 5000 പേർ. ആ 5000 പേർക്ക് ഒരു മാസം 10,000 രൂപ വീതം ഓണറേറിയം കൊടുത്താൽ ഒരുവർഷത്തേയ്ക്ക് അതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ?

ശ്രീ. സി.എഫ്. തോമസ്: അങ്ങ് ഭയപ്പെടണ്ട. ഒരു നല്ല പദ്ധതി കൊണ്ടു വന്നാൽ ഫണ്ട് എങ്ങനെകൊണ്ടുവരണമെന്നുള്ളത് അങ്ങേയ്ക്ക് നിശ്ചയമു ണ്ടല്ലോ. ഈ ബഡ്ജറ്റിൽ വരാത്ത പൈസയും വേണമെങ്കിൽ കൊണ്ടുവരാമ ല്ലോ. അതൊന്നും ഒരു വലിയ പ്രശ്നമല്ല. വ്യവസായ മേഖലയെക്കുറിച്ച് പറയുകയാണെങ്കിൽ, നമ്മുടെ യുവസംരംഭകരായ കുട്ടികൾ പുതിയ ആശ യങ്ങളും കണ്ടുപിടുത്തങ്ങളും നടത്തുന്നതിന് ഗ്രേസ് മാർക്ക് കൊടുക്കു ന്നു. അവർക്ക് അവാർഡ് കൊടുക്കുന്നു. ഇതൊരു പുത്തനാശയമാണ്. ഇപ്പോൾ നടക്കുന്ന സബ് ജില്ലാ കലോത്സവവും അതുപോലെയുള്ള ശാസ്ത്ര മേളകളും ഗണിതശാസ്ത്രമേളയുമൊക്കെ പോയി കണ്ടാൽ നമ്മുടെ കുട്ടിക ളുടെ ഭാവനയും കഴിവും മനസ്സിലാകും. എന്തെല്ലാം പുതിയ ആശയങ്ങ ളാണ് അവർ കൊണ്ടുവരുന്നത്. അവരുടെ കണ്ടുപിടുത്തങ്ങളൊക്കെ ഇനി വ്യവസായ മേഖലയിലേയ്ക്ക് വരട്ടെ. ഒത്തിരി ആശയങ്ങളുള്ളവരാണ്

പുതിയ തലമുറ. കുഞ്ഞുങ്ങളാണെങ്കിലും കൗമാരപ്രായത്തിലും യുവത്വ ത്തിലും അങ്ങനെയുള്ളവരുടെ ആശയങ്ങൾ ശേഖരിക്കുവാൻ അവർക്ക് ഗ്രേസ് മാർക്ക് കൊടുക്കാൻ പോകുന്നു. അത് എത്രയോ മികച്ച ആശയ മാണ്. നമ്മുടെ യുവപ്രതിഭകളെ, വിദ്യാർത്ഥി പ്രതിഭകളെ സഹായിക്കു വാൻ, സ്റ്റേറ്റിന്റെ വളർച്ചയ്ക്ക് അവരുടെ ബുദ്ധി സംഭാവനയായി കൊടുക്കു വാനുള്ള പ്രോത്സാഹനം എത്രയോ മഹത്തരമാണ്. എനിക്ക് ഒന്നുരണ്ട് ആശയങ്ങൾ കൂടി പറയാനുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കുട്ടികൾക്ക് അവാർഡുകളും ഗ്രേസ് മാർക്കുമൊക്കെ പ്രഖ്യാപിക്കുന്നതോ ടൊപ്പം കാർഷിക മേഖലയിൽ ഇപ്പോൾ ചില പ്രശ്നങ്ങളുണ്ട്. നമ്മുടെ നാട്ടിലെ പ്രധാന കാർഷികവിളയാണ് തെങ്ങ്. തെങ്ങിനുവന്നിരിക്കുന്ന രോഗ മാണ് കാറ്റ്വീഴ്ച ഈ കാർഷികവിള തകരാൻ കാരണം കാറ്റ്വീഴ്ച രോഗമാ ണ്. ഇതിനൊരു പ്രതിവിധി കണ്ടുപിടിക്കാനായി ഇത്രകാലമായിട്ടും നമ്മുടെ കാർഷിക സർവ്വകലാശാലയ്ക്കോ, ശാസ്ത്രജ്ഞൻമാർക്കോ ഇതുവരെ സാധിച്ചില്ലല്ലോ. അങ്ങ് അവാർഡ് പ്രഖ്യാപിക്കുമ്പോൾ ഇതിനൊരു 10 കോടി രൂപ അവാർഡ് പ്രഖ്യാപിക്കണം. കൃഷി വകുപ്പുമന്ത്രികൂടി അതിന് ശുപാർശ ചെയ്യണം. തെങ്ങിലെ കാറ്റ് വീഴ്ചയ്ക്കൊരു പരിഹാരം കണ്ടുപിടി ക്കുന്ന ആളിന് 10 കോടി രൂപ അവാർഡ് പ്രഖ്യാപിക്കണമെന്ന് ഞാൻ നിർദ്ദേ ശിക്കുന്നു. രണ്ടാമതായി കുട്ടനാടൻ പാടശേഖരങ്ങളിലും ജലാശയങ്ങളിലും ആഫിക്കൻ പായൽ ഉണ്ടായപ്പോൾ മലയാളിയായ ഒരാളുടെ ചെറിയ ഒരു കണ്ടുപിടിത്തംകൊണ്ട് പെട്ടന്നാണ് ആഫ്രിക്കൻ പായൽ മുഴുവൻ ഇല്ലാതായ ത്. ഇന്ന് ജർമ്മൻപോളകൊണ്ട് നമ്മുടെ ജലാശയങ്ങൾ മുഴുവൻ നിറഞ്ഞിരി ക്കുന്നു. എല്ലാകൊല്ലവും അത് വാരിമാറ്റിയിട്ടും പാടശേഖരങ്ങളിലെല്ലാം

അത് വീണ്ടും നിറയുകയാണ്. പാവപ്പെട്ട കൃഷിക്കാരൻ എന്താണ് ചെയ്യേണ്ട തെന്ന് അന്തംവിട്ടു നിൽക്കുകയാണ്. ഇതുമുഴുവൻ വാരിക്കളഞ്ഞ് കൃഷിചെ യ്യാനായി പാവപ്പെട്ട കൃഷിക്കാരന് കഴിയുമോ? കേരളത്തിൽ ഈ ജർമ്മൻപോള നശിപ്പിക്കാനുള്ള വൈദഗ്ദ്ധ്യമൊന്നുമില്ലേ. ഇതിനൊരു മരു ന്നുകണ്ടുപിടിക്കാൻ കാർഷിക സർവ്വകലാശാലയ്ക്ക് കഴിയില്ലേ. എന്തെങ്കി ലുമൊരു അവാർഡ് അതിനും പ്രഖ്യാപിച്ചാൽ നല്ലതാണ്. അതിനുവേണ്ടി ഒരു 5 കോടി രൂപ കൊടുത്താൽ ഗവൺമെന്റിന് നഷ്ടമുണ്ടോ? അങ്ങനെ പ്രഖ്യാപിച്ചാൽ ഇതിനൊരു പ്രതിവിധിയുമായി ആരെങ്കിലുമൊക്കെ മുന്നോട്ടു വരും. അങ്ങ് ആധുനിക കൃഷിയെക്കുറിച്ച് പറഞ്ഞു. അതിലൊരു പ്രധാന ഘടകമാണ് ജൈവകൃഷി. കാർഷികമേഖലയിൽ ഇപ്പോൾ ഒരുപാട് മുന്നേറ്റ ങ്ങൾ വരുന്നുണ്ട്. പച്ചക്കറികൃഷികളിലും മറ്റുകൃഷികളിലുമൊക്കെ ജൈവ കൃഷിയുടെ കാര്യം പറയുന്നുണ്ട്. എന്നാൽ ഇന്ന് കൊടുക്കുന്ന ജൈവ വള ങ്ങളും കീടനാശിനികളും പൂർണ്ണമായ ഫലമുണ്ടാക്കുമെന്ന് തോന്നുന്നില്ല. ഇന്നത്തെ കീടനാശിനികൾ കൊണ്ടൊന്നും പച്ചക്കറി കൃഷികളെയും മറ്റ് വിള കളേയും രക്ഷിക്കാൻ സാധിക്കില്ല. നമ്മുടെ കാർഷിക സർവ്വകലാ ശാലയ്ക്കും, കൃഷി ശാസ്ത്രജ്ഞന്മാർക്കും എന്തുകൊണ്ട് ഫലമുള്ള കീടനാ ശിനികളുണ്ടാക്കാൻ സാധിക്കുന്നില്ല. ഫലപ്രദമായ ജൈവവളങ്ങളും ജൈവ കീടനാശിനികളും കണ്ടുപിടിക്കുന്ന ആളുകൾക്ക് ഒരു വലിയ തുക അതാ യത് രണ്ടോ മൂന്നോ കോടി രൂപ ധനകാര്യ വകുപ്പ് മന്ത്രി അവാർഡായി പ്രഖ്യാപിക്കണം എന്നാൽ ഇതിനൊരു ഫലമുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. ഇങ്ങനെയുള്ള പല കാര്യങ്ങൾക്കും അത്തരം ഒരു പ്രോത്സാ ഹനം കൊടുക്കുന്നത് നല്ലതായിരിക്കും. ഓട്ടോറിക്ഷാ തൊഴിലാളികളും

ടാക്സി തൊഴിലാളികളും പ്രഖ്യാപിച്ചിരുന്ന പണിമുടക്ക് അവർ ഇന്ന് പിൻവലിച്ചു. തുറന്ന മനസ്സോടുകൂടി അവരുമായി ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അവർ പണിമുടക്ക് പിൻവലിച്ചത്. അവരുമായി ചർച്ചചെയ്യാനുള്ള മനസ്സുകാണിച്ച ധനകാര്യ വകുപ്പുമന്ത്രി നല്ലൊരു മാതൃകയാണ് കാണിച്ചിരിക്കുന്നത്. അങ്ങനെയൊരു ആശയം പ്രകടിപ്പിച്ചതിന് നന്ദിയും അനുമോദനവും അറിയിക്കുന്നു. മൂന്നുകോടി ടേൺ ഓവറുള്ള വ്യാപാരികളുണ്ടെങ്കിലും തുണിക്കുള്ള ടാക്സ് എന്നുപറയുമ്പോൾ മറ്റുതരത്തിലുള്ള പ്രചരണങ്ങളുണ്ടാകും. അങ്ങനെയൊരു ആരോപണം വലിച്ചുവയ്ക്കാതെ തുണികളുടെ ടാക്സ് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുന്നത് ഉചിതമാണെന്നാണ് എന്റെ അഭിപ്രായം. മറ്റൊരു കാര്യം ബൈക്കിന്റെ ടാക്സാണ്. ബൈക്കുകൾ പലതരത്തിലുണ്ട്. വിദേശ നിർമ്മിത ബൈക്കുകൾ നമ്മുടെ രാജ്യത്തേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിന് 10 ലക്ഷം മുതൽ 12 ലക്ഷം രൂപ വരെ വിലയുണ്ട്. അതിനൊക്കെ ടാക്സ് എടുക്കാം. പക്ഷെ നമ്മുടെ നാട്ടിലെ ചെറുപ്പക്കാരിൽ ഭുരിഭാഗവും വായ്പയെടുത്താണ് ബൈക്ക് വാങ്ങുന്നത്. എല്ലാവരും സമ്പന്ന കുടുംബത്തിലുള്ളവരൊന്നുമല്ല. അവരുടെ ഒരു ഹരമാണ് ബൈക്ക്. സാധാരണ കുടുംബത്തിലെ ചെറുപ്പക്കാരൊക്കെ ബൈക്ക് ഉപയോഗിക്കുന്നവരാണ്. എല്ലാ ബൈക്കിനുമിപ്പോൾ ഒരു ലക്ഷം രൂപയൊക്കെ കൊടുക്കണം. ആ ബൈക്കിന് കൊണ്ടുവന്നിരിക്കുന്ന നികുതി നിർദ്ദേശവും പിൻവലിക്കണം, അതായിരിക്കും നല്ലത് എന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും തുറന്ന മനസ്സോടുകൂടി ഇങ്ങനെയുള്ള കാര്യങ്ങളെ കാണാനും ആഴത്തിൽ പഠിച്ചുകൊണ്ട് കേരളത്തെ രക്ഷിക്കുവാൻ

ഫലപ്രദമായ നിർദ്ദേശങ്ങൾ കൊണ്ടുവരികയും ചെയ്ത ധനകാര്യ വകുപ്പുമന്ത്രിയെ അനുമോദിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ജനവിരുദ്ധ ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. പെട്രോൾ, ഡീസൽ, പാചകവാതക വിലവർദ്ധനയാൽ പൊറുതിമുട്ടുന്ന കേരള ജനതയ്ക്ക് ചരിത്രത്തിലെ ഏറ്റവും വലിയ നികുതി ഭാരമാണ് യു.ഡി.എഫ്. സർക്കാർ ബഡ്ജറ്റിലൂടെ അടിച്ചേൽപ്പിച്ചിരിക്കുന്നത്. ലോകസഭാ തെരഞ്ഞെടുപ്പ് ലക്ഷ്യംവച്ചുള്ള ജനപ്രീതി പദ്ധതികൾ പ്രഖ്യാപിക്കുവാൻ അമിതോത്സാഹം കാട്ടിയിട്ടും ജനങ്ങൾക്ക് ആശ്വാസിക്കുവാൻ കഴിയുന്ന നിലയിൽ ഒന്നുംതന്നെ ഈ ബഡ്ജറ്റിൽ പ്രഖ്യാപിക്കുവാൻ കഴിഞ്ഞില്ല. ജനങ്ങളിൽ നിന്നും 1556.35 കോടി രൂപ അധികമായി പിരിച്ചെടുക്കുവാനുള്ള നിർദ്ദേശമാണ് ഈ ബഡ്ജറ്റിലുള്ളത്.. 7131.69 കോടി രൂപയുടെ റവന്യൂ കമ്മിയും 14,388 കോടി രൂപയുടെ ധനകമ്മിയുമാണ് ഈ ബഡ്ജറ്റിലുള്ളത്. തകർച്ചയുടെ നെല്ലിപ്പലകയിൽ നിൽക്കുന്ന കെ.എസ്.ആർ.ടി.സി.ക്ക് കഴിഞ്ഞ വർഷം വകയിരുത്തിയതിനെക്കാൾ 136 കോടി രൂപ കുറവാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പാവപ്പെട്ട ഓട്ടോറിക്ഷാ ഡ്രൈവർമാരുടെ കാര്യം പല മെമ്പർമാരും ഇവിടെ സൂചിപ്പിച്ചതാണ്. അവരിൽനിന്നുപോലും 25 കോടി രൂപ കൈക്കലാക്കാനാണ് നിർദ്ദേശം. തികച്ചും ജനവിരുദ്ധമാണ് ഈ ബഡ്ജറ്റ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഈ ബഡ്ജറ്റിൽ ഒന്നും തന്നെയില്ല. വിപണിയിൽ ഇടപെടാൻ സർക്കാരിന് ശേഷിയില്ല. കേന്ദ്ര സർക്കാരിനെതിരെ ധനകാര്യ വകുപ്പുമന്ത്രി കടുത്ത വിമർശനമാണ്

ബഡ്ജറ്റിൽ ഉയർത്തിയിരിക്കുന്നത്. 2013–2014–ലെ ബഡ്ജറ്റിൽ സപ്ലൈകോയ്ക്ക് 100 കോടി രൂപയാണ് നീക്കിവച്ചിരുന്നത്. ഇത്തവണ അത് 65 കോടി രൂപ മാത്രമാണ്. വിലക്കയറ്റം എക്കാലത്തേയും റിക്കോർഡ് ഭേദിക്കുന്ന ഘട്ടത്തിലാണ് ഈ വെട്ടിക്കുറവ്. ഫലപ്രദമായി ഗവൺമെന്റിന് വിപണിയിൽ ഇടപെടുന്നതിന് കഴിയുന്നില്ല.

2013-14 വർഷത്തെ വാണിജ്യ നികുതി 60 ശതമാനം മാത്രമാണ് ഈ സർക്കാരിന് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. കാർഷിക മേഖലയിൽ ചില ഇളവുകളും പദ്ധതികളും പ്രഖ്യാപിച്ച് കയ്യടിനേടാൻ ശ്രമിച്ച ധനകാര്യ വകുപ്പുമന്ത്രി കൃഷിയുടെ സമഗ്രമായ വികസനത്തെയും നിലനിൽപ്പിനെയും കുറിച്ച് ഒന്നും മിണ്ടുന്നില്ല. കേരളം ഇന്ന് നേരിടുന്ന ഗൗരവമായ പ്രശ്നങ്ങളെ കൂടുതൽ വഷളാക്കുന്ന സമീപനമാണ് ഈ ബഡ്ജറ്റിലുള്ളത്. ദീർഘകാല വികസനത്തിന് അടിത്തറപാകുന്നതും അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങൾക്ക് ഊന്നൽ നൽകുന്നതുമായ ദ്വിമുഖ സമീപനമാണ് ഏതു ബഡ്ജറ്റിലും ഉണ്ടാകേണ്ടത്. ഇവിടെ ആ രണ്ടു രംഗത്തും ഗൗരവമായ ശ്രദ്ധയും നിർദ്ദേശവുമില്ല. സംസ്ഥാനത്തെ 25 ലക്ഷത്തോളം വരുന്ന കുടുംബങ്ങളുടെ ആശ്രയമായ പരമ്പരാഗത വ്യവസായത്തോട് ബഡ്ജറ്റിൽ പരിപൂർണ്ണമായ അവഗണനയാണ് കാണിക്കുന്നത്. പൊതുമേഖലാ വ്യവസായങ്ങളോടും ഇതേ രീതിയിലുള്ള സമീപനമാണുള്ളത്. സിമ്പോസിയവും സെമിനാറും നടത്തി തൊഴിലില്ലായ്മ പരിഹരിക്കാമെന്ന മിഥ്യാബോധമാണ് ബഡ്ജറ്റ് മുന്നോട്ടു വയ്ക്കുന്നത്. നവലിബറൽ നയങ്ങളെ വാരിപ്പുണർന്ന യു.ഡി.എഫ്. സർക്കാരിന്റെ പതിവ് രീതികളാണ് ഈ ബഡ്ജറ്റിലുള്ളത്.

കാർഷികമേഖലയുടെ നിക്ഷേപം യു.ഡി.എഫ്. ഭരണകാലഘട്ടത്തിൽ ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലയിലെത്തി. കൃഷിയിലെയും അനുബന്ധമേഖലകളിലെയും നിക്ഷേപം 2012-13–ൽ വാർഷിക പദ്ധതിയുടെ 17.5 ശതമാനമായിരുന്നത് 2013-14–ൽ 16 ശതമാനമായി കുറഞ്ഞു. ഇപ്പോൾ അത് 17.9 ശതമാനമായി. വാചകമടി മാറ്റിവച്ചാൽ കാർഷികമേഖലയുടെ വിഹിതത്തിൽ സംസ്ഥാന പ്ലാനിംഗ് വർദ്ധനവിനല്ല ഉദ്പാദനമേഖലയ്ക്ക് 30 ശതമാനം പണം വകയിരുത്തണമെന്ന നിബന്ധന നീക്കം ചെയ്തതിന്റെ ഫലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരവരുടെ പദ്ധതിയിൽ 5 ശതമാനം പോലും കൃഷിക്ക് നീക്കി വയ്ക്കുന്നില്ല. വിനോദസഞ്ചാര മേഖലയാണ് കേരളത്തിലെ ഭാവി എന്ന പല്ലവി ഉരുവിടുമ്പോഴും ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ വിനോദസഞ്ചാരമേഖലയിൽ ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. യുവജനങ്ങളെ പരിഗണിക്കാത്തതും വിലക്കയറ്റം രൂക്ഷമാകുന്നതും അടിസ്ഥാന വിഷയങ്ങളോട് മുഖം തിരിഞ്ഞ് നിൽക്കുന്നതുമായ സംസ്ഥാന ബഡ്ജറ്റ് തൊഴിലില്ലായ്മ പരിഹരിക്കാനാവശ്യമായ ഒരു പദ്ധതി പോലും പ്രഖ്യാപിച്ചിട്ടില്ല. പൊതുമേഖലയിൽ ഒരു പുതിയ സ്ഥാപനം പോലും ആരംഭിക്കുന്നതിനുള്ള നിർദ്ദേശമില്ല. പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന കർഷക കുടുംബങ്ങളിൽപ്പെട്ട പെൺകുട്ടികൾക്കായി ലാപ്ടോപ്പ് നൽകുന്ന പദ്ധതിയിൽ നാമമാത്രമായ തുകയാണ് അനുവദിച്ചിട്ടുള്ളത്. ദുർബ്ബല ജനവിഭാഗങ്ങൾക്കും സ്ത്രീ സമൂഹങ്ങൾക്കും ഒന്നും പ്രതീക്ഷിക്കാനില്ലാത്ത ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. തെരഞ്ഞെടുപ്പ് മുന്നിൽകണ്ടുകൊണ്ടുള്ള ചില പ്രഖ്യാപനങ്ങൾ ഒഴിവാക്കിയാൽ മറ്റു ക്ഷേമപദ്ധതികളൊന്നും തന്നെ എടുത്തുപറയത്തക്ക രീതിയിലില്ല. ആരോഗ്യ–വിദ്യാഭ്യാസ–ക്ഷേമപ്രവർത്ത

നങ്ങളിൽ നിന്ന് സർക്കാർ പൂർണ്ണമായും പിൻവാങ്ങുന്ന നടപടിയാണ് ബഡ്ജറ്റിലുള്ളത്. ജീവനക്കാരെയും അധ്യാപകരെയും പൂർണ്ണമായും അവഗണിക്കുകയും സ്വകാര്യവൽക്കരണം പ്രോൽസാഹിപ്പിക്കുകയും ജനജീവിതം കൂടുതൽ ദു:സ്സഹമാക്കുന്നതുമാണ് ഈ ബഡ്ജറ്റ്. തലസ്ഥാനനഗരത്തിലെ മാലിന്യപ്രശ്നത്തിനടക്കം പരിഹാരം കാണാൻ സംസ്ഥാന ബഡ്ജറ്റിൽ നിർദ്ദേശമില്ല. സ്വപ്നപദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് ബഡ്ജറ്റിൽ പ്രത്യേക തുക മാറ്റിവച്ചിട്ടില്ല. വസ്ത്രങ്ങളുടെ വിറ്റുവരവിൽ രണ്ടുശതമാനം നികുതി ഏർപ്പെടുത്തിയത് വില വർദ്ധനയ്ക്ക് ഇടയാകും. വൻകിട മുതലാളിമാർ സാധാരണ ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 389 പദ്ധതികളിൽ 146 എണ്ണത്തിനുമാത്രമാണ് ഭരണാനുമതി ലഭിച്ചത്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചെറുകിട കർഷകർക്ക് പലിശ രഹിത വായ്പ, നെല്ല് സംഭരിക്കുമ്പോൾ തന്നെ പണം നൽകൽ ഇൻഷ്വറൻസ്, ഹൈടെക് ഹരിത ഗ്രാമങ്ങൾ എന്നിവയൊന്നും ഇതുവരെ യാഥാർത്ഥ്യമാക്കിയിട്ടില്ല. സാധാരണ ജനങ്ങളെ നേരിട്ട് ബാധിക്കുന്ന കെട്ടിട നികുതി ഇരട്ടിയാക്കൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നടപ്പിലാക്കിയിരിക്കുകയാണ്. കുറ്റബോധംകൊണ്ടാണെന്നുതോന്നുന്നു സഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അദ്ദേഹം ഇക്കാര്യം ബോധപൂർവ്വം പറയാതെ വിട്ടുകളഞ്ഞിരിക്കുകയാണ്. വിലക്കയറ്റമാണ് സംസ്ഥാനത്തെ ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം. ലോക്സഭാ തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പുള്ള ബഡ്ജറ്റായതുകൊണ്ടുതന്നെ വിലക്കയറ്റം നിയന്ത്രിക്കാൻ ശക്തമായ നടപടി ഉണ്ടാകു

മെന്ന് ജനങ്ങൾ പ്രതീക്ഷിച്ചു. എന്നാൽ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ ഇക്കാര്യത്തെക്കുറിച്ച് ഒരു വാക്കുപോലും മിണ്ടുന്നില്ല. ബഹുമാനപ്പെട്ട കെ. സി. ജോസഫും കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനനും ഉണ്ടല്ലോ; സാധനങ്ങളുടെ ഇന്നത്തെ വില ഞാൻ പറയാം. മട്ട അരി – 31.50, 37 രൂപ, ജയ അരി – 33, 38 രൂപ, പഞ്ചസാര – 32, 35 രൂപ, ഉഴുന്ന് – 72, 74 രൂപ, പരിപ്പ് – 79, 78 രൂപ, പയർ – 94, 96 രൂപ, സവാള – 19, 21 രൂപ, ഉള്ളി – 24, 29 രൂപ, മുളക്– 90, 90 വെളിച്ചെണ്ണ – 114 യഥാക്രമം ഇങ്ങനെയാണ് കൺസ്യൂമർ ഫെഡിലെയും പൊതുവിപണിയിലെയും വില. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൺസ്യൂമർഫെഡിൽ അരിയുടെ വില 12 രൂപയായിരുന്നുവെന്നുള്ള കാര്യം മറക്കരുത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ഒരു നടപടിയും ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ചെയ്തതുപോലെ വിപണിയിൽ ഇടപെട്ട് ഈ ഗവൺമെന്റ് ചെയ്യുന്നില്ല എന്നുള്ള കാര്യം സൂചിപ്പിക്കുകയാണ്. ഈ നയംതന്നെ ജനരോഷം ഉയർത്തുന്നതിനാൽ കേന്ദ്രസർക്കാരിൽ മാത്രം പഴിചാരി രക്ഷപ്പെടാനുള്ള വിലകുറഞ്ഞ രാഷ്ട്രീയ അടവും ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട കെ. എം. മാണി നടത്തുന്നുണ്ട്. കേന്ദ്രസർക്കാർ ശക്തമായ നടപടി സ്വീകരിച്ചാൽ മാത്രമേ വിലക്കയറ്റം നിയന്ത്രിക്കാനാവൂ എന്ന് പറഞ്ഞ് നമ്മുടെ സംസ്ഥാനത്തെ വിലനിയന്ത്രണ സംവിധാനം അപ്രസക്തമാക്കുന്ന ഒളിച്ചോട്ടമാണ് കേരള കോൺഗ്രസ് നേതാവ് കൂടിയായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലൂടെ നടത്തിയിരിക്കുന്നത്. പൊതുമേഖലയേയും പരമ്പരാഗത വ്യവസായങ്ങളെയും ആരോഗ്യ–വിദ്യാഭ്യാസ മേഖലയെയും പാടെ അവഗണിച്ച ഈ ബഡ്ജറ്റുകൊണ്ട് നമ്മുടെ കൊച്ചു സംസ്ഥാനത്തിന് എന്ത് ഗുണ

മാണ് ഉണ്ടാകാൻ പോകുന്നത്; പ്രിയപ്പെട്ട മാണിസാർ അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത് എന്നറിയുവാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഒരു കോടി രൂപയ്ക്കുമേൽ വിറ്റുവരവുള്ള വസ്ത്രവിപണന സ്ഥാപനങ്ങൾക്ക് ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയത് വസ്ത്രങ്ങളുടെ വില വർദ്ധിപ്പിക്കുമെന്ന തിൽ ഒരു സംശയവുമില്ല. സവാള വില വർദ്ധിപ്പിച്ചപ്പോൾ സവാള ഒഴിവാക്ക ണമെന്ന് പ്രഖ്യാപിച്ച കേന്ദ്രമന്ത്രിയെയാണ് ഞാൻ ഈ അവസരത്തിൽ ഓർമ്മിച്ചുപോകുന്നത്. കെട്ടിടനികുതി വർദ്ധിപ്പിച്ചതിനോടൊപ്പം തന്നെ കെട്ടിട നിർമ്മാണ സാമഗ്രികൾക്കും നികുതി വർദ്ധിപ്പിച്ചു. എം.സാന്റിന് അഞ്ചുശത മാനത്തിൽ നിന്ന് പതിനാലര ശതമാനമാണ് നികുതി വർദ്ധിപ്പിച്ചിരിക്കുന്നത്. ആറ്റുമണൽ കെട്ടിടനിർമ്മാണത്തിനായി ഉപയോഗിക്കുന്നതിൽ കർശന നിയന്ത്രണങ്ങൾ നിലവിലുള്ള അവസ്ഥയിൽ എം.സാന്റിന്റെ വില വർദ്ധിപ്പിച്ചി രിക്കുന്നത് സാധാരണക്കാരന്റെ വീട് എന്ന സ്വപ്നത്തെ മുളയിലെ നുള്ളിക്ക ളയുന്ന ക്രൂരമായ നടപടിയാണ്. പാവപ്പെട്ടവന്റെ വാഹനമായ ഓട്ടോറി ക്ഷയ്ക്ക് നികുതി വർദ്ധിപ്പിച്ചതും ഭക്ഷ്യ എണ്ണകൾക്ക് നികുതി കൂട്ടിയതും വിലക്കയറ്റത്തിന്റെ എരിതീയിൽ എണ്ണപകരാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. നികുതി പിരിച്ചെടുക്കുവാൻ ആത്മാർത്ഥമായിട്ടുള്ള ശ്രമം അല്പമെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ 1556 കോടിരൂപയുടെ അധികനികുതി ഭാരം ജനങ്ങ ളുടെ ചുമലിൽ ഈ ജനവിരുദ്ധ ബഡ്ജറ്റിലൂടെ അടിച്ചേൽപ്പിക്കുമായിരുന്നില്ല. സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളത്തിന് ബഡ്ജറ്റ് വിഹിതം നിഷേധിച്ചിരിക്കുകയാണ്. 2013 നവംബറിൽ വേതന പരിഷ്കരണം നടപ്പിലാക്കാതെ നയപ്രഖ്യാപനത്തിലും ബഡ്ജറ്റിലും ആവർത്തിച്ചുള്ള പ്രഖ്യാപനം മാത്രമാണുള്ളത്. ടേംസ് ഓഫ് റഫറൻസ് സംബന്ധിച്ചും

ബഡ്ജറ്റിൽ മൗനം പാലിച്ചിരിക്കുകയാണ്. ഗവൺമെന്റ് പദ്ധതികൾ നടപ്പിലാക്കേണ്ട ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കണം. ഗവൺമെന്റിന്റെ കണ്ണും മനസ്സും വാക്കും ജനങ്ങൾക്ക് വേണ്ടിയാണ്. ജനങ്ങളുടെ കീശ കാലിയാക്കുന്ന, സംസ്ഥാനത്തെ സാമ്പത്തികതകർച്ചയുടെ പടുകുഴിയിലേക്ക് തള്ളിവിടുന്ന ഈ ബഡ്ജറ്റ് സംസ്ഥാന ചരിത്രത്തിലെ ഒരു കറുത്ത അധ്യായമാണ് എന്ന് പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്. ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതിൽ പകുതി പദ്ധതികൾക്കെങ്കിലും ഭരണാനുമതി നൽകാൻ തയ്യാറാകണമെന്നുള്ള വിനീതമായ അഭ്യർത്ഥനയാണ് മുന്നോട്ടുവയ്ക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റിലെ പദ്ധതികളുടെ അകാലചരമത്തെ സ്മരിച്ചുകൊണ്ടാണ് ഞാൻ ഇവിടെ ഇത് സൂചിപ്പിക്കുന്നതിനുവേണ്ടി തയ്യാറാകുന്നത്. പെട്രോൾ, ഡീസൽ, പാചക വാതക വില വർദ്ധനവിൽ പൊറുതിമുട്ടുന്ന ജനങ്ങളുടെ മേൽ സംസ്ഥാന ചരിത്രത്തിലെ തന്നെ ഏറ്റവും കനത്ത നികുതി ഭാരം അടിച്ചേൽപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. തലസ്ഥാന ജില്ല എന്നുള്ള നിലയിൽ തിരുവനന്തപുരം ജില്ലയോട് കടുത്ത അവഗണനയാണ് ഈ ബഡ്ജറ്റിലൂടെ കാണിച്ചിരിക്കുന്നത്. സംസ്ഥാന തലസ്ഥാനം എന്ന നിലയിലോ തലസ്ഥാന ജില്ല എന്ന നിലയിലോ തിരുവനന്തപുരത്തിന് ബഡ്ജറ്റിൽ ഒരു പരിഗണനയും കണ്ടില്ല. യു.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ ബഡ്ജറ്റുകളെപ്പോലെ കുറേ നിർദ്ദേശങ്ങൾ മാത്രമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രധാനപ്പെട്ട 10 പദ്ധതികൾ തിരുവനന്തപുരത്ത് നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. കേരളാ ഇന്നൊവേഷൻ മിഷനും ഇന്നൊ

വേഷൻ കൗൺസിലും തിരുവനന്തപുരത്ത് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചു. സി.ഡി.എസ്. മാതൃകയിൽ സെന്റർ ഫോർ പോളിസി റിസർച്ച്, എയ്റോ സ്പേസ് സെന്റർ, തിരുവനന്തപുരം കേന്ദ്രമാക്കി സാങ്കേതിക സർവ്വകലാ ശാല, രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി, അന്താ രാഷ്ട്ര നിലവാരമുള്ള ട്രെയിനിംഗ് സെന്റർ, ആറ്റിപ്ര വില്ലേജിൽ ബഹുനില ഓഫീസ് സമുച്ചയം, തിരുവനന്തപുരത്തെ ഡി–സ്റ്റാർ മാനേജ്മെന്റ് ഇൻസ്റ്റി റ്റ്യൂട്ട്, അന്തർദ്ദേശീയ കാൻസർ സെന്റർ, നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തൽ, തലസ്ഥാനത്ത് മോണോ റെയിൽ, പാർവ്വതീ പുത്തനാർ നവീകരണം, ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തീകരിക്കൽ, തലസ്ഥാനത്തെ ദേശീയപാത–ബൈപ്പാസ് നിർമ്മാണം ദേശീയ പാത അതോറിറ്റിയുമായി ചേർന്ന് ഉടൻ ആരംഭിക്കും, അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രത്തിന്റെ ഭാഗമായി കോവളത്ത് വികസനപ്രവർത്തനം, ആനയറയിലെ പുതിയ കെ.എസ്.ആർ.ടി. സി. ബസ് ഡിപ്പോ തുടങ്ങിയ എത്ര പ്രഖ്യാപനങ്ങളാണ് കഴിഞ്ഞ ബഡ്ജറ്റിൽ യു.ഡി.എഫ്. സർക്കാർ നടത്തുന്നതിനുവേണ്ടി തയ്യാറായത്. പക്ഷേ ഒരു നട പടികളും പൂർത്തീകരിക്കുന്നതിനോ ആരംഭിക്കുന്നതിനുപോലും കഴിഞ്ഞി ട്ടില്ല എന്നുള്ളതാണ്. നമ്മുടെ തലസ്ഥാനത്ത് മാത്രമല്ല കേരളത്തിലെ ജന ങ്ങൾ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് വെള്ളപ്പൊക്കം. അതിനൊരു പരിഹാരം എന്ന നിലയിൽ ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിൽ കാണുന്നില്ല.

ആറ്റുകാൽ വികസന പദ്ധതിക്കുവേണ്ടി കഴിഞ്ഞ വർഷം 12 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. ഇപ്രാവശ്യം ഒരു രൂപയും ഉൾപ്പെടുത്തിയിട്ടില്ല. അതിനുവേണ്ടി 25 കോടി രൂപ ഉൾപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെടുക

യാണ്. തലസ്ഥാന നഗരത്തെ സംബന്ധിച്ചിടത്തോളം ഏതാണ്ട് അഞ്ഞൂറോളം ടൺ മാലിന്യം ഇവിടെ ഉണ്ടാകുകയാണ്. അത് സംസ്ക്കരിക്കുന്നതിന് വേണ്ടിയുള്ള ഒരു സംവിധാനവും ഇവിടെയില്ല. യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം നിലവിലുണ്ടായിരുന്ന ഒരു ഫാക്ടറികൂടി അടച്ചുപൂട്ടുകയുണ്ടായി. രണ്ടര വർഷക്കാലമായി ഈ മാലിന്യ സംസ്കരണത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചതല്ലാതെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. നായ്ക്കളുടെ ശല്യംമൂലം തലസ്ഥാനത്ത് വന്നിറങ്ങുന്നവരും താമസിക്കുന്നവരുമായ ജനങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രശ്നം, അത് ക്യാബിനറ്റ് ആലോചിക്കേണ്ട വിഷയമാണ്. ഞാൻ നാളെ ഒരു സബ്മിഷനായി ഈ വിഷയം കൊണ്ടുവരുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് തന്നെ ആലോചിക്കേണ്ട പ്രശ്നമാണത്. പാവപ്പെട്ട എയ്ഡഡ് സ്കൂളുകളിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് അനുവാദം കൊടുത്തിരുന്നു. ഇപ്രാവശ്യം അനുവാദം തരുന്നില്ല. ഇപ്പോൾ കമ്പ്യൂട്ടർ വാങ്ങിക്കൊടുക്കാൻ മാത്രമാണ് അനുവാദം തരുന്നത്. അതിനാവശ്യമായ നിർദ്ദേശം കളക്ടർമാർക്ക് കൊടുക്കാൻ തയ്യാറാകണം. അതുപോലെ ആസ്തി വികസന ഫണ്ട്, ഒരുപക്ഷെ എനിക്കറിഞ്ഞുകൂടാത്തതുകൊണ്ട് പറയുകയായിരിക്കും, കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റിൽ ഓരോ മണ്ഡലത്തിലും അഞ്ചുകോടി രൂപ വീതം ആസ്തി വികസന ഫണ്ട് പ്രഖ്യാപിച്ചു. ഇപ്രാവശ്യം അങ്ങനെയൊരു പ്രഖ്യാപനം കണ്ടില്ല. കഴിഞ്ഞ പ്രാവശ്യത്തെ പ്രഖ്യാപനംതന്നെ ക്യാരി ഓവർ ചെയ്താൽ മതിയോയെന്ന് അറിയില്ല. പക്ഷെ 2013-ലുള്ള ആസ്തി വികസന ഫണ്ടിന്റെ പണംതന്നെ കൊടുക്കുന്നതിന് ഇതുവരെയും തയ്യാറാകാത്ത സ്ഥിതിവിശേഷമാണുള്ളത്. കഴിഞ്ഞ ദിവസം ഇവിടെയാരോ

സംസാരിച്ചതുപോലെ, സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ദേശീയ തലത്തിലുമെല്ലാം നമുക്ക് ഒരുപാട് സംഭാവനകളും നേട്ടങ്ങളും സമ്മാനിച്ചി ട്ടുള്ള കായിക താരങ്ങളിൽ പലരും ഇന്ന് ഭക്ഷണം കഴിക്കുവാനും വസ്ത്രംപോലും വാങ്ങാൻ നിവൃത്തിയില്ലാത്ത അവസ്ഥയിലാണ്. എല്ലാ വിഭാഗത്തിനും പല രൂപത്തിലുള്ള പെൻഷൻ കൊടുക്കുന്നതുപോലെ അവരെയും ഏതെങ്കിലും രൂപത്തിൽ സഹായിക്കുന്നതിനുവേണ്ടിയുള്ള നടപ ടികൾ സ്വീകരിക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ച കാരണങ്ങളാൽ ഇതൊരു ജനവിരുദ്ധ ബഡ്ജറ്റാണ്. ജനങ്ങളുടെമേൽ അമിതഭാരം അടി ച്ചേൽപ്പിച്ചിരിക്കുന്ന ബഡ്ജറ്റാണ്. ജനങ്ങൾക്ക് പ്രത്യേകിച്ച് ഒരു നേട്ടവും ഈ ബഡ്ജറ്റിൽ പറയുന്നതിനുവേണ്ടി കഴിയില്ല. അതുകൊണ്ടുതന്നെ ഈ ജനവിരുദ്ധ ബഡ്ജറ്റിനെ ശക്തിയായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. എ. മാധവൻ</u>: സർ, ആദരണീയനായ മാണി സാർ കേരള ത്തിലെ മുഴുവൻ ജനങ്ങളെയും മനസിൽക്കണ്ട് ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയും പിന്താങ്ങുകയും ചെയ്യുക യാണ്. ഒരു ബഡ്ജറ്റിനെ വിലയിരുത്തുന്നത് ഒരു സർക്കാരിനെ വിലയിരു ത്തുന്നതിന് തുല്യമാണ്. ഈ ബഡ്ജറ്റ് അവതരിപ്പിച്ച സർക്കാർ ആയുസ്സി ല്ലാത്ത സർക്കാരാണ്, ഈ ബഡ്ജറ്റ് അവതരിപ്പിച്ച സർക്കാർ ദിവസങ്ങൾ മാത്രം ആയുസ്സുള്ള സർക്കാരാണ് എന്നുപറഞ്ഞാണ് അപ്പുറത്തുള്ളവർ ഈ സർക്കാരിനെ ആദ്യംമുതലേ നോക്കിക്കണ്ടത്. ഈ ബഡ്ജറ്റ് അവതരിപ്പിച്ച സർക്കാർ മൂന്നാം വർഷത്തിലൂടെ വിജയഭേരിയുമായി മുന്നോട്ടു പോകുകയാണ്. ഈ സർക്കാർ ഇന്ത്യാ രാജ്യത്തിൽ മാത്രമല്ല, ഐക്യരാഷ്ട്ര

സഭയുടെ പുരസ്ക്കാരത്തിന് അർഹത നേടിയ, ആ പുരസ്ക്കാരം ഏറ്റു വാങ്ങിയ മുഖ്യമന്ത്രി നേതൃത്വം നൽകുന്ന സർക്കാരാണ്. ഇന്ത്യയിലെ പ്രഗത്ഭരായ, എല്ലാ അർത്ഥത്തിലും പ്രാഗത്ഭ്യം നേടിയ മാധ്യമപ്രവർത്തകരുടെ സർവ്വേ പ്രകാരം അനുദിനമെന്നോണം ജനപിന്തുണ വർദ്ധിച്ചുവരുന്ന സർക്കാരാണിത്. വഴിയിൽ കല്ലെറിഞ്ഞ് വീഴ്ത്താവുന്ന സർക്കാരല്ല ഇത്. ഒരു തെരഞ്ഞെടുപ്പിൽപ്പോലും തോൽപ്പിക്കാൻ കഴിയാത്ത സർക്കാരാണിത്. ഒരു കല്ലെറിഞ്ഞ് തോൽപ്പിക്കാനോ ഉപതെരഞ്ഞെടുപ്പിൽ തോൽപ്പിക്കാനോ കഴിയാത്ത സർക്കാരാണിതെന്ന് ബോധ്യപ്പെട്ടവരാണ് അപ്പുറത്തിരിക്കുന്നത്. ഈ ബഡ്ജറ്റിനെ വിലയിരുത്തുമ്പോൾ ഈ സർക്കാരിനെ വിലയിരുത്തണം. ഈ സർക്കാരിനെ വിലയിരുത്തുമ്പോൾ, ഈ സർക്കാർ കഴിഞ്ഞ രണ്ടുവർഷമായി കേരളത്തിലെ ജനങ്ങളുടെ വിശ്വാസം നേടിയത് എങ്ങനെയാണ് എന്ന് മനസിലാകും. എല്ലാവർക്കുമറിയാവുന്നതുപോലെ, ഇവിടെ ആദരണീയനായ മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിൽ ഊന്നൽ നൽകിയത് ഈ നാടിന്റെ വികസനത്തിനാണ്, അതിൽ പ്രാമുഖ്യം നൽകിയത് കൃഷിക്കാണ്. ഞാൻ ഏറ്റവും കൂടുതൽ കർഷകരുള്ള അല്ലെങ്കിൽ കൃഷിഭൂമിയുള്ള തൃശ്ശൂർ ജില്ലയിലെ ഒരു നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് ഈ നിയമസഭയിലേക്കുവന്ന ജനപ്രതിനിധിയാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് മാസങ്ങൾക്കുള്ളിൽത്തന്നെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും തൃശ്ശൂർ എം.പി.-യും കേന്ദ്ര മന്ത്രിയും കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുമെല്ലാം ചേർന്ന് ഡൽഹിയിൽ വച്ച് ചർച്ച ചെയ്ത് കോൾ നിലങ്ങൾക്കുവേണ്ടി 450 കോടി രൂപയുടെ ഒരു പാക്കേജ് അംഗീകരിച്ചു. ആ പാക്കേജിനെക്കുറിച്ചുള്ള വാർത്ത പത്രങ്ങളിൽ പടം സഹിതം വന്ന ദിവസം അപ്പുറത്തിരിക്കുന്ന

ബഹുമാന്യരായ പ്രതിപക്ഷ പാർട്ടിയുടെ നേതാക്കന്മാർ പറഞ്ഞത് അങ്ങനെയൊരു പദ്ധതിയേയില്ല എന്നാണ്. നിലാവുദിച്ചാൽ ഉണങ്ങും, മഞ്ഞുപെയ്താൽ മുങ്ങും എന്നതാണ് തൃശ്ശൂരിലെ കോൾ നിലങ്ങളുടെ സ്ഥിതി. എല്ലാവർഷവും പണം ചെലവാക്കി ബണ്ട് പണിതുവെന്ന് വരുത്തിത്തീർക്കുന്ന ഏറെക്കുറെ സാങ്കേതികമായ ചില പണികൾ നടത്തുന്ന അവസ്ഥയാണ് അവിടെയുണ്ടായിരുന്നത്. 36000 ഏക്കർ വരുന്ന കോൾ നിലങ്ങൾ, ആ കോൾ നിലങ്ങൾ സംരക്ഷിക്കാൻ കഴിയുമോ? കെ.എൽ.ഡി.സി. നിലവിൽ വന്നിട്ട് 42 കൊല്ലമായി. നാല് പതിറ്റാണ്ടുകഴിഞ്ഞ കെ.എൽ.ഡി.സി.-ക്ക് ചരിത്രത്തിൽ ആദ്യമായാണ് രണ്ടക്കമുള്ള സംഖ്യ ബഡ്ജറ്റിൽ കിട്ടുന്നത്. എന്റെ ബഹുമാന്യരായ സ്നേഹിതന്മാരോട് ഞാൻ പറയട്ടെ, ആ സംഖ്യവച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ 123.2 കോടി രൂപയുടെ ടെണ്ടർ, ആദ്യമായി തൃശ്ശൂരിലെ കോൾ നിലങ്ങളിലെ 52 പ്രോജക്ടുകളുടെ ടെണ്ടർ കഴിഞ്ഞു. ടെണ്ടർ അനുസരിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ രണ്ടാഴ്ചയ്ക്കുള്ളിൽ ആരംഭിക്കുന്ന സ്ഥിതിയിലാണ്. തൃശ്ശൂരിലെ കോൾ കർഷകർ അന്തംവിടുകയാണ്. ഇങ്ങനെയൊരു സർക്കാരോ? തങ്ങൾ ഒരിക്കലും പ്രതീക്ഷിക്കാത്ത, തങ്ങൾ എക്കാലവും വിളിച്ച് സമരം ചെയ്യുന്ന, മുഷ്ടി ചുരുട്ടി ആകാശത്തേക്കെറിയാൻ മാത്രം വിധിക്കപ്പെട്ട തങ്ങൾക്ക് തങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കുന്ന ഒരു സർക്കാരിനെ കാണാൻ കഴിഞ്ഞത് ഉമ്മൻചാണ്ടി സർക്കാരിലൂടെയാണ്, ശ്രീ. കെ. പി. മോഹനൻ നേതൃത്വം നൽകുന്ന കൃഷി വകുപ്പിലൂടെയാണ്. ഈ വസ്തുതകൾ നമുക്ക് മറച്ചുവയ്ക്കാൻ കഴിയുമോ? അതുകൊണ്ട് ഈ സർക്കാർ മോശം സർക്കാരാണെന്ന് പ്രസംഗിച്ചിട്ടെന്താണ് കാര്യം? കാർഷിക രംഗത്ത് വളരെ

സുവ്യക്തമായ പരിപാടികൾ......, ആദരണീയനായ ശ്രീ. മുല്ലക്കര രത്നാകരൻ ഇന്നലെ, ഇവിടെ പ്രോജക്ടുണ്ടോ, പദ്ധതിയുണ്ടോയെന്ന് പ്രസംഗിച്ചത് കേട്ടു. ഈ ബഡ്ജറ്റിലുടനീളം പദ്ധതികൾ തന്നെയാണ്. അദൃശ്യമായ പദ്ധതികളല്ല, ദൃശ്യമായ പദ്ധതികളാണ്. അത് അദൃശ്യമാക്കാൻ വാക്ചാതുര്യംകൊണ്ട് ഒരുപക്ഷെ കഴിയും. പക്ഷെ യാഥാർത്ഥ്യമെന്താണ്? ഈ രണ്ടുകൊല്ലക്കാലം കൊണ്ട് കേരളത്തിലെ കൃഷിക്കാരുടെ മനസ്സറിഞ്ഞ് പ്രവർത്തിക്കാൻ കഴിഞ്ഞ ഒരു സർക്കാർ, ഈ സർക്കാരല്ലേ ആദ്യമായി കൃഷിക്കാരന് പെൻഷ നനുവദിച്ചത്? എല്ലാ കൃഷിക്കാർക്കും നാമമാത്ര പെൻഷനായി 400 രൂപ ഏർപ്പെടുത്തിയ സർക്കാർ ഇതാണ്. അതാണ് എന്റെ അഭിപ്രായം, എന്റെ അനുഭവം. അത് ഞാൻ ആവർത്തിച്ചുപറയുകയാണ്.

നിലവിൽ 207844 കർഷകർ ഇപ്പോൾ പെൻഷൻ കൈപ്പറ്റുന്നുണ്ട്. വളരെ ചെറിയ കാര്യമാണ്, 80 കോടി രൂപ പെൻഷൻ വിതരണം ചെയ്യുന്ന സർക്കാർ, കൃഷിക്കാർക്ക് ദോഷം ചെയ്യുന്നൊരു സർക്കാരാണെന്ന് നമുക്ക് വേണമെങ്കിൽ പറയാം. പറയുന്നതിന് കുഴപ്പമില്ല. ഏറ്റവും കൂടുതൽ കൃഷി ഭൂമിയുള്ള സ്ഥലമാണ് മണലൂർ അസംബ്ലി നിയോജക മണ്ഡലം. നമ്മുടെ സംസ്ഥാനത്താണ് ഏറ്റവും കൂടുതൽ അന്യസംസ്ഥാന തൊഴിലാളികൾ വരുന്നത്. അന്യസംസ്ഥാന തൊഴിലാളികൾ ഒറീസ്സയിൽ നിന്നും ബംഗാളിൽ നിന്നും ബീഹാറിൽ നിന്നും വരുന്നു. മണലൂർ അസംബ്ലി നിയോജക മണ്ഡ ലത്തിൽപ്പെട്ട കണ്ടാണശ്ശേരി എന്ന പഞ്ചായത്തിൽ ഞാറ് നടുന്നതിനെക്കുറി ച്ചുള്ള വാർത്ത അവിടെ എല്ലാ പത്രങ്ങളിലും ഒരു മാസം മുമ്പ് വന്നു. ബംഗാളി ഞാറ്റുപാട്ടിനെക്കുറിച്ചാണ് ആ വാർത്ത. 1977 മുതൽ മൂന്നര പതിറ്റാ ണ്ടുകാലം ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗ വിപ്ലവത്തിന് വേണ്ടി കൊടിക്കൂറ പാറിച്ച് ഈ രാജ്യത്തെ തൊഴിലാളികളെ സംരക്ഷിക്കുന്ന ഒരു പാർട്ടി ഭരിച്ച

സ്ഥലത്തു നിന്ന് ആയിരക്കണക്കിന് വരുന്ന തൊഴിലാളികൾ പാട്ട് പാടാൻ വേണ്ടി നിലത്തിലേക്ക് വരുന്ന അവസ്ഥ. ഒരൊറ്റ കാര്യം ശ്രദ്ധിച്ചാൽ കൊള്ളാം, ഈ ഭരണം നിലനിന്നാൽ നമ്മുടെ തൊഴിലാളികളൊന്നും നാളെ ബംഗാളിൽ ഞാറ് നടാൻ പോകില്ല. ഈ ഭരണം നിലനിന്നാൽ ബംഗാളിൽ നിന്ന് വരുന്നവർക്ക് ദുബായ് ആയി ഈ സംസ്ഥാനം നിലനിൽക്കും. ബംഗാളിലുള്ള ആളുകൾക്ക് സംരക്ഷണ കവചം ഒരുക്കാവുന്ന രീതിയിലേക്ക് നമ്മുടെ സംസ്ഥാനത്തെ കാർഷികവൃത്തി മാറിയത് ഈ സർക്കാരിന്റെ കാലത്താണ്. അത് മനസ്സിലാക്കാൻ നമുക്ക് കഴിയണം. നിങ്ങൾ 35 കൊല്ലം ഭരിച്ച സംസ്ഥാനമാണ് ബംഗാൾ. അസുഖമുണ്ടെങ്കിൽ ചൈനയിൽ പോയാൽ മാറും എന്ന് ബഹുമാന്യനായ മുൻ മന്ത്രി ശ്രീ. എ. കെ. ബാലൻ ഇവിടെ സംസാരിക്കുന്നത് കേട്ടു. ചൈനയിലേക്ക് പോകുമ്പോൾ അസുഖം ഉണ്ടെങ്കിൽ ഒരസുഖവുമില്ലാതെ മടങ്ങാം. ബംഗാളിനെക്കുറിച്ച് കൂടി ആലോചിക്കണം. ബംഗാളിലെ സ്ഥിതി നമുക്ക് കാണാൻ കഴിയുന്നൊരു സ്ഥിതിയാണ്. ബംഗാളിൽ മാത്രമല്ല, ഒറീസ്സയിലും ശ്രീ. ഉമ്മൻ ചാണ്ടിയല്ല ഭരിക്കുന്നത്. ബംഗാളിൽ 35 കൊല്ലവും ഭരിച്ചത് ശ്രീ. ഉമ്മൻ ചാണ്ടിയല്ല. കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനത്തു നിന്നല്ല നമ്മുടെ സംസ്ഥാനത്തേക്ക് അന്യസംസ്ഥാന തൊഴിലാളികൾ ഒഴുകിയെത്തുന്നത്. കോൺഗ്രസ് ഭരിക്കാത്ത കോൺഗ്രസ്സിന്റെ ഭരണം കിട്ടാത്ത സംസ്ഥാനങ്ങളിൽ നിന്നാണ് അന്യസംസ്ഥാന തൊഴിലാളികൾ മഹാഭൂരിപക്ഷവും വരുന്നത്. ആ ഒരു അവസ്ഥയിലേക്ക് നമ്മുടെ നാട് പോകണോ. നമ്മുടെ നാട് പോകണ്ടായെങ്കിൽ കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറയാതെ നോക്കണം. ഉള്ള സ്ഥലത്ത് ഹൈടെക് കൃഷി സമ്പ്രദായം നിലവിൽ വരണം. അതാണ് ഒരു വലിയ പദ്ധതിയായി ഈ ബഡ്ജറ്റിൽ അവതരിപ്പിക്കാൻ ആദരണീയനായ മാണിസാർ ശ്രമിച്ചത്.

വളരെ വാചാലമായി പ്രസംഗ വേദികളിൽ ചോദിക്കാറുണ്ട്. കോഴിമുട്ട യ്ക്കാണോ നാളികേരത്തിനാണോ വില കൂടുതൽ. ഒരു നാളികേരം കൊടുത്താൽ ഒരു കോഴിമുട്ട വാങ്ങാൻ പറ്റുമോ. അങ്ങനെയുള്ള ദിവസങ്ങ ളിലൂടെ നമ്മുടെ നാട് കടന്നു പോയില്ലേ ഇന്ന് നാളികേര കർഷകൻ കൃഷി ഭവനുമായി ബന്ധപ്പെട്ട സംഭരണ കേന്ദ്രത്തിൽ നാളികേരം കൊണ്ടു പോയാൽ ഒരു കിലോ വെള്ളത്തോടുകൂടിയ നാളികേരത്തിന് 25 രൂപ കൈയിൽ കിട്ടുന്ന അവസ്ഥ നിലവിൽ വന്നില്ലേ. ഉത്പ്പാദിപ്പിക്കുന്ന ഉത്പ്പന്ന ത്തിന് വിപണി വില ലഭ്യമാണോ അല്ലയോ, ആ വിപണി വില ലഭ്യമാക്കാൻ ഒരു സർക്കാരിന്റെ ഇടപെടൽ കൊണ്ട് കഴിഞ്ഞോ?........ ഇല്ല ഇല്ല എന്ന് പറയുന്നതാണ് അപ്പുറത്തിരുന്നാൽ ചെയ്യാവുന്ന ഒരു കാര്യം ആ വർക്ക് നടക്കട്ടെ...... യാഥാർത്ഥ്യബോധത്തോടുകൂടി കണ്ണ് തുറന്ന് കാണാൻ കഴിയു ന്നവന് കാണാൻ കഴിയില്ലേ. കേര കർഷകന് കൈത്താങ്ങായി നിൽക്കാൻ നമുക്ക് കഴിയുന്നു. ഹൈടെക് സമ്പ്രദായം കാർഷിക രംഗത്ത് കൊണ്ടുവരു ന്നതിൽ നമ്മൾ വിജയിക്കുന്നു. ഹൈടെക്കെന്ന് പറഞ്ഞ് തൃശൂരിലും മണലൂ രിലും എണ്ണിയാൽ ഒടുങ്ങാത്ത ഹൈടെക് കേന്ദ്രങ്ങൾ ഞാൻ കാണിക്കും, ശ്രീ. കോവൂർ കുഞ്ഞുമോനെ ഞാൻ വെല്ലുവിളിക്കുന്നു. ഹൈടെക്ക് എന്ന് പറഞ്ഞ് ഭയപ്പെടുത്തല്ലേ. നമ്മളൊക്കെ പൊതുപ്രവർത്തകരാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ബഹുമാനപ്പെട്ട അംഗം പി. എ. മാധവൻ വളരെ വിശദമായി കാർഷിക മേഖലയുടെ പുരോഗതിയെ സംബന്ധിച്ച് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഈ ബഡ്ജറ്റിൽ തൃശ്ശൂർ ജില്ലയെ പൂർണ്ണ മായും ഒഴിവാക്കിയിരിക്കുകയാണ്. അങ്ങ് ബഡ്ജറ്റ് മുഴുവൻ വായിച്ചു കാണും. അങ്ങ് ഗ്രാമമേഖലയിൽ നിന്നും വരുന്ന ഒരു ജനപ്രതിനിധിയാണ്. ഗ്രാമമേഖലയിൽ ഹൈടെക്ക് കൃഷിയല്ല പ്രോത്സാഹിപ്പിക്കേണ്ടത്. അവിടെ

സ്ത്രീകളെയും പുരുഷന്മാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് സമ്മിശ്ര കൃഷിക്ക് പ്രോത്സാഹനം കൊടുക്കേണ്ട അങ്ങ് നിയമസഭയിൽ വന്ന് ഹൈടെക്ക് കൃഷിയെ പ്രോത്സാഹിപ്പിച്ച് സംസാരിക്കുകയാണ്. ഇത് ശരിയാണോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാന്യനായ മെമ്പർ കോവൂർ കുഞ്ഞുമോനും ഈ സഭയിലുള്ള എല്ലാവർക്കും സഭ റിപ്പോർട്ട് ചെയ്യുന്ന മാധ്യമ പ്രവർത്തകർക്കുമറിയാം. ഞാൻ കഴിഞ്ഞ അഞ്ചു വർഷം പ്രതിപക്ഷ ത്തുണ്ടായിരുന്നു. ശ്രീ. കോവൂർ കുഞ്ഞുമോൻ ശാസ്താംകോട്ട തടാകത്തെ ക്കുറിച്ച് വിലപിക്കാത്ത ഒരു സഭയുമുണ്ടായിരുന്നില്ല. ഈ ബഡ്ജറ്റിൽ മാണി സാർ അദ്ദേഹത്തിന്റെ നിയമസഭാ മണ്ഡലമായ കുന്നത്തൂരിൽ കല്ലടയാറ്റിൽ നിന്നും ശുദ്ധജലം അവിടുത്തെ ആളുകൾക്ക് ലഭ്യമാക്കാൻവേണ്ടി രണ്ട് കോടി രൂപ മാറ്റി വച്ചപ്പോൾ ആനന്ദത്തിലാറാടി കൊണ്ട് അവിടെയിരുന്ന് കൈയടിച്ച ശ്രീ. കുഞ്ഞുമോന്റെ മനോഹരമായ മുഖം അങ്ങേയ്ക്ക് ഓർമ്മ യുണ്ടോ? എന്നിട്ട് ഇന്നലെ മാണി സാറിനെ കുറ്റപ്പെടുത്തി സംസാരിച്ചത് ശരി യാണോ? അങ്ങേയ്ക്കത് തോന്നിയിട്ടുണ്ടോ?

ശ്രീ. പി. എ. മാധവൻ: സർ, ഞാൻ ബഹുമാന്യനായ കോവൂർ കുഞ്ഞു മോന്റെ വാദഗതിയെ പൂർണ്ണ മനസ്സോടെ സ്വീകരിക്കുന്നു. ഹൈടെക് കൃഷി എന്ന പറഞ്ഞ് തൃശ്ശൂരിൽ പോയാൽ ശരീരത്തിന് അപകടം പറ്റും എന്ന വിശ്വാസക്കാരനല്ല ഞാൻ. ഇവിടെ വളരെ പരസ്യമായി പറയുന്നു. തൃശ്ശൂരി ലുള്ള എന്റെ നിയോജകമണ്ഡലത്തിലുള്ള കർഷകർ ഹൈടെക് കൃഷി ഏറ്റുവാങ്ങുമെന്ന് എനിക്ക് തോന്നുന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അവിടെ ഏറ്റവും മാതൃകാപരമായ ഹൈടെക് സംവിധാനം ഒന്നിലേറെ കേന്ദ്രങ്ങളിൽ നേരിട്ടു വന്ന് ഉദ്ഘാടനം ചെയ്ത ഒരു സ്ഥലം കൂടിയാണ്....... അങ്ങനെ വാശിപിടിക്കരുത്., ഞാനും കൂടി സംസാരിക്കട്ടെ. ഞാൻ പ്രതിനി

ധീകരിക്കുന്ന പ്രദേശത്തെക്കുറിച്ച് എന്റെ അനുഭവം പറയട്ടെ കാർഷിക രംഗത്ത് ഈ സർക്കാരിന്റെ സമീപനം നിലവിലുള്ള കൃഷി ഭൂമിയിൽ നിന്ന് പരമാവധി ഉത്പന്നങ്ങൾ ഉണ്ടാക്കുക, ഉണ്ടാക്കുന്ന ഉത്പന്നങ്ങൾക്ക് പരമാവധി വിപണി വില ലഭ്യമാക്കുക, കർഷകനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിത സാഹചര്യങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ മറ്റ് ഇതര സംവിധാനങ്ങളേർപ്പെടുത്തി കൊടുക്കുക. അതിനാണ് ഇൻഷ്വറൻസ്, അതിനാണ് കുട്ടികൾക്കുള്ള മറ്റ് അവാർഡുകൾ മറ്റ് സംവിധാനങ്ങൾ. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ തൃശ്ശൂരിലെ കോൾ നിലങ്ങൾ കാണണം. തൃശ്ശൂരിലെ കോൾ നിലങ്ങളിലെ അനുഭവങ്ങൾ പഠിക്കണം. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങൾ വസ്തുതാപരമായി കാര്യങ്ങൾ വിലയിരുത്താനുള്ള സന്മനസ്സ് കാണിക്കണം. അതാണ് ഹൃദയത്തിന്റെ ഭാഷയിൽ എനിക്ക് നിങ്ങളോട് അപേക്ഷിക്കാനുള്ളത്. ഒരു സർക്കാരിന്റെ മൂന്നാം വർഷം വിലയിരുത്തുന്നത് ആ സർക്കാർ കഴിഞ്ഞ രണ്ട് വർഷം എങ്ങനെ പ്രവർത്തിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ജനമനസ്സുകളിൽ നിറഞ്ഞു നിൽക്കാൻ ഒരു സർക്കാരിന് എങ്ങനെ കഴിയുന്നു എന്നതിന്റെ തെളിവാണ് രണ്ടു കൊല്ലക്കാലം സർക്കാരിന്റെ പ്രവർത്തികൾ കൊണ്ട് വിലയിരുത്തേണ്ടത്. 'നിറവ്' പദ്ധതി 12 നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കി, 'വിത്തു മുതൽ വിപണി വരെ' എന്ന പദ്ധതി വളരെ ചെറുതായി കാണാവുന്ന പദ്ധതിയല്ല. ജൈവ കൃഷി, ഹൈടെക് എന്ന വാക്കുകൾ ആരെയും ഭയപ്പെടുത്താൻ വേണ്ടി പറയുന്നതല്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ബഹുമാനപ്പെട്ട മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. മുല്ലക്കര രത്നാകരനും ഞങ്ങളെല്ലാവരും തന്നെ

ഹൈടെക് കൃഷിയുടെ മേന്മ കണ്ടതാണ്. മണ്ണിൽ കൃഷി ചെയ്യാതെ ജലത്തിൽ വേരിറക്കി അത്യുൽപ്പാദനശേഷിയുള്ള പച്ചക്കറി ഉത്പാദിപ്പിക്കുന്ന ഫാമുകളിൽ ഞങ്ങൾ പോവുകയും കിലോമീറ്ററുകൾ നീണ്ടുകിടക്കുന്ന പ്രദേശങ്ങൾ കാണുകയും ചെയ്തു. ഹൈടെക് കാർഷിക രംഗത്ത് വൻ നേട്ട ങ്ങൾ നമ്മുടെ തൊട്ടടുത്ത ചൈന പോലുള്ള രാഷ്ട്രങ്ങളിൽ ഉണ്ടാകുന്നുണ്ട്. എന്തുകൊണ്ട് കേരളത്തിന് അതുപോലുള്ള ഒരു പരിശ്രമത്തിനെങ്കിലും ശ്രമി ച്ചുകൂടാ. മാണി സാറിന്റെ ഈ ബഡ്ജറ്റും കഴിഞ്ഞ ബഡ്ജറ്റും കേരളത്തിൽ അത്തരത്തിലുള്ള നല്ല ഒരു തുടക്കമായി ബഹുമാനപ്പെട്ട മെമ്പർ കാണു ന്നില്ലേ?

<u>ശ്രീ. പി. എ മാധവൻ</u>: ഈ സർക്കാരിനെ ജനങ്ങൾ അംഗീകരിക്കുന്ന കാഴ്ചപ്പാട് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ കാര്യം തന്നെയാണ്. അനുദിനം വിസ്തീർണ്ണം കുറഞ്ഞുവരുന്ന കൃഷിഭൂമി, അനുദിനം ആവശ്യം വർദ്ധിച്ചു വരുന്ന ജനങ്ങൾ, ആ സാഹചര്യത്തെ ജനങ്ങൾക്ക് സ്വീകാര്യമായ പദ്ധതികളുടെ അവതരണം കൊണ്ട് മറികടക്കാൻ കഴിയുമെന്നതിലാണ് ഈ സർക്കാരിന് ജനമധ്യത്തിൽ അംഗീകാരം ഉള്ളത്. ഏത് സർവ്വെയിലും 52 ശതമാനം ഈ സർക്കാരിനെ എതിർക്കുന്നവരുടെ അണികൾ അംഗീകരി ക്കുന്ന സർക്കാരായി യു.ഡി.എഫ് സർക്കാർ, ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ നിലനിൽക്കുന്നതിന്റെ രഹസ്യം മറ്റൊന്നല്ല. മുദ്രാവാക്യം വിളിച്ച് മുഖ്യമ ന്ത്രിയെ തടയാൻ വരുന്നവരുടെ മടിയിൽപ്പോലും മുഖ്യമന്ത്രിക്ക് കൊടുക്കാ നുള്ള അപേക്ഷ തിരുകിവച്ച് സമരം കഴിഞ്ഞാലുടൻ മുഖ്യമന്ത്രിയെ നേരിൽക്കണ്ട് അപേക്ഷ കൊടുത്ത് ആനുകൂല്യം പറ്റുന്നവരാണ് അപ്പുറത്തു ള്ളവർ എന്ന് അറിയുന്ന സർക്കാരും നേതൃത്വവുമാണ് ശ്രീ. ഉമ്മൻ ചാണ്ടിയു ടേത് എന്നതു തന്നെയാണ് 52 ശതമാനം അംഗീകാരത്തിന്റെ രഹസ്യം. അതു

കൊണ്ട് കേവലം മുദ്രാവാക്യങ്ങൾക്കപ്പുറത്ത് ഇത്തരം കാര്യങ്ങളെ വസ്തു താപരമായി കാണാൻ ശ്രമിക്കുക. മൃഗസംരക്ഷണ രംഗത്ത് ഏറ്റവും വലിയ വിപത്ത് കടന്നുപോയ കാലഘട്ടമാണ് ഇത്. കുളമ്പ് രോഗം ഏറ്റവും കൂടു തൽ ബാധിച്ച പ്രദേശങ്ങളിലൊന്നാണ് എന്റെ നിയോജക മണ്ഡലം. പഞ്ചായ ത്തുകളിൽ നൂറ് കണക്കിന് കാലികൾ ചത്തൊടുങ്ങി. അവിടെ പാലുൽപ്പാ ദനം കുറഞ്ഞു. ക്ഷീര കർഷകൻ വളരെയേറെ പ്രയാസങ്ങൾ നേരിട്ടു. അതിനെ ഇമ്മീഡിയറ്റായ ക്രൈസിസ് മാനേജ്മെന്റ് എന്ന രീതിയിൽ ചെയ്യാ വുന്ന കാര്യങ്ങൾ ഈ സർക്കാർ ചെയ്തു. അവശേഷിക്കുന്ന കാര്യങ്ങൾ ചെയ്യുമെന്ന ഉറപ്പുണ്ട്. കാലിസമ്പത്തുകൊണ്ട് മാത്രം ഉപജീവനം നടത്തുന്ന ക്ഷീരകർഷകരുടെ മനസ്സിൽ ഈ സർക്കാർ അടിയന്തരമായി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന സർക്കാരായി വരുന്നു. അതുകൊണ്ട് ഈ സർക്കാരിനെ കേവലം വിവരദോഷികളുടെ സർക്കാർ, ജനദ്രോഹ സർക്കാർ അതുകൊണ്ട് തന്നെ ജനദ്രോഹ ബഡ്ജറ്റ് എന്ന രീതിയിൽ കാണുന്ന കാഴ്ചപ്പാട് തെറ്റാണ്.

സർക്കാരിനെ 100 ശതമാനവും ജനങ്ങൾ അംഗീകരിക്കുന്ന വിഷയ ങ്ങൾ അവതരിപ്പിച്ച ഒരു ബഡ്ജറ്റായി മാത്രമേ കേരളത്തിലെ ജനങ്ങൾ ഇതിനെ കാണൂ. ഒന്നുരണ്ട് കാര്യങ്ങൾകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്ര ഹിക്കുന്നു. കാർഷിക പ്രാധാന്യമുള്ള പ്രദേശം എന്ന നിലയിൽ കോൾ മേഖ ലയിൽ 2011 ഡിസംബറിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി ശ്രദ്ധിക്കേണ്ടി യിരുന്ന ഒരു കാര്യമായിരുന്നു, മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽനടന്ന ഒരു ചർച്ചയിലുണ്ടായ തീരുമാനത്തിൽ ഭാഗികമായി മാത്രമേ ഇതുവരെ നടപ്പാ ക്കിയിട്ടുള്ളൂ. പമ്പിംഗ് സബ്സിഡി, ഉല്പാദന ബോണസ്, ഭൂമി കെ.എൽ.

ഡി.സി.–ക്ക് കൊടുത്തതിന്റെ സംഖ്യ എന്നിവയിലെ ഉല്പാദന ബോണസും അക്വിസിഷൻ എമൗണ്ടും ഇതുവരെ കൊടുത്തിട്ടില്ല. അത് കൊടുക്കാൻ തീരുമാനമുണ്ടാകണം. ഏറ്റവും കൂടുതൽ പബ്ലിക് യൂട്ടിലിറ്റി സർവ്വീസുള്ള കെ. എസ്.ആർ.ടി.സി ഇന്ന് വലിയൊരു ദുരന്തത്തെ നേരിടുന്ന അവസ്ഥയിലാണ്. കെ. എസ്.ആർ.ടി.സി. യെക്കുറിച്ച് ആലോചിക്കുമ്പോഴും കേൾക്കുമ്പോഴും ഇതെന്ന് നിന്നുപോകും എന്ന അവസ്ഥയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കാര്യം നേരത്തേ എല്ലാവരും സൂചിപ്പിച്ചതുപോലെ, കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകളിൽ പോകാനും ജീവനക്കാരെ കാണാനും കഴിയാത്ത സാഹചര്യത്തിൽ സർക്കാർ അവരുടെ പെൻഷൻ എൽ.ഐ.സി. യുമായി ബന്ധപ്പെട്ട പെൻഷൻ സ്കീം ആക്കിയെങ്കിലും അത് ഏറ്റെടുക്കാൻ തയ്യാറാകണം. ഓട്ടോറിക്ഷാ സമരം മാറ്റിവച്ചു എന്നത് ശുഭോതർക്കമാണ്. മാറ്റിവയ്ക്കാവുന്ന ഒരു അവസ്ഥയുണ്ടായത് നല്ലതാണ്. ഓട്ടോറിക്ഷയ്ക്കും മോട്ടോർ ബൈക്കിനുമൊക്കെ പ്രഖ്യാപിച്ച നികുതി പിൻവലിക്കാൻ തയ്യാറാകണം. തുണിത്തരങ്ങളുടെ നികുതി ഒരു അനാവശ്യ നികുതിയായി മാത്രമേ ജനങ്ങൾക്ക് കാണാൻ കഴിയൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ......... 6 മിനിട്ടിൽ കൂടുതലായി.

ശ്രീ. പി. എ. മാധവൻ: സർ, ഒന്നുരണ്ട് ചെറിയ കാര്യങ്ങൾകൂടി പറയാനുണ്ട്. ലക്ഷംവീടുകളുടെ പുനർനിർമ്മാണത്തിന് പദ്ധതി പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആ പദ്ധതി നടപ്പാക്കിയിട്ടില്ല. ലക്ഷംവീടുകളെ ഒറ്റവീടാക്കാനും പുനരുദ്ധരിക്കാനുമുള്ള സംവിധാനമുണ്ടാകണം. ഫിഷറീസ് കോളനികൾ പുനരുദ്ധരിക്കാനുള്ള സംവിധാനമുണ്ടാകണം. അനാഥരായി

നടക്കുന്ന ഒരു വർഗ്ഗമാണ് മുൻകാല പഞ്ചായത്ത് മെമ്പർമാർ. ഞാനും പഞ്ചായത്ത് മെമ്പറായിരുന്നു. ചായ കുടിക്കാനോ സിഗററ്റ് വാങ്ങാനോ ബീഡി വാങ്ങാനോ......... ബീഡി, സിഗററ്റ് ഇതൊക്കെ തെറ്റാണെങ്കിൽ മുറുക്കാൻ വാങ്ങാൻപോലും കഴിയാത്ത അവസ്ഥയിലാണ് ഈ പഴയകാല പഞ്ചായത്തു മെമ്പർമാർ. അവർക്ക് നാമമാത്രമായെങ്കിലും പെൻഷൻ കൊടുക്കാവുന്ന ഒരു പദ്ധതി കാരുണ്യത്തിന്റെ കരസ്പർശം അവകാശപ്പെടുന്ന ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം എന്നാണെന്റെ അഭ്യർത്ഥന. കൃഷിക്കാരെയും ചെറുപ്പക്കാരെയും അദ്ധ്വാനിക്കുന്ന വിഭാഗത്തെയും തൊഴിലാളികളെയും സംബന്ധിച്ചിടത്തോളം വളരെ സന്തോഷകരമായി നെഞ്ചോടു ചേർത്ത ഒരു ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റ് അവതരിപ്പിച്ച മാണിസാറിനേയും ഈ സർക്കാരിനേയും അഭിനന്ദിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ 100 ശതമാനവും പിന്താങ്ങുകയാണ്.

ശ്രീ. കെ. കെ. നാരായണൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഈ ബഡ്ജറ്റ് കേരളത്തെ മൊത്തം കണ്ടുകൊണ്ടുള്ള ബഡ്ജറ്റല്ല. യു.ഡി.എഫ്. എം.എൽ.എ–മാർക്ക് മാത്രം പദ്ധതി പ്രഖ്യാപിച്ച ബഡ്ജറ്റാണ്. അതുകൊണ്ട് കേരളത്തിന്റെ പൊതുബഡ്ജറ്റായി ഇതിനെ അംഗീകരിക്കാൻ കഴിയില്ല. ഞങ്ങൾ പ്രതിപക്ഷ എം.എൽ.എ.മാരാണ്. ഓട് പൊളിച്ച് ഒളിച്ചുകടന്നാണ് ഞങ്ങൾ കേരള നിയസഭയ്ക്കകത്തുവന്നതെന്നാണ് മാണിസാർ കണക്കാക്കിയിരിക്കുന്നത്. അതുകൊണ്ട് പ്രതിപക്ഷ എം.എൽ.എ–മാർക്ക് ഒരു പദ്ധതിയും കൊടുക്കണ്ട. യു.ഡി.എഫ്. എം.എൽ.എ.മാരുടെ നിർദ്ദേശങ്ങൾ മാത്രം ഉൾക്കൊണ്ടുകൊണ്ട് തയ്യാറാക്കുന്ന പദ്ധതിയായി വികസന പദ്ധതികളെല്ലാം മാറ്റുകയാണ്. അങ്ങനെ യു.ഡി.എഫ്–കാരുടെ നർദ്ദേശങ്ങൾ മാത്രമേ

സ്വീകരിക്കുകയുള്ളൂ എന്നൊരു വാശിയാണ് മാണിസാർ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴെല്ലാം കാണിച്ചുകൊണ്ടിരിക്കുന്നത്. അതേസമയം പ്രതിപക്ഷം ഭൂരിപക്ഷമായിട്ടുള്ള മണ്ഡലങ്ങൾ നിങ്ങൾ നോക്കണം; ഒരു പദ്ധതിയും കൊടുക്കാതെ പൂർണ്ണമായും അവഗണിക്കുന്ന നിലപാടാണ് ഈ ബഡ്ജറ്റ് സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ഇത് കേരളത്തിന്റെ പൊതുബഡ്ജറ്റായി കണക്കാക്കാൻ എനിക്കാവില്ല എന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ജനകീയ പ്രശ്നങ്ങളോട് മുഖംതിരിച്ചു നിൽക്കുന്ന ഒരു ബഡ്ജറ്റാണിത്. ഇവിടെ നേരത്തെ എം.എൽ.എ.മാർ സൂചിപ്പിച്ചതുപോലെ, കത്തിക്കാളുന്ന വിലക്കയറ്റമാണ് നമ്മുടെ നാട്ടിൽ. നിത്യോപയാഗസാധനങ്ങൾക്കെല്ലാം പൊള്ളുന്ന വിലക്കയറ്റമാണ്. ഇതുപോലെ വിലകയറിയിട്ടുള്ള ഒരു കാലം നമ്മുടെ കേരളത്തിൽ മുമ്പ് ഉണ്ടായിട്ടില്ല. പാവപ്പെട്ട ജനങ്ങളുടെ ജീവിതം അങ്ങേയറ്റം ദുരിതപൂർണ്ണമായിട്ടുള്ള ഒരവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. അത്തരമൊരു വിലക്കയറ്റം നാട്ടിൽ നടക്കുമ്പോൾ അതിനെ കണ്ടുകൊണ്ട് ഒരു ബഡ്ജറ്റ് അവതരിപ്പിക്കാനും ജനങ്ങൾ വിലക്കയറ്റംകൊണ്ട് എരിപൊരികൊള്ളുമ്പോൾ അത് കണ്ട ഭാവം നടിക്കാനും ഈ ബഡ്ജറ്റിലൂടെ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി തയ്യാറായിട്ടില്ല. വിലക്കയറ്റം തടഞ്ഞുനിറുത്തുന്നതിനുവേണ്ടി ഒരു പദ്ധതിയും ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. മാത്രമല്ല, സപ്ലൈകോയും കൺസ്യൂമർഫെഡും പോലെയുമുള്ള രണ്ട് സ്ഥാപനങ്ങൾക്കുംകൂടി 76 കോടി രൂപ മാത്രമാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ ഒരു മാസത്തെ അതിന്റെ പ്രവർത്തനത്തിന് ഈ കാശ് തികയില്ലെന്ന് എല്ലാവർക്കുമറിയാം. അപ്പോൾ ശരിയായി വിലക്കയറ്റത്തെ കൈകാര്യം ചെയ്യാൻ

ഈ ബഡ്ജറ്റിൽ ഒരു നിർദ്ദേശവും മാണിസാറിന് മുന്നോട്ട് വയ്ക്കാൻ കഴിഞ്ഞിട്ടില്ല. വിലക്കയറ്റത്തോട് പ്രതികരിക്കാൻ കഴിയാത്ത ഒരു ബഡ്ജറ്റാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്. വലിയനിലയിൽ ഭക്ഷ്യസുരക്ഷയെക്കുറിച്ചെല്ലാം ഇവർ വാചാലമായി പ്രസംഗിക്കുന്നതുകേട്ടു. ഭക്ഷ്യസുരക്ഷ കൈവരിക്കുമെന്ന് വലിയരീതിയിൽ പ്രസംഗിക്കുന്നവരാണ് ഈ വിലക്കയറ്റം കണ്ടില്ല എന്നുനടിക്കുന്ന ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചത്. അതുപോലെ കേരളത്തിലെ പരമ്പരാഗത വ്യവസായമേഖലകളായ കയർ, കശുവണ്ടി, കൈത്തറി, ഖാദി, ബീഡി, പനമ്പ് ഈറ്റ, കരകൗശലം തുടങ്ങിയമേഖലകളിലെല്ലാംകൂടി 40 ലക്ഷത്തിലേറെപേർ പണിയെടുക്കുന്നുണ്ട്. അപ്പോൾ പരമ്പരാഗതവ്യവസായ മേഖലയ്ക്ക് ഈ ബഡ്ജറ്റിനകത്ത് പണമൊന്നും നീക്കിവച്ചില്ലേയെന്ന് ചോദിക്കും. 45 ലക്ഷത്തോളമാളുകൾ പണിയെടുക്കുന്ന, പ്രതിസന്ധിയിൽനിന്ന് പ്രതിസന്ധിയിലേക്ക് പോയിക്കൊണ്ടിരിക്കുന്ന, തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുന്ന ഈ മേഖലയ്ക്ക് നീക്കിവച്ച സംഖ്യ കൊണ്ട് വലിയ പ്രതിഫലമൊന്നും ഉണ്ടാകാൻ പോകുന്നില്ല. ഫലപ്രദമായി ഈ വ്യവസായങ്ങളെ രക്ഷിക്കാൻ ഈ തുക തികയില്ല എന്നത് യാഥാർത്ഥ്യമാണ്. ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ജീവിതപ്രയാസങ്ങളിലാണ് കഴിയുന്നത്. അത് കൈത്തറി, ബീഡി, കയർ, കശുവണ്ടി തുടങ്ങി എല്ലാ വ്യവസായ മേഖലകളിലും പണിയെടുക്കുന്ന തൊഴിലാളികളും അങ്ങേയറ്റം ജീവിതപ്രയാസങ്ങളാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. അത് നേരിടാൻ പറ്റിയ ഒരു വലിയ നിർദ്ദേശം മാണിസാറിന്റെ ബഡ്ജറ്റിലില്ല എന്നതാണ് യാഥാർത്ഥ്യം.

ഞാൻ ഇൻഷ്വറൻസ് പ്രഖ്യാപിച്ചിട്ടില്ലേ, എന്ന് ചിലപ്പോൾ ചോദിക്കും. അപകടമരണം സംഭവിച്ചാൽ ആനുകൂല്യം ലഭിക്കുന്ന ഒരു ഇൻഷ്വറൻസ് പ്രഖ്യാപിച്ചു എന്ന കാരണംകൊണ്ട് പരമ്പരാഗത വ്യവസായമേഖലകളിലെ ഈ തൊഴിലാളികൾക്ക് ജീവിച്ചു മുന്നോട്ടുപോകാൻ കഴിയുമെന്ന് ആർക്കെങ്കിലും അവകാശപ്പെടാൻ സാധിക്കുമോ? അപ്പോൾ പരമ്പരാഗത വ്യവസായ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം നിർദ്ദേശിക്കാൻ ഈ ബഡ്ജറ്റിന് കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് തൊഴിലില്ലായ്മ. 50 ലക്ഷത്തോളമാളുകൾ ഇവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനുവേണ്ടി ആർത്തിപൂണ്ട് കാത്തിരിക്കുകയാണ്. അങ്ങനെ കാത്തിരിക്കുന്ന യുവതീ-യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ എന്തെങ്കിലും ഒരു നിർദ്ദേശം മാണി സാർ അവതരിപ്പിച്ച ഈ ബഡ്ജറ്റിൽ കണ്ണിൽ എണ്ണയിട്ട് പരിശോധിച്ചാലും കാണാൻ കഴിയില്ല എന്നതാണ് യാഥാർത്ഥ്യം. പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗത്തിനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബല ജനവിഭാഗങ്ങൾക്കുമെല്ലാംവേണ്ടി മുമ്പു കൊണ്ടുവന്ന ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി തുടർന്ന് മുന്നോട്ടു കൊണ്ടുപോകുന്നുണ്ടോയെന്ന കാര്യം ഈ പദ്ധതിക്കകത്ത് മാണി സാർ പറഞ്ഞിട്ടില്ല. ഈ പദ്ധതി പൂർത്തീകരണത്തിനുവേണ്ടി ഒരു പണവും നീക്കി വച്ചതായി ഈ ബഡ്ജറ്റിൽ കാണാനുമില്ല. ആ കാര്യത്തിൽ മാണി സാറിന്റെ പദ്ധതി നിശ്ശബ്ദത പാലിക്കുകയാണ്. പൊതുവിൽ പറഞ്ഞാൽ ജനകീയ പ്രശ്നങ്ങളോട് മുഖം തിരിച്ചുനിൽക്കുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ മാണി സാർ അവതരിപ്പിച്ചത്. സർക്കാരിന്റെ സഹജസ്വഭാവം തന്നെയാണ് ഈ ബഡ്ജറ്റിലും കാണിച്ചതെന്നാണ് നമുക്ക് കാണാൻ കഴിയുക. ജനകീയ

പ്രശ്നങ്ങളെ അവഗണിക്കുക, പ്രതിപക്ഷ അംഗങ്ങളെ അവഗണിക്കുക എന്നിവയെല്ലാം ഈ ഗവൺമെന്റിന്റെ ഒരു ശീലമായി മാറിയിരിക്കുകയാണ്. അതിന്റെ എല്ലാ ലക്ഷണങ്ങളും നമുക്ക് ഈ ബഡ്ജറ്റിലും കാണാൻ സാധിക്കും. ജനകീയപ്രശ്നങ്ങളോട് താല്പര്യം കാണിക്കേണ്ട ഒരു ആവശ്യവും ഞങ്ങളെ സംബന്ധിച്ചില്ല, ഞങ്ങൾക്ക് ജാതി–മത നേതാക്കന്മാരെ പ്രീണിപ്പിച്ചാൽ മതി എന്നതാണ് ഭരണക്കാരുടെ നിലപാട്. അവർക്കുവേണ്ടി സേവ ചെയ്യുകയും അവരെ താലോലിക്കുകയും ചെയ്താൽ നിങ്ങളുടെ കാര്യം ഭംഗിയായി നടക്കും എന്ന തോന്നലാണ് ഇവിടെ ഭരിക്കുന്നവർക്കെല്ലാമുള്ളത്. ജാതി–സംഘടനാ നേതാക്കന്മാർ പറയുന്നവരെ നിങ്ങൾ മന്ത്രിമാരാക്കും അവർ പറയുന്നതിനനുസരിച്ച് വകുപ്പുകൾ വിഭജിച്ചുകൊടുക്കും. ഈ ഗവൺമെന്റ് തന്നെ ഞങ്ങളാണുണ്ടാക്കിയത് എന്ന് മതനേതാക്കൾ പറയുമ്പോൾ വളരെ താഴ്മയോടെ തലകുലുക്കി നിങ്ങൾ അത് സമ്മതിക്കുകയും ചെയ്യും. അവർ കല്പിക്കുന്നതെന്തും നിങ്ങൾ വളരെ യജമാനസ്നേഹത്തോടെ നടപ്പാക്കുന്ന സാഹചര്യമാണ് ഇപ്പോൾ കേരളത്തിലുള്ളത്. കാസർഗോഡ് വർഗ്ഗീയ കലാപമുണ്ടായി, ആ കേസ് അന്വേഷിക്കാൻ നിശ്ചയിച്ച കമ്മീഷനെ ഇല്ലാതാക്കണമെന്ന് അവർ കല്പിച്ചു. ഒരു സംശയവും ബാക്കിവയ്ക്കാതെ നിങ്ങൾ ആ കമ്മീഷനെ പിൻവലിച്ചു. നാദാപുരത്തിനടുത്തുള്ള നരിക്കാട്ടേരിയിൽ ബോംബ് സ്ഫോടനമുണ്ടായതിനെത്തുടർന്ന് അഞ്ചുപേർ മരിച്ചു. അത് അന്വേഷിക്കാൻ പാടില്ലെന്ന് ചില നേതാക്കന്മാർ പറഞ്ഞു, അത് അക്ഷരംപ്രതി ഈ ഗവൺമെന്റ് അംഗീകരിച്ചു. മന്നം ജയന്തിക്ക് അവധി നൽകണമെന്ന് ജാതി നേതാക്കന്മാർ പറഞ്ഞു, നിങ്ങൾ അത് അംഗീകരിച്ചു. ദേവസ്വം ബോർഡിലെ റിക്രൂട്ട്മെന്റിന് പി.എസ്.സി.–യെ ഒഴിവാക്കണം എന്നവർ പറഞ്ഞു, ഒരുമടിയുംകൂടാതെ ദേവസ്വം ബോർഡിലെ

റിക്രൂട്ട്മെന്റുകളിൽനിന്ന് പി.എസ്.സി.–യെ ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇവിടെ സി.ബി.എസ്.ഇ. സ്കൂളുകൾ അനുവദിക്കണമെന്ന് അവർ ആവശ്യപ്പെട്ടു, ഇഷ്ടം പോലെ സ്കൂളുകൾ അനുവദിച്ചുകൊടുക്കുവാൻ നിങ്ങൾ സന്നദ്ധമാവുകയും ചെയ്തു. നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ള ധാരാളം കുഴപ്പങ്ങളിൽ വർഗ്ഗീയ സ്വഭാവമുള്ള സംഭവങ്ങളടക്കം 362 കേസുകൾ ചാർജ്ജ് ചെയ്യപ്പെട്ടു, അതിൽ തീവ്രവാദി ബന്ധമുള്ള സംഭവങ്ങളടക്കമുണ്ട്. അത് പിൻവലിക്കാൻ ജാതി–മതനേതാക്കന്മാർ പറഞ്ഞു. ഒരുമടിയും കൂടാതെ 362 കേസ്സുകളും നിങ്ങൾ പിൻവലിക്കുന്ന സാഹചര്യമുണ്ടായി. കോട്ടയ്ക്കൽ രാജാസ് ഹൈസ്കൂളിന്റെ മുറ്റത്ത് സാഹിത്യകാരനായ ഒ. വി. വിജയന്റെ പ്രതിമ അടിച്ചുതകർത്തപ്പോൾ ഈ ഗവൺമെന്റ് വർഗ്ഗീയവാദികളെ സഹായിക്കുകയാണ് ചെയ്തത്. കമലഹാസന്റെ 'വിശ്വരൂപം' എന്ന സിനിമ പ്രദർശിച്ചപ്പോൾ അതിനെതിരെ ആക്രമണമുണ്ടായി, ഹൈന്ദവ തീവ്രവാദികളാണ് ആക്രമിച്ചത്. നമ്മുടെ ഭരണക്കാരായ കോൺഗ്രസുകാർ എന്താണ് ചെയ്തത്, അവർ ഈ ഹൈന്ദവ തീവ്രവാദികളുടെ കൂടെ ചേർന്ന് കമലഹാസന്റെ സിനിമ പ്രദർശിപ്പിക്കാൻ പാടില്ല എന്ന നിലപാടാണ് സ്വീകരിച്ചത്. ഇതെല്ലാം കണ്ട് സാക്ഷാൽ ശ്രീ. എ. കെ. ആന്റണിക്ക് തന്നെ ഇവിടെ സമുദായസംഘടനകൾ രാഷ്ട്രീയത്തിൽ സ്വാധീനമുറപ്പിക്കുന്നത് അപകടകരമാണെന്ന് പറയേണ്ടിവന്ന സാഹചര്യം കേരളത്തിലുണ്ടായി. ഇവിടെ എല്ലാതരം വാഹനങ്ങളുടെയും നികുതി ഈ ബഡ്ജറ്റിൽ കൂട്ടി. പാവങ്ങൾ ഉപയോഗിക്കുന്ന ഓട്ടോറിക്ഷയ്ക്കുപോലും ടാക്സ് കൂട്ടുന്ന സാഹചര്യമാണ് നിങ്ങളുണ്ടാക്കിയത്. ഇത് വിലക്കയറ്റം ഉണ്ടാക്കുമോ എന്നാണ് ഇവിടെ പ്രസംഗിച്ച കോൺഗ്രസ് എം.എൽ.എ.–മാർ ചോദിച്ചത്. ഏതാനും ദിവസങ്ങൾ കഴിയു

മ്പോൾ ഇതിന്റെയെല്ലാം അനുഭവങ്ങൾ നമ്മുടെ കമ്പോളത്തിൽ നേരിട്ടുകാണാൻ കഴിയും എന്നതാണ് നേരത്തെയുണ്ടായ അനുഭവങ്ങൾ തെളിയിക്കുന്നത്. മുമ്പ് പെട്രോൾ-ഡീസൽ വിലവർദ്ധനവുണ്ടായ ഘട്ടത്തിൽ മാർക്സിസ്റ്റ് നേതാക്കന്മാർ അതിനെ എതിർത്തപ്പോൾ, നാക്കെടുത്താൽ എപ്പോഴും പെട്രോൾ വിലവർദ്ധനവിന്റെ കാര്യമേ പറയൂ, മാർക്സിസ്റ്റുകാർ രാവിലെ ഉറക്കം തെളിഞ്ഞാൽ ഉടനെ കഴിക്കുന്നത് പെട്രോളും ഡീസലുമാണോ എന്ന് കോൺഗ്രസ് നേതാക്കന്മാർ പ്രസംഗിക്കുന്നത് കേൾക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇവിടെ അതേ നിലപാടാണ് വാഹനങ്ങളുടെ ടാക്സ് കൂട്ടിയതിനെ എതിർത്തവരോട് യു.ഡി.എഫ്. എം.എൽ.എ.-മാരും സ്വീകരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ ഇവർക്കെല്ലാമുള്ളത് വളരെ വികലമായ ധാരണയാണ് എന്ന കാര്യത്തിൽ സംശയമില്ല. ഓട്ടോറിക്ഷ കൈകാര്യം ചെയ്യുന്നത് എല്ലാവർക്കും അറിയാവുന്നതുപോലെ നമ്മുടെ രാജ്യത്തിലെ വൻകിട മുതലാളിമാരല്ല, തൊഴിൽ കിട്ടാത്ത യുവാക്കൾ സ്വയം തൊഴിലിനുവേണ്ടിയാണ് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. ഓരോ ബസ് സ്റ്റോപ്പിനു സമീപത്തും നൂറുക്കണക്കിന് ഓട്ടോറിക്ഷകൾ കാണാൻ കഴിയും. വളരെ കുറഞ്ഞ വരുമാനമാണ് ഇന്ന് ഓട്ടോറിക്ഷ തൊഴിലാളികൾക്ക് ലഭിക്കുന്നത്. അവരുടെ തലയിലാണ് മാണിസാർ ഇടിത്തീ പോലെ ഇങ്ങനെയൊരു ടാക്സ് അടിച്ചേൽപ്പിച്ചത്. അങ്ങനെ ഏതുനിലയ്ക്ക് നോക്കിയാലും ജനദ്രോഹത്തിന്റെ ഒരു പര്യായമായി മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റ് മാറിയിരിക്കുകയാണ്. മാണി സാർ പന്ത്രണ്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുവെന്ന വലിയ സന്തോഷത്തിലും ആഹ്ലാദത്തിലുമാണ്. അങ്ങനെ പന്ത്രണ്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ച മാണി സാറിന് അവാർഡ് കൊടുക്കണമെന്ന ശുപാർശയും ഇവിടെയുണ്ടായി. അദ്ദേഹത്തെ ആദരിക്കണമെന്ന് പറയുന്നവരുമുണ്ട്.

പക്ഷേ, ജനാധിപത്യ രാജ്യത്തെ ഒരു സംസ്ഥാന ഗവൺമെന്റാണിത്. ഈ സംസ്ഥാനത്ത് ഒരു പ്രതിപക്ഷവുമുണ്ട്. ആ പ്രതിപക്ഷത്തെയും അവരുടെ മണ്ഡലങ്ങളെയും പരിഗണിക്കണമെന്ന ഒരു തോന്നൽപോലും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ മാണി സാറിനോ അദ്ദേഹത്തിന്റെ ഗവൺമെന്റിനോ ഉണ്ടായിട്ടില്ല. പൂർണ്ണമായും പ്രതിപക്ഷ ബഞ്ചിനെ അവഗണിച്ചിരിക്കുകയാണ്. ആസ്തി വികസന ഫണ്ടിന്റെ ഭരണാനുമതി പോലും പ്രതിപക്ഷത്തെ മിക്ക വാറുമാളുകൾക്ക് ലഭിച്ചുകഴിഞ്ഞിട്ടില്ല.

ആസ്തി വികസന ഫണ്ടിന്റെ വളരെ അപൂർവ്വമായ പദ്ധതികൾ മാത്രമാണ് ടെണ്ടർ ചെയ്യപ്പെട്ടത്. അതിൽ ഏതാനും ചില പദ്ധതികൾ മാത്രമാണ് നിർമ്മാണം ആരംഭിച്ചത്. പ്രതിപക്ഷങ്ങൾക്ക് അവരുടെ ആവലാതികൾ പരിഹരിക്കാൻ വേണ്ടിയാണ് ആസ്തി വികസന ഫണ്ട് അനുവദിച്ചുകൊടുത്തതെന്നാണ് പണ്ട് ശ്രീ. കെ. എം. മാണി സാർ പറഞ്ഞത്. ആ ഫണ്ടിന്റെ വർക്കുകൾപോലും ശരിയായി നടത്താൻ സംവിധാനം ഉണ്ടാക്കിയിട്ടില്ല. പ്രതിപക്ഷം ഈ സഭയിൽ വേണ്ടായെന്ന് പറഞ്ഞുകൊണ്ട് പ്രതിപക്ഷത്തെ പരിഹസിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. എന്നുമാത്രമല്ല കണ്ണുംപൂട്ടി ചില യാഥാർത്ഥ്യങ്ങൾക്കുനേരെ കണ്ണടച്ചിരുട്ടാക്കുന്ന നിലപാട് പ്രതിപക്ഷ മെമ്പർമാർക്കെതിരെ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഞങ്ങൾക്കും ആസ്തി വികസന ഫണ്ടിന്റെ എ.എസ്. കിട്ടാനുണ്ട്. അത് സർക്കാരിന്റെ നടപടിക്രമവുമായി പോകുന്നതല്ലാതെ പ്രതിപക്ഷ വിവേചനമായി ഒന്നും ചെയ്തിട്ടില്ല.

നിങ്ങൾ ഇതുസംബന്ധിച്ച് ഒരു ചോദ്യം ചോദിച്ചാൽ വിവേചനം നടന്നിട്ടുണ്ടോ ഇല്ലയോയെന്ന കാര്യം അറിയാൻ സാധിക്കും.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അങ്ങ് മിനിസ്റ്ററായതുകൊണ്ട്പറയുന്നതാണ്, എല്ലാവരെയും ലാഗ് ചെയ്തുകൊണ്ട് പോകുന്ന പ്രശ്നമുണ്ടെങ്കിൽ ശ്രീ. കെ. സി. ജോസഫും, ശ്രീ. കെ. എം. മാണിയും ഉൾപ്പെടുന്ന ക്യാബിനറ്റിൽത്തന്നെ ആ പ്രശ്നം ഉന്നയിച്ച് അതിനൊരു പരിഹാരം ഉണ്ടാക്കണ്ടേ?

ശ്രീ. കെ. സി. ജോസഫ്: സർ, അക്കാര്യം ആലോചിക്കാം. ബഹുമാനപ്പെട്ട കെ. കെ. നാരായണൻ പറഞ്ഞതുപോലെ പ്രതിപക്ഷത്തിന്റെ ഫണ്ട് മുഴുവനും മാറ്റിവയ്ക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ പഞ്ഞത് പരിശോധിക്കാവുന്ന കാര്യമാണ്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ബഹുമാനപ്പെട്ട കെ. കെ. നാരായണൻ എം.എൽ.എ. പ്രതിപക്ഷത്തെ അവഗണിക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിക്ക് സംശയമുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തേണ്ടത് നമ്മുടെ ബാധ്യതയാണ്. ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ടുകൊണ്ട് എസ്റ്റിമേറ്റ് ഉണ്ടാക്കാൻ കൊടുത്താൽ പ്രതിപക്ഷ എം.എൽ.എ.മാരുടെ എസ്റ്റിമേറ്റ് താമസിച്ചാണ് ഉണ്ടാക്കുന്നത്. ഞങ്ങളുടെ ജില്ലയെ സംബന്ധിച്ച് പത്തുപേർ പ്രതിപക്ഷത്തും മൂന്നുപേർ ഭരണപക്ഷത്തുമാണുള്ളത്. ഭരണപക്ഷത്തുള്ളവരുടെ എസ്റ്റിമേറ്റ് നേരത്തേ ഉണ്ടാക്കികൊടുക്കുന്നുണ്ട്. അതുമാത്രമല്ല, വൺ ടൈം മെയിന്റിനൻസ് പ്രതിപക്ഷ എം.എൽ.എ.മാരുടെ ഏതെങ്കിലും മണ്ഡലത്തിൽ കൊടുത്തിട്ടുണ്ടോ? ഫ്ളഡ്ഡിന്റെയോ ഡ്രൗട്ടിന്റെയോ ഫണ്ട് ഏറ്റവും കൂടുതൽ 25 ലക്ഷം രൂപവരെ കൊടുക്കും. ഭരണപക്ഷ എം.എൽ.എ.മാർക്ക് മൂന്നേകാൽ കോടി രൂപവരെ കൊടുത്തില്ലേ.

ശ്രീ. കെ. സി. ജോസഫ്: സർ, ജീവനക്കാരിൽ അമ്പത് ശതമാനത്തിൽ കൂടുതലും എൻ.ജി.ഒ. യൂണിയൻകാരാണ്. അവരോട് ചോദിച്ചാൽ മതി എന്തുകൊണ്ടാണ് താമസിക്കുന്നതെന്ന്.

ശ്രീ. കെ. കെ. നാരായണൻ: സർ, ഞാൻ ഈ വിഷയം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയിരിക്കുന്ന മീറ്റിംഗിൽ പലവട്ടം ആവർത്തിച്ചതാണ്. ആസ്തി വികസന ഫണ്ടിനുവേണ്ടി നമുക്ക് പ്രത്യേക റിവ്യൂ വയ്ക്കാമെന്ന് അദ്ദേഹം പറയുകയുണ്ടായി. പക്ഷേ, ഞങ്ങൾക്കിതുവരെയും ഒരു മാറ്റവും ഉണ്ടായിട്ടില്ല. എന്നുമാത്രമല്ല, ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ വർഷത്തെ ഫ്ളണ്ടിന്റെ ലിസ്റ്റ് ഞാൻ സമർപ്പിച്ചു. എനിക്കിതുവരെയും ഫണ്ട് കിട്ടിയിട്ടില്ല. ഈ വർഷത്തെ ഫ്ളഡ്ഡിന്റെ ഫണ്ട് ചിലർക്ക് കൊടുത്തുവെന്നാണ് ഞാൻ കേട്ടത്. ഞങ്ങളെ അവഗണിക്കുകയാണ് ചെയ്യുന്നത്. എന്റെ ലിസ്റ്റ് കാണുന്നില്ലായെന്നാണ് പറയുന്നത്. പ്രതിപക്ഷ മെമ്പർമാരെ ഇങ്ങനെ അവഗണിക്കുന്ന സാഹചര്യം മറ്റൊരുകാലത്തും കേരളത്തിൽ കാണില്ല. അതുതന്നെയാണ് ഈ ബഡ്ജറ്റിലും കാണിച്ചത്. അതുകൊണ്ട് കേരളത്തെ മൊത്തത്തിൽ കാണാത്ത ശ്രീ. കെ. എം. മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ, നൂറ് ശതമാനം ആളുകൾ കർഷകരോ അല്ലെങ്കിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന നാടിന്റെ എം.എൽ.എ. ആണ് ഞാൻ. അതുകൊണ്ട് കർഷകർക്ക് ഇൻകം ഗാരണ്ടിയും ആരോഗ്യ ഇൻഷ്വറൻസും അഗ്രികാർഡുമെല്ലാം സന്തോഷം നൽകുന്നുണ്ടെങ്കിലും വളരെ സൗകര്യപൂർവ്വം ബഹുമാനപ്പെട്ട കെ. എം. മാണി സാർ മറന്നുകളഞ്ഞ ചില കാര്യങ്ങളുണ്ട്. കേരളത്തിലെ നെൽകർഷകരെന്ന് പറഞ്ഞാൽ

അവഗണിക്കാനാവാത്ത ഒരു വലിയ സമൂഹമാണ്. ഇവിടെ നമുക്കാവശ്യമുള്ള അരിയുടെ മുപ്പത് ശതമാനംപോലും ഉത്പാദിപ്പിക്കാത്ത ദേശത്ത്, മറ്റ് സംസ്ഥാനങ്ങളിൽനിന്നും നമ്മൾ കൈനീട്ടി നെല്ലും അരിയും ചോദിച്ച് വാങ്ങിച്ച് ആളുകൾക്ക് കൊടുക്കുന്ന സംവിധാനം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത്, നെൽ കർഷകരെ പ്രോത്സാഹിപ്പിക്കണ്ടേ? കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റ് ഇവിടെയുണ്ട്. ആ ബഡ്ജറ്റിൽ നെല്ല് സംഭരണത്തിന്റെ റിവോൾവിംഗ് ഫണ്ടിനെക്കുറിച്ച് പറഞ്ഞു. എനിക്ക് നെല്ലിന്റെ വില കിട്ടിയത് മൂന്ന് മാസം കഴിഞ്ഞാണ്. ബഹുമാനപ്പെട്ട കെ. എം. മാണി സാർ ഇവിടെയില്ലെങ്കിലും എനിക്കൽപ്പം ആശ്വാസമുള്ളത് കുട്ടനാട്ടുകാരനായ ശ്രീ. കെ. സി. ജോസഫ് ഇത് കേൾക്കാൻ ഇവിടെയിരിപ്പുണ്ടല്ലോയെന്നുള്ളതാണ്. അതുകൊണ്ട് എനിക്ക് ചോദിക്കാനുള്ളത്, എത്രയോ നിസ്സാരമായ സംഖ്യ, 200–300 കോടി രൂപ കർഷകർക്ക് രണ്ടോ മൂന്നോ മാസം മുമ്പുതന്നെ കൊടുത്തുകൂടെ? നെല്ല് വിറ്റയുടനെ അവരുടെ കാശ് കിട്ടുകയാണെങ്കിൽ കുട്ടനാട്ടിലെ കർഷക കുടുംബങ്ങളിലുണ്ടാകുന്ന ഐശ്വര്യം നിങ്ങൾക്ക് പലർക്കും പറഞ്ഞാൽ മനസ്സിലാകില്ല. മാലയും വളയും പണയംവച്ച് അവർ പാടത്തു വെയിലുകൊണ്ട് നടന്ന് നെല്ലുണ്ടാക്കി കൊയത് അത് മെതിച്ച് ചാക്കിൽകെട്ടി സർക്കാരിന്റെ വാഹനത്തിൽ കൊടുക്കുന്നു. പിന്നെയൊരു കാത്തിരിപ്പാണ് രണ്ടുമൂന്നും നാലും മാസം. എന്ത് കഷ്ടമാണ്. മാലയും വളയും അടുത്ത വീട്ടിൽ പോയി വാങ്ങിച്ച് പണയംവച്ചുവേണം വീണ്ടും അടുത്ത കൃഷിയിറക്കാൻ. അങ്ങ് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് ഈ വർഷമെങ്കിലും നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ കുട്ടനാട്ടിൽ ഒരു റൈസ് ബയോപാർക്ക്, സിവിൽ സപ്ലൈസിന്റെ അരി മിൽ, കുട്ടനാട്

പൈതൃക പദ്ധതി തുടങ്ങിയവയെ സംബന്ധിച്ചൊന്നും പറയുന്നില്ല. പാടശേഖരങ്ങളുടെ മടവീഴ്ച തടയുന്നതിന് കുട്ടനാടിനെ പാക്കേജിൽ എന്തോ ഉൾപ്പെടുത്തിയെന്ന് ശ്രീ. കെ. എം. മാണി സാർ പറഞ്ഞെങ്കിലും എനിക്കത് മനസ്സിലായില്ല. എനിക്ക് മനസ്സിലായി, അങ്ങനെയൊരു പരിപാടിയുണ്ട് 398 പാടശേഖരങ്ങൾ........കുട്ടനാട്ടിലെ ഏറ്റവും  വലിയ പ്രശ്നമെന്ന് പറയുന്നത് വെള്ളപ്പൊക്കത്തിൽ പാടങ്ങളെല്ലാം മടവീണുപോകുന്നുവെന്നുള്ളതാണ്. 398 പാടശേഖരങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ 758 കോടി രൂപ അനുവദിച്ച് ടെണ്ടർ ചെയ്തു. അതിൽ 24 ടെണ്ടറുകളിൽ മാത്രമാണ് ആളുകൾ അറ്റൻഡ് ചെയ്തത്. ബാക്കി മുഴുവൻ ടെണ്ടറും അറ്റൻഡ് ചെയ്തില്ല. അതിനകത്ത് ഒരു ടെണ്ടറാണ് ആരോ പിടിച്ചത്. അതിനുള്ള കാരണം ടെണ്ടർ എക്സസിനെ സംബന്ധിച്ച് ഈ ബഡ്ജറ്റിലൊന്നും പറഞ്ഞിട്ടില്ല. ടെണ്ടർ എക്സസ് അനുവദിക്കാതെ ആരും കോൺട്രാക്ട് പിടിക്കാനോ പിടിച്ചാൽത്തന്നെ ഈ പ്രവൃത്തി നടക്കാനോ പോകുന്നില്ല പിന്നെയും വഞ്ചി തിരുനക്കര തന്നെ. കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ ഒരു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി ഇരിപത്തിനാല് പേരാണ് അഭയാർത്ഥികളായി ക്യാമ്പിൽ കഴിഞ്ഞത്. 200–ൽ അധികം വീടുകളും 16 കോടി രൂപയുടെ കൃഷിനാശവും 500–ൽ അധികം പഞ്ചായത്ത് റോഡുകൾ തകരുകയും ചെയ്തു. ഞാൻ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരെയെല്ലാം പോയി കണ്ട് ഈ റോഡുകളെല്ലാം നന്നാക്കണമെന്ന് പറഞ്ഞു. ശ്രീ. വി. ശിവൻകുട്ടി ഒരു സംശയം പറഞ്ഞു, ആസ്തി വികസന ഫണ്ട് ഈവർഷവും അടുത്ത വർഷവുമുണ്ടോയെന്ന കാര്യത്തെ സംബന്ധിച്ച്. ശ്രീ. വി. ശിവൻകുട്ടിക്ക് അറിയാത്തതുകൊണ്ടാണ് ബഡ്ജറ്റ് പ്രസംഗം എടുത്ത് നോക്കിയാൽ മതി. ശ്രീ. കെ. എം. മാണി സാർ അടുത്ത അഞ്ച്

കൊല്ലത്തേക്ക് എന്നുപറയുമ്പോൾ ഞാൻ ഇവിടെ ഇരിക്കുന്നുണ്ടായിരുന്നു. അടുത്ത അഞ്ച് കൊല്ലത്തേക്ക് എന്ന് പറഞ്ഞുകൊണ്ടാണ് പ്രസംഗം തുടങ്ങി യതുതന്നെ. അക്കാര്യത്തിൽ സംശയമൊന്നും വേണ്ട. ഇവിടെ നിങ്ങൾ തമ്മി ലൊരു തർക്കം വന്നു. തർക്കത്തിൽ ശരിയായ കാര്യം ആരും പറഞ്ഞില്ല. ഞാൻ പല റോഡുകളും പണിത് ഉദ്ഘാടനം ചെയ്തു. ഈ വർഷം വന്നിട്ടു ള്ള പ്രശ്നം, എന്റെ ജോലിക്കാർ നടന്ന് എല്ലാ ഓഫീസുകളിലും കയറിയി റങ്ങി വർക്കെല്ലാം റെഡിയാക്കി കൊണ്ടുവന്നപ്പോൾ പറഞ്ഞത്, ഇപ്പോൾ ഇത് പി.ഡബ്ല്യു.ഡി. അല്ല ചെയ്യേണ്ടതെന്നും ഞങ്ങൾ നിയമം മാറ്റിയിരിക്കു ന്നുവെന്നും പഞ്ചായത്ത് എഞ്ചിനീയർ പോയി ആദ്യംമുതലേ എസ്റ്റിമേറ്റ് എടു ത്തുവരണമെന്നുമാണ്. ഞാൻ ശ്രീ. കെ. എം. മാണി സാറിനെ എയർപോർട്ടിൽവച്ച് കണ്ടപ്പോൾ പറഞ്ഞു, ഇത് ദൈവദോഷമാണ്, ഈ ജോലിക്കാരും ഉദ്യോഗസ്ഥന്മാരും നടന്ന്, എല്ലാ ഉദ്യോഗസ്ഥന്മാരുടെ പടി ക്കൽ കാത്തുനിന്ന് ഈ ഫയൽ എടുത്ത് അവിടെകൊണ്ടുപോയി, ആ ഫയൽ എടുത്ത് ഇവിടെ കൊണ്ടുപോയി എസ്റ്റിമേറ്റുമെടുത്ത് എല്ലാം ചെയ്തു കഴിഞ്ഞതിനുശേഷം ഇനി പഞ്ചായത്തിൽനിന്ന് വേണം തുടങ്ങാനെന്ന് പറയുന്നു. അതുകൊണ്ട് എനിക്ക് ശ്രീ. കെ. എം. മാണി സാറി നോട് ഒരഭ്യർത്ഥനയുണ്ട്, 2013–2014– മാർച്ച് 31 വരെ ഇപ്പോൾ നടന്നുകൊ ണ്ടിരുന്ന നടപടിക്രമത്തിലൂടെ കൊണ്ടുപോകണം അല്ലെങ്കിൽ ഇത് വലിയ ക്രൂരതയാണ്. ഇവിടെ ഇരിക്കുന്ന എം.എൽ.എ.മാർക്ക് എല്ലാം അറിയാവുന്ന പ്രശ്നമുണ്ട്, നാട്ടുകാരുടെ വിചാരം റോഡുവേണമെങ്കിലും പാലം വേണമെങ്കിലും കുടിവെള്ളം വേണമെങ്കിലും എം.എൽ.എ. യെ സമീപിച്ചാൽ മതിയെന്നാണ്. ആസ്തി വികസന ഫണ്ടുകൂടി തന്നപ്പോൾ വീട്ടുമുറ്റത്ത്

വരുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. പണ്ട് പത്ത് വർക്കെന്ന് പറഞ്ഞു അങ്ങ് ലിമിറ്റ് ചെയ്തു.

ഞാൻ കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ റിക്വസ്റ്റ് ചെയ്തതുകൊണ്ട് അങ്ങ് 10 വർക്ക് 15 വർക്കാക്കി മാറ്റി. അങ്ങ് ഇപ്പോൾ മിനിമം വച്ചിരിക്കുന്നത് 25 ആണ്. അതിനെ 20 ആക്കി മാറ്റണം. 15 വർക്ക് വേണ്ടവർ 15 ആയി ചെയ്തോളും. പൊട്ടി പൊളിഞ്ഞുകിടക്കുന്ന 500 റോഡുകൾക്കുവേണ്ടി ഞാൻ മുഖ്യമന്ത്രിയെയും ശ്രീ. കെ. എം. മാണിയെയും ശ്രീ. അടൂർ പ്രകാശിനെയും കണ്ടു. ഇതുവരെ ആരും പത്തുപൈസ തന്നിട്ടില്ല. ഞാൻ രണ്ടുലോഡ് മണ്ണ് ഇറക്കിതന്നേയ്ക്കാമെന്ന് തീരെ സഹികെടുമ്പോൾ പറയും. അതിന് എല്ലാ എം.എൽ.എ.–മാർക്കും കഴിയുകയില്ലല്ലോ? ജനങ്ങൾക്ക് നടക്കാൻ സാധിക്കാത്ത വഴികളുള്ള പ്രദേശമാണ് കുട്ടനാട്. എം.എൽ.എ. –മാരുടെ ഏക ആശ്വാസമാണ് ആസ്തി വികസന ഫണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. നല്ല കാര്യമാണ്. ആസ്തി വികസന ഫണ്ട് 10–ൽ നിന്നും 15 ആക്കി. അത് 20 ആക്കി മാറ്റണം. പി.ഡബ്ല്യു.ഡി.–യിൽ നിന്നും മാറി പഞ്ചായത്തുകൾക്ക് കൊടുക്കുന്ന വർക്കിന് ഒരു ഡേറ്റ് തീരുമാനിക്കണം. എപ്പോഴെങ്കിലും തോന്നുന്നിടത്ത് വച്ചാണോ ഇത് മുറിക്കുന്നത്. ഇത് എന്തൊരു നിയമമാണ്. ഇതൊരു ഗവൺമെന്റല്ലേ? 2014-15 മുതൽ പഞ്ചായത്തിനെ ഏല്പിച്ചിരിക്കുന്നുവെന്ന് പറഞ്ഞാൽ അതിന് ഒരർത്ഥമുണ്ട്. ഇപ്പോൾ കയറിചെല്ലുമ്പോൾ പറയുന്നത് ശരിയാണോ? അതുകൊണ്ട് തീർച്ചയായും അതിനൊരു നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്ത് നിന്നുമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. കുട്ടനാട് വെള്ളം മുങ്ങി കിടന്ന

സാഹചര്യത്തിൽ കേന്ദ്രസംഘം കുട്ടനാട് സന്ദർശിക്കാൻ വന്നു. ആ സംഘത്തിന്റെ ലീഡർ മണിപ്പൂരിൽ നിന്നും വന്ന ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനാണ്. ഞാൻ അദ്ദേഹത്തെ ബോട്ട് കയറാത്ത സ്ഥലത്തെത്തിയപ്പോൾ യമഹ എഞ്ചിൻ ഘടിപ്പിച്ച വള്ളത്തിൽ കയറ്റി എല്ലായിടവും കൊണ്ട് പോയി കാണിച്ചു. എല്ലാം കണ്ടുകഴിഞ്ഞ്, മനുഷ്യന് ഇങ്ങനെ ജീവിക്കാൻ സാധിക്കുമോ; ഇത് എന്തൊരു കഷ്ടമാണ് എന്നൊക്കെ പറയുകയും കുറച്ച് കാശ് അനുവദിക്കുകയും ചെയ്തു. കാശ് അനുവദിച്ചു വന്നപ്പോൾ മന്ത്രി ആലപ്പുഴ ജില്ലയിലെ 9 നിയോജകമണ്ഡലങ്ങൾക്കും തുക വീതിച്ചു കൊടുത്തു. അപ്പോൾ മന്ത്രിയുടെ ജോലി കഴിഞ്ഞു. കുറ്റവുമൊന്നും ആരും പറയില്ല. എന്നാൽ പിന്നെ ഞങ്ങൾ കൊണ്ടു നടന്ന് കുട്ടനാട് മുഴുവൻ കാണിച്ചത് എന്തിനാണ്? അല്പമെങ്കിലും കൂടതൽ തുക കുട്ടനാടിന് തരേണ്ടതായിരുന്നു. അത് വലിയ കഷ്ടമായിപ്പോയി. കിട്ടിയവർക്ക് സന്തോഷമായിരിക്കും എനിക്കതിൽ വിരോധമില്ല. കാർഷിക മേഖല എന്നുപറയുന്നതിനെ കൺസിഡർ ചെയ്യേണ്ടേ?. ഞാൻ ചോദിക്കുന്നു, ഗ്രാമഗ്രാമാന്തരങ്ങളിൽ പൊട്ടി പൊളിഞ്ഞ് കിടക്കുന്ന റോഡുകൾക്ക്..... ഇപ്പോൾ പ്രത്യേക ആസ്തി വികസനം ഫണ്ടിലൂടെ 25 വർക്കിൽ കുറഞ്ഞ് ചെയ്യാൻ സാധിക്കുകയില്ല. 5 ലക്ഷം രൂപ മുടക്കി ചെയ്യേണ്ട എത്രയോ റോഡുകൾ എന്റെ മണ്ഡലത്തിലുണ്ട്. ആരാണ് ഇതിന് ഉത്തരവാദി?. പഞ്ചായത്തിനോട് ചോദിച്ചാൽ അവരുടെ കയ്യിൽ കാശില്ല. ബ്ലോക്ക് പഞ്ചായത്തിനോട് ചോദിച്ചാൽ ഇത് അവരുടെ ജോലിയല്ലെന്നും ഞങ്ങൾക്ക് വേറെ പണിയാണ്, ഞങ്ങൾക്ക് സ്കൂളുകളും ആശുപത്രിയും നടത്താനുണ്ട് എന്നും പറയും. ജില്ലാ പഞ്ചായത്തിനോട് ചോദിച്ചാൽ അവർക്ക് 5 ലക്ഷം

രൂപയുടെ ഫണ്ടില്ല, വലിയ ഫണ്ടേയുള്ളൂ. ഒരു എം.എൽ.എ.-യ്ക്കാണോ ഇതിന്റെ ഉത്തരവാദിത്തം? ഗ്രാമഗ്രാമാന്തരങ്ങളിൽ പൊട്ടി പൊളിഞ്ഞു കിടക്കുന്ന റോഡുകൾ അഞ്ചോ, ഏഴോ, പത്തോ ലക്ഷം രൂപ മുടക്കിയാൽ പണിയാവുന്ന ഈ റോഡുകൾ പണിയാത്തതിന് ആരാണ് ഉത്തരവാദി? ആരെങ്കിലും പറയണ്ടേ? ഇവിടെ മറുപടി പറയാൻ ഒരു മന്ത്രിയും മുൻപിലില്ല. പിന്നെ ആരോടാണ് ഇത് പറയേണ്ടത്?. അതുകൊണ്ട് ഇതിനൊക്കെ ഒരു നടപടിക്രമം അല്ലെങ്കിൽ കൃത്യമായൊരു സംവിധാനം ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ഉണ്ടാകുമെന്ന് വിശ്വസിക്കാനാകുന്നില്ല. ഇനി രണ്ട് കൊല്ലമേയുള്ളൂ. അത് കഴിഞ്ഞ് വേറെ ആളുകൾ അധികാരത്തിൽ വരും. അതുകൊണ്ട് തീർച്ചയായും അതിനു വേണ്ടിയുള്ള പരിശ്രമം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കെട്ടിടം വയ്ക്കുന്നത് സമ്പന്നർ മാത്രമല്ല. അവർക്ക് മണ്ണില്ലെങ്കിൽ മണ്ണ് ഉണ്ടാക്കാനറിയാം. എം-സാന്റ് ഇല്ലെങ്കിൽ എം-സാന്റ് ഉണ്ടാക്കാനറിയാം. പാവപ്പെട്ടവർ വീട് വയ്ക്കുന്നുണ്ട്. മണൽ എവിടെ നിന്നും കിട്ടും? എവിടെ നിന്നെങ്കിലും കുറച്ച് മണൽ കൊണ്ടുവന്നാൽ അത് പോലീസുകാർ പിടിക്കും. അവർക്ക് കാശ് കൊടുക്കണം. അല്ലെങ്കിൽ അത് മണൽ മാഫിയ, എന്തിനാണ് അതിന് മണൽ മാഫിയ എന്ന് പേരിടുന്നത്. മണൽ ഒരു അത്യാവശ്യ വസ്തുവാണ്. മണലിനുപകരം ദേശദേശാന്തരങ്ങളിൽ ആളുകൾ ഉപയോഗിക്കുന്നത് എം-സാന്റാണ്. അതിന് ടാക്സ് അടയ്ക്കാൻ സമ്പന്നൻമാർക്ക് കാശ് ഉണ്ട്. അത് അവർ അടയ്ക്കും. പാവങ്ങളെ ആര് നോക്കും. രണ്ടുമുറിയും, ഒരു അടുക്കളയും, ഒരു ടോയ്‌ലറ്റും കൂടിയുള്ള ഒരുപാട് വീടുകളുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. പഞ്ചായത്തുകൾ നൽകുന്ന ഫണ്ടുപയോഗിച്ചും, ചാരിറ്റി സംഘടനകൾ പണിതുകൊടുക്കുന്ന

വീടുകളുണ്ട്. നേരെ കുത്തനെയങ്ങ് ഉയരുകയില്ലേ ഇതിന്റെ എമൗണ്ട്. അത് ഒഴിവാക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ടാക്സിയെയും കൂടിയ കാറുകളെയും ടാക്സ് ചെയ്തു. എന്തിനാണ് പാവപ്പെട്ട ഓട്ടോറിക്ഷാകാരന്റെ പോക്കറ്റിൽ കൈയിടാൻ പോയത്. അതുകൊണ്ടല്ലേ വെറുതേ മോശമായത്? അതുകൊണ്ട് വല്ലതും കിട്ടുമോ; ഒന്നും കിട്ടുകയുമില്ല. അതുകൊണ്ട് ഈ ബഡ്ജറ്റിൽ കുറച്ച് കറക്ഷൻസ് ആവശ്യമാണ്. അത് ബഹുമാനപ്പെട്ട കെ. എം. മാണി ചെയ്യും എന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ സന്തോഷ പൂർവ്വം പിൻതാങ്ങുകയാണ്. കാലം കാത്തിരുന്ന മനുഷ്യസ്നേഹിയായ ഭരണാധികാരിയാണ് ശ്രീ. കെ. എം. മാണി. ശ്രീ. കെ. എം. മാണി അവതരിപ്പിച്ച പന്ത്രണ്ടാമത്തെ ബഡ്ജറ്റാണിത്. ശ്രീ. കെ. എം മാണിയുടെ റിക്കോർഡ് ശ്രീ. കെ. എം. മാണി തന്നെ തകർത്തിരിക്കുകയാണ്. പന്ത്രാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചതിലൂടെ ഇന്ത്യയിൽ ഏറ്റവും കൂടുതൽ തവണ ബഡ്ജറ്റ് അവതരിപ്പിച്ച മന്ത്രി എന്ന ഖ്യാതി ശ്രീ. കെ. എം. മാണിക്ക് ലഭിച്ചിരിക്കുകയാണ്. കേരളത്തിലെ എല്ലാ സ്ഥലങ്ങളും സന്ദർശിച്ചിട്ടുള്ള വ്യക്തിയാണ് ശ്രീ. കെ. എം. മാണി. അതുകൊണ്ട് സാധാരണക്കാരായ ആളുകളുടെയും, കഷ്ടപ്പെടുന്ന ആളുകളുടെയും, ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകളുടെയും എല്ലാ കാര്യങ്ങളും നേരിട്ട് മനസ്സിലാക്കിയ തിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. കെ. എം. മാണി ബഡ്ജറ്റ് തയ്യാറാക്കിയത്. ബഡ്ജറ്റ് മാത്രമല്ല, ശ്രീ. കെ. എം മാണി എഴുതിയിട്ടുള്ള പുസ്തകങ്ങൾ... ഒരു പ്രഗൽഭനായ സൈദ്ധാന്തികൻ കൂടിയാണ് അദ്ദേഹം. ശ്രീ. കെ. എം. മാണി പുസ്തകങ്ങൾ എഴുതിയത് ചില്ലുകൊട്ടാരത്തിലിരുന്നല്ല. ഇതുപോലെ

ജനങ്ങളെ നേരിട്ട് മനസ്സിലാക്കി കാര്യങ്ങൾ അറിഞ്ഞതിന്റെ അടിസ്ഥാന ത്തിൽ എഴുതിയ പുസ്തകങ്ങളാണ്. എം.എൽ.എ. എന്ന നിലയിൽ 49 വർഷത്തെ പരിചയമുള്ള പരിണിതപ്രജ്ഞനായ ജനപ്രതിനിധിയാണ് ശ്രീ. കെ. എം. മാണി. ഇത് ലോക റിക്കോർഡാണ്. ഗിന്നസ് ബുക്കിലേയ്ക്ക് ശ്രീ. കെ. എം. മാണിയുടെ പേര് വരും എന്ന് തന്നെയാണ് ഞങ്ങളൊക്കെ കരുതുന്നത്. ആ നിലയിലുള്ള ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഈ ബഡ്ജറ്റ് തീർച്ചയായിട്ടും എല്ലാ വിഭാഗം ആളുകൾക്കും താങ്ങും തണലും തന്നെയാണ്. ആഗോള വ്യാപകമായി ഉണ്ടായ സാമ്പത്തിക മാന്ദ്യത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് നേരിയ മാന്ദ്യമുണ്ടായ സന്ദർഭത്തിലാണ് ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. അതോടൊപ്പം തന്നെ റവന്യൂ വരുമാനത്തിലുണ്ടാ യിട്ടുള്ള കുറവും 10 ശതമാനം വരെയുള്ള നാണയപെരുപ്പവും മുന്നിൽ നിൽക്കുന്നൊരു സന്ദർഭമാണിത്. റവന്യൂവിന് ഉണ്ടാകുന്ന ചെലവും വരുമാനവും തമ്മിൽ ഒരു അന്തരമുണ്ടാകുന്ന സന്ദർഭത്തിലാണ് ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചത്. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ കേളികൊട്ടുയരുന്ന സന്ദർഭമാണിത്. എങ്കിലും യാഥാർത്ഥ്യ ബോധത്തിൽ നിന്നുകൊണ്ടുതന്നെയാണ് ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചത്. ഈ സന്ദർഭത്തിൽ സംസ്ഥാനത്ത് കൂടുതൽ നികുതികളും മറ്റും ചുമത്താതെ ജനപ്രിയമാകുന്ന ബഡ്ജറ്റ് അവതരിപ്പിച്ചതിലൂടെ കൈയടി വാങ്ങിച്ചുകൊണ്ട്, ലോക്സഭാ തെരഞ്ഞെടുപ്പിൽ വേണമെങ്കിൽ മുന്നോട്ട് പോകാം. പക്ഷെ ശ്രീ. കെ. എം. മാണി ഈ അവസരത്തിൽ 17.65 ശതമാനം വർദ്ധനവോടു കൂടി അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് 20,000 കോടി രൂപയുടെ

വാർഷിക പദ്ധതിക്കാണ് രൂപം കൊടുത്തിരിക്കുന്നത്. അതിന്റെയർത്ഥം സംസ്ഥാനത്തിന്റെ എല്ലാതലങ്ങളിലുമുള്ള വികസനമാണ് മുന്നിൽ കാണുന്നത്. സാമ്പത്തികമായ പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും, ദുർഘടമായ സാമ്പത്തികാവസ്ഥയിലൂടെ കേരളം കടന്നുപോകുമ്പോഴും ശ്രീ. കെ. എം. മാണി 8.2 ശതമാനം സാമ്പത്തികവളർച്ച കൈവരിച്ചുകൊണ്ടാണ് അടുത്ത വർഷത്തിലേയ്ക്ക് പ്രവേശിക്കുന്നത്. വളരെ പ്രഗത്ഭനായ ഒരു ധനതത്ത്വ ശാസ്ത്രജ്ഞനെയാണ് നമുക്ക് കാണാൻ കഴിയുന്നത്. ശ്രീ. കെ. എം മാണി യുടെ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ തീർച്ചയായും കേരളത്തിന് മുതൽകൂട്ടായിട്ടുള്ള ഒന്നാണെന്നതിൽ ഞങ്ങൾക്ക് ഒരു സംശയവുമില്ല. ഒരു നിയോജകമണ്ഡലത്തെ ഒഴിച്ചുനിർത്തി എന്ന് പറയാൻ സാധിക്കുകയില്ല. ഭരണപക്ഷം, പ്രതിപക്ഷം എന്ന വ്യത്യാസമൊന്നുമില്ലാതെ ഓരോ നിയോജക മണ്ഡലത്തിലും ചെയ്യാൻ സാധിക്കുന്ന വികസന പ്രവർത്തനങ്ങൾ ചെയ്തു കൊണ്ടാണ് ശ്രീ. കെ. എം. മാണി ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. ശ്രീ. കോവൂർ കുഞ്ഞുമോൻ പ്രസംഗിക്കുന്ന അവസരത്തിൽ, ഇഷ്യൂസ് ഉണ്ടാക്കി എഴുന്നേറ്റ് നിൽക്കുന്ന ഒരു പ്രതിപക്ഷ എം.എൽ.എ.–യാണ്. അദ്ദേഹം ഇപ്പോൾ കുറച്ച് സമയം മിണ്ടാതിരിക്കുകയാണ്. അദ്ദേഹത്തിനറിയാം, ഞാനും കണ്ടതാണ്, ശാസ്താംകോട്ട തടാകം മുങ്ങിപോകേണ്ട ഒരവസ്ഥയുണ്ടായിരുന്നു. ആ അവസ്ഥയിൽനിന്നും ഐക്യ ജനാധിപത്യ മുന്നണിയാണ് ആ തടാകത്തിനെ ഉയർത്തി നിർത്തിയിരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. മന്ത്രിസഭയിൽ മുൻമന്ത്രി ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ഇവിടെയുണ്ടായിരുന്നു, അന്ന് ഞാനും എംഎൽ.എ. ആയായിരുന്നു. അങ്ങയുടെ എത്രയോ നേതാക്കന്മാരുണ്ടായിരുന്നു. ഒരാളും വന്നില്ല

ശാസ്താംകോട്ട തടാകത്തെ സംരക്ഷിക്കാൻ. ശ്രീ. കെ. എം. മാണി രണ്ട് കോടി രൂപയാണ് ശാസ്താംകോട്ട തടാകത്തെ സംരക്ഷിക്കാൻ മാറ്റി വച്ചിരിക്കുന്നത്. രണ്ടു കോടിയൊന്നുമല്ല എത്ര തുക വേണമെങ്കിലും കിട്ടും. ബഡ്ജറ്റിൽ ആ നിലയിൽ വന്നാൽ മതി കിട്ടുമെന്ന് ശ്രീ. കോവൂർ കുഞ്ഞുമോനും അറിയാം. അതുപോലെ തന്നെ ശ്രീ. കോവൂർ കുഞ്ഞുമോന്റെ ജില്ലയിലൂടെ കടന്ന് പോകുന്നതല്ലേ കൊല്ലം ഹൈവേ? അങ്ങ് രാവിലെ ചോദ്യം ചോദിച്ചതല്ലേ. വികസന കാര്യങ്ങൾ പക്ഷം നോക്കാതെ ചെയ്തുകൊടുക്കുന്ന ഒരു ഗവൺമെന്റാണിത്. ആസ്തി വികസ നഫണ്ട് ലഭ്യമാകുന്നതിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ചും, ബഡ്ജറ്റി ലുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ള പരാമർശവും പരാ തിയും വിമർശനവും ഒരു പരിധി വരെ ശരിയാണ്. അതിന് നമ്മുടെ വ്യവസ്ഥ തന്നെയാണ് പ്രധാന ഘടകം. നമ്മുടെ പദ്ധതി നിർവ്വഹണത്തിലെ താളപ്പിഴകളും മെല്ലെപോക്ക് നയങ്ങളുമൊക്കെ തന്നെ സംസ്ഥാനത്തിന്റെ മുന്നേറ്റത്തിനെതിരായി ബാധിക്കുകയാണ്. ആ ഒരു അവസ്ഥയ്ക്ക് തീർച്ചയാ യിട്ടും പരിഹാരമുണ്ടാകേണ്ടത് ആവശ്യമാണ്. അതിന് ഭരണകക്ഷി-പ്രതി പക്ഷ വ്യത്യാസമില്ലാതെ ഇത്തരത്തിലുള്ള കാര്യങ്ങൾ ഉണ്ടാകുന്നതിനെതി രായി ഒരു ചിന്ത ഉയർന്ന് വരേണ്ടതാണ്. അനാവശ്യമായ സാങ്കേതിക കാര്യ ങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഫയലുകൾ തടഞ്ഞുവയ്ക്കുകയും, മറ്റുകാര്യ ങ്ങൾ പറഞ്ഞ് സമയത്ത് അത് നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്നതും, മെല്ലെപ്പോക്ക് നയവും താളപ്പിഴകളുമൊക്കെ നമ്മുടെ സംസ്ഥാനത്ത് അവസാ നിപ്പിച്ചെങ്കിൽ മാത്രമേ ബഡ്ജറ്റിൽ പറയുന്ന വികസന പ്രവർത്തനങ്ങളും ആസ്തി വികസന ഫണ്ടുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസവുമൊക്കെ ഒഴിവാക്കാൻ സാധിക്കുകയുള്ളൂ.

ഈ ബഡ്ജറ്റിലൂടെയും മറ്റുള്ള പ്രവർത്തനങ്ങളിലൂടെയും ശ്രീ. കെ. എം. മാണിയുടെ വലിയൊരു ജീവകാരുണ്യ പ്രവർത്തനം കാരുണ്യ ലോട്ടറിയിലൂടെ കാണാൻ കഴിയുകയാണ്. ലോട്ടറിയെക്കുറിച്ച് ഒരു കാലഘട്ടത്തിൽ എല്ലാവരും സൂചിപ്പിച്ചതാണ്. സാന്റിയാഗോ മാർട്ടിനെപ്പോലുള്ള ആളുകളുടെ കുത്തകയായിരുന്ന ലോട്ടറിയിൽ കേസ്സും അഴിമതിയും മറ്റുമായിരുന്നു. ലോട്ടറി എന്നുപറഞ്ഞാൽ അവജ്ഞയായിരുന്നു. കേരളത്തിൽ ഇപ്പോൾ ലോട്ടറി എന്നുപറഞ്ഞാൽ കാരുണ്യവും ദയയയും സ്നേഹവുമാണ്. എല്ലാവരും ലോട്ടറിയെ സ്നേഹിക്കുകയാണ്. വാതുവയ്പുപോലെയും ചൂതാട്ടം പോലെയുമുള്ള കാര്യങ്ങളുമായി ലോട്ടറിയെ ബന്ധപ്പെടുത്താം. പക്ഷേ, അതിന് മാനുഷിക മുഖഭാവം കൊടുത്ത് സേവനത്തിന്റേതായിട്ടുള്ള ഒരു ടച്ചിംഗ് നടത്തിയപ്പോൾ അത് ജനങ്ങൾക്ക് പ്രിയപ്പെട്ടതായി മാറിയെന്നുള്ളതാണ്. ഇന്ന് പാവപ്പെട്ട ഏതൊരാൾക്കും ഏത് ചികിത്സയും സൗജന്യമായി ലഭിക്കുന്ന സാഹചര്യമാണ്. ക്യാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ രോഗങ്ങൾ, ട്യൂമർ, മറ്റ് തരത്തിലുള്ള വലിയ രോഗങ്ങളൊക്കെയുള്ള ആളുകൾ എം.എൽ.എ.-മാരുടെ അടുത്തേയ്ക്ക് വരുമ്പോൾ, അത്യാവശ്യം അയ്യായിരം രൂപയോ പതിനായിരം രൂപയോ വാങ്ങി കൊടുക്കാമെന്നല്ലാതെ മറ്റൊന്നും ചെയ്തുകൊടുക്കാൻ കഴിയുമായിരുന്നില്ല. ഇന്നിപ്പോൾ എം.എൽ.എ.-മാരോട് പറയുമ്പോൾ, കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിങ്ങൾ അപേക്ഷ കൊടുക്കുക; നിങ്ങൾക്ക് അത് സാധിച്ചുതരുമെന്ന് തന്റേടമായി പറയാം. ആരുടെയും ഒരു ശുപാർശ കത്തോ ഫോൺ വിളിയോ ആവശ്യമില്ല. അപേക്ഷ കൊടുത്താൽ ഡോക്ടർമാരുടെ

സർട്ടിഫിക്കറ്റുണ്ടെങ്കിൽ അത് വേഗതയിൽ സാധിച്ചുകൊടുത്ത് പണം കൊടുക്കുന്ന നിലയിലാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി. അത് വലിയൊരു ജീവകാരുണ്യ പ്രവർത്തനമായി ഇന്ന് ലോകത്തുതന്നെ എടുത്തുകാണിക്കാൻ പറ്റുന്ന ഏറ്റവും മഹത്തരമായ ഒരു പദ്ധതിയാണ്. അതുപോലെ ശ്രീ. കെ. എം. മാണിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുള്ള താണ് മംഗല്യ ലോട്ടറി. പാവപ്പെട്ട എത്രയോ യുവതികൾ വിവാഹം കഴിക്കുന്ന സന്ദർഭത്തിൽ അവരുടെ വീട്ടുകാർ അനുഭവിക്കുന്ന വേദന നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. ആ വേദന അനുഭവിക്കുന്ന പാവപ്പെട്ട കുടുംബങ്ങളിലെ യുവതികളെ വിവാഹം കഴിച്ച് കൊടുക്കുന്നതിനുവേണ്ടി 30,000 രൂപയുടെ സഹായം കൊടുക്കുന്ന മംഗല്യ ലോട്ടറി എത്രയോ ആവേശകരമായി നടപ്പിലാക്കാൻ പോകുകയാണ്. 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ കൊടുക്കുന്ന പദ്ധതിയാണ് ആരോഗ്യ കിരണം പദ്ധതി. അതിനുവേണ്ടി 10 കോടി രൂപ ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നു. കേൾക്കാനും സംസാരിക്കാനും കഴിയാത്ത കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള പദ്ധതിയാണ് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി. അത്തരത്തിലുള്ള ഒരാളുപോലും കേരളത്തിൽ ഉണ്ടാകരുതെന്ന ചിന്ത എത്രയോ വലിയ കാര്യമാണ്. 5 ലക്ഷം രൂപയാണ് ഒരു ശസ്ത്രക്രിയയ്ക്കുവേണ്ടി കൊടുക്കുന്നത്. നമുക്ക് അതൊരിക്കലും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഇത് വലിയ നിലയിൽ ഒരു ജീവകാരുണ്യ പ്രവർത്തനമായി നിൽക്കുകയാണ്. ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ഒരാവശ്യമാണ് ക്യാൻസർ റിസർച്ച് സെന്റർ. നമുക്ക് എത്രമാത്രം ഉയർച്ചയുണ്ടായാലും പുരോഗതിയുണ്ടായാലും മനുഷ്യനില്ലെങ്കിൽ നമുക്ക് എങ്ങനെയാണ്

മുന്നോട്ടുപോകാൻ കഴിയുക. 'ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവ് നഷ്ടപ്പെട്ട നിനക്ക് എന്ത് പ്രയോജനം' എന്ന് ബൈബിളിൽ പറഞ്ഞതുപോലെ നമുക്ക് എത്രമാത്രം പുരോഗതിയുണ്ടായാലും മനുഷ്യ ജീവൻ നിലനിർത്താൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ പുരോഗതികൊണ്ടൊന്നും കാതലായ നേട്ടം കൈവരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ക്യാൻസർ പോലുള്ള രോഗം വരാതിരിക്കുന്നതിനും രോഗം വന്നാൽ തുടക്കത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനും കണ്ടുപിടിച്ചാൽ ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനും ആവശ്യമായ സംവിധാനം ഒരുക്കുന്നതിന് റിസർച്ച് സെന്റർ ഉൾപ്പെടെയുള്ള കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരികയും ഡോക്ടർമാരെ നിയോഗിക്കുകയും അതിലേയ്ക്കാവശ്യമായ മറ്റ് പ്രവർത്തനങ്ങളൊക്കെ നടത്തുകയും ചെയ്യുന്ന ഒരു ഗവൺമെന്റാണിത്. സാമൂഹ്യക്ഷേമ പദ്ധതിവഴി എത്രയോ പെൻഷനുകളുടെ തുകയാണ് വർദ്ധിപ്പിച്ച് കൊടുത്തിട്ടുള്ളത്. എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളും വർദ്ധിപ്പിച്ച് കൊടുത്തിരിക്കുകയാണ്. അങ്ങനെയുള്ള ഈ ഗവൺമെന്റിനെ ആർക്കാണ് കുറ്റപ്പെടുത്താൻ കഴിയുക. കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം ഒരു പുതിയ വിപ്ലവം തന്നെ സൃഷ്ടിച്ചിരിക്കുകയാണ്. ഹൈടെക്ക് യുഗത്തിന്റെ കൃഷിയെ പുച്ഛിക്കുക എന്നുപറയുന്നത് ആളുകൾ കാലത്തിന്റെ പുറകെ പോകാൻ ആഗ്രഹിക്കുന്നു എന്നാണ്. കാലഘട്ടത്തിന് പുറകെ പോയിട്ട് ഒരു കാര്യവുമില്ല. കാലത്തിനൊത്തെങ്കിലും നമുക്ക് സഞ്ചരിക്കാൻ കഴിയണം. കാലത്തിനപ്പുറത്ത് ചിന്തിക്കാൻ കഴിഞ്ഞാൽ ഏറ്റവും വലിയ കാര്യം. കാലത്തിനൊത്ത് ചിന്തിക്കാതെ ഹൈടെക് കൃഷിയെക്കുറിച്ചൊക്കെ

തള്ളിപ്പറയുന്നത് നമ്മൾ നേടേണ്ടതായിട്ടുള്ള വികസനം ഇല്ലാതാക്കി മാറ്റുകയാണ്. ശ്രീ. കെ. എം. മാണി ഭാവനയോടുകൂടി ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ള ഹൈടെക് കൃഷി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞാൽ വലിയ മാറ്റമാണ് വരുത്താൻ കഴിയുന്നത്. പുരാണ കഥാപാത്രമായ ശ്രീകൃഷ്ണന്റെ ജ്യേഷ്ഠനായ ബലരാമൻ വരണ്ട് കിടന്നിരുന്ന ഭൂമിയെ കൃഷിഭൂമിയാക്കുന്നതിനുവേണ്ടി കാളിന്ദി എന്ന പുണ്യനദിയെ നീട്ടി വെട്ടി ആ പ്രദേശത്തൊക്കെ വെള്ളം എത്തിച്ച് തരിശായി കിടന്ന പ്രദേശങ്ങളെയൊക്കെ ഫലഭൂയിഷ്ഠവും സമ്പദ്സമൃദ്ധവുമാക്കി മാറ്റിയ ബലരാമൻ എന്ന കഥാപാത്രത്തിന്റെ, ആധുനിക കാലഘട്ടത്തിലെ ബലരാമനാണ് ശ്രീ. കെ. എം. മാണി. അങ്ങനെയുള്ള ശ്രീ. കെ. എം. മാണി കാർഷിക മേഖലയിൽ 2 ഹെക്ടർ വരെ സ്ഥലമുള്ള കൃഷിക്കാർക്കുമുഴുവൻ ഇൻഷുറൻസ് പരിരക്ഷ നൽകുകയാണ്. ആ ഇൻഷുറൻസിന്റെ 90 ശതമാനവും അടയ്ക്കുന്നത് ഗവൺമെന്റാണ്. 10 ശതമാനം മാത്രമേ നമുക്ക് അടയ്ക്കേണ്ടതുള്ളൂ. അതുപോലെ 25 കാർഷിക വിളകളെ പ്രഖ്യാപിച്ചുകൊണ്ട് എല്ലാ നിലയിലും ആ വിളകൾക്ക് സംരക്ഷണം കൊടുക്കുന്ന ഒരു നടപടി ഈ സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുകയാണ്. അങ്ങനെ എത്രയോ പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയ ഒരു ഗവൺമെന്റാണിത്. ആ നിലയിൽ നല്ല ഭാവനയോടുകൂടി കാര്യങ്ങൾ ചെയ്തുകൊണ്ടുപോകുന്ന ഈ ഗവൺമെന്റിന്റെ മുഖഭാവമാണ് ഇവിടെ കാണാൻ കഴിയുന്നത്. ഇങ്ങനെയൊരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ എല്ലാ തരത്തിലുമുള്ള വളർച്ച കാണുകയാണ്. ആ വളർച്ചയ്ക്കനുസരിച്ച് കേരളത്തെ കൈപിടിച്ചുയർത്തുന്നതിനുവേണ്ടി ശക്തനായി നിൽക്കുകയാണ്

ശ്രീ. കെ. എം. മാണി. അദ്ദേഹത്തിന്റെ ഓരോ ബഡ്ജറ്റിലൂടെയും കേരളം അടിവച്ചടിവച്ച് മുകളിലേയ്ക്കുയരുന്ന കാഴ്ച നമുക്ക് കാണാൻ കഴിയും. ഈ നിലയിൽ എല്ലാവരുടെയും ഒരു സമവായം ഉണ്ടാക്കിക്കൊണ്ട് നമുക്ക് മുന്നോട്ട് പോകാൻ കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും നല്ലൊരു നാടായി കേരളത്തെ മാറ്റിയെടുക്കാൻ കഴിയും. അങ്ങനെ ഭാവനാപൂർണ്ണമായ നിലയിൽ യാഥാർത്ഥ്യം ഉൾക്കൊണ്ട് എല്ലാ നിലയിലുമുള്ള സാമ്പത്തിക കാര്യങ്ങളെ മനസ്സിലാക്കി അതിനാവശ്യമായ കാര്യങ്ങൾ ചെയ്യുന്ന ശ്രീ. കെ. എം. മാണിക്കും ഈ ബഡ്ജറ്റിനും എല്ലാ പിന്തുണയും ഞാൻ ഒരിക്കൽക്കൂടി നേർന്നുകൊണ്ടും ആ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളിൽ ശ്രീ. കെ.എം. മാണി ഒരു കാര്യം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.........

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് വിമർശനപരമാകുന്ന കാര്യങ്ങൾ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ തിരുത്തേണ്ടതായ കാര്യങ്ങളുണ്ടെങ്കിൽ തുറന്ന മനസ്സോടെ അതൊക്കെ തിരുത്താൻ തയ്യാറാണ് എന്ന് ശ്രീ. കെ. എം. മാണി പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് എല്ലാവരും ആ നിലയിൽത്തന്നെ ഇവിടെ കാര്യങ്ങൾ പറയുമ്പോഴും ശ്രീ. കെ.എം. മാണി ഇതൊക്കെ കേൾക്കുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഒരു മിനിട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ശ്രീ. എ. പ്രദീപ് കുമാർ കഴിഞ്ഞ ദിവസം ഇവിടെ സംസാരിച്ച സന്ദർഭത്തിൽ അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന മൊയ്തു മൗലവിക്ക് ഉചിതമായ സ്മാരകം പണിയുന്നതിനാവശ്യമായ അല്ലെങ്കിൽ ആ സ്മാരകത്തിന്

അത്യാവശ്യ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയുള്ള ഫണ്ട് ശ്രീ. കെ. എം. മാണിയോട് ചോദിച്ചിരുന്നു. അത് കിട്ടാത്തതിനെ സംബന്ധിച്ച് വലിയ ആവേശത്തോടുകൂടി ശ്രീ. കെ. എം. മാണി വിവരം അറിയുമെന്നൊക്കെ ഇവിടെ സംസാരിച്ചു. അങ്ങനെ വിവരമറിയുമെന്നൊക്കെ പറഞ്ഞുകൊണ്ട് ശ്രീ. എ. പ്രദീപ്കുമാർ സംസാരിക്കുമ്പോഴും അങ്ങ് ആവേശത്തോടെ സംസാരിക്കുന്നതാണെന്നും നല്ല മനസ്സിന്റെ ഉടമയാണെന്നും. ഞങ്ങൾക്കറിയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ, പ്ലീസ് കൺക്ലൂഡ്...... പ്ലീസ്......

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ശ്രീ. കെ.എം മാണി, ശ്രീ. എ. പ്രദീപ്കുമാറിന്റെ മനസ്സ് തിരിച്ചറിയുന്നുണ്ട്. മൊയ്തു മൗലവിക്ക് സ്മാരകം പണിയുന്നതിനാവശ്യമായ ഫണ്ടിന്റെ കാര്യം ശ്രീ. കെ.എം. മാണി തള്ളിക്കളയുമെന്ന് തോന്നുന്നില്ല. ........(മൈക്ക് ഓഫ്)..........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...... പ്ലീസ്......

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ രണ്ട് കാര്യങ്ങളും കൂടി പറഞ്ഞുകൊള്ളട്ടെ. തുണിത്തരങ്ങളുടെ ടാക്സ് സംബന്ധിച്ച് പലരും ഇവിടെ സൂചിപ്പിച്ചിരുന്നു. 1,00,00,000 രൂപയിൽക്കൂടുതൽ ടേൺ ഓവറുള്ള കച്ചവടക്കാർക്ക് 2 ശതമാനം ടാക്സ് കൊടുക്കണമെന്നുള്ള നിബന്ധന, വലിയ സാമ്പത്തിക വരുമാനമുള്ള ആളുകൾക്കുമേൽ ചുമത്തുന്ന ഒരു നികുതിയാണെന്ന് തോന്നാമെങ്കിലും ശരിക്കും അങ്ങനെയല്ല. തുണി വാങ്ങാൻ ചെല്ലുന്ന സാധാരണക്കാരായ പാവപ്പെട്ട ആളുകളെ ബാധിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട് ആ തുണിത്തരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള

നികുതി പിൻവലിക്കണമെന്നുള്ള ഒരു നിർദ്ദേശം ഞാൻ വയ്ക്കുകയാണ്. അതോടൊപ്പം ഓട്ടോറിക്ഷയുടെ മേൽ ചുമത്തിയിട്ടുള്ള നികുതിയും ................(മൈക്ക് ഓഫ്)..........................

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ, അങ്ങേയ്ക്ക് 6 മിനിട്ടാണ് ഉണ്ടായിരുന്നത്. ഇപ്പോൾ 9 മിനിട്ടായി. 6 മിനിട്ടിന് 9 മിനിട്ട് എടുത്താൽ എന്തുചെയ്യും. പറയാനല്ലേ പറ്റൂ. പറഞ്ഞാൽ കേൾക്കണ്ടേ.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, സെറിഫെഡിന്റെ ................(മൈക്ക് ഓഫ്)..........................ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്ന ഒരു സാഹചര്യമുണ്ടായാൽ വലിയ ഒരു നേട്ടം നമുക്കുണ്ടാക്കാൻ കഴിയും. അപ്പീലിനെ സംബന്ധിച്ച് ഒരു പ്രൊവിഷൻ കൂടി ഇതിൽ പറയുന്നുണ്ട്. സെയിൽസ് ടാക്സിന്റെ അപ്പീലിന് ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്കുതന്നെയാണ് റിവിഷൻ കൊടുക്കാനുള്ള പ്രൊവിഷൻ 386–ൽ പറഞ്ഞിട്ടുള്ളത്. അത് പഴയതുപോലെതന്നെ ആക്കി ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) എന്നാക്കുന്നത് നന്നായിരിക്കുമെന്ന് ശ്രീ. കെ. എം. മാണിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീമതി ജമീലാ പ്രകാശം: സർ, ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിനുവേണ്ടി ശ്രീ. കെ. എം. മാണി മുമ്പ് അവതരിപ്പിച്ച മൂന്ന് ബഡ്ജറ്റുകളിലെ ഒട്ടുമിക്ക നിർദ്ദേശങ്ങൾക്കും അവ അച്ചടിച്ചുവന്ന കടലാസിന്റെപോലും വില നൽകിയിട്ടില്ലെന്ന് പറയുന്നതിൽ ഖേദമുണ്ട്. കാരണം, പന്ത്രണ്ട് ബഡ്ജറ്റുകൾ അവതരിപ്പിച്ച മഹാനായ ശ്രീ. കെ. എം. മാണി. കഴിഞ്ഞ ബഡ്ജറ്റുകളിൽ

ആവർത്തിച്ച് സ്ഥാപിക്കുമെന്ന് പറഞ്ഞ കോക്കനട്ട് റൈസ് ബയോപാർക്കുകൾ എവിടെപ്പോയി. കേരളത്തിലെ കേരകർഷകരും പൊതു സമൂഹവും വളരെ പ്രതീക്ഷയോടുകൂടി ഉറ്റുനോക്കിയ നീരയെ സംബന്ധിച്ച നിർദ്ദേശങ്ങൾ ആര് എവിടെ എന്ന് നടപ്പിലാക്കിയെന്ന് വ്യക്തമാക്കണം. നീര എന്നത് കൃഷിക്കാരന്റെ ഉൽപ്പന്നമെന്ന സത്യത്തിൽനിന്നും മാറി എക്സൈസ് വകുപ്പ് നിയന്ത്രണമേറ്റെടുത്ത ഒരു ലഹരി പാനീയമായി മാറിയിരിക്കുന്നു. മഹാത്മാ ഗാന്ധി പോലും ശ്ലാഘിച്ചിട്ടുള്ള ഒരു പോഷകാഹാരം മാത്രമാണിത്. കനകക്കുന്നിൽ വച്ച് സർക്കാർ നടത്തിയ നീര എന്ന ഉൽപ്പന്നത്തിന്റെ അവത രണ ചടങ്ങിൽ കൃഷി വകുപ്പുമന്ത്രിക്ക് പങ്കെടുക്കാതെ മാറി നിൽക്കേണ്ടി വന്നതിലൂടെ കേര കർഷകരും ഔട്ടായെന്ന് സാധാരണ ജനങ്ങൾ മനസ്സിലാക്കുകയാണ്. ഇന്ന് വൻതോതിൽ കൊള്ളയടിക്കപ്പെടുന്ന കരിമണൽ നിക്ഷേപം മലയാളികളുടെ പുരോഗതിക്ക് മുതൽകൂട്ടാക്കുന്നതിനെപ്പറ്റി ധനകാര്യ വകുപ്പുമന്ത്രിക്ക് ഒന്നുംതന്നെ അറിയില്ലെന്ന് തോന്നുന്നു. കഴിഞ്ഞ ബഡ്ജറ്റുകളിൽ പലതവണ മാലിന്യമുക്ത കേരളത്തെപ്പറ്റി ഈ സർക്കാർ വാതോരാതെ സംസാരിച്ചതുമാത്രം മിച്ചം. അതിവേഗം ബഹുദൂരം ജനങ്ങളെ ചവറ്റുകുട്ടയിലേയ്ക്ക് തള്ളിയിടാനാണ് സർക്കാർ കഴിഞ്ഞത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ ഈ നാട്ടിൽ ഒരൊറ്റ മാലിന്യ നിർമ്മാർജ്ജന പദ്ധതി പോലും നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. അധഃസ്ഥിത പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട സാംസ്കാരിക പ്രവർത്തകരെ ഈ സർക്കാർ അവഗണിക്കുന്നതായി ആക്ഷേപമുണ്ട്. വിശ്വമലയാള സമ്മേളനത്തോട നുബന്ധിച്ച് ഒരു പ്രത്യേക സമുദായത്തിൽപ്പെട്ട സാംസ്കാരിക നായകന്മാരെ ആദ്യം ആദരിച്ചതും പിന്നീട് അദർ കമ്മ്യൂണിറ്റീസിൽപ്പെടുന്നവർക്കുവേണ്ടി രണ്ടാമതൊരു ആദരിക്കൽ കൂടി നടത്തിയതും സാംസ്കാരിക വകുപ്പുമന്ത്രി

അറിയാതെ ഉദ്യോഗസ്ഥന്മാർ ചെയ്തതാണോ; സാംസ്കാരിക നായകന്മാരെ ആദരിക്കുന്നതിന് ജാതി വിവേചനം വളരെ കൃത്യമായി പാലിക്കുന്നുണ്ട്. ഇന്ത്യൻ സാംസ്കാരിക വിപ്ലവത്തിന്റെ പിതാവായി കണക്കാക്കപ്പെടേണ്ടുന്ന ഒരാളായ വൈകുണ്ഠ സ്വാമികളുടെ പേരിൽ അന്തർദേശീയ ഗവേഷണ പഠന കേന്ദ്രത്തിന് പത്ത് ലക്ഷം രൂപ അനുവദിക്കുന്നുവെന്ന് പറഞ്ഞതുകൊണ്ടുമാത്രമായില്ല. ആധുനിക ഭാരത സൃഷ്ടിക്ക് വഴിതെളിച്ച സാംസ്കാരിക നവോത്ഥാനത്തെക്കുറിച്ച് ആഴത്തിലുള്ള പഠനം നടത്താൻ കഴിയുന്ന തരത്തിലുള്ള ഒരു കേന്ദ്രം തലസ്ഥാന നഗരിയിൽ തന്നെ സ്ഥാപിക്കണം. സ്വാതിതിരുനാളിന്റെ ഭരണ കാലത്ത് നിർദ്ദയമായി വൈകുണ്ഠ സ്വാമികളെ കാരാഗ്രഹത്തിൽ പാർപ്പിച്ചിരുന്ന ശിങ്കാരത്തോപ്പ് സർക്കാർ അടിയന്തരമായി ഏറ്റെടുത്ത് സ്വാമികളുടെ പേരിൽ അവിടെയൊരു ചരിത്ര സാംസ്കാരിക മ്യൂസിയം സ്ഥാപിക്കണം. തിരുവനന്തപുരത്ത് വട്ടിയൂർക്കാവിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്വതന്ത്ര്യസമര ചരിത്ര മ്യൂസിയത്തിന് വട്ടിയൂർക്കാവ് സമരത്തിന്റെ നായകനും നിരോധനാജ്ഞ ലംഘിച്ച് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രഥമ സമ്മേളനം വട്ടിയൂർക്കാവിൽ സംഘടിപ്പിക്കുന്നതിന് സാഹസികമായി നേതൃത്വം നൽകുകയും ആ സമ്മേളനത്തിന് അദ്ധ്യക്ഷം വഹിക്കുകയും ചെയ്ത സ്വാതന്ത്ര്യ സമരസേനാനിയും തിരു-കൊച്ചി-തമിഴ്നാട് നിയമ സഭകളിൽ അംഗവുമായിരുന്നിട്ടുള്ള എ. കുഞ്ഞൻ നാടാരുടെ പേര് നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വളരെക്കാലത്തെ കാത്തിരിപ്പിനുശേഷം ഒരു പിന്നോക്ക സമുദായക്ഷേമ വകുപ്പ് ഇവിടെ രൂപീകരിച്ചുവെങ്കിലും ഇപ്പോൾ ആ വകുപ്പിനെ ശ്വാസം മുട്ടിച്ച് കൊല്ലാനുള്ള നീക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കണ്ണൂർ, തൃശൂർ, കോട്ടയം എന്നീ ജില്ലകളിൽ മേഖലാ ഓഫീസുകളും പതിനാല് ജില്ലാ ഓഫീസുകളും തുടങ്ങണമെന്ന ശുപാർശ

യിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രാഥമിക പ്രവർത്തന ങ്ങൾക്കുവേണ്ടി അനുവദിക്കപ്പെട്ട പരിമിതമായ ജീവനക്കാരുമായി ഡയറക്ടറുടെ ഓഫീസ് ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലുമെന്ന സ്ഥിതിയിലാണെന്നാണ് അറിയാൻ കഴിഞ്ഞത്. കൂടാതെ 2012-13-ൽ ഏറ്റെടുത്ത പദ്ധതികളായ പ്രീമെട്രിക് സ്കോളർഷിപ്പ് നൽകൽ, മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം, അഡ്വക്കേറ്റ് ഗ്രാന്റ് തുട ങ്ങിയവ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. 27-05-2013-ൽ കേന്ദ്ര സർക്കാർ ക്രീമിലെയർ വരുമാന പരിധി 6 ലക്ഷം രൂപയാക്കിയതാണ്. എന്നാൽ എട്ട് മാസം കഴിഞ്ഞിട്ടും കേരള സർക്കാരിന് തുടർ ഉത്തരവ് പുറത്തിറക്കാൻ കഴിഞ്ഞില്ല. 06-11-2013-ലെ മന്ത്രിസഭാ യോഗത്തിനുശേഷം 09-01-2014-ൽ സംസ്ഥാന സർക്കാർ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശന സംവരണം സംബന്ധിച്ച് ഇറക്കിയ ഉത്തരവിൽ അവ്യക്തത ഉള്ളതായിട്ടാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. 1966-ൽ പുറപ്പെടുവിച്ച കുമാര പിള്ള കമ്മീഷന്റെ ശുപാർശകൾ അനുസരിച്ചുള്ള മാനദണ്ഡമാണോ ക്രീമിലെയർ വരുമാന പരിധി നിശ്ചയിക്കുന്ന രീതിയിലുള്ള മാനദണ്ഡ മാണോ 6 ലക്ഷം രൂപ വരെ വരുമാന പരിധി നിർണ്ണയിക്കുന്നതിന് സ്വീകരിക്കേണ്ടതെന്നുള്ളതിനെപ്പറ്റി ഇതുവരെ ഒരു വ്യക്തതയും വരുത്തിയിട്ടില്ല. ഉദ്യോഗസംവരണത്തിന്റെ കാര്യത്തിൽ ക്രീമിലെയർ വരുമാന പരിധി 6 ലക്ഷമാക്കിക്കൊണ്ടുള്ള ഉത്തരവ് എട്ട് മാസം കഴിഞ്ഞിട്ടും പുറപ്പെടുവിച്ചിട്ടില്ല. ഇതാണോ അതിവേഗം ബഹുദൂരം ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നുവെന്ന് പറയുന്നത്. ഇന്ത്യൻ മുസ്ലീം ജനസമൂഹത്തിന്റെ സ്ഥിതി പട്ടികജാതിക്കാരുടേതിനേക്കാളും കഷ്ടമാണെന്ന് സച്ചാർ കമ്മിറ്റി

റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് പാലൊളി കമ്മിറ്റിയെ നിയോഗിച്ചു. ഈ രണ്ടു കമ്മിറ്റികളുടെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ തീരുമാനിക്കുമ്പോൾ സംഘപരിവാറിന്റെ മാനസിക സ്ഥിതിയുള്ള ചില മാധ്യമങ്ങളും സാമുദായിക രാഷ്ട്രീയ നേതാക്കളും ചേർന്ന് മനഃപൂർവ്വമൊരു ബഹളം സൃഷ്ടിക്കുകയും ഈ ബഹളത്തിൽ മുസ്ലീംലീഗ് മന്ത്രിമാർ ഉൾപ്പെടെയുള്ളവർ പകച്ചുപോകുന്നുവെന്ന് പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെയും സ്ഥിതി നേരത്തെ പറഞ്ഞ പിന്നോക്കാരുടെ സ്ഥിതിയിൽ നിന്നും വിഭിന്നമല്ല. അട്ടപ്പാടിയിലെ ശിശുമരങ്ങൾ, പട്ടിണി മരണങ്ങൾ, മണ്ണാർക്കാട് എത്തുമ്പോഴേയ്ക്കും അട്ടപ്പാടിയിലേയ്ക്ക് കൊടുത്തയയ്ക്കുന്ന അവശ്യസാധനങ്ങൾ കരിഞ്ചന്തയിൽ കൊണ്ടുപോയി വിൽക്കുന്നത്, സർക്കാർ ഏതെങ്കിലും ഡോക്ടറേയോ നഴ്സിനേയൊ അട്ടപ്പാടിയിലേയ്ക്ക് സ്ഥലംമാറ്റം കൊടുത്താൽ അവർ പോകാതിരിക്കുന്നത് ഇതൊക്കെ കാണുമ്പോൾ എന്താണ് മനസ്സിലാക്കേണ്ടത്. സവർണ്ണ ആധിപത്യ ശക്തികളുടെ ഭരണത്തിൻകീഴിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ പൂർണ്ണമായും അട്ടിമറിക്കപ്പെടുന്ന ദയനീയമായ സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ ഏറ്റവും പ്രധാനപ്പെട്ടാ ഒരാവശ്യം അവരുടെ ഭൂമിക്ക് പട്ടയം ലഭിക്കുക എന്നതാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഇപ്പോൾത്തന്നെ നാലായിരത്തോളം അപേക്ഷകളിന്മേൽ ആദ്യഘട്ട സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരം അപേക്ഷകളിന്മേൽ സംസ്ഥാനമൊട്ടാകെ പട്ടയ വിതരണത്തിനായി മലയോര കർഷകരുടെ കാര്യത്തിൽ എടുത്തിരിക്കുന്നതുപോലെ ഒരു തീവ്രയത്ന

പരിപാടി ആസൂത്രണം ചെയ്ത് പട്ടയം കൊടുക്കേണ്ടതുണ്ട്. അതുകൂടി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്. ഒരുപക്ഷേ, ഈ ബഡ്ജറ്റിലെ വാഗ്ദാനങ്ങളിൽ ഏറ്റവും കൂടുതൽ ചതിക്കപ്പെട്ടിരിക്കുന്നത് കൃഷിക്കാരാണ്. ഇത് അങ്ങേയറ്റം കർഷകപ്രേമിയായിട്ടുള്ള ബഡ്ജറ്റാണെന്നാണ് ഏതാണ്ട് എല്ലാ മാധ്യമങ്ങളും പറയുന്നത്. ഇതിനെപ്പറ്റി എനിക്ക് പറയാനുള്ളത് പണ്ട് ആറ് കുരുടന്മാർ ചേർന്ന് ഒരാനയെ കാണാൻ പോയ കഥയാണ്. ഓരോരുത്തരും അവർ തൊട്ട സ്ഥലം മാത്രം അഹോ അത്ഭുതമെന്ന് പറഞ്ഞു. ശ്രീ. കെ. എം. മാണി പറയുന്ന കർഷക ഇൻഷ്വറൻസ്, കർഷക പെൻഷൻ, പലിശയില്ലാത്ത കർഷത്തൊഴിലാളി വായ്പ ഇതെല്ലാം ഇന്ത്യയിൽതന്നെ ആദ്യമായി നടപ്പിലാക്കിയത് കേരളത്തിലെ ഇടതുപക്ഷ സർക്കാരാണ്. ഇക്കാര്യങ്ങളെപ്പറ്റി ആദ്യമായി കേട്ടപ്പോൾ അന്ന് കോൺഗ്രസ്സുകാർ ഉൾപ്പെടെയുള്ളവർ ഇതൊക്കെ ആകാശ കുസുമങ്ങളാണെന്നാണ് പറഞ്ഞത്. എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന നെൽകൃഷിക്കാർക്കുള്ള പലിശരഹിത വായ്പാസൗകര്യം ഈ സർക്കാർ വിപുലമാക്കാത്തതിനാൽ നെൽക്കൃഷി നടത്തുന്ന സ്ഥലത്തിന്റെ പരിധി കുറഞ്ഞുവന്നു. ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമി കൈവശമുള്ള ഒരു കൃഷിക്കാരൻ മരിച്ചുപോയാൽ അൻപതിനായിരം രൂപ വരെയുള്ള അയാളുടെ കടബാധ്യതയുടെ അൻപത് ശതമാനം സർക്കാർ വഹിക്കുമെന്നാണ് ശ്രീ. കെ. എം. മാണി പറയുന്നത്. ഇന്നത്തെ കാലത്ത് ഒരു ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്യണമെങ്കിൽ മിനിമം അൻപതിനായിരം രൂപയിൽ കൂടുതൽ വേണ്ടിവരും. ഇത്തരം കുടുംബ സഹായ പദ്ധതികൊണ്ട് എത്ര കർഷകർക്ക് ഫിനാൻഷ്യൽ ഇൻക്ലൂഷൻ

കിട്ടും. അയാൾ മരിച്ചാൽ മാത്രമേ ഈ സ്കീമിന്റെ പ്രയോജനം അയാൾക്ക് ലഭിക്കുകയുള്ളൂ. റബ്ബർ കൃഷിയെ സംബന്ധിച്ചിടത്തോളം ഇന്നേവരെ കേരളത്തിന്റെ മണ്ണിൽ റബ്ബർ മരങ്ങൾ വളർത്തുന്നുവെന്ന കാര്യത്തിലല്ലാതെ മറ്റൊരു കാര്യത്തിലും തീരുമാനമെടുക്കാൻ കേന്ദ്ര ഗവൺമെന്റ് കേരളത്തെ സമ്മതിച്ചിട്ടില്ല. റബ്ബറിന്റെ വിലയിൽ കേരള സർക്കാർ ഇടപെടുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം ഈയിടെ കേട്ട ഏറ്റവും വലിയ തമാശയായി കാണേണ്ടിയിരിക്കുന്നു. ഈ സർക്കാർ രൂപം നൽകിയ കാർഷിക നയരൂപീകരണ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞു. 300-ഓളം ശുപാർശകൾ ഇതിലുണ്ട്. ഈ റിപ്പോർട്ടിൽ ഒരു കിലോഗ്രാം അരിയുണ്ടാക്കണമെങ്കിൽ 23 രൂപ ചെലവഴിച്ചാണ് അതിനുവേണ്ട നെല്ലുൽപ്പാദിപ്പിക്കുന്നത്. അങ്ങനെയാണെങ്കിൽ കൃഷിക്കാരന് കിട്ടുന്നത് വെറും 18 രൂപയാണെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. ഒരു കിലോഗ്രാം അരി പിന്നീട് പല രൂപത്തിൽ മാർക്കറ്റിലെത്തുമ്പോൾ 80-100 രൂപ വരെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വിലയുമുണ്ട്. ന്യായമായ ലാഭം എന്നത് കൃഷിക്കാരന്റെ അവകാശമാണെന്ന് നന്നായി അറിയാവുന്ന ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് എന്താണ് പറയുന്നത്. ഡോ. സ്വാമിനാഥൻ ചെയർമാനായി നാഷണൽ ഫാർമേഴ്സ് കമ്മീഷൻ രൂപീകരിച്ചു. ആ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ച് അഞ്ച് വർഷം കഴിഞ്ഞിട്ടും ശ്രീ. മൻമോഹൻ സിംഗ് സർക്കാർ അതിന്റെ പുറത്ത് അടയിരിക്കുന്നു. അതു പോലെ തന്നെയാണോ ഇവിടത്തെ റിപ്പോർട്ടിന്റെയും ഗതി. ഉൽപ്പന്നങ്ങളുടെ വിലയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രൈസ് ഗ്യാരന്റി കൊടുക്കുന്നമെന്ന് പറയുന്നു. അപ്രകാരം ഗ്യാരന്റി കൊടുക്കുന്നതിന് ഈ

സർക്കാരിന്റെ പണം നീക്കിവച്ചതായി ഈ ബഡ്ജറ്റിൽ പറയുന്നില്ല. കഴിഞ്ഞ ശനിയാഴ്ച, തിരുവനന്തപുരം കളക്ടറേറ്റിൽ ജില്ലാ വികസന സമിതി നടന്നപ്പോൾ എന്റെ ആവശ്യപ്രകാരം പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ വെളിപ്പെടുത്തിയത്, 2012 ഏപ്രിൽ മുതൽ 2013 സെപ്തംബർ വരെയുള്ള 18 മാസക്കാലം പ്രകൃതിക്ഷോഭം കാരണം തിരുവനന്തപുരം ജില്ലയിലെ കൃഷിക്കാർക്ക് സംഭവിച്ചിട്ടുള്ള ദുരന്തങ്ങൾക്ക് പരിഹാരമായി 6,74,00,000 (ആറുകോടി എഴുപത്തി നാല് ലക്ഷം) രൂപ നൽകണമെന്നാണ് കൃഷി ഓഫീസർ തയ്യാറാക്കി നൽകിയിരിക്കുന്ന റിപ്പോർട്ടിൽ ആവശ്യ പ്പെടുന്നത്. എന്നാൽ വെറും 17,00,000 (പതിനേഴ് ലക്ഷം) രൂപ മാത്രമാണ് നൽകിയിരിക്കുന്നത്. കർഷകർ സമരത്തിനിറങ്ങുമെന്നുള്ളതുകൊണ്ട് ആ തുക അവർ ആർക്കും കൊടുക്കാതെ മാറ്റി വച്ചിരിക്കുകയാണ്. ഈ പശ്ചാത്ത ലത്തിലാണ് യു.ഡി.എഫ്. സർക്കാർ നാലാം ബഡ്ജറ്റിലൂടെ കർഷകന്റെ സുരക്ഷ ഉറപ്പുവരുത്തുമെന്ന് പറയാനുള്ള ചങ്കൂറ്റം കാണിക്കുന്നത്.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്നപ്പോഴെല്ലാം അവശ്യസാ ധനങ്ങളുടെ പൊതുവിതരണ സമ്പ്രദായം നല്ലരീതിയിൽ നടപ്പിലാക്കിയതു കൊണ്ട് വിലനിലവാരം നിയന്ത്രിക്കുന്നതിന് കഴിഞ്ഞുവെന്നുള്ള വസ്തുത നിഷേധിക്കാൻ സാധിക്കില്ല. എന്നാൽ ഈ ബഡ്ജറ്റിൽ പൊതുവിതരണ സമ്പ്രദായത്തിനുവേണ്ടി നക്കാപിച്ച കാശ് നീക്കിവച്ചിട്ട് സാധാരണക്കാരനെ പരമാവധി കൊള്ളയടിക്കാനായി കളമൊരുക്കിക്കൊടുത്തിരിക്കുകയാണ്. കേരളത്തിലെ ജനസംഖ്യയിൽ 1.74 കോടി സ്ത്രീജനങ്ങളാണ്, അതായത് പുരുഷന്മാരെക്കാൾ നാല് ശതമാനത്തോളം കൂടുതലാണ്. അങ്ങേയറ്റം

നിർഭാഗ്യകരവും മനുഷ്യത്വഹീനവുമായിട്ടുള്ള അക്രമങ്ങളാണ് സ്ത്രീകൾക്കെതിരെ ദിനംപ്രതി നടന്നുകൊണ്ടിരിക്കുന്നത്. ഇത്തരം അക്രമങ്ങൾക്ക് അന്ത്യം കുറിക്കണമെങ്കിൽ അതിലേയ്ക്ക് അർപ്പണ ബോധവും ആയുധസന്നാഹവും പ്രത്യേക പരിശീലനവുമുള്ള വനിതാ പോലീസിന്റെ ഒരു സേന ഇവിടെ ഉണ്ടായേ മതിയാകൂ. സംസ്ഥാന പോലീസിൽ അമ്പത്തയ്യായിരത്തോളം സേനാംഗങ്ങളുള്ളതിൽ വനിതാ പോലീസുകാർ മൂവായിരത്തിലും താഴെയാണ്. ഇക്കാര്യം ആഭ്യന്തര വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, ഒരു പൊതുസമ്മേളനത്തിൽ വച്ചു തന്നെ അദ്ദേഹം ഈ വർഷം പത്ത് ശതമാനം അപ്രകാരത്തിലുള്ള സുസജ്ജ മായ വനിതാ സേനാ സാന്നിദ്ധ്യം ഉറപ്പുവരുത്തുമെന്ന് പറഞ്ഞു. ഈ റിക്രൂട്ട്മെന്റിനെപ്പറ്റിയോ പരിശീലനത്തെപ്പറ്റിയോ ഈ ബഡ്ജറ്റിൽ ഒന്നും പറയുന്നില്ല. നിർഭയയ്ക്കുവേണ്ടി കേന്ദ്രം നീക്കിവച്ച ആയിരം കോടി രൂപ നഷ്ടപ്പെടുത്തി. നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖത്തിനും ഏറെ കൊട്ടിഘോഷി ക്കപ്പെട്ട കരമന–കളിയിക്കാവിള റോഡിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുവേണ്ടിയും തുകയൊന്നും നീക്കിവച്ചിട്ടില്ല. ഈ രണ്ട് പദ്ധതി കളും നടക്കില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അക്കാര്യം വെളിപ്പെടുത്തണം. വെറുതെ ആളുകൾക്ക് ആശ കൊടുക്കേണ്ട. നമ്മുടെ രാജ്യത്ത് വലിയൊരു രാഷ്ട്രീയ മാറ്റത്തിന് ആഗമനം കുറിക്കുന്ന ശംഖനാദം മുഴങ്ങിക്കഴിഞ്ഞു. എത്ര ശ്രമി ച്ചാലും ബി.ജെ.പി.ക്കും കോൺഗ്രസ്സിനുംകൂടി 250 സീറ്റിൽ കൂടുതൽ കിട്ടില്ല. കഴിഞ്ഞ കാലങ്ങളിൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പുകളിലും ഈ രണ്ടു പാർട്ടികൾക്കും മാത്രമായി അമ്പത് ശതമാനം വോട്ട് ലഭിച്ചിട്ടില്ല. വരാൻ

പോകുന്ന തെരഞ്ഞെടുപ്പിൽ അവർക്ക് അമ്പത് ശതമാനത്തിലധികം സീറ്റും ലഭിക്കാൻ പോകുന്നില്ല. കോൺഗ്രസ്സേതര, ബി.ജെ.പി.യേതര കക്ഷികൾക്ക് ഇവിടെ അമ്പത് ശതമാനത്തിൽ കൂടുതൽ സീറ്റ് കിട്ടാൻ പോവുകയാണ്. ബഹുമാനപ്പെട്ട കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയും യു.ഡി. എഫിന്റെ രണ്ടാം കക്ഷിയായ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും കോൺഗ്ര സ്സേതര–ബി.ജെ.പി.യേതര– കൂട്ടായ്മയിലേയ്ക്ക് വരുന്നോ, അതോ കോൺഗ്ര സ്സിനോടൊപ്പം നിൽക്കണമോ എന്നത് നാലുമാസങ്ങൾക്കകം തീരുമാനി ക്കേണ്ടിവരും. ഇതു ഉദ്ദേശിച്ചാണല്ലോ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറായ അങ്ങും രാഷ്ട്രീയ ഗുരുവായ ശ്രീ.കെ. എം. മാണിയെ എന്റെ കൂടെ പോരൂ, എന്റെ കൂടെ പോരൂ എന്ന് പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: എന്നോടൊപ്പം വരണമെന്ന് പറഞ്ഞില്ല. കേരള ത്തിൽ മാത്രം ബഡ്ജറ്റ് അവതരിപ്പിച്ചാൽ പോര, കേന്ദ്രത്തിലും ബഡ്ജറ്റ് അവതരിപ്പിക്കണമെന്നാണ് പറഞ്ഞത്.

ശ്രീമതി ജമീലാ പ്രകാശം: സർ, അങ്ങ് ഐതിഹാസികമായി 1982–ൽ സിറ്റിംഗ് കോൺഗ്രസ്സ് എം.എൽ.എ.യെ ശക്തമായ പോരാട്ടത്തിൽ തോൽപ്പി ച്ചുകൊണ്ട് എൽ.ഡി.എഫ്. കാരനായി സഭയ്ക്ക് അലങ്കാരമായി ഇവിടെ വന്നി രുന്ന കാര്യം ആലോചിച്ചുപോവുകയാണ്. അത് വീണ്ടും ആവർത്തിക്കണം. ഈ സർക്കാരിന്റെ ഭാവി നാല് മാസങ്ങൾക്കുള്ളിൽ അറിയാം. ഭാവിയെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുന്ന ഈ സർക്കാരിനുവേണ്ടി മഹാ നായ ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കു കയാണ്.

ശ്രീ. രാജു എബ്രഹാം: സർ, ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ബഡ്ജറ്റ് പ്രസംഗം കേൾക്കാൻ പ്രതിപക്ഷത്തും ഭരണകക്ഷിയിലുമുള്ള അംഗങ്ങൾ വളരെ പ്രതീക്ഷയോടെയാണ് 24-ാം തീയതി പുലർച്ചെ ഇവിടെയെത്തിയത്. അദ്ദേഹത്തെ കെട്ടിപ്പിടിച്ചും, ചുംബനം കൊടുത്തും, സ്നേഹ വാത്സല്യങ്ങൾ പ്രകടിപ്പിക്കുക മാത്രമല്ല ചെയ്തത്, ബഡ്ജറ്റ് പ്രസംഗം തുടങ്ങി ആദ്യത്തെ 20 മിനിട്ടോളം ഭരണകക്ഷി ബഞ്ചിൽ നിന്നും ആദ്യം നല്ല കയ്യടി പിന്നെ ചെറിയ കയ്യടി. 20 മിനിട്ട് മാത്രമേ ഈ കയ്യടി കേട്ടുള്ളൂ. 20 മിനിട്ട് കഴിഞ്ഞപ്പോൾ പിന്നെ ഏതാണ്ട് 2 മണിക്കൂർ ശ്മശാന മൂകതയായി. എന്തുപറ്റിയെന്ന് നമ്മൾ പറയേണ്ടതില്ല. ഈ ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം രണ്ട് പക്ഷത്തു നിന്നും ഉയർന്നുവരുന്ന ചർച്ചകൾ അതിനൊരുദാഹരണമാണ്. ഇന്നലെ ശ്രീ.വി. ഡി. സതീശൻ തന്നെ ശരിക്കും ഒരു സ്റ്റഡി നടത്താതെ ഇങ്ങനെ യുള്ള പ്രസംഗങ്ങൾ നടത്തുന്നതുകൊണ്ടാണ് ഭൂരിപക്ഷം കാര്യങ്ങളും ബഡ്ജറ്റിൽ നടക്കാതെ പോകുന്നത് എന്ന ആക്ഷേപം ഉന്നയിച്ചു. ചർച്ച തുടങ്ങിയപ്പോൾ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്കും ബഡ്ജറ്റിനെപ്പറ്റി കാര്യമായിട്ടൊന്നും പറയാനില്ല. അങ്ങ് അതുകൊണ്ട് ശ്രീ. കെ. എം. മാണിയെ മാമോദീസ മുക്കാനുള്ള ഒരു ഉപദേശമാണ് നടത്തിയത്. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. സി. എഫ്. തോമസ്, ഉള്ള കാര്യം തുറന്നു പറഞ്ഞു - കേരളം തകർന്നു. അങ്ങയുടെ അഭിപ്രായത്തോട് ഞങ്ങൾ യോജിക്കുകയാണ്. ഇത്തരത്തിലുള്ള അഭിപ്രായ ങ്ങൾ വളരെ പ്രാധാന്യത്തോടുകൂടി നമ്മൾ കാണണം. ഇവിടെ ചൂണ്ടിക്കാ ട്ടിയത് ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം തന്നെയാണ്. ബഡ്ജറ്റ് അവതരിപ്പി ക്കുന്നതിന്റെ തലേദിവസം ഞാൻ ചില ടി. വി. ചാനലുകൾ കണ്ടപ്പോൾ അതി

ലെല്ലാം ബഡ്ജറ്റിനെക്കുറിച്ചുള്ള ജനങ്ങളുടെ അഭിമുഖമുണ്ടായിരുന്നു. മാധ്യ മങ്ങളും പ്രതിപക്ഷവും ഭരണകക്ഷിയും ജനങ്ങളുമാകെ ബഡ്ജറ്റിനെക്കുറിച്ച് ചർച്ച ചെയ്തു. വിലക്കയറ്റം കുറയ്ക്കുവാനുള്ള നടപടിയുണ്ടാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നതെന്നാണ് ജനങ്ങൾ പറഞ്ഞത്. എന്താണ് സംഭവി ച്ചത്? വിലക്കയറ്റം കുറയ്ക്കാനുള്ള നടപടികളുടെ കാര്യത്തിൽ ഗവൺമെന്റ് ഇടപെടില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചു. അന്ന് വൈകുന്നേരം ബഹുമാന പ്പെട്ട ശ്രീ. കെ. എം. മാണി മാധ്യമങ്ങളോട് പറഞ്ഞു, ഈ വിലക്കയറ്റം നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് ഉത്തരവാദിത്വം ഇല്ല, അത് നിയന്ത്രി ക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. അങ്ങനെയാണോ നമ്മൾ ചെയ്യേണ്ടത്? സപ്ലൈകോയ്ക്ക് 500 കോടിയിലേറെ രൂപ കൊടുക്കാനുണ്ട്. കൺസ്യൂ മർഫെഡിന് 430 കോടി രൂപയാണ് കൊടുക്കാനുള്ളത്. കുടിശ്ശിക വരുത്തി. കൺസ്യൂമർഫെഡും മാവേലി സ്റ്റോറും നടുവൊടിഞ്ഞു തകർന്ന് തരിപ്പണമാ കുന്നത് കാത്തുനിൽക്കുന്ന ഒരു ഗവൺമെന്റിനെയാണ് ഇന്ന് കേരളത്തിൽ കാണാൻ കഴിയുന്നത്. അതുകൊണ്ടാണ് അവർക്ക് കൊടുക്കാനുള്ള പണം വീണ്ടും വെട്ടിക്കുറച്ചത്. ഇവിടെയാണ് വിലക്കയറ്റത്തിൽ ഇടപെടാൻ കഴിയാത്ത, നിർജ്ജീവമായ ഒരു സർക്കാരിന്റെ വികൃതമായ മുഖത്തെ പ്രതിപക്ഷത്തിനും ഭരണകക്ഷിക്കും കാണേണ്ടിവരുന്നത്. അതുകൊണ്ടു തന്നെ വിലക്കയറ്റത്തെ സംബന്ധിച്ചിടത്തോളം ഒരു ചർച്ച ഭരണകക്ഷിയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. ഞങ്ങളത് ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചു. കാരണം ഈ നാട്ടിലെ മൂന്ന് കോടിയലധികം വരുന്ന ജനങ്ങൾ പ്രതീക്ഷ യോടെ നോക്കിക്കാണുന്ന ഏറ്റവും വലിയ വിപത്താണത്. ഇവിടെ കേന്ദ്ര വ്യവസായ വാണിജ്യ വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് നമ്മുടെ പത്രങ്ങളി ലൂടെ പുറത്തുവന്നു. ഞെട്ടിക്കുന്ന വിവരങ്ങളാണ് നമ്മുടെ രാജ്യത്ത് നിന്ന്

കേൾക്കുന്നത്. അരിക്ക് ഡൽഹിയിലെ വില 33.50 രൂപയാണ്. ഇവിടെ വരുമ്പോൾ അത് 36 രൂപയും 40 രൂപയുമായി. ആട്ടയ്ക്ക് 28 രൂപ, ചെറു പയറ് 93 രൂപ, ഉഴുന്ന് 83 രൂപ, പഞ്ചസാര 30 രൂപ, പാൽ ലിറ്ററിന് 30 രൂപ, ഭക്ഷ്യ എണ്ണ 140 രൂപ. അങ്ങനെ വില കുത്തനെ മുകളിലോട്ട് പോകുന്ന ഒരവ സ്ഥയിൽ നമ്മുടെ സംസ്ഥാനത്തിന് മാത്രമായി എന്ത് ചെയ്യാൻ കഴിയുമെന്ന് ഇടതു പക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വളരെ ഭംഗിയായി തെളി യിച്ചു. ആ ഗവൺമെന്റ് ഉള്ളപ്പോൾ മാവേലി സ്റ്റോറിൽ 12 രൂപയ്ക്ക് കൊടുത്ത അരി കഴിഞ്ഞ ദിവസം ഞാൻ തിരക്കുമ്പോൾ 21 രൂപയായി. വലിയ വർദ്ധനവാണുണ്ടായത്. 8 രൂപ 90 പൈസയ്ക്ക് റേഷൻകടയിൽ കിട്ടിയ അരി ചിലപ്പോൾ 20 രൂപയ്ക്ക് കിട്ടും ചിലപ്പോൾ 16 രൂപയ്ക്ക് കിട്ടും. കാരണം ആ നിലയിലേയ്ക്ക് നയങ്ങളുടെ മാറ്റങ്ങൾ, ഗവൺമെന്റിന്റെ മുഖ്യ വരുമാനം എവിടെയാണ് ചെലവഴിക്കുക; ഇപ്പോൾത്തന്നെ ബഡ്ജറ്റിൽ പത്ത്-നാനൂറ്റി എഴുപത് ഐറ്റങ്ങൾ ഉണ്ട്. അതിൽ നടപ്പാക്കിയത് 15 ഐറ്റ മാണ്. ഞാൻ നോക്കിയപ്പോൾ വിഭവ സമാഹരണം, അത് മാത്രമാണ് നടന്നത്. ബാക്കിയൊന്നും നടന്നില്ല. കഴിഞ്ഞ ഒരു വർഷത്തെ നാന്നൂറില ധികം പ്രഖ്യാപനങ്ങൾ പാഴായ പ്രഖ്യാപനങ്ങളാണ്. എന്താണ് സംഭവിച്ചത്? എന്നിട്ടും റവന്യു കമ്മി പെരുകി. അങ്ങനെയൊരു ദു:സ്ഥിതിയാണ് നമ്മുടെ സംസ്ഥാനത്ത് അനുഭവപ്പെട്ടത്. ഇത് ഞങ്ങൾ മാത്രം പറഞ്ഞ കണക്കല്ല. ഇവിടുത്തെ സാമ്പത്തിക അവലോകന റിപ്പോർട്ടിനകത്ത് വളരെ വ്യക്ത മായിത്തന്നെ പറഞ്ഞു. വില സൂചിക 27 പോയിന്റ് വർദ്ധിച്ചു. 2012-ൽ വില സൂചിക 211 പോയിന്റിൽ നിന്നും 238 പോയിന്റിലേയ്ക്കാണ് ഉയർന്നത്. അതിൽ ഉയർന്ന ഉപഭോക്തൃ വിലസൂചിക എന്റെ ജില്ലയായ പത്തനം തിട്ടയ്ക്കാണ്. ചെറുപയർ, അരി, പരിപ്പ്, കടല, ചെറിയ ഉള്ളി, സവാള എന്നി

വയുടെയെല്ലാം വില ഓരോ മാസവും വർദ്ധിക്കുകയാണ്. ഇതാണ് അവസ്ഥ. ഇത് പ്ലാനിംഗ് ബോർഡ് പറഞ്ഞിരിക്കുന്ന കണക്കാണ്.

ഇത് രാഷ്ട്രീയ പ്രേരിതമായ കണക്കാണെന്ന് ഞങ്ങൾ പറയുകയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിക്ക് കൊടുത്ത സ്വീകരണത്തിൽ ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാക്കാര്യങ്ങളും പ്രഖ്യാപിക്കാറില്ലെന്ന് പറയുക യുണ്ടായി. പക്ഷെ മറുപടി പ്രസംഗത്തിലാണ് അദ്ദേഹത്തിന്റെ അടി മുഴുവൻ വരുന്നത്. നാളത്തെ അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ഈ കേരള ത്തിലെ ജനങ്ങളോട് ഉത്തരവാദിത്വമുള്ള ധനകാര്യമന്ത്രിയെന്ന നിലയിൽ വിലക്കയറ്റത്തെ ഏറ്റവും പ്രാധാന്യത്തോടുകൂടി അഡ്രസ്സ് ചെയ്യാൻ തയ്യാറാ കുമെന്നാണ് ഞങ്ങൾ എല്ലാവരും പ്രതീക്ഷിക്കുന്നത്. ഇന്നലെ ഇവിടെ ഉന്ന യിച്ച പ്രശ്നങ്ങളിലെ ഒരു പോയിന്റ് മാത്രം ഞാൻ ഉന്നയിക്കുന്നു, ലോകാ രോഗ്യ സംഘടനയുടെ നിർദ്ദേശ പ്രകാരം പുകയിലയ്ക്ക് മാത്രം ടാക്സ് ഏർപ്പെടുത്തിയിരുന്നെങ്കിൽ 460 കോടി രൂപ കേരളത്തിന് അധിക വരുമാനം കിട്ടുമായിരുന്നു. എന്തുകൊണ്ടാണ് കൂട്ടാതിരുന്നത്; ലോകാരോഗ്യ സംഘട നയുടെ നിർദ്ദേശപ്രകാരം പുകയിലയുടെ നികുതി മറ്റെല്ലാ സംസ്ഥാനങ്ങളും 40 മുതൽ 65 ശതമാനം വരെ വർദ്ധിപ്പിച്ചപ്പോൾ കേരളത്തിൽ മാത്രം എന്തു കൊണ്ടാണ് ഈ നികുതി വർദ്ധിപ്പിക്കാതിരുന്നത്. നിസ്സാരമായി കിട്ടേണ്ട 460 കോടി രൂപ, അത് ഇരുപത് ശതമാനം വർദ്ധിപ്പിച്ചാലുള്ള തുകയാണ്. തൊട്ടടുത്ത തമിഴ്നാടിനെയോ കർണ്ണാടകയെയോ പോലെ 30% വർദ്ധിപ്പി ച്ചാൽ മതി. രാജസ്ഥാൻ ഏറ്റവും കൂടുതൽ 65% ആക്കിയ സംസ്ഥാനമാണ്. അവിടെ വരെ പോകേണ്ട. അല്ലാതെതന്നെ വർദ്ധിപ്പിച്ചുകഴിഞ്ഞാൽ എത്ര

കോടി രൂപയുടെ വരുമാനമാണ് കേരളത്തിന് കിട്ടുന്നത്. നമ്മൾ അത്തരത്തിലുള്ള ഒരു തീരുമാനം എടുക്കാതിരുന്നത് എന്തുകൊണ്ടാണ്? ഇത് ഞാൻ മാത്രം പറഞ്ഞ കാര്യമല്ല, നക്ഷത്രപ്പദവി ഒഴിവാക്കാൻ ഹോട്ടലുകൾ നെട്ടോട്ടമോടുന്നു എന്ന തലക്കെട്ടോടുകൂടി മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയാണിത്. കേരളത്തിൽ ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് മാത്രം 14% നികുതിയും ബാക്കിയുള്ള ഹോട്ടലുകൾക്ക് 0.5% നികുതിയും കൊടുത്താൽ മതി. വലിയൊരു അട്ടിമറി ഇവിടെ നടന്നിരിക്കുകയാണ്. പതിനാല് ശതമാനം നികുതി കൊടുക്കാൻ കഴിയുന്ന അയ്യായിരത്തിലധികം ഹോട്ടലുകളുള്ള നാടാണ് കേരളം. മസ്കറ്റ് ഹോട്ടൽ ത്രീ-സ്റ്റാർ പദവി ഉപേക്ഷിച്ചു. അതൊരു മാതൃകയാണ്. കേരളത്തിലെ പ്രധാനപ്പെട്ട ഹോട്ടലുകൾ മുഴുവൻ ഒന്നു മുതൽ മൂന്ന് വരെയുള്ള സ്റ്റാർ ഉപേക്ഷിക്കാൻ തയ്യാറായിരിക്കുന്നു. ആ സ്റ്റാർ ഉപേക്ഷിച്ചുകഴിഞ്ഞാൽ അവർക്ക് 0.5% നികുതി കൊടുത്താൽ മതിയെന്നതാണ് കാരണം. അല്ലെങ്കിൽ അവർക്ക് 14% നികുതി കൊടുക്കണം. എറണാകുളത്ത് മാത്രമായി നൂറ്റിയൻപതിലധികം ഉന്നത റസ്റ്റോറന്റുകൾ അവിടുത്തെ ഏഴ് മാളുകളിലായിട്ടുണ്ട്. അവർക്ക് 0.5% നികുതി കൊടുത്താൽ മതി. ഇപ്പോഴത്തെ ബഡ്ജറ്റിൽ 5% നിർദ്ദേശം വന്നിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. ഫൈവ് സ്റ്റാർ ഹോട്ടലുകളെപ്പോലെയും ഫോർ സ്റ്റാർ ഹോട്ടലുകളെപ്പോലെയും കച്ചവടം നടത്തുന്ന ഹോട്ടലുകളാണത്. 20 ലക്ഷം രൂപവരെ ശരാശരി വരുമാനമുള്ള മാളുകളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളെപ്പറ്റി നമുക്കറിയാം. ഞാനതിന്റെ പേരൊന്നും പറയുന്നില്ല. ആ നിലയിലേയ്ക്ക് വരുമാനം വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്താൽ ഏറ്റവും ചുരുങ്ങിയത് ഇരുന്നൂറ് കോടിയലധികം രൂപ വൻകിട

ഹോട്ടലുകളിൽ നിന്ന് മാത്രം വരുമാനം ഉണ്ടാകും. പുകയില ഉൽപ്പന്നങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനം വേണ്ടെന്ന് വച്ചതുപോലെ ഹോട്ടലുകളിൽ നിന്നും ലഭിക്കുന്ന വരുമാനവും വേണ്ടെന്ന് വച്ചിരിക്കുന്ന ഒരു ദു:സ്ഥിതി ഇവിടെയുണ്ടെന്ന് സൂചിപ്പിക്കാൻവേണ്ടി മാത്രമാണ് ഞാനിക്കാര്യം സൂചിപ്പിച്ചത്. പിന്നെ വിട്ടുപോയ കാര്യങ്ങൾ, പ്രവാസികൾ, ബഹുമാനപ്പെട്ട മന്ത്രി കെ. സി. ജോസഫ് നേരത്തെ ഇടപെട്ട് ഇതിനായി 10 കോടി രൂപ മതിയെന്ന് പറഞ്ഞു. 10 കോടി മതിയോ, പോര. അങ്ങേയ്ക്ക് വളരെ ഭംഗിയായി അറിയാവുന്ന കാര്യമാണ്, ജയിലിൽ കിടക്കുന്ന ആളുകൾ നിരവധിയാണ്. അതുകൊണ്ട് വിദേശ എംബസികളിൽ ഒരു അഡ്വക്കേറ്റിന്റെ സഹായമുണ്ടെങ്കിൽ 100 കണക്കിന് ആളുകൾക്ക് ഇന്ന് പുറത്തുവരാൻ സാധിക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ജയിലിൽ കിടക്കുന്ന പ്രവാസികൾക്ക് വേണ്ടി രണ്ട് വർഷം മുമ്പ് ഒരു സഹായ പദ്ധതി ആവിഷ്കരിച്ചത് അങ്ങയുടെ ഓർമ്മയിലുണ്ടോ; ഓരോ എംബസിയിലും അതാത് രാജ്യത്തെ ജയിലിൽ കിടക്കുന്ന മലയാളികളെ സഹായിക്കാൻ വേണ്ടി 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയതായിട്ടുള്ള പ്രഖ്യാപനം അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. രാജു എബ്രഹാം: സർ, പ്രഖ്യാപനങ്ങളുടെ കുത്തൊഴുക്കാണ്. ഈ 10 കോടിയെങ്കിലും ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന തീരുമാനങ്ങൾ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജയിലിൽ കിടക്കുന്നവർക്ക് അഡ്വക്കേറ്റിനെ വെയ്ക്കുകയും അപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള സഹായവും ചെയ്തു കൊടുക്കണം. തട്ടിപ്പിനിരയാകുന്ന ആളുകളുടെ കാര്യം ഇവിടെ പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ അപകടങ്ങളിൽപ്പെട്ട് കോമാ സ്റ്റേജിൽ

കഴിയുന്ന ആളുകൾക്ക് ചെറിയൊരു സഹായം നൽകിയാൽ അവരെ നാട്ടിൽ കൊണ്ടുവരാൻ സാധിക്കും. ഇന്ന് ഏറ്റവും പ്രധാനമായി പ്രവാസികൾ ആവശ്യപ്പെടുന്നത് ഇത്തരം കാര്യങ്ങളാണ്. ഇതിനെ അഡ്രസ്സ് ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നുള്ളത് ദു:ഖകരമായി കാണാൻ കഴിയുന്നൊരു കാര്യമാണ്. ടൂറിസ്റ്റ് ബസുകൾക്ക് പുതിയ ടാക്സ്, അന്നുതന്നെ അവർ പ്രഖ്യാപിച്ചു, ബാംഗ്ലൂരിലേയ്ക്ക് പോകുന്ന ബസ്സുകൾ 1200 രൂപ കൊടുത്ത സ്ഥാനത്ത് ഞങ്ങൾ 2200 രൂപ ടിക്കറ്റ് ചാർജ്ജാക്കും. യാത്രക്കാർ വിദ്യാർത്ഥി കളാണ്. അത് വേണോ; ശാസ്ത്രീയമായി ആലോചിക്കണം. കോടാനുകോടി കൾ കിട്ടാനുള്ള പൊൻമുട്ടയിടുന്ന താറാവുകൾ അപ്പുറത്ത് നിൽക്കു മ്പോഴാണ് ഇവിടെ നക്കാപ്പിച്ചയുടെ പുറകെ പോകുന്നത്. കോൺക്രഷറു കൾക്ക് ടാക്സ് ഏർപ്പെടുത്തണമെന്ന കാര്യത്തിൽ സംശയവുമില്ല. പക്ഷെ അത് ആരെയാണ് ബാധിക്കുക. ഇവിടെ നിരവധി അംഗങ്ങൾ ചർച്ച നടത്തി. ഇവിടെ ചെറിയ ലോഡ് എം-സാന്റ് വാങ്ങിക്കണമെങ്കിൽ 15,000/- രൂപ കൊടുക്കണം. ഒരു ലോഡ് മെറ്റലിന് 7,500/- രൂപയാകും. ഇതുസംബന്ധിച്ച് ഗവൺമെന്റ് എന്ത് നയമാണ് സ്വീകരിക്കുന്നത്. പാവപ്പെട്ടയാളുകൾക്ക് വീട് പണിയാൻ കുറഞ്ഞ വിലയ്ക്ക് എം-സാന്റും മെറ്റലും കൊടുക്കാൻ നിങ്ങൾക്ക് ധാരണയുണ്ടോ; ഇല്ലെങ്കിൽ ഇതിനെ സംബന്ധിച്ച് പുന:പരിശോ ധന നടത്തണം. അങ്ങനെ പാവപ്പെട്ടയാളുകൾക്ക് വീട് പണിയാൻ മെറ്റലും എം-സാന്റും സൗജന്യ വിലയ്ക്ക് കൊടുക്കുകയാണെങ്കിൽ അതിനെ സ്വാഗതം ചെയ്യുന്നു. അല്ലെങ്കിൽ ഇതിനെ സംബന്ധിച്ചിടത്തോളം പുന:പരി ശോധനയ്ക്ക് തയ്യാറാവണം. ഇപ്പോൾ ജിയോളജി വകുപ്പിന്റെ മറ്റൊരു നിർദ്ദേശംകൂടി വരാൻ പോകുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. അതോ

ടൊപ്പംതന്നെ ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി ഇവിടെയുണ്ട്, ആ ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ 4,000/- രൂപ ഓണറേറിയം നൽകി ആയിരത്തോളം പ്രൊമോട്ടർമാരെ വച്ചിട്ടുണ്ട്. കഴിഞ്ഞ 18 മാസക്കാലമായി ഒരു പ്രൊമോട്ടർക്കും ഒരു പൈസപോലും കൊടുക്കാൻ ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി തയ്യാറായിട്ടില്ല. ഇതിനെ സംബന്ധിച്ചിടത്തോളം നടപടി സ്വീകരിക്കേണ്ടതല്ലേ? ഈ ബഡ്ജറ്റിലെങ്കിലും അതിനുള്ള വകയുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരള ജേർണലിസ്റ്റ് യൂണിയൻ, പ്രാദേശിക പത്രപ്രവർത്തകർ നമ്മുടെ എല്ലാം വാർത്തകൾ പ്രാദേശികമായി ഓടിനടന്ന് കൊടുക്കുന്നയാളുകളാണ്. ഇവിടെ ഞാൻ സബ്മിഷൻ ഉന്നയിച്ചു. അതുപോലെ തന്നെ മറ്റംഗങ്ങൾ ഇവിടെ സബ്മിഷൻ ഉന്നയിച്ചു. അവർക്ക് ഒരു കോടി രൂപ ഇവിടെ പ്രഖ്യാപിച്ചതാണ്. ഒരു നയാപൈസ കൊടുത്തിട്ടില്ല. ക്ഷേമനിധിയില്ല, പെൻഷനില്ല, ഒരു നടപടിയില്ല. ഇതെന്ത് ന്യായമാണ്. അപ്പോൾ ആ നിലയിലുള്ള സമീപനമാണോ ഇവിടെ സ്വീകരിക്കേണ്ടത്. ഇവിടുത്തെ വീടുകൾ, കഴിഞ്ഞ മൂന്ന് വർഷമായി ഐ.എ.വൈ. വീടുകൾ 77,000 രൂപ കൊടുക്കുമെന്ന് പറഞ്ഞതാണ്. ഐ.എ.വൈ. വീടുകൾ പൂർത്തിയാക്കണ്ടേ; വ്യവസായ സംരഭകരുടെ കാര്യത്തിൽ എത്ര പ്രഖ്യാപനങ്ങളാണ്? എല്ലാവരും പറഞ്ഞ കാര്യങ്ങളായതുകൊണ്ട് ഞാനതിലേയ്ക്ക് കടക്കുന്നില്ല. എറണാകുളം ഐടോപ്പ്, കളമശ്ശേരി ടെലികോം ഇൻക്യുബേറ്റർ, നാനോ ടെക്നോളജി, കിൻഫ്ര-86 ഒന്നും നടന്നിട്ടില്ല. അങ്ങനെ ദുരിതങ്ങളിൽ നിന്ന് ദുരിതങ്ങളിലേയ്ക്ക് പോകുമ്പോഴാണ് ഞാൻ രാവിലെ റബ്ബർ കൃഷിക്കാരെ സംരക്ഷിക്കണമെന്ന ഒരുഭ്യർത്ഥന ഇവിടെ നടത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു, കേന്ദ്രത്തിന്റെ വിലസ്ഥിരത ഫണ്ടിൽ നിന്നും 100 കോടി

നൽകാമെന്ന് പറഞ്ഞു. അതുപോര സംസ്ഥാന ഗവൺമെന്റ് ഇടപെടണം. തയ്യാറുണ്ടോ? ഇതിനെ സംബന്ധിച്ചിടത്തോളം, സംസ്ഥാന ഗവൺമെന്റ് ഈ ബഡ്ജറ്റിൽ റബ്ബർ കൃഷിക്കാർക്ക് വേണ്ടി, റബ്ബർ സംഭരണത്തിനുവേണ്ടി 50 കോടി രൂപയെങ്കിലും മാറ്റിവെയ്ക്കാൻ തയ്യാറുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഓട്ടോ-ടാക്സി വർദ്ധനവ് അടക്കം വരുമ്പോൾ സാധാരണക്കാരുടെ കുടുംബം വെളുപ്പിക്കുന്ന ബജറ്റായിട്ടു മാത്രമേ ഈ ബജറ്റിനെ ക്കാണാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് ഈ ബഡ്ജറ്റിനെ ശക്തിയുക്തം ഞങ്ങൾ എതിർക്കുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, മാണിസാർ അവതരിപ്പിച്ച 2014-15-ലെ ബഡ്ജറ്റിനെ ഞാൻ തുറന്ന മനസ്സോടുകൂടി പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. മാണിസാർ ഓരോ തവണയും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ജനങ്ങളോട് കൂടുതൽ അടുക്കുകയാണ് ചെയ്യുന്നത്. മാണിസാറിന്റെ പന്ത്രണ്ടാം ബഡ്ജറ്റിലും അതാണ് സംഭവിച്ചിരിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ മുദ്രാവാക്യമായ വികസനവും കരുതലും ഈ ബഡ്ജറ്റിലുമുണ്ട്. മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റ് പ്രധാനമായും മണ്ണിനെ സ്നേഹിക്കുന്ന ബഡ്ജറ്റാണ്. മണ്ണിനെ സ്നേഹിക്കുന്നത് എന്നുവച്ചാൽ, നമ്മുടെ നാടിനെ സ്നേഹിക്കുകയെന്നതാണ്. നാടിനെ സ്നേഹിക്കുക എന്നാൽ കർഷകരെ സ്നേഹിക്കുക എന്നാണ്. അതിലൂടെ മണ്ണിനോട് മല്ലടിക്കുന്ന നമ്മുടെ നാടിന്റെ പഴയകാല സംസ്കാരം നിലനിർത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്ന ബഡ്ജറ്റാണ് മാണിസാർ അവതരിപ്പിച്ചിരിക്കുന്നത്. പിന്നെ എന്തിനാണ് ഈ ബഡ്ജറ്റിനെ

എതിർക്കുന്നത്? മണ്ണിന്റെ മണമറിയാവുന്ന നേതാവാണ് മാണിസാർ. യുവത്വം നിറഞ്ഞ യുവകർഷകന്റെ മനസ്സാണ് മാണിസാറിനെന്നാണ് ഈ ബഡ്ജറ്റിലൂടെ ഞാൻ മനസ്സിലാക്കുന്നത്. ഇന്ത്യയുടെ രാഷ്ട്രപതിയായ ശ്രീ.പ്രണബ് മുഖർജി റിപ്പബ്ലിക് ദിനത്തിൽ രാഷ്ട്രത്തെ അഭിസംബോധന ചെയ്തപ്പോൾ ഭരണനേതൃത്വങ്ങൾ നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾ മാത്രമേ പ്രഖ്യാപിക്കുകയുള്ളൂയെന്ന് പറയുകയുണ്ടായി. അത് ഓർമ്മ പ്പെടുത്തുന്ന ബഡ്ജറ്റാണ് മാണിസാർ അവതരിപ്പിച്ച ഈ ബഡ്ജറ്റെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇല്ലെങ്കിൽ ഇലക്ഷനെ മുന്നിൽ കണ്ടുകൊണ്ട് ജനങ്ങളെ കബളിപ്പിക്കുന്ന പൊള്ളയായ ബഡ്ജറ്റ് മാണിസാറിന് അവതരിപ്പിക്കാമായി രുന്നു. എന്നാൽ സമൂഹത്തോട് പ്രതിബദ്ധതയുള്ള മാണിസാർ, സമൂഹ ത്തോട് പ്രതിബദ്ധതയുള്ള യു.ഡി.എഫ്. ഈ വോട്ടുമാത്രം ലക്ഷ്യമാക്കിയുള്ള ഒരു ഗിമിക് ബഡ്ജറ്റ്..........

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഡ്ജറ്റിനെപ്പറ്റി സംസാരിച്ചുകൊണ്ടിരി ക്കുമ്പോൾ വേദനാജനകമായ ഒരു വാർത്ത ഇപ്പോൾ വന്നുകൊണ്ടിരിക്കുക യാണ്. 123 വില്ലേജുകൾ സെൻസിറ്റീവ് ഏരിയയായി കസ്തൂരിരംഗൻ പ്രഖ്യാപിച്ചു. അതിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിയമസഭയും രാഷ്ട്രീയകക്ഷികളും കർഷകരുമൊക്കെ ശക്തമായ നിലപാട് സ്വീകരിച്ചു. ഇന്ന് വീണ്ടും അത് അതേപടി അംഗീകരിച്ചുകൊണ്ട് ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ട് വന്നതായി മാധ്യമങ്ങളിൽ വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. ഇത് ശരിയാണെങ്കിൽ വളരെ വേദനാജനകമാണ്. ആ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അദ്ദേഹത്തിന്റെ സമയം നഷ്ടപ്പെടരുത്....... അത് എന്റെ ശ്രദ്ധയിലും വന്നിരുന്നു. ഇങ്ങനെയൊരു വാർത്ത ചാനലിൽ വന്നപ്പോൾത്തന്നെ കേന്ദ്രമന്ത്രി ശ്രീ. വീരപ്പ മൊയ്‌ലിയുമായി ബന്ധപ്പെട്ടു. അദ്ദേഹവും അദ്ദേഹത്തിന്റെ മന്ത്രാലയവും അക്കാര്യം അറിഞ്ഞിട്ടില്ല. ഗ്രീൻ ബെഞ്ചിലെ ട്രിബ്യൂണലിൽ ഈ കേസ് വന്നപ്പോൾ ഇന്ന് കണ്ടെത്തിയ എല്ലാ വില്ലേജുകളും ഇ.എസ്.ഐ. ആയിട്ടാണ് കണക്കാക്കുന്നതെന്ന് അഡ്വക്കേറ്റ് അവിടെ പറഞ്ഞിട്ടുണ്ട്. പക്ഷേ കേന്ദ്രമന്ത്രി നമുക്ക് തന്നിരിക്കുന്ന ഉറപ്പിൽത്തന്നെയാണ് നിൽക്കുന്നത്. സംസ്ഥാന ഗവൺമെന്റിന് പറയാനുള്ളത് പറഞ്ഞ് അറിഞ്ഞതിനുശേഷം മാത്രമേ കേന്ദ്ര ഗവൺമെന്റ് ഒരു തീരുമാനമെടുക്കുകയുള്ളൂ. അതിനകത്ത് യാതൊരു മാറ്റവുമില്ല. അത് സംബന്ധിച്ച് ഒരു ആശങ്കയ്ക്കും വഴിയില്ല.

ശ്രീ. സി. ദിവാകരൻ: സർ, കോടതിയുടെ വിധിയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇത് വിധിയല്ല. ഇത് കോടതിയിൽ വന്നപ്പോൾ അഡ്വക്കേറ്റ് ഒരു പരാമർശം നടത്തിയതാണ്. അത് മന്ത്രിയോ മന്ത്രാലയമോ അറിഞ്ഞിരുന്നില്ല. ഞാൻ വിളിച്ച് പറയുമ്പോഴാണ് അദ്ദേഹം ഇത് അറിയുന്നത്. അദ്ദേഹം ഉടനെതന്നെ ബന്ധപ്പെട്ടിട്ട് തിരിച്ച് വിവരം അറിയിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഞാൻ പറഞ്ഞ വാക്കിൽത്തന്നെയാണ് നിൽക്കുന്നത്. ഈ ആറ് സംസ്ഥാനങ്ങളുടെയും വാദം കേട്ട്, നിങ്ങൾക്ക് പറയാനുള്ളത് മുഴുവൻ അറിഞ്ഞതിനുശേഷം മാത്രമേ കേന്ദ്ര ഗവൺമെന്റ് ഇത് സംബന്ധിച്ച് ഒരു തീരുമാനം എടുക്കുകയുള്ളൂവെന്ന് വ്യക്തമാക്കി. ഇതു സംബന്ധിച്ച് ഒരു ആശങ്കയും വേണ്ടായെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് മന്ത്രി ഇങ്ങനെ പറഞ്ഞുവെന്ന് സഭയിലാണ് അങ്ങ് പറഞ്ഞിരിക്കുന്നത്. ഗ്രീൻ ട്രിബ്യൂണലിന്റെ മുമ്പിൽ കേന്ദ്ര ഗവൺമെന്റിനുവേണ്ടി അഭിഭാഷകന് എങ്ങനെ ഇത് പറയാൻപറ്റി? കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായമല്ലേ കേന്ദ്രത്തിന്റെ അഭിഭാഷകൻ ഗ്രീൻ ട്രിബ്യൂണലിനെ അറിയിച്ചിട്ടുള്ളത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, സംസ്ഥാനങ്ങളുടെ അഭിപ്രായം കേട്ടതിനു ശേഷം മാത്രമേ ഇനി മുന്നോട്ട് നീങ്ങാവൂ എന്നാണ് മന്ത്രിതന്നെ നേരിട്ട് പറഞ്ഞത്. ഏത് സാഹചര്യത്തിൽ എങ്ങനെ പറഞ്ഞുവെന്നുള്ളത് മന്ത്രി അന്വേഷിച്ചിട്ട് ആ വിവരം അറിയിക്കുന്നതാണ്. പക്ഷേ ഗവൺമെന്റിന്റെ നിലപാടിൽ യാതൊരു മാറ്റവുമില്ല.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, മാണി സാർ വോട്ടുമാത്രം ലക്ഷ്യമാക്കിയുള്ള ഒരു ഗിമിക്കിന് നിന്നില്ല. ഇതാണ് യു.ഡി.എഫ്.-ന്റെ നയം. ഈ നയം കേരളത്തിലെ ജനങ്ങൾ സ്വീകരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. കർഷക ഇൻഷ്വറൻസ്, ഇന്ത്യയിൽ ആദ്യമായി 90 ശതമാനം പ്രീമിയവും സർക്കാർ അടയ്ക്കുന്ന ഒരു കർഷക ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ചതിലൂടെ ഇന്ത്യയിലെ മറ്റുള്ള സംസ്ഥാന സർക്കാരുകളും ഈ പദ്ധതി മാതൃകയാക്കിയെടുത്താൽ ഇന്ത്യയിലെ മുഴുവൻ കർഷകരേയും രക്ഷിക്കുന്നതിന് മാണിസാർ കാരണക്കാരനാകും. കർഷകർ തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിനുവേണ്ടി വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. കർഷകരുടെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും ക്ഷേമത്തിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആയതിനാൽ ബി.പി.എൽ. വിഭാഗത്തിലെ കർഷക കുടുംബത്തിലെ പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ നേടുന്ന

പെൺകുട്ടികൾക്ക് ലാപ്ടോപ്പ് സൗജന്യമായി നൽകുന്നത് വിദ്യാർത്ഥികളെ വളരെയധികം പ്രോത്സാഹിപ്പിക്കുന്ന ഒരു പദ്ധതിയാണ്. കോളേജുതലത്തിൽ പഠിക്കുന്ന പെൺകുട്ടികൾ രൂപീകരിക്കുന്ന സ്വയം സംരംഭക സംഘങ്ങളിലെ അംഗങ്ങൾക്ക് അഞ്ചുശതമാനം ഗ്രേസ് മാർക്ക് നൽകുന്നത് വളർന്നുവരുന്ന തലമുറയിലെ പ്രത്യേകിച്ചും വനിതകളിൽ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കും. ഗൃഹനാഥൻ മരിച്ചാൽ കാർഷിക കടം ഏറ്റെടുക്കുന്നു. ഇത് പുതിയൊരു വാഗ്ദാനമാണ്. ഒരു ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള ഗൃഹനാഥനോ/ഗൃഹനാഥയോ മരിച്ചാൽ അനാഥമാകുന്ന കുടുംബത്തെ രക്ഷിക്കുവാൻ 50,000 രൂപവരെയുള്ള കാർഷിക കടത്തിന്റെ പകുതി സർക്കാർ നൽകുമെന്നത് പാവപ്പെട്ടവർക്ക് വലിയൊരു സാന്ത്വന സ്പർശമാ കുന്നതാണ്. നിത്യരോഗികൾക്ക് ആശ്വാസം, ഒരു ലക്ഷത്തിൽത്താഴെ വാർഷിക വരുമാനമുള്ള കുടുംബത്തിലെ ഗുരുതരാവസ്ഥയിൽ കഴിയുന്ന നിത്യരോഗികൾക്ക് പ്രതിമാസം 1,000 രൂപ നൽകുന്നതോടുകൂടി പാവപ്പെട്ട കുടുംബങ്ങൾക്ക് വളരെയധികം ആശ്വാസമാകുകയാണ് അനാഥകുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം, അച്ഛനും അമ്മയും നഷ്ടപ്പെട്ട് അനാഥരായി മാറിയ പത്തുവയസ്സിൽ താഴെയുള്ള കുട്ടികളുടെ ഹയർസെക്കൻഡറിതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകുവാ നുള്ള ഈ സർക്കാർ. തീരുമാനം അനാഥരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ സഹായിക്കും. ഇതിലൂടെ പുതിയ തല മുറയോടുള്ള ഈ സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയാണ് കാണിക്കുന്നത്. ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ ചികിത്സിക്കുവാൻ കാരുണ്യ ലോട്ടറിയിലൂടെ ധനസഹായം നൽകുവാൻ ഈ സർക്കാരിന് സാധിച്ചു. ഒരു

മടിയും കൂടാതെ പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ ഭേദമില്ലാതെ ആര് അപേക്ഷ തന്നാലും വളരെ താൽപ്പര്യത്തോടുകൂടിത്തന്നെ ആ പാവപ്പെട്ടവന് ഒരു സാന്ത്വന സ്പർശമേകിക്കൊണ്ട് പ്രിയങ്കരനായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് പണം അനുവദിക്കുന്നു. അതുപോലെ കാരുണ്യ ലോട്ടറിയിൽനിന്നും ഫണ്ട് അനുവദിക്കുന്നു. ക്യാൻസർ രോഗം പ്രതിരോധിക്കുന്നതിനും രോഗികളുടെയിടയിൽ ബോധവൽക്കരണം നടത്തു ന്നതിനും രോഗം ആരംഭദിശയിൽത്തന്നെ കണ്ടെത്തി ചികിത്സിക്കുവാനും ത്രിതല പഞ്ചായത്തിന്റെയും ആശാവർക്കർമാരുടെയും പങ്കാളിത്തത്തോടു കൂടി ഓരോ ജില്ലയിലും പരിശീലനം ലഭിച്ച ഡോക്ടർമാരേയും സ്റ്റാഫി നേയും നിയമിക്കുന്നത് ഈ രോഗം തടയുവാൻ സഹായിക്കും. ഇതിനു വേണ്ടി 10 കോടി രൂപ വകയിരുത്തിയിരിക്കുന്നു. അത് വളരെ ആശ്വാസകര മാണ്. അതുപോലെതന്നെ ഇവിടെ കഴിഞ്ഞ ദിവസം ഒരു വിവാദമുണ്ടായി. മുഖ്യമന്ത്രി അതിന് മറുപടി പറയുകയും ചെയ്തു. എറണാകുളത്ത് ക്യാൻസർ സെന്റർ തുടങ്ങുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും പ്രഖ്യാപിക്കുകയുണ്ടായി. ഇതിന് മന്ത്രിസഭാ തീരുമാനമുണ്ടാകുകയും ചെയ്തിട്ടുണ്ട്. വെടി പൊട്ടിക്കുമ്പോൾ അതോടൊ പ്പംതന്നെ 'ഠോ' എന്ന് ആരെങ്കിലും പറയാറുണ്ടോ, എന്നുപറഞ്ഞതുപോലെ യാണ് ഈ ബഡ്ജറ്റിൽ പണം വകയിരുത്തില്ലായെന്നുള്ള ആരോപണം ഉന്ന യിച്ചുകൊണ്ട് ചില ആളുകളൊക്കെ അനാവശ്യമായ വിവാദമുണ്ടാക്കുന്നത്. എറണാകുളത്ത് ക്യാൻസർ സെന്റർ ആരംഭിക്കുമെന്ന് പ്രിയങ്കരനായ മുഖ്യ മന്ത്രിതന്നെ നിയമസഭയിൽ പറയുകയും ക്യാബിനറ്റുവരെ തീരുമാനമെടു ക്കുകയും ചെയ്തതിന് വെറുതെ അനാവശ്യമായ വിവാദം എന്തിനാണെന്ന്

എനിക്ക് മനസ്സിലാകുന്നില്ല. ആ ക്യാൻസർ സെന്ററിന് യു.ഡി.എഫ്.-ന്റെ കാലത്തുതന്നെ തുടക്കം കുറിക്കാനും പൂർത്തീകരിക്കുവാനും സാധിക്കു മെന്ന് കേരളത്തിലെ ജനങ്ങൾക്ക് നല്ല വിശ്വാസമുണ്ട്. മത്സ്യത്തൊഴിലാളി കൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ഇതുവരെയും കൊടുക്കാത്ത രീതിയിലുള്ള ഒരു പ്രവർത്തനരീതിയാണ് സ്വീകരിച്ചിരുന്നത്. . സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്നത് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വളരെ യധികം ആശ്വാസകരമായ ഒരു കാര്യംതന്നെയാണ്. അതിനുവേണ്ടി 100 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. എല്ലാവരും സൂചിപ്പിച്ചതുപോലെ, ഓട്ടോ ടാക്സിക്ക് ഏർപ്പെടുത്തിയിട്ടുള്ള ടാക്സ് ഒഴിവാക്കണം. നമുക്കറിയാം, സാധാരണക്കാരാണ് ഓട്ടോറിക്ഷക്കാർ. ബഹുമാനപ്പെട്ട മാണി സാർ അത് ഒഴിവാക്കാമെന്ന രീതിയിൽത്തന്നെ....... അവരുടെ സമരംതന്നെ മാറ്റിവച്ചത് അദ്ദേഹത്തിന്റെ ഉറപ്പിലാണ്. ഏതായാലും അതിൽ ഒരു മാറ്റവും വരാതെ ഓട്ടോ, ടാക്സി എന്നിവയുടെ ടാക്സ് ഒഴിവാക്കാനുള്ള സാഹചര്യ മുണ്ടാക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. സാധാ രണക്കാർ ലോൺ എടുക്കുന്ന സർവ്വീസ് സഹകരണ ബാങ്കിൽ ഗഹാൻ പദ്ധതിക്ക് രജിസ്ട്രേഷൻ ഫീസ് ചുമത്തിയിട്ടുണ്ട്. അത് ഒഴിവാക്കാനും ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കേരളത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഭൂരഹി തരില്ലാത്ത കേരളമെന്ന ഒരു മുദ്രാവാക്യവുമായി യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ശ്രീമതി സോണിയാ ഗാന്ധിവന്ന് ആ പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാ ക്കുവാൻ സർക്കാർ ആദ്യഘട്ടം അപേക്ഷ ക്ഷണിച്ചപ്പോൾ 2,03,928 അപേക്ഷ

കളുണ്ടായിരുന്നു. ഇപ്പോൾ രണ്ടാംഘട്ടം വീണ്ടും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ആകെ മൂന്നുലക്ഷം ഭൂരഹിതരാണ്. അവർക്ക് ഭൂമി നൽകുമെന്നത് ഈ സർക്കാരിന് അഭിമാനിക്കാവുന്ന കാര്യംതന്നെയാണ്.

ഈ ആവശ്യത്തിന് പത്തുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക വളരെ അപര്യാപ്തമാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് അതിനുള്ള ഫണ്ട് കൂട്ടിവയ്ക്കണമെന്ന് ബഹുമാനപ്പെട്ട മാണിസാറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അന്യസംസ്ഥാന തൊഴിലാളികൾക്ക് നൈറ്റ് ഷെൽട്ടർ പദ്ധതി, നിത്യവൃത്തിക്കായി അനേകം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ തൊഴിലെടുക്കുന്നുണ്ട്. അവർക്ക് രാത്രി കാലങ്ങളിൽ സുരക്ഷിതമായി കിടന്നുറങ്ങുന്നതിന് നഗരപ്രദേശങ്ങളിൽ അഞ്ച് വാസകേന്ദ്രങ്ങൾ നിർമ്മിക്കാൻ അമ്പത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷിതത്വം സർക്കാർ വളരെ ഗൗരവത്തോടുകൂടി നോക്കിക്കാണുന്നു എന്നതിന് ഉദാഹരണമാണിത്. ഇതിന് തുക മാറ്റിവച്ചത് വളരെ സ്വാഗതാർഹമാണ്. അന്യസംസ്ഥാന തൊഴിലാളികളോടുപോലും കരുതലോടുകൂടിയുള്ള ഒരു മുന്നോട്ടുപോക്കാണ് യു.ഡി.എഫ് സർക്കാറിന്റെ ഈ തീരുമാനത്തിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. സാമൂഹ്യസുരക്ഷാ പെൻഷനുകളുൾപ്പെടെ ഒരുപാട് പെൻഷനുകൾ വർദ്ധിപ്പിച്ചിരിക്കുകയാണ്. അത് പ്രത്യേകിച്ച് എടുത്തു പറയേണ്ട കാര്യമില്ല, എല്ലാവർക്കും അറിയാവുന്നതാണ്. കർഷകത്തൊഴിലാളി പെൻഷൻ, കർഷക പെൻഷൻ, വികലാംഗപെൻഷൻ തുടങ്ങിയ മിക്ക പെൻഷനുകളുടേയും തുക ഉയർത്തിയത് വലിയ ആശ്വാസകരമായ കാര്യമാണെന്ന് പറയാൻ ഈ അവസരത്തിൽ ഞാനാഗ്രഹിക്കുന്നു. മാനസികരോഗികൾക്ക് 800 രൂപ പെൻഷൻ അനുവദിച്ചത് പുതിയ തീരുമാനമാണ്. തീർച്ചയായും അങ്ങനെയുള്ള വിഭാഗ

ത്തിൽപെട്ട ആളുകൾക്ക് അത് ആശ്വാസകരമായൊരു കാര്യം തന്നെയാണ്. സാമൂഹ്യ സുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി 505 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അംഗഭംഗം മൂലം അശരണരായ കുടുംബത്തിന് പ്രതിമാസം 2000 രൂപ അതിജീവനത്തിന് ധനസഹായം നൽകുന്ന സാമൂഹ്യസുരക്ഷാ പദ്ധതി ആരംഭിക്കുന്നത് പാവപ്പെട്ടവർക്ക് വളരെയധികം ആശ്വാസകരമാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്കുവഹിക്കുന്ന പ്രവാസി സമൂഹത്തിന്റെ പുനരധിവാസത്തിന് 10 കോടി രൂപ വകയിരുത്തിയിരിക്കുന്നത് അവരോടുള്ള സർക്കാറിന്റെ പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. നൈപുണ്യമുള്ള പുതിയ തലമുറ വളർന്നു വരണമെന്ന കാഴ്ചപ്പാടോടുകുടി സ്കൂൾ തലത്തിൽത്തന്നെ ആവശ്യമായ സംവിധാനങ്ങളിലൂടെ പ്രോത്സാഹനം നൽകുന്നതുകൊണ്ട് ഈ ലക്ഷ്യം വളരെ വേഗത്തിൽ കൈവരിക്കുവാൻ സാധിക്കുന്നതാണ്. പുതിയ തലമുറയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എല്ലാ വകുപ്പുകൾക്കും നീക്കിവച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഒരു ശതമാനം തുക നൈപുണ്യ പ്രവർത്തനത്തിനായി മാറ്റി വയ്ക്കുമ്പോൾ യുവ സംരംഭകർക്ക് വളരെയധികം നേട്ടമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ കെ.എസ്.ആർ.ടി.സി–ക്ക് 150 കോടി രൂപ മാറ്റി വച്ചിരിക്കുന്നത് വലിയ ആശ്വാസകരമാണെന്ന് ഈ അവസരത്തിൽ പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഈ ബഡ്ജറ്റ് സാധാരണക്കാരായ ജനങ്ങൾക്ക് യാതൊരു പ്രഹരവും ഏൽപ്പിച്ചിട്ടില്ല എന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് നിത്യോപയോഗ സാധനങ്ങളുടെ നികുതി വർദ്ധിപ്പിക്കാതിരുന്നത്. ചില നിത്യോപയോഗ സാധനങ്ങളുടെ നികുതി കുറച്ചിട്ടേയുള്ളു. ഗോതമ്പ്, മൈദ, ഉഴുന്നുപൊടി, തവിടെണ്ണ, വെളിച്ചെണ്ണ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന സോപ്പ്, ബേക്കറി ഐറ്റങ്ങൾ,

എൽ.ഇ.ഡി ലൈറ്റ് എന്നിവയ്ക്കുവരെ നികുതി കുറച്ചിട്ടുണ്ട്. ഇതുകൊണ്ടെല്ലാം വിലകുറയാനുള്ള സാധ്യത വളരെ കൂടുതലാണ്. കേരളത്തിലെ വേളാർ സമുദായത്തിൽപ്പെട്ട ആളുകൾ കളിമൺപാത്ര തൊഴിലാളികളാണ്. ഈ സമുദായത്തിൽപ്പെട്ട ആളുകൾ നിർധനരും ദാരിദ്ര്യം അനുഭവിക്കുന്നവരുമാണ്. ഇവർക്ക് പെൻഷൻ ഒന്നുംതന്നെ ലഭിക്കുന്നില്ല. അറുപത് വയസ്സ് കഴിഞ്ഞ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കളിമൺപാത്ര തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം കെ. എം. മാണിസാറിന്റെ മറുപടി പ്രസംഗത്തിലുണ്ടാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. മുൻ പഞ്ചായത്ത് മെമ്പർമാരുടെ പെൻഷനെ സംബന്ധിച്ച കാര്യം ഞാൻ സബ്മിഷനിലൂടെ ഉന്നയിച്ചതാണ്. ഞാനും ഒരു പഞ്ചായത്ത് മെമ്പറായിരുന്നു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ജനപ്രതിനിധികളായി ദീർഘകാല സേവനം നടത്തിവന്നിരുന്ന പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ അനുവദിച്ചാൽ അവർക്കത് വലിയൊരു സഹായമായിരിക്കും. ഇന്ന് പലപ്പോഴും പട്ടിണിയും പരിവട്ടവുമായികഴിയുന്ന ജനപ്രതിനിധികൾക്ക് പെൻഷൻ അനുവദിക്കാൻ പ്രിയങ്കരനായ, കാരുണ്യമുള്ള ശ്രീ. കെ. എം. മാണി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനും ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് തടയാൻ 65 കോടി രൂപയാണ് സിവിൽ സപ്ലൈസിന് കൊടുത്തിരിക്കുന്നത്. അത് ഉയർത്തിക്കൊടുക്കുന്നത് നല്ലതാണ്. കൺസ്യൂമർഫെഡിന് അനുവദിച്ച 11 കോടി രൂപ വർദ്ധിപ്പിച്ചുകൊടുത്താൽ ജനങ്ങൾക്കത് കൂടുതൽ ഉപകാരപ്രദമാവും. പ്രദേശിക പത്രപ്രവർത്തകരുടെ കാര്യത്തെ സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം ഇവിടെ സൂചിപ്പിച്ചത് വളരെ നല്ല കാര്യമാണ്. ക്ഷേമനിധി ഉൾപ്പെ

ടെയുള്ള പദ്ധതികൾ കൊണ്ടുവരുന്നത് പ്രാദേശിക പത്രപ്രവർത്തകർക്ക് വലിയൊരു സഹായമായിരിക്കും. കേരളത്തിലെ സി.പി.ഐ.(എം)–ന്റെ അവസ്ഥയെക്കുറിച്ച് ചില കാര്യങ്ങൾ ഇവിടെ പറയാൻ ഞാനാഗ്രഹിക്കുന്നു. പൊൻവിള ശ്രീകുമാറിന്റെ നേതൃത്വത്തിലുള്ള കെ.പി.എം.എസ്സിന്റെ ഒരു വിഭാഗം രാഷ്ട്രപതിയേയും സോണിയാഗാന്ധിയേയും കൊണ്ടുവന്ന് ഒരു പൊതു സമ്മേളനം നടത്തിയിരുന്നു. എന്നാൽ മറുവിഭാഗം സി.പി.ഐ.(എം) നെ സമീപിക്കാതെ ബി.ജെ.പി യെ സമീപിച്ച് നരേന്ദ്രമോദിയെ കൊണ്ടുവരുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ നമുക്ക് കാണാൻ സാധിക്കുന്നത്. കോൺഗ്രസ് കഴിഞ്ഞാൽപിന്നെ ബി.ജെ.പിയെയാണ് സമീപിക്കുന്നതെന്നത് കേരളരാഷ്ട്രീയത്തിൽ സി.പി.ഐ.(എം)ന്റെ സ്പേസ് നഷ്ടപ്പെടുന്നതിന്റെ വ്യക്തമായിട്ടുള്ള ഒരു ഉദാഹരണമായിട്ടാണ് കാണാൻ കഴിയുന്നത്. ഇത് കോൺഗ്രസ്സുകാരായ ഞങ്ങളെപ്പോലും ഭയപ്പെടുത്തുന്നു. ഇവിടെ ശ്രീമതി ജമീലാ പ്രകാശം ആഭ്യന്തരത്തെക്കുറിച്ചൊക്കെ സൂചിപ്പിക്കുകയുണ്ടായി. അക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന് യാതൊരു ആശങ്കയും വേണ്ട. ഇന്ന്, കേരളത്തിലെ ആഭ്യന്തര വകുപ്പ് ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തിക്കൊണ്ട് അഴിമതിരഹിത നിർഭയ കേരളത്തിനായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഒരു വ്യക്തിയുടെയോ അല്ലെങ്കിൽ നിസ്സഹായരായ സ്ത്രീകളുടെയോ കണ്ണുനീർവീഴാതെ നോക്കാമെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി രമേശ് ചെന്നിത്തല പറഞ്ഞത്. കേരളത്തിലെ നിയമവാഴ്ച ഉറപ്പുവരുത്തുന്നതിൽ വിട്ടുവീഴ്ചയില്ലായെന്ന സന്ദേശമാണിത് നൽകുന്നത്. ആയതിനാൽ നിർഭയ സുരക്ഷിത കേരളത്തിനായി ജനങ്ങളും, ജനപ്രതിനിധികളും, പോലീസും കൈകോർത്ത് മുന്നോട്ടു പോകണം. പോലീസിന് ആത്മവിശ്വാസം നൽകുന്നതിനായി കേരളാ മെഡിക്കൽ ഇൻഷുറൻസ്

സ്കീം യാഥാർത്ഥ്യമാകുമ്പോൾ നമ്മുടെ പോലീസുകാരുടെ മനോവീര്യം കൂടുതൽ ശക്തമാക്കാൻ സാധിക്കും. തീർച്ചയായും അത് കേരളത്തിന്റെ ആഭ്യന്തര സുരക്ഷയെ ഭദ്രമാക്കും. യു.ഡി.എഫ് ഗവൺമെന്റ് ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ഭദ്രമാണെന്ന് പറയുവാൻ ഞാനാഗ്രഹിക്കുന്നു. കേന്ദ്രത്തിലെ യു.പി.എ സർക്കാറിന്റെ നേതൃത്വത്തിൽ ധാരാളം ജനോപകാരപ്രദമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുന്നതിനും ജനങ്ങളുടെ ക്ഷേമപ്രവർത്തനത്തിനുമുള്ള പദ്ധതികളായ തൊഴിലുറപ്പു പദ്ധതി, വിദ്യാഭ്യാസ അവകാശ നിയമം, ഭക്ഷ്യസുരക്ഷാ പദ്ധതി തുടങ്ങിയ ജനോപകാരപ്രദമായപദ്ധതികൾ നടപ്പിലാക്കുന്നതാണ് സാമ്പത്തികമായ പല കടുത്ത തീരുമാനങ്ങളും കേന്ദ്രസർക്കാർ എടുക്കാനുള്ള കാരണം. അതിനാൽ രാഷ്ട്രീയമായ വിരോധം വച്ചുകൊണ്ട് കേന്ദ്ര സർക്കാരിനെതിരെ കണ്ണടച്ച് എതിർക്കുന്നത് ശരിയല്ല. അറിഞ്ഞിട്ടും അറിഞ്ഞില്ലെന്ന് നടിച്ചുകൊണ്ട് മുന്നോട്ടു പോകുന്നു. ഉറങ്ങുന്നവനെ വിളിച്ചെഴുന്നേൽപ്പിക്കാം, ഉറക്കം നടിക്കുന്നവനെ വിളിച്ചെഴുന്നേൽപ്പിക്കാൻ സാധിക്കില്ല എന്ന പഴഞ്ചൊല്ല് പ്രിയപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഓർക്കുന്നത് നന്നായിരിക്കും. കേരളത്തിൽ ഇന്നും ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ടി.പി. ചന്ദ്രശേഖരൻ വധത്തെകുറിച്ച് ഒരു വാക്കു പറയാൻ ഞാനാഗ്രഹിക്കുന്നു. കേരളത്തിലെ ആർഎം.പി നേതാവും പൊതു പ്രവർത്തകനുമായ ടി.പി. ചന്ദ്രശേഖരനെ 51 വെട്ടുകൾ വെട്ടി ക്രൂരമായി കൊലപ്പെടുത്തിയ സംഭവം കേരളമനസാക്ഷിയെ ഞെട്ടിച്ചതും സമൂഹത്തിൽ ചർച്ചയ്ക്ക് വിധേയമായതുമാണ്. ഈ കൊലപാതകത്തിലെ പ്രതികൾക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്ന ശിക്ഷ വളരെ അപര്യാപ്തമാണെന്നാണ് കേരളത്തിലെ പൊതു സമൂഹം അഭിപ്രായപ്പെടുന്നത്. ഇത് മനസ്സിലാക്കി, ഈ ക്രൂരമായ കൊലപാതകത്തിലെ പ്രതികൾക്ക്

കൂടുതൽ ശിക്ഷവാങ്ങിക്കൊടുക്കുന്നതിനായി മേൽക്കോടതിയിൽ സർക്കാർ അപ്പീൽ നൽകണമെന്ന് ഈ അവസരത്തിൽ ഞാനഭ്യർത്ഥിക്കുന്നു. കേരള ത്തിലെ പൊതു സമൂഹത്തിന്റെ ഒന്നടങ്കമുള്ള വികാരമായിട്ടാണ് ഞാൻ ഇത് പറയുന്നത്. ഈ കേസിൽ മറ്റേതെങ്കിലും പ്രതികളുണ്ടോ എന്നുള്ള വിവര ങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടി സി.ബി.ഐ അന്വേഷണം നടത്തുവാനും ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. പി. കെ. കുഞ്ഞനന്തനും, കെ. സി. രാമചന്ദ്രനും ഉൾപ്പെടെ ഇടതുപക്ഷത്തിന്റെ മൂന്ന് നേതാക്കൾ ശിക്ഷിക്ക പ്പെട്ടിരിക്കുകയാണ്. കേരളത്തിലെ പൊതുസമൂഹത്തിനോട് പ്രതിബദ്ധതയു ണ്ടെങ്കിൽ അവർക്കുവേണ്ടി അപ്പീൽ പോകാതിരിക്കാൻ സി.പി.ഐ.(എം) തയ്യാറാകണമെന്നാണ് പ്രതിപക്ഷ നേതാക്കൻമാരോട് ഞാൻ അഭ്യർത്ഥിക്കു വാനാഗ്രഹിക്കുന്നത്. ടി.പി. ചന്ദ്രശേഖരന്റെ വധം വ്യക്തിവിരോധമല്ല രാഷ്ട്രീയ വിരോധമാണെന്ന് കോടതി പരോക്ഷമായി പരാമർശിച്ച സ്ഥിതിക്ക് സി.പി.ഐ.(എം)-ന്റെ പങ്ക് നമുക്കെല്ലാവർക്കും മനസ്സിലാക്കാൻ സാധിച്ചു. ഇനിയെങ്കിലും ഈ രാഷ്ട്രീയവൈരികളെ കൊലപ്പെടുത്തുന്ന രീതിയിൽ നിന്നും നിങ്ങൾ പിൻമാറണമെന്ന് ഈ അവസരത്തിൽ സി.പി.ഐ.(എം) നേതാക്കളോട് ഞാനഭ്യർത്ഥിക്കുന്നു.

കേന്ദ്രത്തിലെ പല ക്ഷേമപ്രവർത്തനങ്ങൾക്കും നിർദ്ദേശം നൽകിയതും സമ്മർദ്ദം ചെലുത്തിയതും ഇന്ത്യയിലെ പ്രീയങ്കരനായ നേതാവും ചെറുപ്പ ക്കാരുടെ ആവേശവുമായ രാഹുൽ ഗാന്ധിയാണെന്ന കാര്യത്തിൽ ഇടതുപ ക്ഷത്തിന് ഒരു സംശയവും വേണ്ട. ഇന്ത്യയുടെ പ്രധാനമന്ത്രിയായി രാഹുൽ ഗാന്ധി തന്നെ വരും. ഒരു സംശയവും ഇല്ല. എ.ഐ.സി.സി. തീരുമാനത്തെ അംഗീകരിച്ച നിങ്ങൾക്ക് രാഹുൽഗാന്ധിയെ അംഗീകരിക്കേണ്ടതായിവരും.

നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം നേടിത്തന്ന മഹാത്മാഗാന്ധിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവുമടക്കമുള്ള നേതാക്കന്മാർ ഉയർത്തിക്കൊണ്ടുവന്ന ജനാധിപത്യ മതേതര സ്വാതന്ത്ര്യം ഇനിയും കാത്തുസൂക്ഷിക്കണമെങ്കിൽ കേന്ദ്രത്തിൽ വീണ്ടും കോൺഗ്രസ് അധികാരത്തിൽ വന്നേ പറ്റുകയുള്ളു. അതുകൊണ്ട് അന്ധമായ കോൺഗ്രസ് വിരോധം ഉപേക്ഷിച്ചുകൊണ്ട് കോൺഗ്രസിനെയും അതിന് നേതൃത്വം കൊടുത്ത നേതാക്കന്മാരെയും നിങ്ങൾ പിൻതാങ്ങണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു. ഗ്യാസിന്റെ വില കുറച്ചത് വലിയൊരു തീരുമാനമാണെന്ന് നമുക്കറിയാം. ഈ ബഡ്ജറ്റിൽ ഗ്യാസ് സിലിണ്ടറിന് 41 രൂപയാണ് കുറച്ചിട്ടുള്ളത്. ഇത് കേരള ത്തിലെ വീട്ടമ്മമാർക്ക് വളരെയധികം സന്തോഷം നൽകുന്ന കാര്യമാണ്. അതിന് പ്രീയങ്കരനായ മാണി സാറിനെ ഞാൻ പ്രത്യേകിച്ച് അഭിനന്ദിക്കു കയാണ്. ഇവിടെ ഗ്യാസ് വിലവർദ്ധനവിനെതിരെ സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിൽ അനിശ്ചിതകാല നിരാഹാര സമരം തുടങ്ങി. എന്നാൽ രണ്ട് ദിവസം കഴിഞ്ഞ് ഈ നിരാഹാര സമരം അവസാനിപ്പിച്ചു. എങ്ങനെയാണ് ഈ സമരം അവസാനിപ്പിച്ചത് എന്ന കാര്യം കേരള സമൂഹം കണ്ടതാണ്. ഞാൻ അത് ഇവിടെ പറയുവാൻ ആഗ്രഹിക്കുന്നു. കോൺഗ്രസിന്റെ എ.ഐ.സി.സി. സമ്മേളനം സബ്സിഡി നിരക്കിൽ ഒമ്പത് സിലിണ്ടറിന് പകരം പന്ത്രണ്ട് സിലിണ്ടർ അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെ ട്ടപ്പോൾ വേഴാമ്പൽ മഴ കാത്തിരിക്കുന്നതുപോലെ എ.ഐ.സി.സി.യുടെ പ്രഖ്യാപനം കേട്ട സഖാക്കൾ ഈ നിരാഹാര സമരം അവസാനിപ്പിച്ച് വീട്ടി ലേയ്ക്ക് പോകുന്ന നാണംകെട്ട രാഷ്ട്രീയ സാഹചര്യമാണ് കാണാൻ കഴി ഞ്ഞത്. ഇവർ നിരാഹാര സമരം തുടങ്ങുന്നതിനുമുമ്പേ കോൺഗ്രസ് കോർ കമ്മിറ്റി ഈ തീരുമാനമെടുത്തിരുന്നു. പിന്നെ എന്തിനാണ് ജനങ്ങളെ കബളി

പ്പിക്കാൻ ഈ സമരം നടത്തിയത്? ഇങ്ങനെയെങ്കിലും എ.ഐ.സി.സി. തീരുമാനത്തെ അംഗീകരിക്കാൻ കേരളത്തിലെ സി.പി.ഐ.(എം.) നേതൃത്വം തീരുമാനമെടുത്തതിൽ ഞാൻ അവരെ അഭിനന്ദിക്കുന്നു. ചുരുക്കം പറഞ്ഞാൽ നിങ്ങൾക്കിപ്പോൾ പോളിറ്റ്ബ്യൂറോയെക്കാൾ വിശ്വാസം എ.ഐ.സി.സി.യിലാണെന്ന് പൊതുസമൂഹം മനസ്സിലാക്കിയിരിക്കുകയാണ്. ഇങ്ങനെയാണ് നിങ്ങളുടെ സമരം പിൻവലിക്കുന്നതെങ്കിൽ നിങ്ങളുടെ ലോക്കൽ കമ്മിറ്റി നടത്തുന്ന സമരത്തിന്റെ വിഷയം ഞങ്ങളുടെ മണ്ഡലം കമ്മിറ്റി പരിഗണിച്ചാൽ നിങ്ങൾ ആ സമരം പിൻവലിക്കുവാൻ തയ്യാറാകുമോയെന്ന് സി.പി.ഐ.(എം) നോട് ഞാൻ ചോദിക്കുന്നു? എന്റെ മണ്ഡലത്തിലെ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. ആലുവാ പുഴയുടെ തീരത്താണ് എന്റെ മണ്ഡലം സ്ഥിതി ചെയ്യുന്നത്. അവിടെ നിന്നാണ് കൊച്ചിയിലേയ്ക്ക് കുടിവെള്ളം കൊണ്ടുപോകുന്നത്. പക്ഷേ ആലുവായിലെ പല പ്രദേശങ്ങളിലും കുടിവെള്ളത്തിന് ക്ഷാമമുണ്ട്. അത് പരിഹരിക്കുന്നതിന് ജലവകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം സർവ്വേയും എസ്റ്റിമേറ്റും നടന്നുകൊണ്ടിരിക്കുകയാണ്. ഈ ബഡ്ജറ്റിൽ കുടവെള്ളത്തിന് പണം അനുവദിച്ചതുപോലെ ആലുവ നിയോജക മണ്ഡലത്തിനും ബഡ്ജറ്റിൽ കുടിവെള്ളത്തിന് പണം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. മാണി സാറിന്റെ, ശ്രീ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ ഈ ജനകീയ ബഡ്ജറ്റിന് തുറന്ന മനസ്സോടെ ഒരിക്കൽകൂടി പിന്തുണ നൽകിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, വിലവർദ്ധനവിന് യാതൊരു പരിഹാരവും നിർദ്ദേശിക്കാത്ത ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. ബഹുമാന

പ്പെട്ട മാണി സാർ പരിണിതപ്രജ്ഞനായ നേതാവാണ്. അപ്പുറത്തുള്ള ചിലർ അങ്ങനെയെ പുകഴ്ത്തുന്നത് കേൾക്കുമ്പോൾ ഇത് ഒരു ധൃതരാഷ്ട്രാലിംഗന മാണെന്ന് അങ്ങ് തിരിച്ചറിയണം. അങ്ങയെ ആരോ പിന്നെയും തെറ്റിദ്ധരിപ്പി ച്ചിരിക്കുകയാണ്. മഹാത്മാഗാന്ധി പറഞ്ഞത് വിദേശ വസ്ത്രം ഉപേക്ഷിക്കാ നാണ്. നമ്മുടെ പ്രിയപ്പെട്ട കേന്ദ്രമന്ത്രി എ. കെ. ആന്റണി 2001–ൽ നമ്മളോട് മുണ്ടുമുറുക്കിയുടുക്കാനാണ് പറഞ്ഞത്. 2014–ൽ മാണി സാർ പറയുന്നത് വസ്ത്രമേ വേണ്ടായെന്നാണ്. ഏതോ ഒരാൾ ഹോളിവുഡ് സിനിമ കണ്ട് അങ്ങയെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നുവെന്നാണ് എന്റെ പക്ഷം. വിലവർദ്ധനവ് മൂലമുണ്ടാകുന്ന കൊടും ദാരിദ്ര്യവും നിസ്സഹായതയും മനുഷ്യനെ അനാചാ രങ്ങളിലേയ്ക്കും അന്ധവിശ്വാസങ്ങളിലേയ്ക്കും എത്തിക്കുന്നുവെന്ന് ഈ ബഡ്ജറ്റ് വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. ഇവിടെ ശ്രീ. അൻവർ സാദത്ത് വലിയ കാര്യങ്ങൾ പറഞ്ഞു. തൃശ്ശൂരിൽ മധു ഈച്ചരത്തിനെയും ലാൽജി കൊളളന്നൂരിനെയും ആരാണ് കൊന്നത്; ഏന്ത് വിരോധത്തിലാണ് അവരെ കൊന്നത്? ഞാൻ രാഷ്ട്രീയം പറയുന്നില്ല. പക്ഷേ കേട്ട കാര്യങ്ങൾ പറയാതിരിക്കാനും തോന്നുന്നില്ല, അതുകൊണ്ട് പറഞ്ഞതാണ്. സംസ്ഥാന ത്തിന്റെ ചരിത്രത്തിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗം അവഗണിക്കപ്പെട്ട ഒരു ബഡ്ജറ്റാണിതെന്ന് ഭാവിതലമുറ വിലയിരുത്തും. വികസന പദ്ധതിക ളുടെ ആസൂത്രണത്തിൽ ഏറ്റവും പ്രധാനം അടിസ്ഥാന സ്ഥിതിവിവരക്കണ ക്കുകളാണ്. പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യപോലും കൃത്യമായി തയ്യാറാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. എന്റെ മണ്ഡലത്തിലെ ഉണ്ണിക്കുളം, കോട്ടൂർ, പനങ്ങാട്, ബാലുശ്ശേരി, നടുവണ്ണൂർ, കായണ്ണ ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി–പട്ടികവർഗ്ഗ കുടുംബങ്ങളുടെ കണക്ക് നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പക്ഷെ, ഈ ബഡ്ജറ്റിൽ

അവഗണിച്ചു. എന്റെ മണ്ഡലത്തിൽ മാതൃകാ കോളനി അനുവദിച്ചുതന്നില്ല. എന്റെ മണ്ഡലത്തിലെ വാഴൂർമല കോളനി പ്രദേശം ബഹുമാനപ്പെട്ട പട്ടിക ജാതിക്ഷേമ വകുപ്പുമന്ത്രി എ. പി. അനിൽ കുമാർ സന്ദർശിച്ചതാണ്. അദ്ദേഹം അവിടെ ഒരു വിജ്ഞാനവാടി ഉത്ഘാടന വേളയിൽ ഈ സ്ഥലം കണ്ടപ്പോൾ ഓലമേഞ്ഞ മേൽക്കൂരകളുള്ള വീടുകളിലാണോ നമ്മുടെ ആളുകൾ താമസിക്കുന്നതെന്ന് ഉത്കണ്ഠയോടെയും അത്ഭുതത്തോടെയും ചോദിച്ചു. വിജ്ഞാനവാടി ഉത്ഘാടനവേളയിലായതുകൊണ്ട് ഒരു വലിയ ജനക്കൂട്ടം അവിടെ ഉണ്ടായിരുന്നു. ആ കോളനിയുടെ വികസനത്തിന് ഒരു കോടി രൂപയും കുടിവെള്ളത്തിന് 20 ലക്ഷം രൂപയും അദ്ദേഹം പ്രഖ്യാപിച്ചത് ഇപ്പോൾ എവിടെയാണെന്ന് എനിക്ക് അറിയില്ല. ഉദ്യോഗസ്ഥരോട് അന്വേഷിക്കുമ്പോൾ അതിന് യാതൊരു മറുപടിയും കിട്ടുന്നില്ല. അത് ഏതോ ചുവപ്പുനാടയിൽ ആരോ മനഃപ്പൂർവ്വം ആക്കിയതാണോ എന്ന് സംശയിച്ചുപോകുന്നു. ബഡ്ജറ്റിലെങ്കിലും അത് തരണം. ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങളുടെ എണ്ണം ചൂണ്ടിക്കാണിക്കട്ടെ, പട്ടികജാതിക്കാർ - 1675, പട്ടികവർഗ്ഗക്കാർ - 298, കോടതിയിൽ സമർപ്പിച്ച കേസുകൾ - 1973. ഇതിലൊന്നിലും ഇന്നേവരെ ഒരാൾപോലും ശിക്ഷിക്കപ്പെട്ടിട്ടില്ല, ഇത് പരിശോധിക്കേണ്ടതല്ലേ? സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പുതന്നെ ക്ഷേത്രപ്രവേശനത്തിന് കമ്മ്യൂണിസ്റ്റുകാർ അടക്കം സത്യാഗ്രഹം ഇരുന്ന സ്ഥലമാണ് ഗുരുവായൂർ. ആ ഗുരുവായൂർ അമ്പലത്തിലാണ് കഴിഞ്ഞ ദിവസം വാദ്യകലാകാരൻ ശ്രീ ബാബുവിന് ദേവസ്വം ബോർഡ് ഭ്രഷ്ട് കൽപ്പിച്ചത്. എവിടേയ്ക്കാണ് നമ്മൾ പോകുന്നത്? ഗുരുവായൂർ ക്ഷേത്രത്തിന്റെ നിയന്ത്രണത്തിലുള്ള പതിനേഴ് കീഴ്ക്ഷേത്രങ്ങളിലും അയിത്താചാരങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് ഗുരുവായൂർ ദേവസ്വം

രേഖാമൂലം അറിയിച്ചിട്ടുണ്ട്, ഇത് ലജ്ജാകരമാണ്. ഇത് ഭൂതകാലത്തിലേയ്ക്കുള്ള തിരിച്ചുപോക്കല്ലേ? വർത്തമാനകാലത്തെ പരിഷ്ക്കരിച്ചാണ് നമ്മൾ മുന്നോട്ടുപോകേണ്ടത്. അങ്ങനെയൊരു ദിശാബോധം ഈ ഗവൺമെന്റിനും മന്ത്രിക്കും ഉണ്ടായിരുന്നെങ്കിൽ പെട്ടെന്ന് ഇടപെടുമായിരുന്നില്ലേ? പൊതുവിദ്യാഭ്യാസരംഗത്തെ ശക്തിപ്പെടുത്തുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ശക്തമായ നടപടികളാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടന്നത്. വിദ്യാഭ്യാസ ഗുണനിലവാരത്തിന്റെ കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിലെത്തിയതും അതുകൊണ്ടുതന്നെയാണ്. എല്ലാ വിദ്യാലയങ്ങളിലും മാതൃഭാഷ പഠിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തി, പിന്നോക്കം നിൽക്കുന്ന സ്കൂളുകളെ മുന്നോട്ടുകൊണ്ടുവരാൻ പ്രത്യേക പദ്ധതി വിജയകരമായി നടപ്പിലാക്കി, അദ്ധ്യാപക പരിശീലനം ചിട്ടപ്പെടുത്തി. സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തുകയും പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ശക്തിപ്പെടുത്താൻ എസ്.എസ്.എ. എന്ന സംവിധാനത്തെ ഉപയോഗപ്പെടുത്തുകയും ചെയ്തു. മാതൃഭാഷാ ബോധനപരിപാടിക്ക് ബഡ്ജറ്റിൽ തുക മാറ്റിവച്ചതായി കണ്ടില്ല. ഒന്നാം ക്ലാസ് മുതൽ മാതൃഭാഷ പഠിപ്പിക്കണമെന്ന പദ്ധതിക്ക് ആവശ്യമെങ്കിൽ ഫണ്ട് നീക്കിവയ്ക്കണം. മലയാളത്തിന് ശ്രേഷ്ഠപദവി ലഭിച്ചിട്ടും മലയാള സർവ്വകലാശാല വന്നിട്ടും എല്ലാ സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്നില്ല. നിർബന്ധമായും മലയാളം പഠിപ്പിക്കുന്നതിന് മലയാളഭാഷാ നിയമംതന്നെ കൊണ്ടുവരണം. 2006–ൽ തമിഴ്നാട്ടിലും 2008–ൽ പഞ്ചാബിലും അവരുടെ ഔദ്യോഗിക ഭാഷ പഠിപ്പിക്കുന്നതിന് നിയമം ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ ഒരു നിയമം നിർമ്മിക്കാൻ നമ്മൾ തയ്യാറാകണം. കേരളത്തെ മുന്നോട്ടു നയിക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന, ലോകത്തിൽത്തന്നെ സമാനതകളില്ലാത്ത ഒരു ജനകീയ ഗ്രന്ഥ

ശാലാ പ്രസ്ഥാനമായ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുനേരെ ഈ സർക്കാർ വാളോങ്ങുകയാണ്.

2013–14 വർഷത്തിൽ ഗ്രാന്റായി 16,33,54,000 രൂപയും പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയുമാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ചട്ടങ്ങൾ പ്രകാരം ഏപ്രിൽ, ജൂലൈ, ഒക്ടോബർ, ജനുവരി മാസങ്ങളിലായി തുല്യഗഡുക്കളായി നൽകേണ്ട തുകയിൽ ഒരു രൂപപോലും നൽകാതെ ശ്വാസംമുട്ടിച്ചു കൊല്ലുകയാണ്. ഇതുമൂലം ലൈബ്രേറിയൻമാരുടെ തുച്ഛമായ അലവൻസുപോലും നൽകാൻ കഴിയുന്നില്ല. നമ്മുടെ അക്ഷരവെളിച്ചമായ ഗ്രാമങ്ങളിലെ ലൈബ്രറികളെ നശിപ്പിക്കുന്ന ഒരു സംവിധാനമാണിത്. കേരള പബ്ലിക് ലൈബ്രറീസ് ആക്ടനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന കെട്ടിട നികുതിയുടെ അഞ്ച് ശതമാനം ലൈബ്രറി സെസ് ശേഖരിച്ച് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നൽകുമായിരുന്നു. ഈ സർക്കാർ നിയോഗിച്ച കമ്മിറ്റിയാകട്ടെ ലൈബ്രറി സെസ് അഞ്ച് ശതമാനമെന്നത് ഒരു ശതമാനമാക്കി വെട്ടിച്ചുരുക്കി, നാല് ശതമാനം സാംസ്കാരിക വകുപ്പിന് നൽകാൻ ശുപാർശ ചെയ്യുകയാണുണ്ടായത്. പുസ്തകങ്ങളെ പൂജിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരാണ് നമ്മൾ, അതാണ് നമ്മുടെ പാരമ്പര്യം. അറിവിന് പരന്ന വായന കൂടിയേതീരൂ. പ്രശസ്ത എഴുത്തുകാരെ അറിയാൻ, കാലത്തെ മനസ്സിലാക്കാൻ, ആചാരങ്ങളും അനുഷ്ഠാനങ്ങളും മനസ്സിലാക്കാൻ, പുതിയ തലമുറയ്ക്ക് പുസ്തകങ്ങൾ, ക്ലാസിക്കുകൾ വായിക്കാൻ സൗകര്യമുണ്ടാകണം. അതിന് നമ്മുടെ ഗ്രാമീണ കലാസമിതികളും അതുപോലെതന്നെ വായനശാലകളും ശക്തിപ്പെടുത്തണം. വായന മനുഷ്യസഹജമായ ഒരു വികാരമാണ്. മനുഷ്യനെ സ്വയം പൂർണ്ണതയിലേയ്ക്കും ഉയർന്ന

ചിന്തയിലേയ്ക്കും നയിക്കുന്നത് വായനാസംസ്കാരമാണ്. നല്ല മനസ്സും വിമോചന ദാഹവും വറ്റാതിരിക്കാൻ എഴുത്തുകാർ മുന്നോട്ടുവരണം. ലൈബ്രറി കൗൺസിൽ നടത്തിയിരുന്ന പുസ്തകമേള നമ്മുടെ എഴുത്തു കാർക്ക് വലിയ പ്രതീക്ഷയും അനുഗ്രഹവുമായിരുന്നു. ധാരാളം പുസ്തക ങ്ങൾ വിറ്റഴിഞ്ഞിരുന്നു. നമ്മുടെ ഗ്രാമീണ വായനശാലകൾ സമ്പന്നമായി. നമ്മുടെ ദേശീയ നേതാക്കളും നവോത്ഥാന നായകരും അധിനി വേശസംസ്കാരത്തെ പ്രതിരോധിക്കാൻ കണ്ണിചേർത്തത് കലാകാരൻമാ രെയും സാഹിത്യകാരൻമാരെയുമായിരുന്നു. ഗ്രാമീണ കലാസമിതികളും വായനശാലകളും അവർ നാട്ടിലാകെ സ്ഥാപിച്ചു. ആ പൈതൃകം നമ്മൾ മന സ്സിലാക്കണം. അതുകൊണ്ട് ലൈബ്രറി കൗൺസിലിനെ നിലനിർത്തുന്നതിനാ വശ്യമായ ഫണ്ട് മാറ്റിവയ്ക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുന്നു. സമഗ്ര മായ പോഷകാഹാര പദ്ധതിക്ക് രൂപം നൽകണം. ആരോഗ്യരംഗത്ത് ജില്ലാ താലൂക്ക് കേന്ദ്രങ്ങൾക്കുകൂടി ഫണ്ട് അനുവദിക്കണം. മേൽത്തട്ടിലുള്ള ആശു പത്രികളെക്കുറിച്ച് മാത്രമാണ് ഇപ്പോൾ സംസാരിക്കുന്നത്. മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവകൂടാതെ രോഗങ്ങൾ വളരെയധികം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രാദേശികമായ സി.എച്ച്. സി.കൾകൂടി മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനമുണ്ടാകണം. പ്രഭാതഭക്ഷ ണവും പാൽ, മുട്ട തുടങ്ങിയ വിവിധ പോഷകാഹാരങ്ങളും ഉച്ചഭക്ഷണവും ഉൾപ്പെടെയുള്ള പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ ത്തോടെ സ്കൂളുകളിൽ ആരംഭിച്ചിരുന്നു. എന്നാൽ യു.ഡി.എഫ്. സർക്കാർ വന്നപ്പോൾ കേന്ദ്രം നൽകുന്ന അരി മാത്രമാണ് വിതരണം ചെയ്യുന്നത്. അനു വദിച്ച ഫണ്ടുപോലും നൽകാതെ കുഞ്ഞുങ്ങൾക്കുള്ള പോഷകാഹാര പദ്ധതി തകർക്കുകയും ഉച്ചക്കഞ്ഞിപോലും തുടരാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക്

തള്ളിവിട്ടിരിക്കുകയുമാണ്. സൗജന്യ യൂണിഫോമിന്റെ സ്ഥിതി ഇതിനേക്കാൾ പരിതാപകരമാണ്. കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന എല്ലാ പദ്ധതികളും ഘട്ടംഘട്ടമായി ഈ സർക്കാർ നിറുത്തലാക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ആദിവാസികൾക്ക് പോഷകാഹാരത്തിനു വേണ്ടി കൊടുക്കുന്നത് 4 രൂപയാണ്. പ്രത്യേക പാക്കേജായി 12 രൂപ കൊടുക്കുമെന്ന് കേരള നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതാണ്. എന്നാൽ ഇന്നുവരെ അതിനുള്ള പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. 4 രൂപയാണ് ഇപ്പോഴും കൊടുക്കുന്നത്, അതുകൊണ്ട് പോഷകാഹാരം വാങ്ങാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട പുരുഷൻ കടലുണ്ടിക്ക് അറിയാവുന്നതല്ലേ?

ശ്രീ. പുരുഷൻ കടലുണ്ടി: അതിനുള്ള പാക്കേജ് ഗവൺമെന്റ് പ്രഖ്യാപിക്കണം. ആരോഗ്യരംഗത്ത് എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ ആരോഗ്യ സുരക്ഷാ പദ്ധതി അട്ടിമറിക്കപ്പെട്ടു. പല പഞ്ചായത്തുകളും പട്ടികജാതി–പട്ടികവർഗ്ഗ വകുപ്പുകളും പ്ലാൻ ഫണ്ടുകൾ ചെലവഴിക്കാത്തത് എന്തുകൊണ്ടെന്ന് പരിശോധിക്കാൻ സംവിധാനമുണ്ടാകണം. ബഡ്ജറ്റ് പാസ്സാക്കിയതുകൊണ്ട് മാത്രം കാര്യമില്ല. പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനമുണ്ടാകണം. അതിന്റെ ഫോളോ–അപ് ഉണ്ടാകണം. സി.എച്ച്.സി.കളിൽപ്പോലും ആവശ്യത്തിന് ഡോക്ടർമാരും സ്റ്റാഫും ഇല്ലാത്ത അവസ്ഥ ഇന്നുണ്ട്. രോഗിക്ക് ഒരു അറ്റാക്ക് വന്നാൽ മൈലുകൾ താണ്ടി പ്രൈവറ്റ് ഹോസ്പിറ്റലിലേയ്ക്കോ മെഡിക്കൽ കോളേജിലേയ്ക്കോ കൊണ്ടുപോകണം. സി.എച്ച്.സി.കളിൽ നിർബന്ധമായും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം. അതിനായി ഏതു സംവിധാനം

ആവശ്യമാണെങ്കിലും ബഡ്ജറ്റിൽ അതുൾക്കൊള്ളിക്കണം. കാരുണ്യ പദ്ധതി നടപ്പിലാക്കിയതിനാണ് അങ്ങയെ ലോകം പുകഴ്ത്തുന്നത്. ആരോഗ്യമുള്ള മനസ്സും ശരീരവുമുള്ള ജനതയാണ് ഒരു നാടിന്റെ ചൈതന്യം. അതുകൊണ്ട് മേൽത്തട്ടിലുള്ള ആശുപത്രികൾ മാത്രമല്ല സി.എച്ച്.സികൾ കൂടി ശക്തിപ്പെടുത്തി ആരോഗ്യരംഗം ശക്തിപ്പെടുത്താൻ ബഡ്ജറ്റിൽ ഫണ്ട് മാറ്റിവയ്ക്കണം. ‘നിറവ്’ പദ്ധതി നടപ്പിലാക്കുന്ന ഒരു മണ്ഡലമാണ് എന്റേത്. കേരളത്തിൽ നാലോ അഞ്ചോ ഭക്ഷ്യസംസ്കരണ കേന്ദ്രങ്ങളുള്ളതിൽ ഒന്നാണത്. അതിനെ ഹൈടെക് ആക്കാമെന്ന് കൃഷി വകുപ്പുമന്ത്രി പറഞ്ഞതാണ്. പക്ഷേ, അതിനുള്ള തുക വരുത്തിയിട്ടുണ്ടോ എന്ന് അറിയില്ല. ഏതായാലും കേന്ദ്ര ഫണ്ട് കൂടി ഉൾപ്പെടുത്തി ചെയ്യുന്നതിന് അങ്ങയുടെ ശ്രദ്ധയുണ്ടാകണം. മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തണം. അങ്ങനെ ചെയ്തില്ലെങ്കിൽ ജനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ അവഗണനയായി ഈ ബഡ്ജറ്റിനെ വിലയിരുത്തുമെന്ന് ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ഞാൻ ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ ശക്തിയുക്തം എതിർക്കുകയാണ്. ഐക്യകേരളത്തിൽ ഏറ്റവും കൂടുതൽ തവണ, 12 തവണ സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിച്ച വ്യക്തി എന്ന സൗഭാഗ്യം സിദ്ധിച്ച ബഹുമാനപ്പെട്ട മാണിസാറിന്റെ 2014–15 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വളരെയധികം നിരാശപ്പെടുത്തുന്ന ബഡ്ജറ്റാണെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ദുരിതമനുഭവിക്കുന്ന സാധാരണ ജനങ്ങളുടെ കഠിനജീവിതത്തോട് മുഖം തിരിഞ്ഞുനിൽക്കുന്ന ബഡ്ജറ്റാണ് അങ്ങ് ഇവിടെ അവതരിപ്പിച്ചത്. യു.ഡി.എഫ്.ന്റെ കണ്ണും മനസ്സും വാക്കും കർമ്മങ്ങളും എന്നും ജനങ്ങൾക്കൊപ്പമാണെന്നാണ് ബഡ്ജറ്റ് പ്രസംഗത്തിന്റെ

അവസാനഭാഗത്ത് വിദുരവാക്യം ഉദ്ധരിച്ചുകൊണ്ട് അങ്ങ് ഇവിടെ പ്രതിപാദിച്ചത്. അങ്ങ് അവകാശപ്പെടുന്നതുപോലെ ജനങ്ങൾ ഒട്ടും സന്തുഷ്ടരല്ല. ഈ ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങ് ആറ് സ്ഥലത്ത് സാമ്പത്തിക മാന്ദ്യമെന്ന വാക്ക് പ്രയോഗിച്ചു. വികസനവിരുദ്ധമായ ആഗോളവൽക്കരണ നയങ്ങൾ മൻമോഹൻസിംഗ് സർക്കാർ തുടരുന്നതുകൊണ്ടല്ലേ ഈ സാമ്പത്തിക വളർച്ചാമാന്ദ്യം കേരളത്തിലും അനുഭവപ്പെടുന്നത്? കേന്ദ്ര സർക്കാരിന്റെ ചൊൽപ്പടിക്കനുസരിച്ച് കേരളത്തിലും ഭരണം നടത്തുന്ന യു.ഡി.എഫ്. സർക്കാരിന് മാന്ദ്യത്തെക്കുറിച്ച് പറയാൻ വാസ്തവത്തിൽ നാണക്കേട് തോന്നുന്നില്ലേ? പാവപ്പെട്ട മനുഷ്യരുടെ ദുരിതജീവിതത്തോട് മുഖം തിരിഞ്ഞുനിൽക്കുന്ന ഭരണവും ബഡ്ജറ്റുമാണ് 2014–15–ലേത്. കേരളമെന്ന ഉപഭോക്തൃ സംസ്ഥാനത്ത് വിലക്കയറ്റം ഇത്രയും രൂക്ഷമായ കാലമുണ്ടായിട്ടില്ല. പെട്രോൾ, ഡീസൽ വില, പാചകവാതക വില എന്നിവ പല തവണ വർദ്ധിപ്പിച്ചത്. ഊർജ്ജവിഭവങ്ങളുടെ വില വർദ്ധിപ്പിക്കുമ്പോൾ സമാന്തരമായി നിത്യോപയോഗ സാധനങ്ങളുടെ ഉൾപ്പെടെ എല്ലാത്തിന്റെയും വില വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഈ ഭൂഖണ്ഡത്തിൽ ജീവിക്കുന്ന ജനജീവിതങ്ങളുടെ ദു:സ്സഹമായ സാമൂഹ്യപശ്ചാത്തലം നമ്മൾ മനസ്സിലാക്കേണ്ടതല്ലേ; ഇങ്ങനെ വില വർദ്ധിച്ചാൽ ഈ നാട്ടിൽ എങ്ങനെയാണ് ജനങ്ങൾ അതിജീവിക്കുന്നത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചപ്പോഴെല്ലാം വിലക്കയറ്റം പിടിച്ചുനിറുത്താൻ ഫലപ്രദമായ പദ്ധതികളും നടപടികളും സ്വീകരിച്ചിരുന്നു. യു.ഡി.എഫ്. സർക്കാർ ജനങ്ങളെ കൊള്ളലാഭക്കാർക്ക് എറിഞ്ഞുകൊടുക്കുകയാണ് ചെയ്യുന്നത്. മാവേലി സ്റ്റോറുകളും റേഷൻ ഷോപ്പുകളും ഉത്സവച്ചന്തകളുമൊക്കെ കാഴ്ചവസ്തുക്കളാക്കി മാറ്റിയത് ഈ സർക്കാരിന്റെ കാല

ത്തല്ലേ; സാധനങ്ങൾ വാങ്ങാൻ ഏതെങ്കിലും പൊതുവിതരണ കേന്ദ്രത്തിന്റെ മുമ്പിൽ ഇപ്പോൾ ജനങ്ങൾ ക്യൂ നിൽക്കുന്നുണ്ടോ; ഈ ബഡ്ജറ്റിൽ ഏതാനും കോടി രൂപ കമ്പോള ഇടപെടലിന് നീക്കിവച്ചു എന്നു പറയുന്നത ല്ലാതെ ഫലപ്രദമായ ഒരു നടപടിയും നിർദ്ദേശിക്കുന്നില്ല. ജനജീവിതത്തിന്റെ അടിസ്ഥാനപരമായ കൃഷിയെക്കുറിച്ച് ബഡ്ജറ്റിൽ അങ്ങ് പ്രതിപാദിക്കുന്നു ണ്ടെങ്കിൽപ്പോലും ഇക്കാര്യത്തിൽ ഗൗരവമായ എന്ത് ഇടപെടലുകളാണ് ഈ സർക്കാർ ഇനി നടത്താൻ പോകുന്നതെന്ന് നമുക്ക് കണ്ടറിയാം. കൃഷി രക്ഷ പ്പെടണമെങ്കിൽ കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കണം. കൃഷിക്കാരന് ജീവിക്കാൻ കഴിയണമെങ്കിൽ കൃഷി ലാഭകരമാകണം. അതി നുള്ള യാതൊരു നടപടികളും ഈ ബഡ്ജറ്റിൽ നിർദ്ദേശിച്ചുകാണുന്നില്ല. ഇട നിലക്കാരിൽ നിന്ന് കാർഷികോത്പാദകരെ രക്ഷിക്കാൻ ഈ സർക്കാരിന് എന്ത് പരിപാടികളാണുള്ളത്? ഉത്പാദനച്ചെലവ് പോലും നൽകാതെ കേരള ത്തിലെ നെൽക്കർഷകരെ ഈ അവസ്ഥയിൽ ഇടനിലക്കാർ ചൂഷണം ചെയ്യു കയാണ്. കേരളത്തിന്റെ നെല്ലറയായ പാലക്കാട്ടെയും കുട്ടനാട്ടിലെയുമൊക്കെ നെൽക്കൃഷിക്കാരുടെ ഹൃദയത്തിൽനിന്നുയരുന്ന രോദനം അങ്ങ് കേൾക്കു ന്നുണ്ടോ; ഹൈടെക് കൃഷിയെക്കുറിച്ചും മികച്ച ഉത്പാദന വർദ്ധനവിനെക്കു റിച്ചും വെർട്ടിക്കൽ ഫാമിംഗിനെക്കുറിച്ചുമൊക്കെ അങ്ങ് വാചാലനാകുമ്പോൾ വിളവെടുക്കുന്ന സമയത്ത് കർഷകന് മികച്ച വില ലഭ്യമാക്കാൻ എന്തുകൊ ണ്ടാണ് കഴിയാത്തത്; കൃഷിസ്ഥലത്ത് ചെന്ന് ഉയർന്ന വില നൽകി കാർഷിക വിഭവങ്ങൾ സംഭരിക്കാൻ എന്ത് പരിപാടികളാണ് അങ്ങ് ഈ ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിട്ടുള്ളത്; കുറെ പണം നീക്കിവച്ചതുകൊണ്ട് എന്തു കാര്യമാണു ള്ളത്?

ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങ് റബ്ബറിന്റെ കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ടെങ്കിലും നെല്ലിന്റെയും നാളികേരത്തിന്റെയും കാര്യം പറയാതിരുന്നത് എന്തു കൊണ്ടാണ്? നാളികേരം ഒന്നാന്തരമൊരു അസംസ്കൃത വസ്തു ആണെങ്കിലും കർഷകന് വില ലഭിക്കുന്നില്ല. നാളികേരത്തിന് താങ്ങുവിലകൾ പ്രഖ്യാപനത്തിൽ അല്ലാതെ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല. കൃഷിക്കാരന് പ്രഖ്യാപനമല്ല വേണ്ടത്, ഫലപ്രദമായ നടപടികളും സാന്ത്വനവും സഹായവുമാകുന്ന അവശ്യ പദ്ധതികളാണ് താങ്കൾ ഈ ബഡ്ജറ്റിൽ അവതരിപ്പിക്കേണ്ടത്. കൃഷി രക്ഷപ്പെടാനും കർഷകരുടെ ജീവിത സുരക്ഷ ഉറപ്പു വരുത്താനുമുള്ള ഒരു നിർദ്ദേശം ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. സർക്കാർ ജീവനക്കാർക്ക് ശമ്പളവും പെൻഷനും ഇതര ആനുകൂല്യങ്ങളും നൽകുന്നതുപോലെ വർഷത്തിൽ നിശ്ചിത അളവിൽ വിവിധ കർഷക വിഭവങ്ങൾ ഉത്പാദിപ്പിക്കുന്ന കർഷകന് ശമ്പളവും പെൻഷനും നൽകാനുള്ള നടപടി സ്വീകരിക്കാൻ ഞാനൊരു നിർദ്ദേശം അങ്ങയുടെ മുന്നിൽ സമർപ്പിക്കുകയാണ്. ജലസമൃദ്ധകേരളമെന്ന അങ്ങയുടെ ബഡ്ജറ്റിലെ പ്രയോഗം കേൾക്കാൻ നല്ല രസമാണ്. ശുദ്ധജലം കിട്ടാതെ വലിയ ഒരു പ്രതിസന്ധിയിലാണ് കേരളം നിൽക്കുന്നത്. നമ്മുടെ നഗരത്തിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന കുപ്പത്തൊട്ടികളായി നമ്മുടെ നദികളും ജലാശയങ്ങളും മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മാണി സാർ, അങ്ങ് മീനച്ചൽ ആറിന്റെ തീരത്ത് ജനിച്ചു വളർന്നുവന്നതല്ലേ. മീനച്ചൽ ഉൾപ്പെടെ കേരളത്തിലെ നദികളുടെയും ജലാശയങ്ങളുടെയും സമൃദ്ധിയും വിശുദ്ധിയും നിലനിർത്താൻ ബഹുമാനപ്പെട്ട മാണിസാർ ഈ ബഡ്ജറ്റിൽ എന്ത് പദ്ധതിയാണ് വിവരിച്ചിട്ടുള്ളത്? എനിക്ക് ഒറ്റകാര്യം കൂടി ബഡ്ജറ്റ് നിർദ്ദേശത്തിൽ പറയാനുണ്ട്. ഈ ബഡ്ജറ്റിൽ എറണാകുളം പരി

സരങ്ങളിലുള്ള ഫർണിച്ചർ യൂണിറ്റുകളെ സഹായിക്കുവാൻ ആറര കോടി ചെലവിൽ ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കുവാൻ അങ്ങ് ഇവിടെ വാഗ്ദാനം ചെയ്തിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലമായ നാട്ടിക മണ്ഡലത്തിലെ ചൊവ്വൂർ പ്രദേശത്ത് ഫർണിച്ചർ മേഖല വലിയ ഒരു വ്യവസായത്തിന് നേതൃത്വം കൊടുക്കുവാൻ സാധ്യതയുള്ള മേഖലയാണ്. ഫർണിച്ചറിനുപുറമെ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും മനോഹരമായ ദാരുശില്പങ്ങളും ലക്ഷക്കണക്കിന് ആനശില്പങ്ങളും ഫർണിച്ചർ തൊഴിലാളികൾ പണിത് കയറ്റി അയയ്ക്കുന്ന ഒരു മേഖലയാണ്. നാട്ടിക മണ്ഡലത്തിലെ ചൊവ്വൂരിലെ വിദഗ്ദ്ധരായ മരപ്പണിക്കാരുടെ കരവിരുത് കൊണ്ടാണ് ഈ വ്യവസായം നാട്ടിക കേന്ദ്രമാക്കി വികസിപ്പിച്ചെടുക്കാൻ ഈ ബഡ്ജറ്റിൽ വലിയ ഒരു തുക അങ്ങ് അനുവദിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. വ്യവസായ വളർച്ചയ്ക്ക് ഊർജ്ജത്തിന്റെ ലഭ്യത അനിവാര്യമാണ്. എൽ.ഡി.എഫ്. ഭരിച്ചപ്പോൾ ഇല്ലാതിരുന്ന ലോഡ് ഷെഡ്ഡിംഗും പവർകട്ടുകളും ഇപ്പോൾ കേരളത്തിൽ നിത്യസംഭവമാണ്. വ്യവസായം രക്ഷപ്പെടാൻ അങ്ങ് എറണാകുളം മേഖലയെ ബോധ്യപ്പെടുത്തിയതുപോലെ നാട്ടിക മണ്ഡലത്തിലെ ചൊവ്വൂർ മേഖലയിൽ ഫർണിച്ചർ വ്യവസായത്തിത് വലിയ ഒരു വികസനം കൊണ്ടുവരാൻ അങ്ങ് ഈ ബഡ്ജറ്റിൽ ഒരു സാധ്യത ഉൾപ്പെടുത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് അറിയാവുന്ന തീരദേശത്തുനിന്നുവരുന്ന ഒരു എം.എൽ.എ.യാണ്. ഏറെ ദുരിതം അനുഭവിക്കുന്ന ജനവിഭാഗംതന്നെയാണ് മത്സ്യത്തൊഴിലാളികൾ. കൃഷിക്കാരെ പോലെതന്നെ ഇടത്തട്ടുകാരുടെ വലിയ ഒരു ചൂഷണത്തിന് വിധേയരാകുന്ന ഒരു സമൂഹമാണ് മത്സ്യത്തൊഴിലാളികൾ. ഇവർക്ക് മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകാൻ

തീരുമാനിച്ചത് നല്ല കാര്യമാണെങ്കിലും മികച്ച ഉൽപ്പന്ന വില ലഭ്യമാക്കാനും ട്രോളിംഗ് നിരോധന കാലത്തും വറുതിക്കാലത്തും മത്സ്യത്തൊഴിലാളികളുടെ ജീവിതം വലിയ ഒരു അളവിൽ നിലനിർത്താനുള്ള നിർദ്ദേശങ്ങളൊന്നും ഈ ബഡ്ജറ്റിൽ കാണുന്നില്ല. പാവപ്പെട്ട മത്സ്യത്തൊഴിലാളികളോട് കുറെക്കൂടി സഹാനുഭൂതി അങ്ങ് ഈ ബഡ്ജറ്റിൽ കാണിക്കണമെന്ന് ഒരു അഭ്യർത്ഥനയുണ്ട്. ഒരു നിർദ്ദേശം കൂടി അങ്ങയോട് ബോദ്ധ്യപ്പെടുത്താനുണ്ട്. ആഭ്യന്തരവകുപ്പിന്റെ സ്വന്തമായൊരു ഭൂമി എന്റെ മണ്ഡലത്തിലുണ്ട്. പെരുങ്ങോട്ടുകരയിൽ യഥാർത്ഥത്തിൽ ഒരു പോലീസ് സ്റ്റേഷൻ ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ ബഡ്ജറ്റുകളിലെല്ലാം ഞാൻ നിർദ്ദേശങ്ങൾ നൽകിയിരുന്നു. പല മണ്ഡലങ്ങളിലും പോലീസ് സ്റ്റേഷനുകൾ അനുവദിച്ചതായി ബഹുമാനപ്പെട്ട മാണിസാർ ബഡ്ജറ്റിൽ വായിച്ചതായി കേട്ടു. എന്റെ മണ്ഡലത്തിലെ പെരുങ്ങോട്ടുകര ആഭ്യന്തര വകുപ്പിന്റെ കൈവശം ഉണ്ടായിരുന്നിട്ടുപോലും ഇതുവരെ ഒരു പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടില്ല. ഈ സഭയിൽ പലതവണ സബ്മിഷനിലൂടെ ഈ കാര്യം ഉന്നയിച്ചതുമാണ്. ഇപ്പോൾ പ്രസ്തുത ഫയൽ ബഹുമാനപ്പെട്ട മാണിസാറിന്റെ ഓഫീസിൽ ധനകാര്യവകുപ്പിന്റെ അനുമതി കാത്തുകിടക്കുകയാണ്. ഈ ബഡ്ജറ്റിലെങ്കിലും പെരിങ്ങോട്ടുകരയിൽ ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മാണിസാറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പംതന്നെ നാട്ടിക തീരദേശ മേഖലയാണ്. വലപ്പാട്, തളിക്കുളം, നാട്ടിക തീരദേശ മേഖലയിൽ കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ ഏകദേശം പതിനൊന്നോളം വീടുകളും 23 ഷോപ്പുകളുമാണ് കത്തി നശിച്ചത്. ഈ മേഖലയിൽ അടിയന്തരമായി ഏറ്റവും അത്യാവശ്യമായി കഴിഞ്ഞ 2004-ൽ ആവശ്യപ്പെട്ടതാണ്

ഒരു ഫയർ സ്റ്റേഷൻ. 2004 മുതൽ കഴിഞ്ഞ വർഷം മുതൽ അസറ്റ് ഫണ്ടിലും ബഡ്ജറ്റിലും ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ഞാൻ ഒരു അപേക്ഷ കൊടുത്തിരുന്നു. ഇതുവരെ അതിന്റെ നടപടികളൊന്നും ആയി ട്ടില്ല. അസറ്റ് ഡെവലപ്മെന്റ് ഫണ്ടിലും ഒരു ഫയർ സ്റ്റേഷനുവേണ്ടി രണ്ടു കോടി രൂപ അനുവദിച്ച് നൽകണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പിന് കത്ത് കൊടുത്തതാണ്. ഇതുവരെയും അതിന്റെ നടപടികൾ ഒന്നും ആയിട്ടില്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ലാന്റ് കമ്മീഷണറും ബഹുമാന പ്പെട്ട റവന്യൂ മന്ത്രിയും ഉൾപ്പെടെ ഭൂമി നൽകുന്നതിനും അതിനുള്ള അടിയ ന്തര നടപടിയും ഡിസ്ട്രിക്ട് കളക്ടർക്ക് സമർപ്പിക്കുകയും ഫയർ സ്റ്റേഷനു വേണ്ടിയുള്ള എല്ലാ നടപടികളും അസറ്റ് ഫണ്ടിൽനിന്ന് അനുവദിക്കാവുന്ന താണെന്നൊരു കത്ത് ലഭിക്കുകയല്ലാതെ ഒന്നര വർഷത്തിനുള്ളിൽ അതിന്റെ മേൽ ഒരുനടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മാണിസാർ, ഗുരുവായൂരിൽ നിന്നും ഇരിങ്ങാലക്കുടയിൽ നിന്നും ഫയർ സ്റ്റേഷൻ സഹാ യത്തോടുകൂടിയാണ് നാട്ടിക തീരദേശമേഖലയിൽവരുന്ന അപകടങ്ങൾക്ക് ഒരു ഏക ആശ്രയം. ഈ രണ്ട് മേഖലയിൽ നിന്നും ഫയർ സ്റ്റേഷൻ വരു മ്പോൾ നിലവിലുള്ള സ്ഥാപനങ്ങൾ കത്തി നശിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഈയൊരു നിർദ്ദേശവും അഭ്യർത്ഥനയും മാനിച്ചുകൊണ്ട് ഈ വർഷത്തെ ബഡ്ജറ്റിലെങ്കിലും അങ്ങ് ഫയർ സ്റ്റേഷന് ഫണ്ട് ഉൾപ്പെടുത്തി തരണമെന്നുള്ള ഒരു അഭ്യർത്ഥനയുണ്ട്. അതോടൊപ്പംതന്നെ ചേർപ്പ്–എട്ടുമു ന മേഖലയിൽ താല്ക്കാലികമായി ലക്ഷങ്ങൾ ചെവഴിച്ചുകൊണ്ടാണ് ബണ്ടു കൾ നിർമ്മിച്ച് അവിടെയുള്ള ഉപ്പുവെള്ളം തടയുന്നത്. കഴിഞ്ഞവർഷം ഒരു പാലവും റെഗുലേറ്റർ സംവിധാനവും അടക്കം ഏകദേശം 95 ലക്ഷത്തിന്റെ

വർക്ക് അവിടെ പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ഷട്ടർ ഇട്ട് ഉപ്പുവെള്ളത്തെ തടയുന്ന ഒരു പ്രവൃത്തി മാത്രമാണ് വേണ്ടത്. ഷട്ടർ ഇടുന്ന വർക്ക് ഏറ്റവും അടിയന്തരമായി അങ്ങ് ഈ ബഡ്ജറ്റിൽ ഫണ്ട് ഉൾപ്പെടുത്തി തീരദേശ മേഖലയിൽ ഉപ്പുവെള്ളം തടയുന്നതിന് സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകണമെന്ന് ഈ ബഡ്ജറ്റിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒറ്റകാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കൃഷി സംബന്ധമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ, പൊന്നാനി കോൾ മേഖല പാക്കേജുമായി വിപുലമായിട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു എന്നു പറയുന്നതല്ലാതെ ഇതുവരെ അതിന്റെ നടപടികളോ പ്രവർത്തനങ്ങളോ ഒന്നും തന്നെ ത്വരിതപ്പെടുത്തിയതായി കാണുന്നില്ല. ഇത് തൃശ്ശൂർ ജില്ലയിലെ കൃഷിക്കാരോടും കാർഷികമേഖലയോടുമുള്ള അവഗണനയാണ്. എത്രയും പെട്ടെന്ന് ഇതു സംബന്ധിച്ചുള്ള പരിപാടികളും പ്രവർത്തനങ്ങളും കൃഷിക്കാരുടെയിടയിൽ നടത്തുന്നതല്ലാതെ യാതൊരു പ്രവർത്തന നടപടിയും ഇതുവരെ നടത്തിയിട്ടില്ല. ഇത് യഥാർത്ഥത്തിൽ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ജനങ്ങളോടും കൃഷിക്കാരോടുമുള്ള ഒരു വെല്ലുവിളിയല്ലേ? ഇതെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് കൃഷിക്കാരോട് കാണിക്കുന്ന ഏറ്റവും വലിയ ഒരു അനീതിയാണ് ഈ അവസരത്തിൽ കാണിക്കുന്നത്. ഇതു സംബന്ധിച്ച് യാതൊരു നടപടികളും ഈ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടില്ല. വ്യവസായരംഗത്ത് വലിയ ഒരു വളർച്ച വിപുലപ്പെടുത്തി എടുക്കാൻ കേരളത്തിലെ സംസ്ഥാന സർക്കാരിന്റെ ഈ ബഡ്ജറ്റിൽ വ്യവസായം വളരണം എന്നുമാത്രമല്ലാതെ എന്തൊക്കെയാണ് ഈ ബഡ്ജറ്റിനെ പ്രതിപാദിച്ച് കേരളത്തിൽ നടപ്പിലാക്കാൻ പോകുന്നു എന്നുള്ള കാര്യം വളരെ വ്യക്തമായി ബഡ്ജറ്റിൽ പ്രതിപാദിക്കുന്നില്ല. തുണി മേഖലയിൽ ഉൾപ്പെടുത്തിയി

ട്ടുള്ള നികുതി അങ്ങ് പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. യഥാർത്ഥത്തിൽ മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിന്റെ വളരെ പ്രധാനപ്പെട്ട ന്യൂനതകളും ജനങ്ങൾ ഏറ്റവും ദു:ഖകരമായിട്ടുള്ള അവസ്ഥയോടും കൂടിയിട്ടാണ് ബഡ്ജറ്റിനെ വീക്ഷിക്കുന്നത്. തീർച്ചയായും ഈ ബഡ്ജറ്റിന്റെ നിർദ്ദേശങ്ങൾ ഞാൻ ഇവിടെ അവതരിപ്പിച്ച നിർദ്ദേശങ്ങളും നാട്ടികയുടെ തീരദേശ മേഖലയിലെ വികസനങ്ങൾക്ക് പറഞ്ഞ ഈ നാല് നിർദ്ദേശങ്ങളും അങ്ങ് വളരെയധികം ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നാട്ടിക തീരദേശ മത്സ്യത്തൊഴിലാളികൾക്കും ഇതരവിഭാഗങ്ങൾക്കുമായി നീതി കാണിക്കുമെന്നുമുള്ള ഉറപ്പോടെ ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി : സർ, ഈ ബഡ്ജറ്റിനെ ഞാൻ സസന്തോഷം പിന്താങ്ങുകയാണ്. ഒരു തുണ്ടു ഭൂമിയിൽ കൃഷി ചെയ്യുന്ന പാവപ്പെട്ട കർഷകൻ മുതൽ ജീവിക്കാൻ വേണ്ടി പാചകവൃത്തി ചെയ്യുന്ന പാചകത്തൊഴിലാളിക്കു വരെ ആനുകൂല്യം പ്രഖ്യാപിച്ച ഈ മികച്ച ബഡ്ജറ്റിനെ പാവപ്പെട്ടവരെ സ്നേഹിക്കുന്നവർക്ക് എങ്ങനെയാണ് മറക്കാതിരിക്കാൻ കഴിയുന്നത്. ഇവിടെ ശ്രീ. കെ. എം. മാണിസാറിന്റെ പ്രസിദ്ധമായ ഒരു വാക്യമുണ്ട്. അതായത് വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും ചെയ്യുന്ന പാർട്ടിയാണ്. അതുപോലെ അതിന് ഒരു ചെറിയ ഭേദം വരുത്തുകയാണ്. മാണിസാർ ജനങ്ങളുമായി അടക്കുന്തോറും അവർക്ക് ആനുകൂല്യങ്ങൾ കൂട്ടിക്കൊണ്ടിരിക്കുകയും ആനുകൂല്യങ്ങൾ കൂടുന്തോറും ജനങ്ങൾ മാണിസാറുമായി അടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. മാണിസാർ യു.ഡി.എഫ്.–ന്റെയും ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെയും മുഖമുദ്രയാണ്. ഇവിടെ ഒരു ബഡ്ജറ്റിനെ വിലയിരുത്തുമ്പോൾ വസ്തുനിഷ്ഠമായി വിലയിരുത്തണം.

വെറുതെ പറഞ്ഞിട്ട് കാര്യമില്ല. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങളിൽ പാവപ്പെട്ടവർക്കുവേണ്ടി എത്ര എത്ര കാര്യങ്ങളാണ് ചെയ്തത്. ഇവിടെ സ്വാഭാവികമായും മാണിസാർ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ വസ്തുനിഷ്ഠ മായി സാമ്പത്തിക സ്ഥിതി വളരെ വ്യക്തമായി പറഞ്ഞുകൊണ്ടാണ് ഇത് ചെയ്തത്. കാരണം ഇവിടെ നടപ്പാക്കിയതുതന്നെ പറയാം. സ്വപ്നത്തിൽ പോലും ഒരിക്കലും വിചാരിക്കാത്തതാണ് ഒരു രൂപക്ക് അരി ബി.പി.എൽ. കാർക്ക് കൊടുത്തില്ലേ? എ.പി.എൽ. കാർക്ക് രണ്ടുരൂപയ്ക്ക് അരിയും കൊടുത്തു.

കേരളത്തിൽ എത്ര മെഡിക്കൽ കോളേജുകളാണുണ്ടായിരുന്നത്. മെഡിക്കൽ കോളേജെന്നുപറഞ്ഞാൽ പാവപ്പെട്ടവർ മാത്രം പോകുന്ന ആശു പത്രിയാണ്. ഒരുവിധം നിവൃത്തിയുള്ളവർ പ്രൈവറ്റ് ഹോസ്പിറ്റലിലാണ് പോകുന്നത്. മെഡിക്കൽ കോളേജില്ലാത്ത എല്ലാ സ്ഥലത്തും മെഡിക്കൽ കോളേജുകൾ കൊടുത്തത് നിസ്സാര സംഭവമാണോ; മെഡിക്കൽ കോളേജു കൾ ആരംഭിച്ചുകഴിഞ്ഞു. രണ്ടര വർഷം പൂർത്തിയാകുന്ന ഈ ഘട്ടത്തിൽ ഏത് മേഖലയെയാണ് നിങ്ങൾക്ക് വിമർശിക്കാൻ കഴിയുന്നത്; പല പത്ര ങ്ങളും ബഡ്ജറ്റിനെക്കുറിച്ച് നന്നായി എഴുതിയപ്പോൾ ദേശാഭിമാനിയും ജനയുഗവും ബഡ്ജറ്റിനെ വിമർശിച്ചുകൊണ്ട് എഴുതിയ മുഖപ്രസംഗം ഞാൻ വായിച്ചു. കെ.എസ്.ആർ.ടി.സി.-ക്ക് പണം കൊടുക്കാത്തതാണ് ഏറ്റവും വലിയ കുറ്റമായി അവർ ചൂണ്ടിക്കാണിച്ചത്. മറ്റു കാര്യങ്ങളൊന്നും പറയാ നില്ല. കഴിഞ്ഞ ബഡ്ജറ്റിൽ 12 താലൂക്കുകൾ പ്രഖ്യാപിച്ചു. ഇത് നിസ്സാര കാര്യമാണോ; ഭൂരഹിതരായ മുഴുവൻ ആളുകൾക്കും സമ്പൂർണ്ണമായി ഭൂമി കൊടുത്തത് എവിടെയാണ്; മാർക്സിസ്റ്റ് പാർട്ടിയുടെ ഈറ്റില്ലമെന്ന് നിങ്ങൾ

അവകാശപ്പെടുന്ന കണ്ണൂർ ജില്ലയിലാണ്. നിങ്ങൾ ഇത്രയുംകാലം ഭരിച്ചിട്ട് ഭൂരഹിതരായ ഒരാളുപോലും ഉണ്ടാകില്ലെന്നു പ്രഖ്യാപിക്കാൻ ഉമ്മൻ ചാണ്ടി സർക്കാർ വേണ്ടിവന്നു. വിപ്ലവകരമായ ഈ തീരുമാനത്തെ നിസ്സാരമായി കാണാൻ കഴിയുമോ; ഭൂപരിഷ്ക്കരണ നിയമത്തെക്കുറിച്ച് നമ്മൾ ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ടല്ലോ. നല്ല കാര്യമാണ്. വിപ്ലവകരമായ തീരുമാനമാണ്. ഭൂരഹിതരായ ഒരാളുപോലും ഉണ്ടാകില്ലെന്നുപറയാൻ പോലും നമ്മൾ മടിക്കും. അത് നടപ്പാക്കിയതാകട്ടെ ഒരു സീറ്റുമാത്രം കൂടുതലുള്ള കണ്ണൂർ ജില്ലയിലാണ്. ഇവിടെ യു.ഡി.എഫ്-ന് അങ്ങനെ ഒരു രാഷ്ട്രീയമൊന്നുമില്ല. ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ ജനസമ്പർക്ക പരിപാടിയുമായി പോയപ്പോൾ ഏറ്റവും കൂടുതൽ ആനുകൂല്യം വാങ്ങിക്കൊടുക്കുന്നതിൽ ആരും പിന്നിലായിരുന്നില്ലല്ലോ. രാഷ്ട്രീയം നോക്കിയാണോ കൊടുത്തത്; അവരുടെ പ്രയാസങ്ങളും വിഷമങ്ങളും കണ്ടുകൊണ്ട് മനസ്സലിയുന്ന ഉമ്മൻ ചാണ്ടി സാർ ഒരു ഭാഗത്ത്, നേരത്തെ പറഞ്ഞതുപോലെ കാരുണ്യത്തിന്റെ മനസ്സുള്ള കർഷക മിത്രമായ മാണി സാർ ചെയ്തതെല്ലാം നല്ലതിനുവേണ്ടിയാണ്. കാരുണ്യ ബെനവലന്റ് സ്ക്കീമിനെക്കുറിച്ച് തൊട്ടുമുമ്പ് പ്രസംഗിച്ച ശ്രീ. പുരുഷൻ കടലുണ്ടി പറഞ്ഞു. കാരുണ്യ ബെനവലന്റ് സ്കീം ഏറ്റവും നല്ല കാര്യമാണ്. പാവപ്പെട്ട ഒരാൾക്ക് ഹൃദ്രോഗം വന്നാൽ എന്താണ് ചെയ്യുക; പെട്ടെന്ന് ഓപ്പറേഷൻ വേണമെന്നുപറഞ്ഞാൽ ചെയ്യാതിരിക്കാൻ കഴിയുമോ; അങ്ങനെ ചെയ്യേണ്ടിവന്നാൽ 48 മണിക്കൂറിനുള്ളിൽ ഒരു ഫോം പൂരിപ്പിച്ച് അവിടെയെത്തിച്ചാൽ അർഹതപ്പെട്ടവർക്ക് ധനസഹായം ലഭിക്കുന്നു. വേറെ എന്ത് സംവിധാനമാണ് മുമ്പുണ്ടായിരുന്നത്; പാവപ്പെട്ടവർ എപ്പോഴും പ്രാർത്ഥിക്കുന്നത് രോഗം വരരുതേ എന്നാണ്. കാരണം രോഗം വന്നാൽ കാര്യം പോക്കാണ്. ഇപ്പോൾ ഞാൻ ചോദിക്കട്ടെ, ഏറ്റവും കൂടുതൽ കഷ്ട

പ്പെടുന്ന പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം ഈ ബഡ്ജറ്റിന്റെ പ്രത്യേകതയാണ്. പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ള എല്ലാ ആളുകൾക്കും ആനുകൂല്യങ്ങളുണ്ട്. എ.പി.എൽ കാർഡുള്ള ഒരു കുടുംബത്തിൽ ഒരു വിധവയുണ്ടെങ്കിൽ അത് ബി.പി.എൽ. ആക്കാം, പ്രായമായ ഒരാൾ കഷ്ടത അനുഭവിക്കുന്നുണ്ടെങ്കിൽ അത് ബി.പി.എൽ. ആക്കാം, ക്യാൻസർ രോഗിയുള്ള കുടുംബത്തിന് ബി.പി.എൽ കാർഡ് ലഭിക്കും. അങ്ങനെ മാനദണ്ഡങ്ങൾക്കനുസരിച്ച് ബി.പി.എൽ. ആകുന്ന കുടുംബങ്ങൾക്ക് എത്രമാത്രം ആനുകൂല്യങ്ങളാണ് നൽകുന്നത്. ഇപ്പോൾ Sustaining Fund പ്രഖ്യാപിച്ചു. 2000 രൂപ മാസം കൊടുക്കുന്ന ഒരു പദ്ധതി– അതായത് കുടുംബനാഥയോ കുടുംബനാഥനോ മരണപ്പെട്ടുപോയി, അശരണരാകുന്ന കുടുംബത്തിന് 2000 രൂപ മാസാമാസം കൊടുക്കുന്നത് നിസ്സാരമായി കാണാൻ കഴിയുമോ; അതിനെക്കുറിച്ച് നിങ്ങളാരെങ്കിലും ഇതുവരെ ഒരു നല്ലവാക്ക് പറഞ്ഞോ; നല്ലത് കണ്ടാൽ നല്ലത് പറയണ്ടേ; ഇടതുപക്ഷം കൊണ്ടുവന്ന നല്ലകാര്യങ്ങളെ ഞങ്ങൾ പുകഴ്ത്താറുണ്ടല്ലോ; ഇപ്പോൾ അപ്പുറവും ഇപ്പുറവും ഇരിക്കുന്നു എന്നല്ലാതെ നാം എക്കാലവും അപ്പുറവും ഇപ്പുറവും ഇരിക്കില്ലല്ലോ. അപ്പോൾ നല്ല കാര്യങ്ങളെ നന്നായി പറയാൻ നാം മനസ്സ് കാണിക്കണം. അതിന് സനമനസ്സുള്ളവർക്കേ സാധിക്കുകയുള്ളൂ. സന്മനസ്സുള്ളവർ ഇല്ലായെന്ന് ഞാൻ പറയുന്നില്ല, പക്ഷെ നിങ്ങൾ അതിന് തയ്യാറാകേണ്ടിയിരുന്നു. ഇവിടെ ഒരുപാട് ക്ഷേമപദ്ധതികൾ, കഴിഞ്ഞ പ്രാവശ്യം വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയതുമൂലം ചെലവിൽ 20 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. സ്വാഭാവികമായും ബഡ്ജറ്റ് കമ്മി വർദ്ധിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് വിഹിതത്തിൽ ഗണ്യമായ കുറവുവരുന്നത് മേക്കപ്പ് ചെയ്യണം.

അത് സ്വാഭാവികമാണ്. അപ്പോൾ ഇതിനെ മറികടക്കാനുള്ള സംവിധാനം കാണണം. ഇതിനെ മറികടക്കാൻ വേണ്ടി പുതിയ നിർദ്ദേശങ്ങൾ കൊണ്ടുവന്നപ്പോൾ എവിടെയാണ് ഉൾക്കൊള്ളാൻ കഴിയുന്ന നികുതി നിർദ്ദേശങ്ങളുള്ളത്; നമുക്ക് എവിടെയും തൊടാൻ പറ്റില്ല. എവിടെ തൊട്ടാലും നമ്മളെ ബാധിക്കും. എന്താണ് ചെയ്യാൻ കഴിയുന്നത്; ഇതിന് പുതിയ സംവിധാനം കണ്ടെത്തണം. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പുതിയ തീരുമാനമുണ്ടെന്ന് പറയുന്നത് കേട്ടു. അതായത് കേന്ദ്രാവിഷ്കൃത പദ്ധതികളൊക്കെ സ്റ്റേറ്റിലേയ്ക്ക് കൊണ്ടുവന്ന് സ്റ്റേറ്റ് നടപ്പിലാക്കുന്ന പരി പാടി. നല്ല തീരുമാനമാണ്. സാമ്പത്തികമാന്ദ്യം അതിനെക്കാൾ വലിയ പ്രശ്നമാണ്. 35 ഉം 40 ഉം രൂപയ്ക്ക് കിട്ടുമായിരുന്ന സ്ഥാനത്ത് ഇന്ന് 63 രൂപ കൊടുത്താൽ മാത്രമേ ഒരു ഡോളർ ലഭിക്കൂ. നമുക്ക് പെട്രോളിയം ഉൽപ്പന്നങ്ങൾ പുറത്തുനിന്നല്ലാതെ കൊണ്ടുവരാൻ കഴിയുമോ; വാഹന ങ്ങൾക്ക് ഇന്ധച്ചെലവ് കൂടുമ്പോൾ സ്വാഭാവികമായും അത് ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നു. ഇതിന് പരിഹാര മാർഗ്ഗം വേണ്ടേ; സ്വാഭാവികമായും വസ്തുനിഷ്ഠമായും കാര്യങ്ങൾ കാണുകയും അതനുസരിച്ച് നമ്മുടെ രാജ്യത്തെ ഇപ്പോഴുള്ള അവസ്ഥയിൽനിന്നും മോചിപ്പിച്ചെടുക്കാനുള്ള ഒരു സംവിധാനം വേണം. ഇപ്പോൾ നമുക്കറിയാം, ഈ രാജ്യത്തെ 77 ശതമാനം ആളുകളും അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. സ്വാഭാവിക മായും അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരെ സാമ്പത്തികമാന്ദ്യം ബാധിക്കും. അവർക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥ വരും. അതിനെ മറികടക്കേണ്ടതുണ്ട്. അതുപോലെ നടപ്പുസാമ്പത്തിക വർഷത്തേ ക്കാളും വാർഷിക പദ്ധതിച്ചെലവിൽ 17.65 ശതമാനം വർദ്ധനവ് വരുത്തി 2014 –15–ൽ 20000 കോടി രൂപയിൽ എത്തിച്ചിരിക്കുന്നു. ഇതിൽ 31 ശതമാനവും

സാമൂഹിക മേഖലയ്ക്കാണ്. നിസ്സാരമായി കാണാൻ കഴിയുമോ; 31 ശതമാനം സാമൂഹിക മേഖലയ്ക്കെന്നുപറയുമ്പോൾ അത് നമ്മുടെ ബാധ്യതയാണ്. ഇവിടെ സാമാന്യമായി ജീവിക്കാൻ കഴിയുന്ന ആളുകൾ മാത്രം നല്ല സുഖമായി ജീവിച്ചാൽ മതിയോ; കഷ്ടപ്പെടുന്നവർ, പാവപ്പെട്ടവർ, സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർ, പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ളവർ – ഇവരെയെല്ലാം സഹായിച്ചാൽ മാത്രമേ നമുക്ക് തുല്യമായി സന്തോഷിക്കാൻ വകയുള്ളൂ. അതിനുവേണ്ടിയുള്ള പണം ഇതിൽനിന്നും നമുക്ക് കണ്ടെത്തേണ്ടതുണ്ട്. അതിനുവേണ്ടി ഒരുപാട് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. വളരെ യാഥാർത്ഥ്യബോധത്തോടുകൂടിയാണ് കൃഷിക്കാരുടെ പ്രശ്നങ്ങൾ കണ്ടത്. ഇവിടെ 96 ശതമാനം കർഷകരും ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ളവരാണ്. അവരുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഈ കൃഷിക്കാരെ സംബന്ധിച്ച് 400–450 രൂപവരെ കൂലി കൊടുക്കണം. 450 രൂപ കൂലിയായി കൊടുക്കുകയും വളത്തിന് വില കൂടുകയും കാർഷികോപകരണങ്ങൾക്ക് വില കൂടുകയും ചെയ്യുമ്പോൾ എങ്ങനെ ഒരു കർഷകന് കൃഷി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നത്; ഉൽപ്പാദനം കഴിഞ്ഞ് വിൽപ്പനയ്ക്കുവേണ്ടി മാർക്കറ്റിൽ പോകുമ്പോൾ ഇവർക്ക് വില ലഭിക്കുന്നില്ല. അതിനാണ് വില ഉറപ്പുവരുത്തുന്ന പുതിയൊരു പദ്ധതി പ്രഖ്യാപിച്ചത്. യാതൊരു ഉൽപ്പാദകനും അവരുടെ ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കാനുള്ള അവകാശമുണ്ട്. എന്നാൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിൽ അവർ പറയുന്ന വില ലഭിക്കുന്നില്ല. എനിക്കറിയാവുന്ന കാര്യമാണ്, വയനാട്ടിലെ ഏറ്റവും വലിയ കൃഷിയായ ഇഞ്ചിക്കൃഷി വിളവെടുക്കുന്ന സമയത്ത് മാർക്കറ്റ് ഒന്നായി പൊട്ടിച്ചുകൊണ്ട് വില നിന്ത്രിക്കുന്ന ചില മാഫിയകൾ വന്ന് ഇഞ്ചി ഒന്നായി വിലയ്ക്കെടുത്ത് മാർക്കറ്റിൽ ഡമ്പ് ചെയ്യുന്ന

തോടുകൂടി ഇത് കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ടിവരും. ഇത് പെരിഷബിൾ ഗുഡ്സായതുകൊണ്ട് പെട്ടെന്ന് നശിച്ചുപോകും. ഇപ്പോൾ ഇവിടെ പദ്ധതി പറഞ്ഞിരിക്കുന്നു. ഇത്തരം കൃഷി ഉൽപ്പന്നങ്ങൾ സൂക്ഷിക്കാനും വില വരുമ്പോൾ കൊടുക്കാനുമുള്ള സംവിധാനമൊരുക്കാനും ഏതാണ്ട് 90 ശതമാനം സബ്സിഡി അനുവദിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഇവിടെ തീരുമാനിച്ചത് നിസ്സാരമായ കാര്യമാണോ; കർഷകരെ സംബന്ധിച്ചിടത്തോളം കർഷകർക്കുവേണ്ടി ഒരുപാട് ആരോഗ്യ ഇൻഷുറൻസ് പദ്ധതി, കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഉൽപ്പാദകന് കിട്ടുന്ന പണം കൊടുത്തു കഴിഞ്ഞാൽ വളവും വിത്തും വാങ്ങാൻ ബാക്കിയൊന്നുമുണ്ടാകില്ല. ഒരു ചികിത്സ നടത്തണമെങ്കിൽ വളരെ പ്രയാസമാണ്. അങ്ങനെയുള്ള ചെറുകിട കർഷകർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രഖ്യാപിച്ചു. ചെറുകിട കർഷകരുടെ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന മക്കൾക്ക് ലാപ്ടോപ് നൽകുന്നത് നിസ്സാര കാര്യമാണോ; നിസ്സാരമായി തോന്നുമെങ്കിലും ഒരു കർഷകന്റെ മക്കളെ സംബന്ധിച്ച് ലാപ്ടോപ് ഒരു സ്വപ്നം മാത്രമാണ്. അവർക്ക് അത് വാങ്ങാൻ കഴിയില്ല. അവർ അയൽപക്കക്കാരിൽനിന്നും വായ്പ വാങ്ങി നോക്കിയശേഷം തിരിച്ചുകൊടുക്കും അല്ലെങ്കിൽ കോൾസെന്ററിൽ പോയി നോക്കേണ്ടിവരും. അവർക്ക് സ്വന്തമായി ഒരു ലാപ്ടോപ് കിട്ടുക എന്നുപറഞ്ഞാൽ നിസ്സാരമായ കാര്യമൊന്നുമല്ല. അതുപോലെ 18,77,000 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ആളുകൾക്ക് അഗ്രി കാർഡ് നൽകുന്ന സംവിധാനം പുതിയതായി ഇൻട്രൊഡ്യൂസ് ചെയ്യാൻ പോകുകയാണ്.

അഗ്രി കാർഡ് ഉണ്ടെങ്കിൽ കർഷകർക്കുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകും. ബാങ്കിൽ നിന്നും വായ്പയും എല്ലാ ആനുകൂല്യങ്ങളും വേഗത്തിൽ ലഭിക്കുന്നതാണ്. കർഷകരുടെ പ്രശ്നം സംബന്ധിച്ച് നേരത്തെ ശ്രീ. തോമസ് ചാണ്ടി പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ചതാണ്. നെൽക്കൃഷിക്കാർക്ക് മതിയായ പണം ലഭിക്കുന്നില്ല. താലിമാലകൾ പണയം വച്ചാണ് കർഷകർ കൃഷി ചെയ്യുന്നത്. അതിന് പരിഹാരമായി ഇപ്പോൾ ക്രോപ്പ് ലോൺ – 4 ശതമാനം പലിശ നിരക്കിൽ വായ്പാ ലഭിക്കുന്നതിനുള്ള സംവിധാനം കൊണ്ടുവന്നിരിക്കുകയാണ്. അതുപോലെ മധ്യകാല–ദീർഘകാല വായ്പകൾ ഏഴു ശതമാനം പലിശ നിരക്കിൽ കൊടുക്കുമെന്നും പറഞ്ഞിട്ടുണ്ട്. ഇതുമാത്രമല്ല നമ്മുടെ ഏറ്റവും പ്രശ്നമെന്ന് പറയുന്നത് ഇന്ന് രാവിലെ ചർച്ച ചെയ്തതാണ്, ഭൂമിയൊന്നും കിട്ടാനില്ല. ഈ സാഹചര്യത്തിൽ ഉള്ള കൃഷി പരമാവധി ഉത്പാദക്ഷമത യോടെ, കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. നമുക്ക് ഭൂമി കുറച്ചേയുള്ളൂ. ഹൈടെക് ഫാമിംഗ് സംവിധാനത്തിൽകൂടി വെർട്ടിക്കലായിട്ടുള്ള കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിക്കുകയാണ്. അതായത് 10 സെന്റിൽ 2 ലക്ഷം രൂപ വരുമാനം ലഭിക്കുമെന്ന് പറയുന്ന പദ്ധതിയാണ്. എനിക്ക് അത്ഭുതമായി തോന്നിയ കാര്യമുണ്ട്,. എന്റെ നിയോജക മണ്ഡലമായ തിരൂരിൽ വെട്ടം പഞ്ചായത്തിൽ മുഹമ്മദ് എന്നയാളെ മാതൃകാ കർഷകനായി ആദരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയടക്കം വന്നതാണ്. അത്ഭുതമാണ്, അത്യുൽപ്പാദനമാണ് ഇതുവഴിയുണ്ടായിട്ടുള്ളത്. അവിടെ വന്നാൽ കാണാം. അവിടെ ഈ പറഞ്ഞ ഹൈടെക് ഫാം വിജയകരമായി പൂർത്തീകരിക്കുകയും പച്ചക്കറികൾ ജൈവവളം ഉപയോഗിച്ചുകൊണ്ട് ധാരാളം ഉത്പാദിപ്പിക്കാനും അത് വിതരണം ചെയ്യാനും കഴിയുന്നുണ്ട്. അത് വലിയ കാര്യമാണ്. ഇന്ന് രോഗ

ങ്ങൾ കൂടുതലും വരുന്നത് ഭക്ഷണത്തിൽ കൂടിയാണ്. നേരത്തെ പച്ചക്കറി കഴിക്കുന്നത് ആരോഗ്യം നന്നാക്കാൻ വേണ്ടിയായിരുന്നുവെങ്കിൽ ഇപ്പോൾ കഴിച്ചാൽ ആൾ കാലിയായിപോകുമെന്ന സ്ഥിതിയാണ്. സിനിമാ നടൻ മമ്മൂട്ടി വെറും വയറ്റിൽ കറിവേപ്പില കഴിക്കുന്നുവെന്ന പത്രവാർത്ത വന്ന പ്പോൾ പലരും കറിവേപ്പില കഴിച്ച് കുഴപ്പത്തിലായി. ഈ വിഷയത്തെ സംബന്ധിച്ചൊരു പരമ്പര മലയാള മനോരമ പത്രത്തിലുണ്ടായിരുന്നതാണ്. സത്യം പറഞ്ഞാൽ പച്ചക്കറി കഴിച്ചാൽ ജീവൻ രക്ഷിക്കാൻ വേണ്ടിയുള്ള അവസ്ഥയിൽ നിന്നും ആൾ കാലിയാകുന്ന അവസ്ഥയിലേയ്ക്ക് മാറിയ ഈ മാറ്റത്തെ സുരക്ഷിതമായി കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഹൈടെക് ഫാമിംഗും അതുപോലെ വെർട്ടിക്കൽ സംവിധാനങ്ങളുമൊക്കെ കൊണ്ടുവരു ന്നത്. നല്ല കാര്യമാണ്. അതോടൊപ്പം തന്നെ സാങ്കേതിക വിദ്യ ഉപയോഗിച്ചാൽ മാത്രമേ ഇതൊക്കെ വർദ്ധിപ്പിക്കാൻ കഴിയുകയുള്ളു. അതു കൊണ്ട് നമ്മൾ അത് ചെയ്യണം. പിന്നെ ഇവിടെ പറഞ്ഞത് ജലസമൃദ്ധി പദ്ധ തിയെക്കുറിച്ചാണ്. എന്റെ നിയോജക മണ്ഡലത്തിലൂടെ സമൃദ്ധമായി ഒഴു കുന്ന നിളാ നദി, നിറഞ്ഞുകവിഞ്ഞ് ഒഴുകുകയാണ്. കഴിഞ്ഞ വർഷം മഴ കൂടുതലാണെന്ന് പറഞ്ഞു. ഇപ്പോൾ പോയാൽ അവിടെ വരണ്ട് കിടക്കുകയാ ണ്. ഈ വെള്ളമൊക്കെ എവിടെ പോകുന്നു? അവിടെ റിസർവോയർ ഉണ്ടാക്കി, മണൽ കൂനയായി കിടക്കുകയാണ്. മണൽ മാറ്റണമെന്ന് പറയാൻ പേടിയാണ്. കാരണം അത് പരിസ്ഥിതിക്ക് വിരുദ്ധമായി പോകും. സത്യം പറ ഞ്ഞാൽ ഈ മണൽകൂനകൾ ഉള്ളതുകൊണ്ട് വെള്ളം കെട്ടിനിൽക്കുന്നില്ല. ഈ മണൽ അവിടെനിന്ന് സംഭരിച്ച് 50 കിലോയുടെ പാക്കറ്റാക്കി ജനങ്ങൾക്ക് മിതമായ വിലയ്ക്ക് കൊടുത്താൽ എന്താണ് കുഴപ്പം? അങ്ങനെ കൊടുത്താൽ മാത്രമേ അവിടെ വെള്ളം കെട്ടിനിൽക്കുകയുള്ളു. മണൽ നിറച്ചാൽ വെള്ളം

കെട്ടി നിൽക്കില്ല. ഗവൺമെന്റ് തന്നെ മണൽ സംഭരിച്ച് 50 കിലോയുടെ ചാക്കാക്കി നൽകിയാൽ അതൊരു വലിയ വരുമാനമാർഗ്ഗമാണ്. ആ ഡാം, അവിടെ റിസർവോയറുണ്ടാക്കാൻ കുറ്റിപ്പുറം പാലം മുതൽ ചമ്രവട്ടം ബ്രിഡ്ജ് വരെ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ഡോ. കെ.ടി. ജലീൽ, ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി തുടങ്ങിയവരുടെ മണ്ഡലങ്ങൾ ഉൾപ്പെടുന്ന ഏരിയയാണ്. മലപ്പുറം ജില്ലയ്ക്ക് മുഴുവനും വെള്ളം കൊടുക്കാൻ, വേണമെങ്കിൽ പാലക്കാട് ജില്ലയ്ക്കും വെള്ളം കൊടുക്കാൻ സാധിക്കും. അത്രയും വെള്ളം അവിടെ സംഭരിക്കാൻ സാധിക്കും. പക്ഷെ ഉപയോഗപ്പെടുത്തുന്നില്ല. ജലസമൃദ്ധി എന്ന ആശയം, ശ്രീ. കെ.എം. മാണിയോട് ഒരു കാര്യം പറയാനുണ്ട്. മഴ പെയ്യുമ്പോൾ റൂഫുകളിൽ കൂടി വരുന്ന വെള്ളം സംഭരിച്ച് അത് പൂർണ്ണമായും ഫിൽട്ടർ ചെയ്ത് കിണറുകളിലേയ്ക്ക് ഒഴുക്കുന്ന ഒരു പുതിയ സംവിധാനമുണ്ട്. വളവന്നൂർ എന്ന് പറയുന്ന സ്ഥലത്ത് ഒരു സന്നദ്ധ സംഘടന ഇതുപോലെ ചെയ്തിട്ടുണ്ട്. വളരെ വിജയകരമായിരുന്നു. അതിന് പ്രത്യേകമായ മഴക്കുഴി ആവശ്യമില്ല. കിണറിൽ തന്നെ സംഭരിക്കാനും സംഭരിക്കുന്ന വെള്ളം ഭൂമിയിലേയ്ക്ക് ഇറങ്ങാനും പ്രകൃതിദത്തമായ സംവിധാനമുള്ളതുകൊണ്ട് സാധിക്കും. രണ്ടായിരം രൂപ മുടക്കിയാൽ മഴവെള്ളം മുഴുവനും ഒരു പൈപ്പിലൂടെ സംഭരിച്ച് ഒരു വലിയ ടാങ്കിൽ ഫിൽട്ടർ ചെയ്യാനുള്ള സംവിധാനമുപയോഗിച്ച് ഒരു പൈപ്പ് നേരെ കിണറ്റിലേയ്ക്ക് കൊടുത്താൽ മഴവെള്ളം സുലഭമായി പോകും. ഇടയ്ക്ക് കഴുകണമെന്നുണ്ടെങ്കിൽ പൂട്ടിയിട്ട് കഴുകി വേസ്റ്റ് മാറ്റുകയും ചെയ്യാം. ഇങ്ങനെയുള്ള സംവിധാനം നമുക്ക് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. ആ വെള്ളം കിണറുകളിലേക്ക് പോകും. പ്രത്യേകമായ യാതൊരു ചെലവും ഇല്ലാത്തതാണ്. അതുകൊണ്ട്

ഈ പദ്ധതി വിജയകരമായി പൂർത്തിയാക്കാൻ വേണ്ടിയുള്ള അങ്ങയുടെ നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. മാത്രമല്ല ഇത് മറ്റ് സംസ്ഥാനങ്ങൾക്ക് ഒരു മാതൃക കൂടിയാണ്. പ്രതിഭാ പുരസ്ക്കാരം, സ്കൂളുകളിൽ ഇപ്പോൾ ശാസ്ത്രമേളകൾ നടക്കുകയാണ്. യു.പി. സ്കൂളിൽ പഠിക്കുന്ന കുട്ടി കളുടെപോലും പുതിയ പല കണ്ടുപിടിത്തങ്ങളും കാണുമ്പോൾ നമ്മൾ അത്ഭുതപ്പെട്ടുപോകും. ബുദ്ധിയുള്ള കുട്ടികളാണ്. നമ്മുടെ കുട്ടികൾ, സാധാ രണക്കാരായ അവർക്ക് പഠിക്കാൻ അവസരം കൂടിയുണ്ടെങ്കിൽ എത്രയോ ഉന്നതിയിലേക്ക്,  ബൗദ്ധികമായി അവരെ ഉയർത്താൻ നമുക്ക് കഴിയും. ഹൈസ്കൂളുകളിലും ഹയർ സെക്കന്ററി സ്കൂളുകളിലും പഠിക്കുന്ന കുട്ടി കൾക്ക് പ്രതിഭാപുരസ്ക്കാരം ഏർപ്പെടുത്തുക വഴി പ്രോത്സാഹനം കൊടു ക്കുക വഴി ഇത് വമ്പിച്ച കുതിച്ചുച്ചാട്ടത്തിലേക്ക് അവരെ നയിക്കാൻ കഴിയും. ഈ പുരസ്ക്കാരങ്ങളെ നിസ്സാരമായി തള്ളേണ്ട കാര്യമില്ല. കാരണം അതൊരു വലിയ പ്രചോദനമാണ്. അതുപോലെതന്നെ കൃഷി അധി ഷ്ഠിതമായ വ്യാവസായങ്ങൾക്ക് അവാർഡ് പ്രഖ്യാപിക്കൽ. അവാർഡ് എന്ന് പറഞ്ഞാൽ നിസ്സാരമായ കാര്യമായിരിക്കാം. പക്ഷെ  പ്രോത്സാഹനമെന്ന് പറ യുന്നത് വലിയ കാര്യമാണ്. ജയിച്ചു എന്നു പറഞ്ഞ് ഒരു മിഠായി കൊടുക്കുക യാണെങ്കിൽപ്പോലും പത്ത് പൈസയുടെ മിഠായി ആണെങ്കിലും കുട്ടികൾക്ക് വലിയ കാര്യമായിരിക്കും. അതുപോലെ അവാർഡ് എന്ന് പറയുന്നത് ഒരു അംഗീകാരമാണ്. കൃഷി അധിഷ്ഠിതമായ ഒരുപാട് ഉൽപ്പന്നങ്ങളുണ്ട്. നാളി കേരം എന്നത്,  സെന്റ് ഉപയോഗിക്കുന്നതുപോലെ വെളിച്ചെണ്ണ ഉപയോഗിച്ച് പെർഫ്യൂം ഉണ്ടാക്കിയിട്ടാണ് നമ്മൾ ഉപയോഗിക്കുന്നത്. ആൾക്കഹോളോ അല്ലെങ്കിൽ മറ്റൊന്നുമില്ലാത്ത സുരക്ഷിതമായ ഒരു ഉൽപ്പന്നമാണ്. തേങ്ങ കൊടുക്കുകയോ കൊപ്രയാക്കി വിൽക്കുകയോ ചെയ്യുക എന്നല്ലാതെ നമ്മൾ

ഉൽപ്പന്നങ്ങളുണ്ടാക്കുന്നില്ല. അതുപോലെ തലയിൽ തേയ്ക്കുന്ന കേരജം, കേരള ഗവൺമെന്റിന്റെ സ്ഥാപനങ്ങൾ നന്നായി വരുന്നുണ്ട്. ആ സ്ഥാപന ങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. മത്സ്യം നമ്മുടെ സമ്പത്താണ്. പക്ഷെ ഇത് സംസ്കരിച്ച് ഫ്രീസ് ചെയ്ത് വിതരണം ചെയ്യാൻ യാതൊരു സംവിധാനവു മില്ല. ശ്രീ. കെ.എം. മാണിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതേക്കുറിച്ച് പ്രഖ്യാപനമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാർക്കറ്റ് സ്ഥാപിച്ച് വിത രണം നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കണം. അതിന് നല്ല വില ലഭിക്കും, മാത്രമല്ല, നമുക്ക് സുലഭമായി മത്സ്യം ലഭിക്കുകയും ചെയ്യും. ഒരു ദിവസം 150 മത്സ്യം കഴിച്ചാൽ എച്ച്.ഡി.എൽ. എന്ന് പറയുന്ന നല്ല കൊള സ്ട്രോൾ കൂടുകയും എൽ.ഡി.എൽ കുറയ്ക്കാനും സാധിക്കും. എന്നാൽ മത്സ്യം സുലഭമായി ലഭിക്കാത്തതുകൊണ്ട് ചീഞ്ഞളിഞ്ഞ മത്സ്യമാണ് വരുന്ന ത്. ഇത് സംസ്കരിക്കാനും ഇന്റേണൽ ഡിസ്ട്രിബ്യൂഷൻ കഴിഞ്ഞ് മറ്റ് സ്ഥല ങ്ങളിലേക്ക് കയറ്റി അയയ്ക്കാനും കഴിഞ്ഞാൽ വലിയ നേട്ടമുണ്ടാകു ന്നതാണ്. പാവങ്ങളെ സഹായിക്കുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്രയെന്ന് പറയുന്നത്. പത്ത് വയസ്സിന് താഴെയുള്ള അനാഥ കുട്ടികൾക്ക് 12-ാം ക്ലാസ് വരെ പഠിക്കുന്നതിന്റെ മുഴുവൻ ചുമതലയും ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. അതുപോലെ സ്നേഹതീരം എന്ന പദ്ധതി ജനങ്ങളെ വളരെയധികം ആകർഷിക്കുന്ന പദ്ധതിയാണ്. അച്ഛനും അമ്മയും ഇല്ലാത്ത ഒരു കുട്ടിയാണെങ്കിൽ പ്രസവിച്ചതുമുതൽ 5-ാം ക്ലാസ് വരെ മാസം തോറും 300 രൂപയും 6-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ 500 രൂപയും 11, 12 ക്ലാസ്സുകളിൽ 750 രൂപയും കോളേജുകളിൽ പഠിക്കുകയാണെങ്കിൽ 1000 രൂപയും കിട്ടുകയാണ്. അവർക്ക് ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുക

യാണ്. മറ്റുപല ആനുകൂല്യങ്ങളും വർദ്ധിച്ചതുപോലെ ഇതിനുകൂടി 100 രൂപ വർദ്ധിപ്പിക്കാൻ ശ്രീ. കെ.എം. മാണിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. പാവങ്ങളായ, അനാഥകളായ, അഗതികളായ പിഞ്ചു ബാലികാ–ബാലന്മാരെ അനാഥാലയങ്ങളിലേക്ക് പറഞ്ഞയയ്ക്കാതെ സ്വന്തം അമ്മയോടൊപ്പം അല്ലെങ്കിൽ അച്ഛനോടൊപ്പം നിർത്തി, സ്നേഹം അവർക്ക് കൊടുത്തുകൊണ്ട് പഠിപ്പിക്കാനുള്ള സംവിധാനം വളരെ നല്ല പരിപാടിയാണ്. അങ്ങ് ഭഗവദ് ഗീതയിൽ നിന്ന് ഉദ്ധരിച്ചതുപോലെ ഞാൻ ഒരു നബി വചനം ഓർക്കുകയാണ്. 'നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ കാണിച്ചാൽ ആകാശത്തുള്ളവൻ നിങ്ങളോട് കരുണ കാണിക്കും'. അതുകൊണ്ട് തന്നെ യു.ഡി.എഫ്. സർക്കാർ 5 വർഷം സുന്ദരമായി ഭരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ദൈവത്തിന്റെ അനുഗ്രഹമുണ്ടാകും. അത് നബി വചനമാണ്. ഒരു ലക്ഷം രൂപയ്ക്ക് താഴെ വരുമാനമുള്ള നിത്യരോഗികൾക്ക് 1000 രൂപ, വലിയ സംഭവമാണ്. ആരോഗ്യ മേഖലയ്ക്ക് 629.40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 18 വയസ്സിന് താഴെയുള്ള മുഴുവൻ കുട്ടികളുടേയും ചികിത്സ ഈ സർക്കാർ ഏറ്റെടുക്കുകയാണ്. എന്ത് രോഗമുണ്ടെങ്കിലും സാമൂഹ്യ സുരക്ഷാ മിഷന്റെ ആൾ അവിടെയുണ്ടാകും. അവിടെ പോയാൽ ഒരു കത്തിന്റെയും ആവശ്യമില്ല, ചികിത്സ ലഭിക്കുന്നതാണ്. ഇതൊക്കെ ഒന്ന് പരിശോധിച്ചാൽ നിങ്ങളും കൂടി ഒന്നായി യു.ഡി.എഫ്. ഗവൺമെന്റിന്റെ പക്ഷത്തേയ്ക്ക് വരുമെന്ന കാര്യത്തിൽ സംശയമില്ല. ജില്ലാ ആശുപത്രികളിൽ അക്രഡിറ്റേഷൻ സംവിധാനം കൊണ്ടുവന്നു, ജനറൽ ആശുപത്രികളിലുണ്ട്. ജില്ലാ ആശുപത്രി വളരെ യോഗ്യമാണ്. എനിക്ക് മാണിസാറിനോട് ഒരു അഭ്യർത്ഥനയുള്ളത്, അങ്ങ് തിരൂരിലുള്ള ജില്ലാ ആശുപത്രിയിൽ വന്നിട്ടുള്ള

താണ്. അവിടെ ഗവൺമെന്റിൽ നിന്ന് ഒരു സഹായവും വാങ്ങാതെ നാട്ടുകാരിൽ നിന്നും പിരിച്ചെടുത്ത പത്ത് കോടിരൂപ ഉപയോഗിച്ചാണ് ആറുനില കെട്ടിടം പണിതിരിക്കുന്നത്. കടലോരമേഖലയിലുള്ള പാവപ്പെട്ടവർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ആശുപത്രിയാണ്. അങ്ങ് വന്നപ്പോൾ മനോഹരമായ ആ കെട്ടിടം കണ്ടതാണ്. അവിടെ ഓങ്കോളജി ഡിപ്പാർട്ടുമെന്റിന് അഞ്ച് കോടി രൂപയുടെ ഒരു ബ്ലോക്ക് അനുവദിക്കാമെന്ന് അങ്ങ് സമ്മതിച്ചതാണ്. ദയവുചെയ്ത് അങ്ങ് മറുപടി പറയുമ്പോൾ അതനുവദിക്കുന്ന കാര്യം പ്രഖ്യാപിക്കണം. കാരണം ഇത് എന്റെ മണ്ഡലത്തിലെ മാത്രമല്ല, കടലോര മേഖലയിലെ മുഴുവൻ ആളുകളും, പൊന്നാനി, തിരൂരങ്ങാടി താലൂക്കുകളിലെയും ആളുകൾ ആശ്രയിക്കുന്ന ഒരു ആശുപത്രിയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പോകുന്ന സമയത്ത് കുറെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റുകൾ ജില്ലാ ആശുപത്രികളാക്കി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതുപോലെ കുറെ താലൂക്ക് ആശുപത്രികളും പ്രഖ്യാപിച്ചു. അവിടങ്ങളിൽ ആവശ്യമായ മുഴുവൻ സ്റ്റാഫിനെയും അനുവദിക്കാൻ അങ്ങ് തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. കാരണം ഗവൺമെന്റ് ആശുപത്രി എന്നാൽ ധർമ്മാശുപത്രി എന്നാണ് പണ്ട് പറയാറുള്ളത്. പാവപ്പെട്ടവരാണ് അവിടെ പോകുന്നത്. അവിടെ അത്യാവശ്യം വേണ്ട ജീവനക്കാരെ അനുവദിച്ചാൽ മാത്രമേ പാവപ്പെട്ട ആളുകൾക്ക് ഈ ആനുകൂല്യം എത്തിക്കുവാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ അങ്ങ് ഒരു പ്രത്യേക ശ്രദ്ധ കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്, അപേക്ഷിക്കുകയാണ്. ഇവിടെ മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി ആവിഷ്ക്കരിക്കുകയാണ്. അവർക്ക് ഇപ്പോൾ ഒരു പദ്ധതിയില്ല. സെൻട്രലി സ്പോൺസേർഡ് ആയ ഒരു പദ്ധതിയാണുള്ളത്. അവിടെ വീടു വയ്ക്കുന്ന

തിന് വലിയ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. CRZ-നിയമത്തിന്റെ പേരുപറഞ്ഞ് അവർക്ക് അവിടെ വീടുവയ്ക്കാൻ കഴിയുന്നില്ല. ഒരുപാട് വീടുകൾ നമ്മൾ കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയും നഗര കാര്യ വകുപ്പുമന്ത്രിയും ഇവിടെയുണ്ട്. ഒരുപാട് കെട്ടിടങ്ങൾ ക്രമവൽക്കരിച്ചു കൊടുത്തിട്ടുണ്ടല്ലോ, കടലോരത്ത് താമസിക്കുന്ന ഈ പാവപ്പെട്ടവർ വീടുണ്ടാക്കിയിട്ടും നമ്പർ കിട്ടാത്തത് എന്തുകൊണ്ട് ക്രമവൽക്കരിച്ചു കൂടാ. അവർക്കുകൂടി ക്രമവൽക്കരിച്ചുകൊടുക്കണം. അവർക്കുകൂടി നമ്പർ കൊടുക്കണം. കടലോരത്ത് ജീവിക്കുന്ന ഈ പാവപ്പെട്ടവർക്ക് വേറെയെവിടെയും പോയി വീടെടുക്കുവാൻ കഴിയില്ല. അങ്ങനെ ചെയ്തു കൊടുക്കുവാനുള്ള സംവിധാനമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഓട്ടോറിക്ഷ, ബൈക്ക് എന്നിവയുടെ കാര്യത്തിൽ നമുക്ക് ചെറിയ വിഷമമുണ്ട്. അത് സാധാരണക്കാരുടെ വാഹനമാണ്. ആ വാഹനങ്ങളുടെ നികുതി വർദ്ധിപ്പിച്ചത് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 1 കോടി രൂപയ്ക്ക് മേൽ വിറ്റുവരവുള്ള ടെക്സ്റ്റയിൽ സ്ഥാപനങ്ങൾക്ക് ടാക്സ് ഏർപ്പെടുത്തിയതൊന്ന് പരിശോധിക്കണം. കച്ചവടക്കാർ ഏതായാലും അവരുടെ പോക്കറ്റിൽ നിന്നും അതെടുത്ത് കൊടുക്കുകയില്ല. ജനങ്ങളോട് ആ തുക വാങ്ങിക്കരുതെന്ന് അങ്ങ് പ്രത്യേകം പറഞ്ഞിട്ടുണ്ട് പക്ഷേ, അതിന് വേറെയെന്തെങ്കിലും മാർഗ്ഗം അവർ കാണും. മീറ്ററിന് അഞ്ച് രൂപ കൂട്ടിയാൽ അതിലും കൂടുതൽ അവർക്ക് കിട്ടും അതുകൊണ്ട് അത് ഒന്നുപരിശോധിക്കണം. എം-സാന്റിന്റെ നികുതി കൂട്ടിയത് നല്ല കാര്യം തന്നെയാണ്. പാവപ്പെട്ടവരുടെ കാര്യത്തിൽ നൂറ് എം. സ്ക്വയർ ഉള്ള വീടുകാരുടെ കാര്യം അങ്ങ് പറഞ്ഞല്ലോ. അൻപത് എം. സക്വയർ ഉള്ള കെട്ടിടങ്ങളുടെ നികുതി

ഒഴിവാക്കിയ കാര്യവും ബഡ്ജറ്റിലുണ്ടല്ലോ. അതുപോലെ ഒരു മിനിമം റിക്വ യർമെന്റിൽ വീടുണ്ടാക്കുന്ന പാവപ്പെട്ടവർക്ക് പണ്ട് ലെവി സിമെന്റ് കൊടു ത്തതുപോലെ കൺസെഷൻ റേറ്റിൽ ഇത്തരം ആളുകൾക്ക് പഞ്ചായത്തിൽ നിന്ന് കൊടുക്കുവാനുള്ള ഒരു സംവിധാനം കൂടി ചെയ്തു കഴിഞ്ഞാൽ സാധാരണക്കാർക്ക് ഒരു ബുദ്ധിമുട്ടുമുണ്ടാകില്ല. അതുകൂടി അങ്ങ് ഒന്ന് പരിഗ ണിക്കണം എന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി അടിവരയിട്ടുകൊണ്ട് തിരൂർ ആശുപത്രിയിലെ ഓങ്കോളജി ബ്ലോക്ക് അനുവദിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കാരണം ഞാൻ അത് അവിടത്തെ ജനങ്ങൾക്കുവേണ്ടി പറയുകയാണ്. കാൻസർ ബാധിച്ച് കഷ്ടപ്പെടുന്ന പാവപ്പെട്ടവർക്കുവേണ്ടി നിർമ്മിക്കുന്ന ഒരു ആശുപത്രി ബ്ലോക്കിനുവേണ്ടി പ്രത്യേക കരുണ കാണിക്കണമെന്ന് കാരുണ്യമുള്ള മനസ്സിന്റെ ഉടമയായ അങ്ങയോട് അഭ്യർത്ഥിച്ചുകൊണ്ട്, മാനുഷിക മുഖമുള്ള ഈ ജനകീയ ബ്ഡജറ്റിനെ മുക്തകണ്ഠം പിന്തുണച്ചുകൊണ്ട്, അങ്ങയെ അഭിവാദ്യം ചെയ്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഞങ്ങളുടെ നാട്ടിൽ ഉപകാരപ്രദമല്ലാത്തതിന് പറയുന്നത് 'ഒരു ചുക്കിനും ചുണ്ണാമ്പിനും കൊള്ളരുതാത്തത്' എന്നാണ്. അതുപോലെ ഒരു ചുക്കിനും ചുണ്ണാമ്പിനും കൊള്ളരുതാത്ത ബഡ്ജറ്റാണ് ശ്രീ. കെ. എം. മാണി ഇവിടെ അവതരിപ്പിച്ചത് എന്നുപറയേണ്ടി വന്നതിൽ എനിക്ക് അതിയായ ഖേദമുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ്വരെ എല്ലാ ജില്ലകളെയും അവഗ ണിച്ച ബഡ്ജറ്റാണെന്ന് ഭരണകക്ഷി – പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും പറഞ്ഞുകഴിഞ്ഞതാണ്. മുമ്പ് നാട്ടിൻപുറത്തെ വീടുകളിൽ

കോടങ്കികൾ വരുമായിരുന്നു. എല്ലാ വീട്ടിലും നല്ലകാലം വരുന്നുണ്ടെന്നാണ് അവർ പറയുന്നത്. അതുപോലെ മാണി സാർ യു.ഡി.എഫ്.–നുവേണ്ടി അവതരിപ്പിച്ച നാല് ബഡ്ജറ്റിലും നല്ലകാലം വരുന്നുണ്ടെന്ന് പറയുമെന്നല്ലാതെ കേരളത്തിൽ ഇതുവരെ ഒരു നല്ലകാലവും വന്നിട്ടില്ല. അങ്ങ് കർഷക മാണിക്യമാണ്, കർഷകന്റെ താല്പര്യങ്ങൾക്കുവേണ്ടിയാണ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത് എന്നൊക്കെയാണ് അങ്ങയെപ്പറ്റി പ്രമുഖ പത്രങ്ങളും ഭരണകക്ഷിയിൽപ്പെട്ടവരും പ്രകീർത്തിച്ചത്. കേരളത്തിന്റെ കാർഷിക മേഖല ഇത്രമാത്രം തകർന്ന കാലഘട്ടം മുമ്പുണ്ടായിട്ടുണ്ടോ? ഇതുവരെ റബ്ബർ മേഖലയിൽ പ്രതിസന്ധി ഉണ്ടായിരുന്നില്ല. ഇപ്പോൾ റബ്ബറിന്റെ അവസ്ഥ മറ്റ് കാർഷിക വിളകളേക്കാൾ അപകടത്തിലാണ്. നെൽ കൃഷി നേരത്തെ തകർന്നു, നാളികേര കൃഷി തകർന്നു. ഇപ്പോൾ റബ്ബർ കൃഷിയും പ്രതിസന്ധി നേരിടുകയാണ്. ഈ കാലഘട്ടത്തിൽ കാർഷിക മേഖല മുന്നോട്ടാണ് എന്നുപറയുന്നതിൽ എന്ത് ന്യായമാണുള്ളത്? കർഷകർക്കുവേണ്ടി അങ്ങ് ധാരാളം പരിപാടികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു എന്നാണ് പറയുന്നത്. കർഷകർക്കുള്ള പലിശരഹിത വായ്പകളെ സംബന്ധിച്ച് ബഡ്ജറ്റിൽ ഇപ്പോഴും പ്രഖ്യാപിച്ചിട്ടുണ്ട്. 2011 ജൂലൈ 8–ന് അവതരിപ്പിച്ച ബഡ്ജറ്റിലും പലിശരഹിത വായ്പയെക്കുറിച്ച് പറയുന്നുണ്ട്. നാല് ബഡ്ജറ്റിലും തുടർച്ചയായി പലിശരഹിത വായ്പയെക്കുറിച്ച് പറഞ്ഞതല്ലാതെ കൃഷിക്കാർക്ക് ഇതുവരെ ഇത് ലഭ്യമായിട്ടില്ല. ചില സർവ്വീസ് സഹകരണ ബാങ്കുകൾ പലിശരഹിത വായ്പ കൊടുക്കുന്നതല്ലാതെ സർക്കാരിന്റെ പദ്ധതിയായി പലിശരഹിത വായ്പ കൊടുക്കുന്ന ഒരു സമീപനവും കേരളത്തിൽ ഉണ്ടായിട്ടില്ല. അതുപോലെ ബഡ്ജറ്റിലെ ഒരു പ്രഖ്യാപനമാണ് കൃഷിക്കാർക്കുള്ള അഗ്രി കാർഡ്.

അതാണ് കിസാൻ പാസ് ബുക്ക് എന്ന പേരിൽ പ്രഖ്യാപിച്ചിട്ടുള്ളത്. 2011–ൽ പ്രഖ്യാപിച്ച അഗ്രികാർഡ് ഒരു പുതിയ പേരിട്ട് കിസാൻ കാർഡാക്കി. ഇതു കൊണ്ട് കൃഷിക്കാർക്ക് എന്ത് നേട്ടമാണുണ്ടാകുന്നത്. ഹൈടെക് കൃഷിയെ സംബന്ധിച്ച് മൂന്ന് ബഡ്ജറ്റ് പ്രസംഗത്തിലും അങ്ങ് പറഞ്ഞിരുന്നു. കേരള ത്തിലെങ്ങും ഹൈടെക് കൃഷി നടപ്പിലായിട്ടില്ല. ഏറ്റവും വലിയ കാർഷികമേ ഖലയായ പാലക്കാട് റൈസ് ബയോ പാർക്കും ഗ്രീൻ ഹൗസും ഹൈടെക് കൃഷികളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല. പ്രഖ്യാപനത്തിലൊതുങ്ങിയെന്ന ല്ലാതെ പ്രായോഗികമായി ഒന്നും നടപ്പിലാക്കിയിട്ടില്ല. മാണി സാറിന് ഹൈടെക് കൃഷി എന്താണെന്ന് അറിയില്ലെന്ന് അദ്ദേഹം ചാനലിൽ പറയു കയും ചെയ്തു. കാർഷിക മേഖലയിലെ വിലസ്ഥിരതയ്ക്കുവേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഈ ബഡ്ജറ്റിൽ പുതിയതായി പറഞ്ഞിട്ടുണ്ട്. അതും ഏട്ടിലെ പശുവായിത്തന്നെ നിൽക്കും. ഈ ഇൻഷ്വറൻസ് പദ്ധതി എങ്ങനെയാണ് നടപ്പിലാക്കാൻ പോകുന്നത്; ഉൽപ്പ ന്നങ്ങൾക്ക് വിലയിടിഞ്ഞാൽ ഇൻഷ്വറൻസ് എങ്ങനെ കണക്കാക്കും; ഉൽപ്പന്ന ങ്ങളുടെ മാർക്കറ്റ് വില എങ്ങനെ കണക്കാക്കും; ഗവൺമെന്റ് എല്ലാ ഉൽപ്പന്ന ങ്ങൾക്കും തറവില നിശ്ചയിക്കുമോ; കൃഷിക്കാർക്കുണ്ടാകുന്ന നഷ്ടം ഏത് ഡിപ്പാർട്ടുമെന്റ് കണക്കാക്കും; ഇൻഷ്വറൻസ് എങ്ങനെ കൃഷിക്കാർക്ക് ലഭിക്കും? മാണി സാർ 10 ബഡ്ജറ്റ് അവതരിപ്പിച്ചാലും കർഷകർക്ക് ഇൻഷ്വ റൻസ് പ്രായോഗികമായി ലഭിക്കില്ലെന്ന കാര്യം എനിക്ക് ഉറപ്പാണ്. നാട്ടു കാരെ പറ്റിക്കാൻവേണ്ടി മാത്രം പ്രഖ്യാപനം നടത്തിക്കൊണ്ടിരിക്കുകയാണ്. അടുത്ത തവണയും ഈ പ്രഖ്യാപനം നടത്തും. മാണിസാറിന്റെ പ്രാഗത്ഭ്യ മൊന്നും ഈ ബഡ്ജറ്റിൽ കാണാനില്ല. ഉദ്യോഗസ്ഥർ എഴുതിക്കൊടുത്തത്

അദ്ദേഹം വായിച്ചു എന്നാണ് തോന്നുന്നത്. ഇവിടെ വർക്കല കഹാർ തിരുക്കുറൾ വിക്കിവിക്കി പറഞ്ഞതുപോലെ മാണി സാർ ബഡ്ജറ്റിന്റെ അവസാനം വിതുരർ ധൃതരാഷ്ട്രരെ ഉപദേശിക്കുന്ന ഒരു സംസ്കൃത ശ്ലോകം ചൊല്ലുകയുണ്ടായി. മാണി സാർ സംസ്കൃതത്തിൽ വിദഗ്ദ്ധനല്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. വിദഗ്ദ്ധനല്ലാത്ത മാണിസാർ ഉദ്യോഗസ്ഥർ എഴുതിത്തരുന്നത് നിയമസഭയിൽ ഇങ്ങനെ പറയുന്നത് വളരെ മോശമാണ്. അങ്ങ് പല കാര്യത്തിലും വളരെ പ്രഗത്ഭനാണ്. പക്ഷേ സംസ്കൃതത്തിൽ വലിയ പാണ്ഡിത്യമൊന്നുമില്ല. പിന്നെ ബഡ്ജറ്റിൽ എന്തിനാണ് സംസ്കൃത ശ്ലോകം ഉൾപ്പെടുത്തിയത്. അതുകൊണ്ട് ബഡ്ജറ്റ് ഉദ്യോഗസ്ഥർ എഴുതിത്തരുന്ന ഒരു പുസ്തകമെന്നല്ലാതെ മാണിസാറിന്റെ രാഷ്ട്രീയ വൈദഗ്ദ്ധ്യമൊന്നും ബഡ്ജറ്റിൽ പ്രതിഫലിക്കുന്നില്ല. ഇത് ദീർഘവീക്ഷണത്തോടെ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റല്ല. കേരളത്തിന് പുരോഗതി നേടണമെങ്കിൽ പശ്ചാത്തലസൗകര്യങ്ങളുടെ വികസനമുണ്ടാകണം. പശ്ചാത്തലസൗകര്യ വികസനമുണ്ടായാൽ മാത്രമേ കൃഷിയും വ്യവസായവും അഭിവൃദ്ധിപ്പെടുകയുള്ളൂ. അതിൽ പ്രധാനപ്പെട്ടതാണ് ഇലക്ട്രിസിറ്റി. വൈദ്യുത മേഖലയിൽ ഇപ്പോഴത്തെ നമ്മുടെ ആവശ്യം ഒരു വർഷം 23000 മില്ല്യൺ യൂണിറ്റാണ്. ഇപ്പോൾ ഒരു വർഷം 20000 മില്യൺ യൂണിറ്റ് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നത് 3000 മില്യൺ യൂണിറ്റ് വൈദ്യുതി ഇപ്പോൾതന്നെ കമ്മിയുള്ള സംസ്ഥാനമാണ് കേരളം. 2030 ആകുമ്പോഴേക്കും നമ്മുടെ ആവശ്യം 60000 മില്യൺ യൂണിറ്റായി മാറും. ഇത് മുന്നിൽ കണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളെ സംബന്ധിച്ച് ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ടോ. വൈദ്യുതിയെ സംബന്ധിച്ച് പറഞ്ഞിട്ടില്ല. അപ്പോൾ നമ്മുടെ സംസ്ഥാനം എങ്ങനെയാണ് മുന്നോട്ട്

പോകുന്നത്? മാണിസാറിന്റെ ബഡ്ജറ്റ് കേരളം പൊന്നാക്കുമെന്ന് പറഞ്ഞാൽ മതിയോ; പൊന്നാക്കണ്ടേ, പൊന്നാക്കാനുള്ള നിർദ്ദേശങ്ങളെന്താണ്? അത് സംബന്ധിച്ചാണ് നമ്മൾ വേവലാതിപ്പെടേണ്ടത്. റോഡുകളുടെയും റെയിൽവേയുടെയും സൗകര്യം വികസിക്കണം, പശ്ചാത്തല സൗകര്യം വികസിച്ചാൽ മാത്രമേ വ്യവസായം വരികയുള്ളൂ. വ്യവസായം വന്നാൽ മാത്രമേ നാട് വികസിക്കുകയുള്ളൂ. അല്ലാതെ ചിലർക്ക് കാരുണ്യം കൊടുത്തു എന്ന് പറഞ്ഞതുകൊണ്ടൊന്നും കേരളം രക്ഷപ്പെടാൻ പോകുന്നില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് ചീമേനി പദ്ധതിയുൾപ്പെടെ 3500 മെഗാ വാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്കാണ് രൂപം നൽകിയിരുന്നത്. അത് പ്രാവർത്തികമാക്കുന്നതിനുള്ള ഒരു സമീപനവും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. വിഭവ സമാഹരണത്തിനായി 1550 കോടി രൂപയുടെ അധിക നികുതിയാണ് ചുമത്തിയിട്ടുള്ളത്. ഈ നികുതികൾ പ്രാവർത്തികമാക്കുമ്പോൾ രൂക്ഷമായ വിലക്കയറ്റമാണ് കേരളത്തിലെ ജനങ്ങൾക്ക് സമ്മാനിക്കുക. ഓരോ മേഖലയിലാണ് നികുതി ചുമത്തിയിട്ടുള്ളതെങ്കിലും എല്ലാ നികുതിയും പാവപ്പെട്ടവരെ ബാധിക്കുന്നവയാണ്. ഓട്ടോറിക്ഷയ്ക്കും ടാക്സിക്കും നികുതി ചുമത്തിയതിൽ വ്യാപകമായ പ്രതിഷേധമുണ്ടായി. ഭരണകക്ഷിക്കാരും അതിനെതിരായി പറഞ്ഞു. അതുകൊണ്ട് മാണി സാർ അത് ഒഴിവാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉള്ള നികുതി പിരിച്ചെടുക്കുന്നതിനുള്ള നീക്കം നടക്കുന്നില്ല. നികുതി വെട്ടിപ്പുകാർക്ക് സൗകര്യം ചെയ്തുകൊടുക്കുകയാണ് ചെയ്യുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഉള്ള നികുതി പിരിച്ചെടുത്ത് കൂടുതൽ സഹായം ജനങ്ങൾക്ക് നൽകുകയായിരുന്നു, അല്ലാതെ പുതിയ

നികുതി ചുമത്തി ജനങ്ങളെ ദ്രോഹിക്കുന്ന നയമല്ല സ്വീകരിച്ചിരുന്നത്. അതിന് വിപരീതമായി ഉള്ള നികുതി പിരിക്കാതെ പുതിയ നികുതി ചുമത്തി ആളുകളെ ദ്രോഹിക്കുന്ന സമീപനമാണ് അങ്ങ് സ്വീകരിച്ചിട്ടുള്ളത്.

മദ്യവില കൂട്ടുമ്പോൾ എല്ലാവരും അതിനെ അനുകൂലിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മദ്യവില കൂട്ടിയാൽ മദ്യപന്മാരുടെ എണ്ണം കുറയുമോ; ആളുകൾ കുടി നിറുത്തുമോ? അങ്ങനെ കുടി നിറുത്തിയാൽ നികുതിയിലൂടെ സർക്കാർ പ്രതീക്ഷിച്ച വരുമാനം കിട്ടില്ല. സർക്കാർ ഇതിൽ നിന്നും 400 കോടിരൂപ വരുമാനം പ്രതീക്ഷിക്കുന്നു. അങ്ങനെ പ്രതീക്ഷിക്കണമെങ്കിൽ കുടിയന്മാർ കൂടുതൽ കുടിക്കുമെന്നല്ലേ ബഹുമാനപ്പെട്ട മന്ത്രി കാണുന്നത്. മദ്യത്തിന് വില കൂട്ടുന്നത് മദ്യപന്മാരുടെ എണ്ണം കുറയ്ക്കില്ലെന്ന് മാത്രമല്ല, മദ്യപന്മാരുടെ വീടുകളിലെ പാവപ്പെട്ട സ്ത്രീകളുടെ കണ്ണുനീർ വർദ്ധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 400 കോടി രൂപ അത്തരം സ്ത്രീകളുടെ കണ്ണുനീരിൽനിന്നാണ് ശ്രീ. കെ. എം. മാണി പിരിച്ചെടുക്കുന്നതെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. മദ്യത്തിന്റെ വില കൂട്ടിയാൽ ബാർ ഉടമകൾക്ക് ലാഭകരമാകും. അവർ സീൽ ഇല്ലാത്ത മദ്യവും സെക്കന്റ്സും വിൽക്കുമ്പോൾ കൂടുതൽ ആളുകൾ കുടിക്കാൻ ചെല്ലും. കള്ളവാറ്റിന്റെ വിതരണവും വിൽപ്പനയും രാജ്യവ്യാപകമായി വർദ്ധിക്കും. മദ്യത്തിന്റെ നികുതി വർദ്ധിപ്പിച്ചതുകൊണ്ട് സമൂഹത്തിന് ദോഷമല്ലാതെ ഒരു ഗുണവും വരാൻ പോകുന്നില്ല. ടൂറിസ്റ്റ് ബസ്സുകളിലെ സീറ്റൊന്നിന് 7000 രൂപ നികുതി നിശ്ചയിച്ചിട്ടുണ്ട്. കൂടുതൽ ആളുകൾ ശബരിമലയിലേക്കും ഗുരുവായൂർക്കും വരുന്നത് ഇത്തരം ടൂറിസ്റ്റ് ബസ്സുകളിലാണ്. അവ

രുടെ വരവ് കുറയും. അതുകൊണ്ട് ശ്രീ. കെ. എം. മാണി പ്രതീക്ഷിച്ച വരുമാനം കിട്ടാൻ പോകുന്നില്ല. സ്വർണ്ണക്കച്ചവടക്കാർക്ക് നികുതിയിളവാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഓരോവർഷം കഴിയുന്തോറും ഇവിടെ സ്വർണ്ണക്കടകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ബിൽ എഴുതുന്നതിലൂടെ കൂടുതൽ നികുതി വരുമാനം ഗവൺമെന്റിന് കിട്ടുമെന്ന് പ്രതീക്ഷിച്ചാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്നത്. കച്ചവടക്കാർ ബിൽ എഴുതുന്നതിന്റെ ഭാഗമായിട്ടാണ് കൂപ്പൺ നൽകുന്നത്. കൂടുതൽ വരുമാനം ലഭിക്കുകയെന്നതാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ കൊണ്ടുദ്ദേശിക്കുന്നത്. പുതിയ നികുതി ചുമത്താതെ, നികുതിവെട്ടിപ്പ് തടഞ്ഞ് കൂടുതൽ വരുമാനം ഗവൺമെന്റിന് ഉണ്ടാക്കാൻ കഴിയും. ബിൽ ഇല്ലെങ്കിലും കൂപ്പൺ കൊടുക്കുകയാണ് ഇപ്പോൾ ഗവൺമെന്റ് ചെയ്യുന്നത്. കള്ളക്കച്ചവടക്കാർക്ക് അത് നടത്താനുള്ള ലൈസൻസാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഗവൺമെന്റ് കൊടുത്തിരിക്കുന്നത്. അതുകൊണ്ട് ഉദ്ദേശിച്ച വരുമാനവുമില്ല. 2010-ൽ പാസ്സാക്കിയ ആഭരണ നിർമ്മാണ തൊഴിലാളി നിയമമുണ്ട്. 10 ലക്ഷം രൂപയിലധികം വിറ്റുവരവുള്ള സ്വർണ്ണവ്യാപാരികൾ 0.25 ശതമാനം സെസ്സ് കൊടുക്കണമെന്നാണ് ആ നിയമത്തിൽ പറയുന്നത്. ധനകാര്യ വകുപ്പ് പിരിച്ചുകിട്ടുന്ന സെസ്സ് തുകയിൽനിന്ന് ക്ഷേമനിധി പ്രവർത്തിക്കാനാവശ്യമായ പൈസ കൊടുത്താൽ മതി. ആ നിയമം നടപ്പിലാക്കിയാൽ സർക്കാരിന് 50 കോടി രൂപ കിട്ടും. വേറെ നികുതി എന്തിനാണ് ചുമത്തുന്നത്? 80000 കോടി രൂപയുടെ സ്വർണ്ണവ്യാപാരം നടക്കുന്ന സംസ്ഥാനമാണ് കേരളം. അതിൽ പകുതിപ്പേർ 10 ലക്ഷം രൂപയിലധികം വിറ്റുവരവില്ലാത്തവരാണ്.

അവരെ ഒഴിവാക്കിയാൽതതന്നെ 40000 കോടി രൂപ സെസ്സ് പിരിച്ചെടുക്കാൻ കഴിയുന്ന നിയമമുണ്ട്. സർക്കാർ അത് നടപ്പിലാക്കുന്നില്ല. അങ്ങനെ നടപ്പിലാക്കിയാൽ അതിൽനിന്ന് 50 കോടി രൂപ ലഭിക്കുകയും തൊഴിലാളി വിഭാഗങ്ങൾക്ക് ഗുണം കിട്ടുകയും ചെയ്യും. ഇങ്ങനെയുള്ള വരുമാനമാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്താതെ ഗവൺമെന്റ് കൂടുതൽ ജനദ്രോഹ സമീപനങ്ങളാണ് എടുത്തുകൊണ്ടിരിക്കുന്നത്. ധൂർത്തിന്റെ ഭാഗമായി റവന്യൂ ചെലവ് വർദ്ധിച്ചിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനെക്കാൾ 842 കോടി രൂപയുടെ അധിക ചെലവാണ് സർക്കാരിന് വന്നിട്ടുള്ളത്. മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിന്റെയും എണ്ണം വർദ്ധിച്ചതിന്റെ ഭാഗമായിട്ടാണ് ഇങ്ങനെ വന്നത്. കേന്ദ്രമന്ത്രിമാരുടെ എണ്ണം വർദ്ധിക്കുകയും അവർ ഇവിടെ വന്നുപോകുമ്പോഴുണ്ടാകുന്ന ചെലവിന്റെയും ഭാഗമായി 842 കോടി രൂപയുടെ റവന്യൂകമ്മി, അധികചെലവാണ് വന്നത്. ഇതിനുപുറമേയാണ് മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടി നടത്തുന്നത്. അദ്ദേഹത്തിന്റെ ഈ തവണത്തെ 14 ജില്ലകളിലെയും ജനസമ്പർക്ക പരിപാടിക്ക് 4,13,75,600 രൂപ ചെലവായെന്ന് അദ്ദേഹം എഴുതിത്തന്ന മറുപടിയിൽ പറയുന്നു. 14 ജില്ലകളിലുമായി മുഖ്യമന്ത്രി വിതരണം ചെയ്തത് 30,02,94,800 രൂപയാണ്. ഇങ്ങനെ പൈസ കൊടുക്കുന്നതിന് എന്താണ് അടിസ്ഥാനം. ഒരു ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കുന്നതിനേക്കാൾ ആളുകൾ അടുത്ത ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കുന്നു. അവർക്കൊക്കെ 5,000, 10,000, 15,000 രൂപ വീതം കൊടുക്കുന്നു. ഇങ്ങനെ വർഷംതോറും കൊടുത്തതുകൊണ്ട് ഇവിടെ സോഷ്യലിസം വരുമോ? രാജാക്കന്മാരുടെ കാലത്തുപോലും ചെയ്യാത്ത കാര്യങ്ങളാ

ണിത്. ഇവിടെ കൊച്ചി-തിരുവിതാംകൂർ രാജ്യങ്ങളുണ്ടായിരുന്നു. കൊച്ചി രാജ്യത്തുനിന്നും ഒരു ദൂതൻ തിരുവിതാംകൂർ മഹാരാജാവിനെ മുഖം കാണിക്കാൻ ചെന്നപ്പോൾ, അങ്ങയുടെ രാജാവിന്റെ ഭരണമെങ്ങനെയാണ്; ജനങ്ങൾക്ക് സന്തോഷകരമാണോയെന്ന് മഹാരാജാവ് ചോദിച്ചു. ഞങ്ങളുടെ രാജാവ് വളരെ ധർമ്മിഷ്ഠനാണെന്ന് ദൂതൻ മറുപടി പറഞ്ഞു. ധർമ്മിഷ്ഠൻ എന്താണ് ചെയ്യുന്നതെന്ന് മഹാരാജാവ് വീണ്ടും ചോദിച്ചു. അദ്ദേഹം ആയിരക്കണക്കിന് ആളുകൾക്ക് ഉച്ചയ്ക്ക് സൗജന്യഭക്ഷണം നൽകുമെന്ന് ദൂതൻ പറഞ്ഞു. അത് കഴിക്കാൻ ആളുകൾ വരുന്നുണ്ടോയെന്ന് മഹാരാജാവ് ചോദിച്ചു. ആളുകൾ തിക്കും തിരക്കുമായി വരുന്നുണ്ടെന്ന് മറുപടി പറഞ്ഞു.

മി. സ്പീക്കർ : ശ്രീ. എം. ചന്ദ്രൻ.......

ശ്രീ. എം. ചന്ദ്രൻ : ഇതുകഴിഞ്ഞ് ഒരു പോയിന്റ് കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ : ഇപ്പോൾ രാജാക്കന്മാരൊന്നുമില്ലല്ലോ.

ശ്രീ. എം. ചന്ദ്രൻ : സർ, സൗജന്യ ഉച്ചഭക്ഷണം കഴിക്കാൻ ആളുകൾ വരുന്നെങ്കിൽ തന്റെ രാജാവിന്റെ ഭരണമെന്താണെന്ന് മഹാരാജാവ് ദൂതനോട് ചോദിച്ചു. വീട്ടിൽ ഭക്ഷണം കഴിക്കാൻ ഇല്ലാത്തതുകൊണ്ടാണല്ലോ സൗജന്യ ഭക്ഷണം കഴിക്കാൻ ആളുകൾ വരുന്നത്. അതുപോലെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണമെന്താണ്? ലക്ഷക്കണക്കിനാളുകൾ പിച്ചക്കാശിനുവേണ്ടി ക്യൂ നിൽക്കുന്ന ഭരണമാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്. അടുത്ത വർഷം ഇത്തരത്തിലുള്ള ക്യൂ നിൽക്കാൻ ആളെ വിളിച്ചുകൂട്ടണോ? രോഗികൾക്കുള്ള ചികിത്സ ആശുപത്രിയിൽ കൊടുക്കണ്ടേ? ആശുപത്രികൾ നന്നാക്കി, എല്ലാവർക്കും സൗജന്യ ചികിത്സ കൊടുത്താൽ പോരെ? എന്തിനാണ് പാവപ്പെട്ട

ആളുകളെ രാത്രി 12 മണി വരെ ക്യൂ നിർത്തുന്നത്? ഇത്തരത്തിൽ മുഖ്യ മന്ത്രി കൊടുക്കേണ്ടതാണോ ഖജനാവിലെ 33 കോടി രൂപ.

ശ്രീ. വർക്കല കഹാർ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാനത്തെ അസുഖബാധിതർക്കും രോഗശയ്യയിലുള്ളവർക്കും നൽകുന്ന ചികിത്സാ സഹായത്തെ പിച്ചക്കാശെന്ന് പറഞ്ഞ് ആക്ഷേപിച്ച് സഭയിൽ നടത്തിയ പരാമർശം സഭാരേഖകളിൽനിന്നും നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ : സർ, രേഖയിൽനിന്നും നീക്കം ചെയ്യുന്നതുകൊണ്ട് കുഴപ്പമില്ല. പറഞ്ഞ വാചകത്തിന്റെ വസ്തുത അതുതന്നെയാണ്.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്...........

ശ്രീ. എം. ചന്ദ്രൻ : സർ, ഞാൻ ഒരു പോയിന്റ് കൂടി പറയുന്നു. കേന്ദ്രത്തിൽ നിന്ന് 32 ശതമാനം നികുതിയാണ് ലഭിക്കുന്നത്. അത് 50 ശതമാനമായി വർദ്ധിപ്പിക്കണമെന്ന് ശ്രീ. കെ. എം. മാണി ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. കേന്ദ്രം ഭരിക്കുന്ന സർക്കാർ തന്നെയാണ് കേരളവും ഭരിക്കുന്നത്. കേരളത്തിൽനിന്നും കേന്ദ്രത്തിൽ 8 മന്ത്രിമാരും യു.ഡി.എഫ്.-ന്റെ 16 എം.പി.മാരുമുണ്ട്. എന്നിട്ടുപോലും ഒരു കാര്യവും നേടിയെടുക്കാൻ ഇവിടത്തെ മന്ത്രിസഭയ്ക്ക് കഴിഞ്ഞിട്ടില്ലെന്ന് ഞാൻ പറയുന്നു. പാലക്കാട് ജില്ലയിലെ കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടിട്ട് ഫെബ്രുവരി 21-ന് രണ്ട് വർഷം തികയുകയാണ്. അതെങ്കിലും നടപ്പിലാക്കാൻ ഈ സർക്കാർ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ ആത്മാർത്ഥമായി പിന്തുണയ്ക്കുകയാണ്. ഏഷ്യയിലെതന്നെ ധനകാര്യ വകുപ്പുമന്ത്രിമാരിൽ ഏറ്റവും കുടുതൽ ബഡ്ജറ്റ് അവതരിപ്പിച്ച് റിക്കാർഡ് നേടിയ ഒരു മഹാനായ നേതാവാണ് ശ്രീ. കെ. എം. മാണിയെന്ന് ആദ്യമായി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. ആദ്യമായി വടക്കൻ മലബാറിലെ വിശേഷിച്ച് കണ്ണൂരിനെ സംബന്ധിച്ച് അടിയന്തരമായി ശ്രീ. കെ. എം. മാണിയുടെ ശ്രദ്ധയിൽപ്പെടേണ്ട പ്രധാനപ്പെട്ട ചില പദ്ധതികളുണ്ട്, അതിൽ പലതിനും വലിയ സാമ്പത്തിക ബാദ്ധ്യത വരില്ല കാരണം, നമ്മൾ പ്രോജക്ട് സമർപ്പിച്ചാൽ കേന്ദ്ര ഗവൺമെന്റ് ഫണ്ടുതന്ന് സഹായിക്കും. പക്ഷെ അങ്ങ് ഈ പ്രോജക്ടിനോട് താൽപ്പര്യം കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒന്ന്, കണ്ണൂരിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രി സംസ്ഥാന ഗവൺമെന്റിന്റെ അധീനതയിലാണ്. ഈ ആശുപത്രി കേന്ദ്ര ഇ.എസ്.ഐ.ക്ക് വിട്ടുകൊടുക്കുകയാണെങ്കിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഉണ്ടാക്കാമെന്നാണ് അവർ പറയുന്നത്. എങ്കിൽ കൊല്ലം ജില്ലയിൽ സ്ഥാപിച്ചതുപോലെ ഇവിടെയും സാധിക്കും. പത്ത് ഏക്കർ സ്ഥലമുണ്ട്, പക്ഷെ സംസ്ഥാന ഗവൺമെന്റ് നയപരമായ ഒരു തീരുമാനം എടുക്കുകയേ വേണ്ടൂ, അത് വിട്ടുകൊടുക്കാനുള്ള തീരുമാനം അടിയന്തരമായി എടുക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന്, പരിയാരം മെഡിക്കൽ കോളേജ് ഉടൻ ഗവൺമെന്റ് ഏറ്റെടുക്കണമെന്നുള്ളതാണ്. മാത്രമല്ല, അത് ശ്രീചിത്രാ മോഡൽ ആക്കി മാറ്റണമെന്നാണ് എന്റെ അഭിപ്രായം. പാവങ്ങൾക്ക് സൗജന്യം, സാധാരണക്കാർക്ക് സൗജന്യ നിരക്ക്, സമ്പന്നർക്ക് കൂടുതൽ ഫീസ് എന്ന രീതിയിൽ വിദഗ്ദ്ധരടങ്ങുന്ന ഒരു ഓട്ടോണമസ് ബോഡിയെ ഏൽപ്പിച്ചു

കൊണ്ട് അത് ഏറ്റെടുക്കണമെന്നാണ് പറയാനുള്ളത്. കാരണം ഇപ്പോൾ എട്ട് ജില്ലകളിൽ മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചു. പക്ഷേ, കണ്ണൂരിൽ മാത്രം മെഡിക്കൽ കോളേജ് ഇല്ല. എന്നാൽ മറ്റ് മെഡിക്കൽ കോളേജുകൾക്കുള്ള ബാദ്ധ്യത പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതു കൊണ്ട് ഉണ്ടാവുകയില്ല. ഇതിന് 600 കോടി രൂപയുടെ ബാദ്ധ്യത മാത്രമെ വരുന്നുള്ളൂ, പക്ഷെ 3000 കോടി രൂപയുടെ അസെറ്റ് ശ്രീചിത്രാ മോഡൽ ആക്കികഴിഞ്ഞാൽ ഇതിൽ നിന്ന് ഗവൺമെന്റിന് ലഭിക്കും. അതുകൊണ്ടാണ് ഞാൻ അത് ശ്രീചിത്രാ മോഡൽ ആക്കണമെന്ന് പറയുന്നത്. നമ്മുടെ പുതിയ മെഡിക്കൽ കോളേജുകളിൽ മുഴുവൻ ആ രീതി ആലോചിക്കണം. കാരണം, നമ്മുടെ ഗവൺമെന്റ് ആരോഗ്യ-വിദ്യാഭ്യാസ രംഗത്താണ് സിംഹഭാഗവും ചെലവാക്കുന്നത്. അതുകൊണ്ട് യഥാർത്ഥ പാവങ്ങൾക്ക് പരിഹാരമെന്നുള്ള അർത്ഥത്തിൽ പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുത്തുകൊണ്ട് ശ്രീചിത്രാ മോഡൽ ആക്കുക മാത്രമല്ല, സാധിക്കുമെങ്കിൽ പുതിയ എല്ലാ മെഡിക്കൽ കോളേജുകളും ആ രീതിയിൽ ആക്കണം എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

<u>മി. സ്പീക്കർ</u>: ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, ശ്രീചിത്രയിൽ രണ്ട് ബ്രാഞ്ചുകൾ, അതായത് കാർഡിയോളജിയും, ന്യൂറോളജിയും, മാത്രമെയുള്ളൂ. പരിയാരം മെഡിക്കൽ കോളേജിൽ അതുപോലെ പോരല്ലോ. ഞാൻ ഇടയ്ക്ക് പറഞ്ഞുവെന്നെയുള്ളൂ. യെസ്.

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u>: സർ, എല്ലാം ഗവൺമെന്റ് തീരുമാനിച്ചാൽ നടപ്പിലാക്കാവുന്നതേയുള്ളൂ. അതുപോലെതന്നെ കണ്ണൂർ ജില്ലാ ആശുപത്രി ഒരു ജനറൽ ആശുപത്രിയായി ഉയർത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 4 ഏക്കർ സ്ഥലമുണ്ട്. ഏകദേശം 700 ബെഡ്ഡുമുണ്ട്.

അതുകൊണ്ട് കണ്ണൂർ ജില്ലാ ആശുപത്രിയെ ഒരു ജനറൽ ആശുപ്രതിയായി ഉയർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ, അങ്ങയുടെ ആദ്യ ബഡ്ജറ്റിൽ തിരുവനന്തപുരത്തും കോഴിക്കോടും ഉള്ളതുപോലെ കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിനെ ഷോപ്പിംഗ് കോംപ്ലക്സ്–കം–ബസ് ടെർമിനൽ ആക്കുമെന്ന് പ്രഖ്യാപിച്ചതാണ്. പക്ഷെ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ നേതൃത്വത്തിൽ യോഗം ചേർന്നെങ്കിലും അതുസംബന്ധിച്ചുള്ള കാര്യങ്ങൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അത് കുറെക്കൂടി വേഗതയിൽ നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു നിർദ്ദേശംകൂടി ഞാൻ പറയുകയാണ്. ഭൂരഹിതരില്ലാത്ത കേരളം എന്നുള്ള പദ്ധതിയിൽ 2.5 ലക്ഷത്തോളം ആളുകൾക്ക് ഭൂമി നൽകുകയാണ്. കണ്ണൂരിൽ പതിനൊന്നായിരത്തോളം ആളുകൾക്ക് ഒറ്റയടിക്ക് ഭൂമി കൊടുത്ത ഒരു വലിയ പദ്ധതിയാണ്. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ മനുഷ്യപറ്റുള്ള പദ്ധതിയാണ്. പക്ഷെ 2.5 ലക്ഷം ആളുകൾക്ക് 3 സെന്റ് ഭൂമി വീതം നൽകുമ്പോൾതന്നെ ഏകദേശം അഞ്ചാറ് ലക്ഷം ഏക്കർ ഭൂമി അതിനുവേണ്ടി ചെലവുവരും. നമ്മുടെ നാട്ടിൽ ഭൂമി പരിമിതമാണ്. അതുകൊണ്ട്, 'പുരമതി പുരയിടം വേണ്ട' എന്ന ഒരു തത്വം അങ്ങ് സ്വീകരിക്കണം. നമുക്ക് വലിയ ഫ്ളാറ്റുകളിലേക്ക് മാറണം. ഈ ഭൂമി കിട്ടിയ ആളുകളെയെല്ലാം ഒന്നിപ്പിച്ചുകൊണ്ട് ഒരു ഫ്ളാറ്റ് കൊടുക്കാൻ സാധിക്കുന്ന അവസ്ഥയിലേക്ക് പോകണം. ഈ പാവങ്ങൾക്ക് വീടും കിണറും സെപ്റ്റിക് ടാങ്കും മതിലുമൊക്കെ നിർമ്മിക്കുന്ന അനാവശ്യ ചെലവുകൾ വഹിക്കാൻ സാധിക്കില്ലയെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ, കണ്ണൂരിലെ വടക്കൻ മലബാറിന്റെ സ്ഥിതി, റോഡിന്റെ കാര്യത്തിൽ വളരെ ദയനീയമാണ്. ഇങ്ങേ ഭാഗത്തു നോക്കുകയാണെങ്കിൽ

നമുക്ക് എം.സി. റോഡുണ്ട്, ഹൈവേയുണ്ട്, ആലപ്പുഴ, കൊല്ലം എന്നിങ്ങനെ രണ്ട് റെയിൽവേ ലൈനുണ്ട്. പക്ഷെ, വടക്കൻ മലബാറിൽ യാത്ര ചെയ്ത അങ്ങേയ്ക്കറിയാം, മാഹി, മേലേചൊവ്വ, തലശ്ശേരി എന്നിവിടങ്ങളിലെ ബോട്ടിൽനെക്ക് കണ്ട് പേടിച്ച് ഹൈവേയിലൂടെ ആളുകൾ ഇപ്പോൾ യാത്ര ചെയ്യുന്നില്ല. കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ പ്രഖ്യാപിച്ചു. സംസ്ഥാന ഗവൺമെന്റ് 50:50 ബാദ്ധ്യത ഏറ്റെടുക്കാൻ തീരുമാനിച്ചു. എന്റെ അഭിപ്രായത്തിൽ മാഹി – വളപട്ടണം ബൈപ്പാസ് ഒരു സ്പെഷ്യൽ പ്രോജക്ടായി ഗവൺമെന്റ് ഏറ്റെടുക്കണം. ഇതിന് സംസ്ഥാന ഗവൺമെന്റ് 50:50 ബാദ്ധ്യത ഏറ്റെടുക്കേണ്ട ആവശ്യമില്ല, കാരണം വളപട്ടണം, വെങ്ങളം എൻ.എച്ച്.–ന്റെ നാലുവരി പാതയുടെ ഒരു സ്ട്രെച്ച് പ്രോജക്ടുണ്ട്. അത് പണ്ട് കെ.എം.സി. കമ്പനി ടെണ്ടർ ഉറപ്പിച്ചതാണ്. പക്ഷെ സ്ഥലം ലഭിക്കാത്തതുകൊണ്ട് അത് നടപ്പിലാക്കാൻ സാധിച്ചില്ല. കണ്ണൂരിലെ എം.എൽ.എ.മാർക്കും ഞങ്ങൾക്കുമുള്ള അഭിപ്രായം, വളപട്ടണം – മാഹി ഒരു 30 കിലോമീറ്റർ ആ സ്ട്രെച്ച് നേരെ പകുതിയാക്കി കേന്ദ്ര ഗവൺമെന്റിൽ നാം പ്രോജക്ട് സമർപ്പിക്കുകയാണെങ്കിൽ അതൊരു സ്പെഷ്യൽ പ്രോജക്ടായി കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പരിഗണിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. നമുക്കറിയാം, അങ്കമാലി – മണ്ണുത്തി ഏകദേശം 32 കിലോമീറ്റർ നാലുവരി പാത സ്ഥലം കിട്ടിയ ഭാഗം ഒരു സ്ട്രെച്ച് നമ്മൾ അംഗീകരിച്ചതാണ്. തീർച്ചയായും കണ്ണൂരിൽ മാഹി – വളപട്ടണം സ്ട്രെച്ച് നമ്മൾ പൂർത്തിയാക്കുന്നില്ലെങ്കിൽ വടക്കൻ മലബാറിലേക്കുള്ള യാത്ര ദുരിതപൂർണ്ണമായിരിക്കുമെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ ശ്രീ. എം. ചന്ദ്രൻ സൂചിപ്പിച്ച ഒരു കാര്യം ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. ഇപ്പോൾ എൽ.എൻ.ജി. പൈപ്പ് പദ്ധതി തടയപ്പെട്ടിട്ടു

ണ്ടെങ്കിലും ജനങ്ങളുടെ എതിർപ്പുമാറുമെന്ന ശുഭാപ്തിവിശ്വാസക്കാരനാണ് ഞാൻ. ഭൂമിക്കടിയിൽകൂടി ഗ്യാസ് പൈപ്പ് ലൈൻ ഇടാൻ സാധിക്കും. അത് വരുന്നതിനുമുമ്പുതന്നെ നമ്മൾ ആലോചിക്കേണ്ടത് ചീമേനി എൽ.എൻ.ജി. അധിഷ്ഠിത വൈദ്യുത പദ്ധതിയെക്കുറിച്ചാണ്. 2000 ഏക്കർ ഭൂമിയുണ്ട്. വടക്കൻ മലബാറിന്റെ വികസനത്തിന് വലിയ കുതിച്ചുചാട്ടമുണ്ടാകും. കാരണമിപ്പോൾ, പുതിയ പദ്ധതികൾ പൊതു മേഖലയിലായാലും സ്വകാര്യ മേഖലയിലായാലും ആരംഭിക്കണമെങ്കിൽ ഇനി വടക്കൻ മലബാറിൽ മാത്രമെ ഭൂമിയുള്ളൂ. തീർച്ചയായും കേരളത്തിന്റെ സമഗ്ര വികസനം മുന്നിൽ കണ്ടുകൊണ്ട് അങ്ങ് ഇപ്പോൾതന്നെ പ്രകൃതി വാതകത്തിലധിഷ്ഠിതമായ ചീമേനി വൈദ്യുത പദ്ധതി പ്രഖ്യാപിക്കണമെന്ന നിർദ്ദേശം ഈ സന്ദർഭത്തിൽ മുന്നോട്ടുവയ്ക്കുകയാണ്. അങ്ങയുടെ ബഡ്ജറ്റിനെതിരെ ഡോ. ടി. എം. തോമസ് ഐസക് ഉൾപ്പെടെയുള്ളവർ വലിയ വിമർശനം ഉന്നയിച്ചത്, നികുതിഭാരമുള്ള ബഡ്ജറ്റ് എന്നാണ്. സത്യത്തിൽ ആ വാദം ശരിയല്ല. അവർ ഓട്ടോറിക്ഷയ്ക്ക് ചുമത്തിയിട്ടുള്ള ഒരു ദിവസത്തേക്ക് 5 പൈസ വരുന്ന നികുതി ചൂണ്ടിക്കാണിച്ചാണ് ഈ വിമർശനം ഉന്നയിച്ചിട്ടുള്ളത്. പക്ഷെ, ഓട്ടോറിക്ഷയും ടാക്സിയും ഓടിക്കുന്നവർക്ക് ഏറ്റവും വലിയ സഹായം ചെയ്തത് അങ്ങയുടെ ഈ കഴിഞ്ഞ മൂന്നുവർഷക്കാലമാണ്. ആഗോളമായി പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില അര ഡസൻ തവണ വർദ്ധിച്ചപ്പോൾ അധിക നികുതി വേണ്ടായെന്ന് പറഞ്ഞതിന്റെ ഫലമായി ഏകദേശം 700 കോടി രൂപ ഖജനാവിൽ നഷ്ടം വരുത്തി ഓട്ടോറിക്ഷ തൊഴിലാളികൾക്ക് 5 പൈസയല്ല, 500 പൈസയിലധികം സഹായം നൽകിയിട്ടുള്ള ആളാണ് അങ്ങ്. ഇവിടത്തെ ടാക്സിക്ക് മോട്ടോർ മേഖലയിൽ സഹായം നൽകിയിട്ടുള്ള ആളാണ്. യഥാർത്ഥത്തിൽ ഈ ഗവൺമെന്റിന്റെ വിഭവ സമാഹരണത്തെ

പാവങ്ങൾക്കെതിരാണ് എന്നുള്ള പുകമറ സൃഷടിച്ചുകൊണ്ട് ഈ കേരളത്തിന്റെ വികസനം തന്നെ മുരടിപ്പിക്കുന്ന സമീപനമാണ് സാമ്പത്തിക കാര്യത്തിൽ വലിയ വിവരമുള്ള ഡോ. ടി. എം. തോമസ് ഐസകിനെപ്പോലുള്ള ആളുകൾ ചെയ്യുന്നതെന്ന് വളരെ സങ്കടത്തോടുകൂടി പറയാനാഗ്രഹിക്കുകയാണ്. നികുതിയെക്കുറിച്ചുള്ള മനോഭാവം മാറ്റേണ്ടതുണ്ട്. ടോളിനെക്കുറിച്ചുള്ള മനോഭാവങ്ങൾ മാറ്റേണ്ടതുണ്ട്. ഞാനൊരു അനുഭവം പറയാം. മട്ടന്നൂരുള്ള ഒരു വ്യാപാരി കൊച്ചിയിൽ പ്ലാസ്റ്റിക് റീട്ടെയിൽ ഹോൾസെയിൽ ബിസിനസ് നടത്തുന്നുണ്ട്. അദ്ദേഹം പറഞ്ഞ ഒരനുഭവം ഞാൻ പറയാം. അദ്ദേഹം പറഞ്ഞത് ഞാൻ കുറെ വർഷം VAT രജിസ്ട്രേഷൻ ചെയ്യാതെ ടാക്സ് നൽകാതെയാണ് കച്ചവടം നടത്തിയത്. 'ഞാൻ രണ്ടുവർഷമായി ടാക്സും VAT രജിസ്ട്രേഷനും നൽകുന്നു. പക്ഷെ എന്റെ രണ്ടുകൊല്ലത്തെ ജീവതത്തിനിടയ്ക്ക് എനിക്ക് മാനസികമായും ആരോഗ്യപരമായും വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്' അദ്ദേഹം അനുഭവം പറയുന്നത്, ഓരോ ദിവസവും കിട്ടുന്ന കാശ് ചെറിയ സഞ്ചികളിലാക്കി വീട്ടിൽകൊണ്ടുവന്ന് തലയിണയുടെ അടിയിൽവച്ച് കിടന്നുറങ്ങും. പിറ്റേന്ന് മാർവാടിക്ക് ഈ പണം മുഴുവൻ കൊടുത്ത് തീരുന്നതുവരെ അദ്ദേഹത്തിന് സുഖമായ ഉറക്കം കിട്ടാറില്ലായിരുന്നുവത്രെ.

അദ്ദേഹം പറയുന്നത് ഞാൻ വാറ്റ് രജിസ്ട്രേഷനും കൃത്യമായ നികുതിയും കൊടുത്ത് ബാങ്കുവഴി കാര്യങ്ങൾ നടത്തിയപ്പോൾ എന്റെ ആരോഗ്യം നന്നായി, എന്റെ ബിസിനസ്സ് നന്നായി എന്നാണ്. സത്യത്തിൽ നികുതിയെന്നു പറയുന്നത് ജനങ്ങളെയും വ്യാപാരികളെ ബോധ്യപ്പെടുത്തുകയാണെങ്കിൽ

തീർച്ചയായും അവരുടെ മനോഭാവം മാറും. നികുതിയില്ലാതെ നമ്മുടെ രാജ്യത്ത് ഒരു ഭരണാധികാരിക്കും മുന്നോട്ടുപോകാൻ സാധിക്കില്ല. അങ്ങ് രഘുവംശത്തിലെ മഹാരാജാവ് ദിലീപനെപ്പോലെയാണ്. സൂര്യൻ ഭൂമിയിൽ നിന്ന് ജലം നീരാവിയായി വലിച്ചെടുത്ത് മഴയായി പെയ്തിറങ്ങുന്നതുപോലെ എന്ന് കാളിദാസൻ ദിലീപ മഹാരാജാവിന്റെ നിധിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. മാണിസാറിന്റെ നികുതി ആ രീതിയിലുള്ള നികുതിയാണ്. അദ്ദേഹം പാവപ്പെട്ട കൃഷിക്കാരുടെ മക്കൾക്ക് ലാപ്ടോപ്പ് കൊടുക്കുന്നു. രോഗികൾക്ക് ആയിരം രൂപ ക്ഷേമമായി കൊടുക്കുന്നു. കർഷകത്തൊഴിലാളി പെൻഷ നുൾപ്പെടെയുള്ള എല്ലാ പെൻഷനുകളും 100 രൂപ വർദ്ധിപ്പിച്ചുകൊണ്ട് ക്ഷേമ പദ്ധതിയുടെ ചരിത്രത്തിൽ വിപ്ലവം സൃഷ്ടിക്കുന്നു. നികുതി പിരിച്ചു കൊണ്ടുമാത്രമേ ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ സാധിക്കൂ എന്നുള്ളതു കൊണ്ട് നികുതിയോടുള്ള നമ്മുടെ മനോഭവം മാറേണ്ടതുണ്ട്. ഈ രാജ്യത്തെ സ്വർണ്ണക്കടകളെ സംബന്ധിച്ച് ശ്രീ. എം. ചന്ദ്രൻ ഇവിടെ പറഞ്ഞു. ഇന്ന് സെക്രട്ടേറിയറ്റിനുമുമ്പിൽ അവർ സമരം നടത്തി. അങ്ങ് 5 ശതമാനം നികുതി ചുമത്തിയപ്പോൾ അത് കുറയ്ക്കണമെന്ന് അവർ ആവശ്യപ്പെട്ടി രുന്നു. അങ്ങ് അത് ഉപേക്ഷിച്ച് കോമ്പൗണ്ടിംഗ് ആക്കിയിട്ടും അവർ അംഗീ കരിക്കുന്നില്ല. ശ്രീ. എം. ചന്ദ്രൻ പറഞ്ഞതുപോലെ എൺപതിനായിരമല്ല, മൂന്നു ലക്ഷം കോടി രൂപയുടെ സ്വർണ്ണക്കച്ചവടം ഒരുവർഷം കേരളത്തിൽ നടക്കുന്നുണ്ട്. അങ്ങ് പറഞ്ഞ 5 ശതമാനമനുസരിച്ച് യഥാർത്ഥത്തിൽ 15000 കോടി രൂപ നമുക്ക് നികുതി കിട്ടേണ്ടതാണ്. പക്ഷേ ഇവിടെ നമുക്ക് നികുതി കിട്ടുന്നില്ല. അങ്ങയുടെ ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ട് ഞാൻ മുമ്പ് ഇവിടെ പ്രസംഗിച്ചിട്ടുണ്ട്. കേരളത്തിൽ 20 ലക്ഷം കടകളുണ്ടെന്നാണ് സി.&എ.ജി. പറയുന്നത്. ആ 20 ലക്ഷം കടകളിൽ രണ്ടുലക്ഷം ആളുകളാണ്

വാറ്റ് രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത്. ഇപ്പോൾ അത് രണ്ടേകാൽ ലക്ഷമായി, അൽപ്പം വർദ്ധിച്ചിട്ടുണ്ട്. രണ്ടേകാൽ ലക്ഷത്തിൽ നിന്ന് ഇരുപത്തിഎട്ടായിരം കോടി രൂപ കിട്ടുകയാണെങ്കിൽ, ഈ നാട്ടിലെ എല്ലാ ആളുകളും കൃത്യമായി ടാക്സ് കൊടുക്കുകയാണെങ്കിൽ നമുക്ക് ഒരുലക്ഷം കോടി രൂപ കിട്ടുമായിരുന്നു. പക്ഷേ ആരും കൃത്യമായി ടാക്സ് കൊടുന്നില്ല. ഉപഭോക്താക്കൾക്കിടയിലാണ് ബോധവത്ക്കരണം നടത്തേണ്ടത് എന്നാണ് എനിക്ക് തോന്നുന്നത്. നിങ്ങൾ നികുതി കൊടുക്കുകയെന്നത് ദേശസ്നേഹപ്രചോദിതമായ കാര്യമാണെന്ന് വ്യാപാരികളേയും ജനങ്ങളേയും ബോധ്യപ്പെടുത്തുന്ന ഒരു കാമ്പയിൻ അങ്ങയുടെ നേതൃത്വത്തിൽ കൊണ്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ നികുതിയെ സംബന്ധിച്ച് തെറ്റായ ഒരു ധാരണ നമ്മുടെ നാട്ടിലുണ്ട്. ആ ധാരണ തിരുത്താതെ കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് മുമ്പോട്ടുപോകാൻ സാധിക്കില്ല. പുതിയ വിഭവം കണ്ടെത്തണം. അങ്ങ് ആധുനിക ലോകത്തെ ഏറ്റവും മഹാനായ ഒരു സാമ്പത്തിക വിദഗ്ദ്ധനാണ്. അതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. നമ്മുടെ സ്റ്റോൺ ക്രഷറിന്റെ വേസ്റ്റിൽ നിന്ന് അങ്ങ് 100 കോടി രൂപ ഉണ്ടാക്കാൻ പോകുകയാണ്.

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി ഇതെല്ലാം കേൾക്കുന്നുണ്ടോ?

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ആ വേസ്റ്റിൽ നിന്ന് അങ്ങ് ഇപ്പോൾ 100 കോടിയിലധികം രൂപ ഉണ്ടാക്കാൻ പോവുകയാണ്. ഈ വിധത്തിൽ നമ്മുടെ നാട്ടിൽ ഓരോ മേഖലയിലും പുതുതായി നികുതി കണ്ടെത്തിക്കൊണ്ട്, അതുപോലെതന്നെ നികുതിയേതര മേഖലകളിലും അങ്ങ് കടന്നുചെന്നുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തണം.

ടാക്സ് വെട്ടിപ്പിനെക്കുറിച്ച് ഇവിടെ പലരും ചർച്ച ചെയ്തു. പല രാജ്യങ്ങളിലും ഡിജിറ്റൈസ് ചെയ്തുകൊണ്ടാണ് ടാക്സ് വെട്ടിപ്പ് തടയുന്നത്. കേരളത്തിലെ വ്യാപാരമേഖലയിലെ ടാക്സിന്റെ പ്രവണത കണ്ടാൽ ബ്രാൻഡഡ് കമ്പനിയേയും വലിയ മാളുകളേയും ഞാൻ ന്യായീകരിക്കുകയാണെന്ന് അങ്ങ് തെറ്റിദ്ധരിക്കരുത്. ശ്രീ. എം.എ. യൂസഫലിയുടെ ലുലു മാൾ നമ്മളിൽ പലരും എതിർത്ത സ്ഥാപനമാണ്. പക്ഷേ അദ്ദേഹത്തിന്റെ ലുലു മാളിൽ പത്ത് മുന്നൂറ്റിയൻപത് കടകൾ ഒന്നിച്ചുവന്നു. എല്ലാ കടകൾക്കും വാറ്റ് രജിസ്ട്രേഷനുണ്ട്. നമ്മുടെ രാജ്യത്തെ ബ്രാൻഡഡ് കമ്പനികളെല്ലാം കൃത്യമായി ടാക്സ് കൊടുക്കുന്നുണ്ട്. യഥാർത്ഥത്തിൽ കേരളത്തിലെ ഈ മേഖലയിൽ കൂടുതൽ വിഭവം കണ്ടെത്താൻ ആവശ്യമായിട്ടുള്ള ശക്തമായ നിലപാടുകൾ നമ്മൾ സ്വീകരിക്കേണ്ടതുണ്ട്. അതിനെ ഡിജിറ്റൈസ് ചെയ്യണം. അതുപോലെതന്നെ നമ്മുടെ കൊമേഴ്സ്യൽ വിജിലൻസ് വിംഗ് കുറച്ചുകൂടി ശക്തിപ്പെടുത്തണം. അങ്ങയുടെ മുമ്പിൽ നമ്മുടെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി നൽകിയിട്ടുള്ള ആദ്യ റിപ്പോർട്ടിലെ ശക്തമായ നിലപാടുകൾ നടപ്പിലാക്കാൻ അങ്ങ് ധൈര്യം കാണിക്കണം. അങ്ങയുടെ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഈ സഭയിൽ നടത്തിയ പ്രസംഗത്തിൽ ഞാൻ പറഞ്ഞു, കെട്ടിട നികുതിയും ഭൂനികുതിയും കുത്തനെ കൂട്ടണമെന്ന്. അങ്ങ് ഈ ബഡ്ജറ്റിൽ ആ അഭിപ്രായം സ്വീകരിച്ചുകൊണ്ട് കെട്ടിടനികുതി 1000 സ്ക്വയർ ഫീറ്റിൽ അധികമായിട്ടുള്ളതിന് ഒറ്റത്തവണ ഇരട്ടിയാക്കിയിട്ടുണ്ട്. അന്ന് ഞാൻ ആ പ്രസംഗം നടത്തിയപ്പോൾ അഭിവന്ദ്യനായ എന്റെ നേതാവ് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എന്റെ അടുത്തുവന്നിട്ട് പറഞ്ഞു, കുട്ടി പ്രസംഗം നന്നായി. പക്ഷേ നികുതി കൂട്ടണമെന്ന് ഇവിടെ ആരും പ്രസംഗിക്കാറില്ല, നികുതി

കുറയ്ക്കണമെന്നേ പ്രസംഗിക്കാറുള്ളൂ. നികുതി കൂട്ടണമെന്ന് പ്രസംഗിച്ചാൽ വോട്ടുകിട്ടില്ല മോനേ എന്ന്. സത്യത്തിൽ നമ്മുടെ നാട്ടിൽ വളർന്നുവരുന്ന പുതിയ തലമുറ ചിന്തിക്കുന്നത് അങ്ങനെയല്ല. വോട്ടർമാരിൽ മഹാഭൂരിപക്ഷം വരുന്ന ഇന്ത്യയിലെ എഡ്യൂക്കേറ്റഡായ യുവതലമുറ പറയുന്നത് ബെറ്റർ സർവ്വീസ് കിട്ടിയാൽ മതി ഞങ്ങൾ ബെറ്റർ ഫീസ് തരാമെന്നാണ്. ആ വിധ ത്തിൽ കാലം മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നികുതിയുടെ കാര്യ ത്തിൽ ശരിയായ നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങയുടെ ബഡ്ജറ്റിൽ എനിക്ക് ഏറ്റവും ഇഷ്ടംതോന്നിയ ഒരു സംഗതി, ജലസമൃദ്ധ കേരളം എന്ന അദ്ധ്യായമാണ്. അതിലൊരു ചെറിയ നിർദ്ദേശം വയ്ക്കാനാഗ്രഹിക്കുകയാണ്. പുതിയ ഡാം കെട്ടുന്നതിനെ സംബന്ധിച്ചും ജലക്കുഴികളുണ്ടാക്കുന്നതിനെക്കുറിച്ചും ഇവിടെ തിരൂർ എം.എൽ.എ. യുമൊക്കെ സംസാരിച്ചു. കേരളത്തിലെ മഴവെള്ളത്തിന്റെ സംഭരണകേന്ദ്രം തണ്ണീർത്തടങ്ങളാണ്. ഞാനൊരു പരിസ്ഥിതി വിരുദ്ധ നിലപാടെടുക്കുന്ന ആളാണെന്ന തെറ്റിദ്ധാരണ പലർക്കുമുണ്ട്. അങ്ങയെ സാക്ഷ്യപ്പെടുത്തി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്, അങ്ങയുടെ കഴിഞ്ഞ ബഡ്ജറ്റിൽ ഏറ്റവും വലിയ ഒരു ഹരിത പദ്ധതി പ്രഖ്യാപിച്ചത് എന്റെ മണ്ഡലത്തിലാണ്. കണ്ണൂരിലെ മുണ്ടേരി പഞ്ചായത്തിൽ 2000 ഏക്കർ സ്ഥലത്ത് പക്ഷി സങ്കേതമുണ്ടാക്കുമെന്ന് അങ്ങ് പ്രഖ്യാപിച്ചു. അതിന് വലിയ പണച്ചെലവൊ ന്നുമുണ്ടായിട്ടില്ല. പക്ഷേ അവിടത്തെ തണ്ണീർത്തടവും ആ മനോഹരമായ പ്രകൃതിയും അങ്ങയുടെ പ്രഖ്യാപനത്തിലൂടെ സംരക്ഷിച്ചു. ഞാൻ ഒരു പരി സ്ഥിതി വിരുദ്ധനല്ല. കേരളത്തിലെ 44 നദികളുടെ കാര്യം പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, നദികളാണ് മഴവെള്ളത്തിന്റെ ഏറ്റവും

വലിയ സംഭരണ കേന്ദ്രം എന്നാണ്. നദികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? ഇവിടെ മണലെടുത്താൽ പുഴ മരിക്കുമെന്ന ഒരു വാദമുണ്ട്. അത് പൂർണ്ണമായും ശരിയല്ല. ഞാൻ പറയുന്നു, മണലെടുത്തിട്ടില്ലെങ്കിലും പുഴ മരിക്കും. അതിന് ഏറ്റവും വലിയ തെളിവാണ് ഭാരതപ്പുഴ. ഭാരതപ്പുഴയുടെ ഓരത്തുകൂടി കടന്നുപോകുമ്പോൾ പുഴയിൽ മുഴുവൻ മണ്ണ് നിറഞ്ഞുകിടക്കുന്നതു കാണാം. അവിടെ കർക്കടക മാസത്തിൽപോലും മുട്ടോളം വെള്ളമില്ല. പണ്ട് ഈ പുഴകളിൽ തോണി മാത്രമല്ല ബോട്ടുകളും സർവ്വീസ് നടത്തിയിരുന്നതാണ്. എന്താണ് നമ്മുടെ പുഴകൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നത്? യഥാർത്ഥത്തിൽ ഇവിടെ പരിസ്ഥിതി തീവ്രവാദികൾ പറയുന്നത് ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ? ഞാനൊരു പുഴക്കരയുടെ തീരത്ത് താമസിച്ച ആളാണ്. ഞങ്ങളുടെ കുട്ടിക്കാലത്ത് പുഴയിലേയ്ക്ക് നോക്കുമ്പോൾ പുഴയിൽ മണലുണ്ടായിരുന്നില്ല. നല്ല തെളിഞ്ഞ വെള്ളവും ഉരുളൻ കല്ലുകളുമായിരുന്നു ഉണ്ടായിരുന്നത്. എപ്പോഴാണ് പുഴയിൽ മണൽ വന്നത്? മലയോരത്ത് മനുഷ്യവാസം തുടങ്ങി അവിടെ കാട് നശിപ്പിച്ച്, കൃഷി ചെയ്ത്, മരാമത്ത് പ്രവർത്തനം നടത്തിയപ്പോഴാണ് വേരുകൾ നശിച്ച് മണലൊഴുകി പുഴകളിൽ അമിതമായ മണലുകൾ വന്നിട്ടുള്ളത്. കേരളത്തിലെ പുഴകൾ രക്ഷപ്പെട്ടത് 1960–കളുടെ മദ്ധ്യത്തിൽ കോൺക്രീറ്റുകൾ കണ്ടുപിടിച്ചതിനുശേഷമാണ്. അല്ലെങ്കിൽ കേരളത്തിലെ പുഴകൾ ഇതിനുമുമ്പേ മരിക്കുമായിരുന്നു. പുഴകളുടെ ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, അമിതമായി പൂഴി എടുക്കുന്നതും അപകടമാണ്, തീരെ പൂഴി എടുക്കാത്തതും അപകടമാണ് എന്നാണ്. ഇതിന് രണ്ടിനും ഇടയിലുള്ള ഒരു സമീപനമാണ് ആവശ്യം. ഇന്ന് കൊച്ചിയിൽ നിന്നുള്ള വാർത്ത വന്നത്

മെട്രോയ്ക്ക് വേണ്ടി പെരിയാറിൽ ജലം ഒലിക്കാത്ത ഭാഗത്തുനിന്നും പൂഴി യെടുക്കണമെന്നാണ്. കണ്ണൂർ ജില്ലയിലെ കക്കാട് പുഴ മൂടിപ്പോയത് ഇതിന്റെ ഭാഗമായിട്ടാണ്. ആ പുഴ പുനഃരുജ്ജീവിപ്പിക്കണമെന്ന് പരിസ്ഥിതിവാദികൾ ഉന്നയിക്കുകയാണ്. വികസിത രാജ്യങ്ങളിലെ പുഴകളിൽ തോണിയും ബോട്ടും മാത്രമല്ല, വലിയ കപ്പലുകൾപോലും പോകുന്നുണ്ട്. പുഴകളുടെ ആഴം കൂട്ടി ആധുനികമായി ഡ്രഡ്ജ് ചെയ്ത് കടൽഭിത്തി കെട്ടുന്നതുപോലെ പുഴകൾക്ക് ഭിത്തികെട്ടിയാണ് വികസിത രാജ്യങ്ങൾ പുഴകളെ സംരക്ഷിക്കു ന്നത്. കേരളത്തിലെ തീവ്രപരിസ്ഥിതിവാദികൾ പറയുന്ന വാദം ശരിയാണോ യെന്നത് ഒരു വിദഗ്ദ്ധമായ പഠനത്തിന് വിധേയമാക്കണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ഈ കാര്യത്തിൽ ശരിയായ നിലപാട് സ്വീകരിച്ചില്ലെങ്കിൽ ചരിത്രമുറങ്ങി ക്കിടക്കുന്ന അതിമനോഹരമായ ഭാരതപ്പുഴ മരിച്ചുപോകുമെന്നുള്ള കാര്യം പുതിയ ആശയങ്ങളെ, പുതിയ എന്റർപ്രെണേഴ്സിനെ സപ്പോർട്ട് ചെയ്യുന്ന ഒരു വിദഗ്ധനായതുകൊണ്ട് അങ്ങയുടെ മുന്നിൽ സമർപ്പിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. എക്കണോമിക്സും സാമ്പത്തികവും അതുപോലെയുള്ള കാര്യങ്ങളും മാത്രമാണ് ഈ ബഡ്ജറ്റിന്റെ ഭാഗമായി പറയേണ്ടതെന്ന് എനിക്ക് അറിയാം. പക്ഷെ, അങ്ങയുടെ ഈ ബഡ്ജറ്റ്, അങ്ങയുടെ ഈ വിക സന സ്വപ്നം ഈ നാട്ടിൽ യാഥാർത്ഥ്യമാകണമെങ്കിൽ സമാധാനം വേണം. സമാധാനമുണ്ടെങ്കിലേ ഐശ്വര്യമുണ്ടാകൂ. ഐശ്വര്യമുണ്ടെങ്കിലേ വികസന മുണ്ടാകൂ. കണ്ണൂരിൽ നിന്ന് നാം കേട്ടുകൊണ്ടിരിക്കുന്ന ഏറ്റവും അപകടകര മായ വാർത്ത കണ്ണൂരിൽ പുതിയ കുഞ്ഞനന്തനെ സി.പി.ഐ.(എം) കണ്ടു പിടിച്ചിരിക്കുന്നുവെന്നതാണ്. അതാണ് ആർ.എസ്.എസ്.-ലെ ഒ.കെ. വാസു. കുഞ്ഞനന്തൻ ജയിലിലായി. കുഞ്ഞനന്തൻ ഒരു കേസിലും ഇതുവരെ പ്രതി

യായിട്ടില്ല. ആരായിരുന്നു കുഞ്ഞനന്തൻ? അവിടെയുള്ള രാഷ്ട്രീയ കൊല പാതകങ്ങളുടെ ചരിത്രം പരിശോധിക്കുന്നവർക്കറിയാം സി.പി.ഐ.(എം)-ന്റെ ലീഡർഷിപ്പ് മനസ്സിൽ ആലോചിക്കുന്ന കാര്യം കൃത്യമായി പ്രയോഗത്തിൽ വരുത്തുന്ന ഏറ്റവും വലിയ നൊട്ടോറിയസ് ക്രിമിനലായിരുന്നു കുഞ്ഞന ന്തൻ. ആ കുഞ്ഞനന്തനും ക്വട്ടേഷൻ സംഘവും അകത്തായപ്പോൾ..........

ശ്രീ. എ. കെ. ബാലൻ: സർ, ..........

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: കുഞ്ഞനന്തനെപ്പറ്റി പിന്നെ ഞാൻ എന്താണ് പറയേണ്ടത്? കുഞ്ഞനന്തൻ ധീരനായ കമ്മ്യൂണിസ്റ്റാണെന്ന് ഞാൻ പറയണോ. ......(ബഹളം)...... ആർ.എസ്.എസ്.-മായും ഒ.കെ. വാസുവുമാ യുമുള്ള ബന്ധം പി.ഡി.പി.-യുമായുള്ള ബന്ധം പോലെയാകുമെന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞു. അത് ശരിയാണ്. കണ്ണൂരിലേത് സി.പി.ഐ.(എം)-ന് രാഷ്ട്രീയമായി ഒരു ഗുണവുമില്ലാത്ത ബന്ധമാണ്. പിന്നെ എന്തുകൊണ്ടാണ് ശ്രീ. പിണറായി വിജയനും ശ്രീ. പി. ജയരാജ ന്മാരും ഇത്രയും റിസ്ക്കെടുത്ത് ഈ നിലപാട് സ്വീകരിക്കുന്നുവെന്ന് ചോദി ച്ചാൽ ആർ.എസ്.എസ്.-ലെ കുഞ്ഞനന്തനാണ് ഒ.കെ. വാസു. ഒരു കേസിലും പ്രതിയായിട്ടില്ല. സാക്ഷാൽ ശ്രീ. പി. ജയരാജനെത്തന്നെ വെട്ടിനുറുക്കിക്കൊ ല്ലാൻ ആസൂത്രണം ചെയ്തയാളാണ് ഒ.കെ. വാസു. ശ്രീ. കോടിയേരി ബാല കൃഷ്ണന് ഇത് നിഷേധിക്കാൻ സാധിക്കുമോ? ആ ഒ.കെ. വാസുവിനെ സി.പി.ഐ.(എം)-ലേക്ക് എടുക്കുന്നത് ഒരു പുതിയ കുഞ്ഞനന്തനെ സൃഷ്ടി ക്കാനാണ്. കുഞ്ഞനന്തന്റെ ക്വട്ടേഷൻ സംഘത്തിനാണ് ശ്രീ. പിണറായി വിജയൻ ഇന്ന് പാനൂരിൽ മെമ്പർഷിപ്പ് കൊടുക്കുന്നത്. സമാധാനമുണ്ടെങ്കിൽ മാത്രമേ ഐശ്വര്യവും വികസനവുമുണ്ടാകൂ. കണ്ണൂരിലെ അക്രമ രാഷ്ട്രീയ ത്തിന് അന്ത്യം കുറിക്കാനുള്ള നിലപാടെടുത്ത ശ്രീ. ഉമ്മൻ ചാണ്ടിയുടെ

നേതൃത്വത്തിലുള്ള ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട്, മാണി സാറിന്റെ മുന്നിൽ കൈകൂപ്പി നിന്നുകൊണ്ട് ഒരിക്കൽകൂടി ഈ ബഡ്ജറ്റിനെ പിന്തുണ ച്ചുകൊണ്ട് നിർത്തുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു. സി.പി.ഐ.(എം)-നെ പഠിപ്പിക്കാൻ ശ്രീ. എ. പി. അബ്ദുള്ള ക്കുട്ടി വരേണ്ട, അതിന് അദ്ദേഹം വളർന്നിട്ടുമില്ല എന്നുമാത്രമേ ഞാനിപ്പോൾ സൂചിപ്പിക്കുന്നുള്ളൂ. ഈ ബഡ്ജറ്റിനെ എതിർക്കുമ്പോൾത്തന്നെ മാണി സാറിനെ ഒന്ന് അഭിനന്ദിക്കാതെ വയ്യ. അങ്ങ് നവലിബറൽ നയത്തിന്റെ വക്താവും പ്രയോക്താവുമായിരുന്നു. പക്ഷെ, ഈ ബഡ്ജറ്റ് പ്രസംഗത്തിന്റെ തുടക്കത്തിൽ ധനഉത്തരവാദിത്വ നിയമം അപ്രായോഗികമാണെന്ന് അങ്ങ് പറഞ്ഞിരിക്കുകയാണ്. അനുഭവത്തിന്റെ വെളിച്ചത്തിൽ ജോസഫ് സ്റ്റിഗ്ലിറ്റ്സിനെപ്പോലെതന്നെ മാണി സാറും ഈ നയത്തിന്റെ പൂർണ്ണ വിമർശക നാകുമെന്നതിന്റെ സൂചനയാണത്. ഞങ്ങൾ വർഷങ്ങളായി പറഞ്ഞുകൊണ്ടി രുന്നത് ശരിയാണെന്ന് തിരിച്ചറിഞ്ഞ അങ്ങേയ്ക്ക് അഭിനന്ദനങ്ങൾ. ഈ ബഡ്ജറ്റ് സാമ്പത്തിക ശാസ്ത്രപരമായും ഘടനാപരമായും തെറ്റുള്ളതാ ണെന്ന് ഡോ. ടി. എം. തോമസ് ഐസക് വിശദീകരിച്ചു. ഞാൻ അത് ആവർത്തിക്കുന്നില്ല. അതിനോടൊപ്പംതന്നെ അടിസ്ഥാന പ്രശ്നങ്ങളെ ഒന്നിനെയും ശരിയായ രീതിയിൽ അഭിമുഖീകരിക്കാത്ത ബഡ്ജറ്റാണിത്. ബഡ്ജറ്റ് സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുകയാണ് വേണ്ടത്. പക്ഷെ ഈ ബഡ്ജറ്റ് സമ്പദ് വ്യവസ്ഥയെ ദുർബലമാക്കും. ഞാനത് വിശദീകരിക്കാനാണ് ശ്രമിക്കുന്നത്. സംസ്ഥാനത്തിന്റെ ബഡ്ജറ്റും സംസ്ഥാനത്തിന്റെ ഇക്കോണ മിയും തമ്മിലുള്ള ബന്ധമാണ് എപ്പോഴും ഒരു ബഡ്ജറ്റ് ചർച്ചയിൽ ഏറ്റവും

പ്രധാനമായും മനസ്സിലാക്കേണ്ടത്. സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വളരെ ചെറുതാണ്. ഇപ്പോൾ, കേരള സംസ്ഥാനത്തിന്റെ ബഡ്ജറ്റ് 20,000 കോടി രൂപയുടേതാണ്. പക്ഷെ കേരളത്തിന്റെ ഇക്കോണമി എന്നുപറയുന്നത് ഈ സംസ്ഥാന ബഡ്ജറ്റിന്റെ ആയിരം മടങ്ങിലധികം വലിപ്പമുള്ളതാണ്. അതുകൊണ്ട് അത്തരത്തിലുള്ള ഒരു ഇക്കോണമിയിൽ ബഡ്ജറ്റ് എങ്ങനെ പ്രതിഫലിക്കുന്നു അല്ലെങ്കിൽ എങ്ങനെ ഇടപെടുന്നു എന്നുള്ളതനുസരിച്ചാണ് ഒരു ബഡ്ജറ്റ് ശരിയാണോ തെറ്റാണോ എന്ന് വിലയിരുത്തേണ്ടത്. കേരളത്തിന്റെ ഈ സമ്പദ് വ്യവസ്ഥ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം സാമ്പത്തിക മാന്ദ്യമാണ്. സാമ്പത്തിക മാന്ദ്യം പതുക്കെപ്പതുക്കെ സാമ്പത്തിക തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. *'Deep recession is depression'* എന്നുപറയുന്ന ആശയം അന്വർത്ഥമാക്കിക്കൊണ്ട് കേരളത്തിന്റെ സമ്പദ് വ്യവസ്ഥ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതാണ് ഇക്കോണമിയുടെ അടിസ്ഥാന പ്രശ്നം. ആ പ്രശ്നത്തിൽ ഈ ബഡ്ജറ്റ് എങ്ങനെ ഇടപെടുന്നുവെന്നതനുസരിച്ചാണ് ഈ ബഡ്ജറ്റ് ശരിയോ തെറ്റോ എന്ന് വിലയിരുത്തേണ്ടത്. അത്തരത്തിൽ വിലയിരുത്തുമ്പോഴാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത് ഈ ബഡ്ജറ്റ് ഈ പ്രശ്നങ്ങളെ കൃത്യമായി അഡ്രസ്സ് ചെയ്യാത്ത ഒരു ബഡ്ജറ്റാണെന്ന്. സാമ്പത്തിക മാന്ദ്യത്തോടൊപ്പംതന്നെ അതീവ ഗുരുതരമായ പ്രശ്നങ്ങളെ കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. വികസനത്തിന്റെ ജനാധിപത്യപരവും ആദർശാത്മകവുമായ മാതൃകയായാണ് കേരളം അറിയപ്പെടുന്നത്. മൈക്ക് ഓൺ ചെയ്തുവച്ചുകൊണ്ട് കേരളത്തിനെക്കുറിച്ച് പലതും നമുക്ക് വിളിച്ചുപറയാനുണ്ട്. ഏറ്റവും കൂടുതൽ ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സുള്ള സ്ഥലം, ആയൂർദൈർഘ്യം ഏറ്റവും കൂടുത

ലുള്ള പ്രദേശം, ശിശുജനന നിരക്ക് ഏറ്റവും കുറവുള്ളത്, ശിശുമരണ നിരക്ക് ഏറ്റവും കുറവുള്ളത്, കൂടിയ സാക്ഷരത, സ്ത്രീ സാക്ഷരത, ചെറിയ വിസ്തീർണ്ണത്തിൽ ഏറ്റവും കൂടുതൽ പുഴകൾ, ഏറ്റവും കൂടുതൽ ജനസാന്ദ്ര തയുള്ള പ്രദേശം, ഏറ്റവും കൂടുതൽ ജൈവവൈവിധ്യമുള്ള പ്രദേശം, ഇതെല്ലാം നമുക്ക് മൈക്ക് ഓൺ ചെയ്തുവച്ച് ആരുടെയും മുന്നിൽ ധൈര്യ പൂർവ്വം പറയാവുന്ന കാര്യങ്ങളാണ്. പക്ഷെ, മൈക്ക് ഓഫ് ചെയ്തുവച്ച് പറ യേണ്ട ചില കാര്യങ്ങളും കേരളത്തെക്കുറിച്ചുണ്ട്. ഏറ്റവും കൂടുതൽ മദ്യപാ നമുള്ള പ്രദേശം, ഏറ്റവും കൂടുതൽ ആത്മഹത്യയുള്ള പ്രദേശം, ഉയർന്ന നിരക്കിൽ പാരിസ്ഥിതിക തകർച്ചയും കാർഷിക തകർച്ചയുമുള്ള പ്രദേശം, രോഗാതുരത ഏറ്റവും കൂടുതലുള്ള പ്രദേശം, സ്ത്രീകൾക്കെതിരെ അക്രമ ങ്ങൾ കൂടിവരുന്ന പ്രദേശം, ശിശുക്കൾക്കെതിരെയുള്ള അക്രമങ്ങൾ കൂടി വരുന്ന പ്രദേശം, അതിവേഗം കൃഷി സ്ഥലങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രദേശം, ജനങ്ങൾ കടക്കെണിയിലേക്ക് ഏറ്റവുംവേഗം അടുത്തുകൊണ്ടിരി ക്കുന്ന പ്രദേശം, തൊഴിലില്ലായ്മ ഏറ്റവും കൂടുതലുള്ള സംസ്ഥാനം, പണപ്പെ രുപ്പവും വിലക്കയറ്റവും രൂക്ഷമാകുന്ന പ്രദേശം, ഇങ്ങനെ മൈക്ക് ഓഫ് ചെയ്തുവച്ച് പറയേണ്ട ചില കാര്യങ്ങളുമുണ്ട്. ഈ പ്രശ്നങ്ങളെ കൃത്യമായി അഡ്രസ്സ് ചെയ്യുന്നതായിരിക്കണം യഥാർത്ഥത്തിൽ ബഡ്ജറ്റ്. ഈ ദിശയിൽ ഈ ബഡ്ജറ്റ് ദിശാബോധമില്ലാതെ പരാജയപ്പെട്ട ബഡ്ജറ്റാണെന്ന് ലളിത വിശകലനത്തിലൂടെത്തന്നെ നമുക്ക് ബോധ്യമാകും. അങ്ങനെ ലളിത വിശക ലനത്തിലൂടെത്തന്നെ ദിശാബോധമില്ലാത്ത പരാജയപ്പെട്ട ബഡ്ജറ്റാണിതെന്ന് പറയുമ്പോൾ ആ ബഡ്ജറ്റിന് ഒരു മുഖമുദ്രകൂടിയുണ്ടെന്ന് പറയേണ്ടിവരും. ജില്ലകളോടും മണ്ഡലങ്ങളോടുമുള്ള വിവേചനമാണ് അത്. ഇത് ഗുരുതര മായ അസന്തുലിതാവസ്ഥ കേരളത്തിൽ സൃഷ്ടിക്കും. സമഗ്രമായ ഒരു

ബഡ്ജറ്റിന്റെ രീതിശാസ്ത്രം ഇതാവരുത്. എല്ലാ മണ്ഡലങ്ങളെയും ഒരു പോലെ കണ്ടുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്ന ഒരിടപെടൽ ബഡ്ജറ്റിലുണ്ടാകണം. ഇങ്ങനെയുള്ള ഗുരുതരമായ പ്രതിസന്ധി കേരളത്തിലുണ്ടാകാൻ എന്താണ് കാരണം? അതിനെ ഈ ബഡ്ജറ്റ് അഡ്രസ്സ് ചെയ്യുന്നുണ്ടോ? ഈ രണ്ട് ചോദ്യങ്ങൾക്കും ഉത്തരം കാണാനാണ് ഇനി ഞാൻ ശ്രമിക്കുന്നത്. ഈ വലിയ പ്രതിസന്ധിയിലേക്ക് കേരളം പോകാനും പാരിസ്ഥിതിക തകർച്ചയുടെയും തൊഴിലില്ലായ്മയുടെയും ഭക്ഷ്യോത്പാദനക്കുറവിന്റെയും ജൈവവൈവിധ്യ ശോഷണത്തിന്റെയും വിലക്കയറ്റത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട കാരണവും നമ്മുടെ കാർഷികത്തകർച്ചയാണ്. ഏറ്റവും കൂടുതൽ തൊഴിൽ സാന്ദ്രമായ ഒരു മേഖലയുടെ തകർച്ചയിൽ നിന്നാണ് കേരളത്തിന്റെ സമ്പദ്വ്യവസ്ഥയിൽ ഈ പ്രശ്നങ്ങളുണ്ടായിട്ടുള്ളത്.

കൃഷി എന്നു പറയുന്നത് കേവലം ഭക്ഷ്യധാന്യങ്ങളും നാണ്യ വിളകളും മാത്രമല്ല ഉത്പ്പാദിപ്പിക്കുന്നത്. അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡിനെ കുറയ്ക്കുന്നത് കൃഷി മാത്രമാണ്. അന്തരീക്ഷത്തിലേക്ക് ഓക്സിജനെ വിട്ട് അന്തരീക്ഷത്തെ ശുദ്ധീകരിക്കുന്നത് കൃഷിഭൂമിയാണ്. മണ്ണിലേക്ക് ജലത്തെ ഇറക്കുന്നതും മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിക്കുന്നതും കൃഷിയാണ്. മൃഗസംരക്ഷണത്തിന് ആവശ്യമായ വിഭവങ്ങൾ നൽകുന്നതും കൃഷിയാണ്. മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിച്ച് മണ്ണിന്റെ പോറോസിറ്റി വർദ്ധിപ്പിച്ച് വാട്ടർഹോൾഡിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതും കൃഷിയാണ്. ആ കൃഷിയെ ആസ്പദമാക്കിയാണ് മിക്ക പരമ്പരാഗത വ്യവസായങ്ങളും ചില കാർഷികാധിഷ്ഠിത വ്യവസായങ്ങളും നമ്മുടെ നാട്ടിൽ നിലകൊള്ളുന്നത്. സമ്പദ് വ്യവസ്ഥയുടെ നട്ടെല്ല് കൃഷിയാണെന്നർത്ഥം. കേവലം സാമ്പത്തിക ഉത്പ്പാദനത്തിന് മാത്രമല്ല മൊത്തം പരിസ്ഥിതിയുടെ സംരക്ഷണത്തിനും

തൊഴിലില്ലായ്മയുടെ പ്രശ്ന പരിഹാരത്തിനും കാർഷിക മേഖല തന്നെ വളർന്നു വരണം. ആ കാർഷിക മേഖല തകർന്നു കൊണ്ടിരിക്കുകയാണെന്ന് സാമ്പത്തിക സർവ്വെകളും സാമ്പത്തിക റിവ്യൂകളും തുടർച്ചയായി പറഞ്ഞു കൊണ്ടിരിക്കുകയാണ്. റബ്ബർ ഒഴികെ എല്ലാ വിളകളുടെയും വിസ്തീർണ്ണം നിരന്തരമായി കുറഞ്ഞ് കുറഞ്ഞ് വരുന്നു. അത് ഏറ്റവുമധികം ചർച്ച ചെയ്യേണ്ട വിഷയമാണ് കാർഷിക തകർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ട ഭാഗം കൃഷി ഭൂമിയുടെ വിസ്തീർണ്ണം നിരന്തരമായി കുറഞ്ഞ് വരുന്നതാണ്. ഉത്പ്പാദനക്ഷമത വർദ്ധിക്കുന്നു എന്നതിനാൽ മൊത്തം ഉത്പ്പാദനം നിലനിന്നേക്കാം. പക്ഷെ അത് കുറച്ചുകാലം മാത്രമേ നിലനിൽക്കുകയുള്ളൂ. വിസ്തീർണ്ണം കുറഞ്ഞു വന്നാലും ഉത്പ്പാദനക്ഷമത വർദ്ധിച്ചാലും ഒരു ഘട്ടത്തിൽ കാർഷിക ഉത്പ്പാദനം കുറഞ്ഞു തന്നെ വരും. ധാന്യോത്പാദനം മാത്രമല്ല കൃഷിയുടെ ലക്ഷ്യമെന്ന് ഞാൻ ചൂണ്ടിക്കാണിച്ചു. കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം കുറയുന്നു എന്നതാണ് കേരളം ഇന്ന് നേരിടുന്ന ഏറ്റവും വലിയ ഭീഷണി. ഒരുപാട് മേഖലകളിലേക്ക് സംഭാവനകൾ നൽകുന്ന കാർഷിക മേഖലയുടെ വിസ്തീർണ്ണം കുറയുന്നതുകൊണ്ട് അന്തരീക്ഷത്തിൽ നിന്നും വലിച്ചെടുക്കുന്ന കാർബൺഡൈ ഓക്സൈഡിന്റെ അളവ്, അന്തരീക്ഷത്തിൽ ഉത്പ്പാദിപ്പിക്കുന്ന ഓക്സിജന്റെ അളവ്, മണ്ണിലേക്ക് ഇറക്കുന്ന വെള്ളത്തിന്റെ അളവ്, മണ്ണിലുണ്ടാക്കുന്ന ജൈവാംശത്തിന്റെ അളവ് ഇവ കുറയുന്നു. ഈ ബഡ്ജറ്റിൽ മാണി സാർ പലപ്രാവശ്യം പറഞ്ഞു ഞങ്ങൾ ഹൈടെക്ക് കൃഷിയെ ആശ്രയിക്കാൻ പോകുന്നു എന്ന്. കൃഷിഭൂമിയുടെ വിസ്തീർണ്ണം നിരന്തരം കുറയുന്നു എന്ന പ്രശ്നം പരിഹരിക്കുവാൻ ഹൈടെക്ക് കൃഷിയിലൂടെ കഴിയില്ലെന്ന് ലോകം മുഴുവൻ തെളയിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ഹൈടെക്ക് കൃഷി വേണ്ട എന്നൊന്നും ഞങ്ങൾ പറ

യില്ല. അതിനെ നിഷേധിക്കുകയുമില്ല. അതിന് വേറെ ചില ഗുണങ്ങളുണ്ട്.. ക്രോസ് ബ്രീഡ്, ടിഷ്യു കൾച്ചർ, ജനറ്റിക്കലി മോഡിഫൈഡ് സീഡ് തുടങ്ങിയ ഘടകങ്ങളാണ് ബയോടെക്നോളജി ഉപയോഗിച്ചു കൊണ്ട് ഹൈടെക്ക് കൃഷിയിൽ പ്രയോജനപ്പെടുത്തുന്നത്. ഇതെല്ലാം കുറച്ചു വർഷം മാത്രമേ നിലനിൽക്കുകയുള്ളൂ. ജനറ്റിക്കലി മോഡിഫൈഡ് സീഡായാലും, ടിഷ്യൂ കൾച്ചറായാലും ക്രോസ് ബ്രീഡുകളായാലും ഹൈടെക്കിൽ ഇത്തര ത്തിലുള്ള വിത്തുകളാണ് നിലകൊള്ളുക. നാലോ അഞ്ചോ വർഷം കഴിയു മ്പോൾ അത്തരം വിത്തുകൾ നമുക്ക് നഷ്ടപ്പെടും. അങ്ങനെ നഷ്ട്ടപ്പെടു മ്പോൾ പുതിയ ക്രോസ് ബ്രീഡോ ടിഷ്യൂ കൾച്ചറോ ഉണ്ടാക്കണമെങ്കിൽ നമ്മുടെ നാടിന്റെ ജൈവ വൈവിദ്ധ്യം നിലനിൽക്കേണ്ടതായിട്ടുണ്ട്. ജൈവ വൈവിദ്ധ്യം നിലനിൽക്കണമെങ്കിൽ കാർഷിക ഭൂമിയുടെ വിസ്തീർണ്ണം നില നിൽക്കുക തന്നെ വേണം. അവിടെ മാത്രമേ വൈവിദ്ധ്യമുള്ളൂ. പ്രപഞ്ചത്തിൽ ഭക്ഷണം ഉത്പ്പാദിപ്പിക്കുന്ന ഒരു തൻമാത്രയേയുള്ളൂ അത് ക്ലോറോഫിൽ ആണ്. അതിന് പച്ച നിറമാണ്. ആ തൻമാത്ര മാത്രമാണ് പ്രപഞ്ചത്തിൽ ഭക്ഷണം ഉത്പ്പാദിപ്പിക്കുന്നത്. ആ ഭക്ഷണം ഉണ്ടാക്കുന്ന സസ്യങ്ങളെ തിന്നു ന്നത് സസ്യഭുക്കുകളാണ്. ആ സസ്യഭുക്കുകളെ ഭക്ഷിക്കുന്നത് മാംസ്യഭുക്കു കളാണ്. ഇവയെല്ലാം മരിച്ചു വീഴുമ്പോൾ ഏതെല്ലാം ഘടകങ്ങൾ ഉപയോഗി ച്ചാണോ ഭക്ഷണം ഉണ്ടാക്കുന്നത് അവയെല്ലാം പ്രകൃതിയിലേക്ക് തിരിച്ചു കൊടുക്കുന്നത് മൃതഭോജികളാണ്. ഇതെല്ലാം ഒരുങ്ങി നിൽക്കുന്ന ജൈവ വൈവിദ്ധ്യം നിലനിൽക്കാൻ ഒരു ഹൈടെക്ക് സെക്ടറിലൂടെയും കഴിയില്ലെ ന്നുള്ളത് ശാസ്ത്ര ലോകം തെളിയിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ഭൂമിയുടെ വിസ്തീർണ്ണം കുറയുക എന്ന പ്രശ്നത്തെ അഡ്രസ്സ് ചെയ്യാതെ കേരളത്തിന്റെ വികസന പ്രശ്നങ്ങൾ അഡ്രസ്സ് ചെയ്യാൻ സാധിക്കില്ല എന്നാണ് ഞാൻ

സ്ഥാപിക്കുന്നത്. പുതിയ ക്രോസ് ബ്രീഡുകൾ ഉണ്ടാക്കാൻ ബേസിക് ബയോഡൈവേഴ്സിറ്റി നിലനിർത്തുക തന്നെ വേണം. ഇന്ന് ഏറ്റവും കൂടുതൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് ജൈവ വൈവിദ്ധ്യമാണ്. കാർഷിക ഭൂവിസ്തൃതി കുറയുന്നതുകൊണ്ട് നഷ്ടപ്പെടുന്നത് തലമുറകളോളം നിലനിൽക്കുന്ന ജൈവവൈവിദ്ധ്യമാണെന്ന് നാം തിരിച്ചറിയണം. ഇതിനൊപ്പം തന്നെ വലിയ ഒരു പ്രശ്നം കാർഷിക മേഖലയെ തകർക്കുന്നത് ഇക്കണോമിക് റിവ്യൂവിൽ വായിക്കാം. ഇക്കണോമിക് റിവ്യൂവിന്റെ വോള്യം (1) പേജ് 58 ൽ പറയുന്നു 'ഈ വർഷത്തെ ഏറ്റവും വലിയ കാർഷിക തകർച്ചയ്ക്ക് കാരണമായ ഘടകം ഇറിഗേഷന്റെ കുറവാണ്'. ജലസേചന സൗകര്യങ്ങൾ കേരളത്തിൽ വൻതോതിൽ കുറയുന്നു എന്നത് വളരെ പ്രകടമായ പ്രശ്നമാണ്. ജലസേചന സാദ്ധ്യത കഴിഞ്ഞ വർഷം 6.7 ശതമാനം കുറഞ്ഞിരിക്കുകയാണ്. ഇത് കൃഷിയെ പ്രതികൂലമായി ബാധിക്കും. പരസ്പര പൂരകമായ രണ്ട് മേഖലകളുടെ തകർച്ചയാണ് ഇന്ന് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ അടിസ്ഥാന പ്രശ്നം. അങ്ങനെയുള്ള കാർഷിക മേഖലയോട് പരസ്പരപൂരകമായി ഹൈടെക്ക് സമ്പ്രദായം നടപ്പാക്കുന്നതിനോട് ആർക്കും വിയോജിപ്പില്ല അത് ശരിയാണ്. ഹൈടെക്കെന്ന് മാത്രം പറഞ്ഞ് പരമ്പരാഗത കാർഷിക രീതിയെ തകർക്കുന്നത് നേരത്തെ സൂചിപ്പിച്ച എല്ലാ മേഖലകളിലും ഒരുപാട് പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ഞാൻ ഇതുവരെ പറഞ്ഞത് കാർഷിക മേഖലയുടെയും ഇറിഗേഷന്റെയും തകർച്ചയാണ്. ഇത് സമ്പദ്വ്യവസ്ഥയിൽ എങ്ങനെയാണ് പ്രതിഫലിക്കുന്നതെന്ന് പറയാം. ഇക്കോണമിക് റിവ്യൂ, വോള്യം (1) പേജ് 75 ൽ വളരെ പ്രധാനപ്പെട്ട ഒരു ടേബിൾ കൊടുത്തിട്ടുണ്ട്. അത് 2010–11 ൽ GSDP-യിലേക്കുള്ള ഉത്പ്പാദന മേഖലയുടെ സംഭാ

വന കാണിക്കുന്നു. GSDP എന്നു പറയുന്നത് ഗ്രോസ്സ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രൊഡക്ട് ആണ്. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിലേക്ക് ഉത്പ്പാദന മേഖലയുടെ സംഭാവന 2010–11 ൽ 7.94 ശതമാനമാണ്. 2012–13 ൽ 7.74 ശതമാനവും 2013–14 ൽ 7.53 ശതമാനവുമാണ്. അതായത് ഉത്പ്പാദന മേഖലയുടെ മൊത്തം ആഭ്യന്തര ഉത്പ്പാദനത്തിലേക്കുള്ള സംഭാവന നിരന്തരമായി കുറഞ്ഞു വരുന്നു എന്നുള്ളതാണ് നേരത്തെ പറഞ്ഞ പ്രശ്നങ്ങൾ സമ്പദ് വ്യവസ്ഥയിൽ പ്രതിഫലിക്കുന്നതിന്റെ സൂചനയാണിത്. അങ്ങയുടെ ബഡ്ജറ്റ് ഈ പ്രശ്നമാണ് അഡ്രസ് ചെയ്യേണ്ടത്. തൊഴിലില്ലായ്മയുടെയും ഭക്ഷ്യ ഉത്പ്പാദനത്തിന്റെ കുറവിന്റെയും വിലക്കയറ്റത്തിന്റെ കാരണങ്ങളിൽ ഒന്നും ഇതാണ്. അങ്ങനെ പല പല പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം ജി.എസ്.ഡി.പി യിലേക്ക് ഉത്പ്പാദന മേഖലയുടെ കോൺട്രിബ്യൂഷൻ കുറഞ്ഞു വരുന്നു എന്നുള്ളതാണ്. അങ്ങ് അപ്പോൾ ഒരു ചോദ്യം ചോദിക്കും, ജി.എസ്.ഡി.പി വളരുന്നുണ്ടല്ലോ, ജി.ഡി.പി വളരുന്നുണ്ടല്ലോ 8.2 ആയല്ലോ എന്ന്. അവിടെയാണ് ഏറ്റവു പ്രസക്തമായ ഉത്തരം വരുന്നുത്  ജി.എസ്.ഡി.പി–യിലേക്ക് ഉത്പ്പാദന മേഖലയുടെ സംഭാവന കുറയുമ്പോഴും ജി.ഡി.പി വർദ്ധിക്കുവാനുള്ള കാരണം നമ്മുടെ നാട്ടിലെ ടൂറിസം, റിയൽ എസ്റ്റേറ്റ്, സ്റ്റോക്ക് മാർക്കറ്റ് ഇവയുടെ വളർച്ചയാണ്. ഇത് സമ്പദ് വ്യവസ്ഥ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ്. അത് വളർന്നാൽ പണമുണ്ടാകില്ലേ എന്ന് ചോദിക്കാം. തൊഴിൽ നൽകാതെ പണം ഉത്പ്പാദിപ്പിക്കുന്ന മേഖലയാണ് അത്. തൊഴിൽ നൽകാതെ പണം ഉണ്ടാക്കുന്ന മേഖല വളരുമ്പോൾ പണം വളർന്നേക്കാം. പക്ഷെ തൊഴിലില്ലായ്മ രൂക്ഷമാകും.  അത് ജനങ്ങളുടെ വാങ്ങൽ ശേഷിയെ പ്രതികൂലമായി ബാധിക്കും. അത് ഉത്പ്പാദനത്തിൽ മാത്രമല്ല കച്ചവടത്തിലും ബാധി

ക്കും. കച്ചവടത്തിൽ പ്രതിഫലിക്കുന്നത് സർക്കാരിന്റെ റവന്യൂ വരുമാനത്തിലെ കുറവായിട്ടാണ്. അതാണ് കഴിഞ്ഞ വർഷം കണ്ടത്. അഴിമതിയും പിരിച്ചെടുക്കാതിരിക്കുന്നതുമൊക്കെ നിൽക്കട്ടെ. ഉത്പ്പാദനം, തൊഴിലവസരം, വാങ്ങൽശേഷി, കച്ചവടം ഇവ കുറയുന്നതുകൊണ്ട് റവന്യൂ വരുമാനം കുറയുന്നു.

ഡോ. എൻ. ജയരാജ്: സർ, അങ്ങ് ഇവിടെ പറഞ്ഞു വരുന്നത് കാർഷിക ഉത്പ്പാദനം കുറയുന്നതിനെ സംബന്ധിച്ചാണ്. ജലസേചന സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ കൃഷിയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളിൽ വന്നത് ഒറ്റഞാർ കൃഷിയാണ്. സാധാരണ കൃഷിയെക്കാൾ ഈ കൃഷിക്ക് വളരെ കുറച്ച് ജലം മതിയെന്നാണ് പറയപ്പെടുന്നത്. കാർഷിക മേഖലയിൽ പുതിയ പ്രവണതകൾ കൊണ്ടു വരുന്നതിനെ അങ്ങ് ചില തലങ്ങളിൽ എതിർക്കുന്നുവെങ്കിൽപ്പോലും അടിസ്ഥാനപരമായ കാർഷിക മേഖല നിലനിൽക്കുന്നതിന് രണ്ട് പ്രധാനപ്പെട്ട ഘടകങ്ങളുണ്ട്. ഒന്ന്, കാർഷിക മേഖലയിലേക്ക് പുതിയ ആളുകൾ കടന്നു വരണം. സ്വാഭാവികമായി കൃഷി ലാഭകരമാകുന്ന അവസ്ഥയിൽ കൃഷിക്കാരന് അവന്റെ ഉത്പ്പാദന വസ്തുവിന് വിലകിട്ടുന്ന ന്യയമായ ഒരു സംവിധാനം സൃഷ്ടിക്കപ്പെടണം. തീർച്ചയായും മാണി സാറിന്റെ ബഡ്ജറ്റിലെ ഒൻപതാമത്തെ നിർദ്ദേശം പ്രൈസ് ഗ്യാരന്റി നൽകുന്നുവെന്നതാണ്. അതിനെ സ്വാഗതാർഹമല്ല എന്ന് അങ്ങ് പറയുന്നത് ഏത് അർത്ഥത്തിലാണെന്ന് മനസ്സിലാകുന്നില്ല..

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ അതൊന്നും പറഞ്ഞില്ല. ഞാൻ പറയുന്നത് മുഴുവൻ കേൾക്കണം. ഞാൻ ഇപ്പോഴും മൂലധന നിക്ഷേപത്തിലേക്ക് വന്നില്ല. എങ്ങനെയാണ് കാർഷിക മേഖലയുടെ വിസ്തീർണ്ണം കുറയുന്നത് തടുക്കുക എന്ന പോയിന്റ് വരികയാണ്. അങ്ങ് പറഞ്ഞതു

പോലെ കർഷകർക്ക് കൊടുക്കുന്ന ഏതൊരു ആനുകൂല്യവും നല്ലതു തന്നെ. കാർഷിക മേഖലയിൽ ചില ആനുകൂല്യങ്ങൾ നൽകി എന്നുള്ളതുകൊണ്ട് ആ മേഖല നിലനിൽക്കില്ല. ഹൈടെക്ക് മാത്രമായി നിലനിൽക്കില്ല. ഇടപെടേണ്ടത് മറ്റൊരു മേഖലയിലാണ്. അത് മൂലധന നിക്ഷേപം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. കാർഷിക മേഖലയിൽ മൂലധന നിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ടല്ലാതെ കാർഷിക മേഖലയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുവാനും ഈ പറഞ്ഞ ഇടപെടൽ നടത്തുവാനും കഴിയില്ല. കാർഷിക മേഖലയുടെ വിസ്തീർണ്ണം, ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് ഇത് വർദ്ധിപ്പിച്ചിട്ടുണ്ടോ? കണക്കുകൾ പറയുന്നു.

ബഡ്ജറ്റ് ഇൻ ബ്രീഫിൽ A-18 ൽ A-22 ടേബിളിൽ കാർഷികമേഖലയിലെ മൊത്തം ഡെവലപ്മെന്റ് എക്സ്പെൻഡിച്ചറിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 2012-13-ൽ 8.09 ശതമാനം, 2013-14-ൽ 7.38 ശതമാനം, 2014-15-ൽ 7.69 ശതമാനം, കുറഞ്ഞുവരികയാണ്. തീർന്നില്ല, അതേ ബഡ്ജറ്റ് ഇൻ ബ്രീഫിൽ A-18 ൽ A-22 ൽ ഇറിഗേഷൻ ഡെവലപ്മെന്റ് എക്സ്പെൻഡിച്ചർ, 2012-13-ൽ ടോട്ടൽ എക്സിപെൻഡിച്ചറിന്റെ 1.81 ശതമാനം, 2013-14-ൽ ടോട്ടൽ എക്സിപെൻഡിച്ചറിന്റെ 1.57 ശതമാനം, 2014-15-ൽ എക്സ്പെക്റ്റഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് തന്നെ ടോട്ടൽ എക്സ്പെൻഡിച്ചറിന്റെ 1.25 ശതമാനം. 1.81 ശതമാനത്തിൽ നിന്ന് 1.57 ശതമാനമായി. അടുത്ത വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് തന്നെ 1.25 ശതമാനമാണ്. 2012-13-ൽ 483 കോടി രൂപ, 2013-14-ൽ 473 കോടി രൂപ, 2014-15-ൽ 444

കോടി രൂപ. മൗലികമായ ഈ യഥാർത്ഥ പ്രശ്നത്തെ അഡ്രസ്സ് ചെയ്യുന്നില്ല. ഇങ്ങനെ വരുമ്പോൾ തൊഴിലില്ലായ്മയുടെ പ്രശ്നം കൂടി നമ്മുടെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പ്രശ്നമാണ്. ഇതേ ബഡ്ജറ്റ് ഇൻ ബ്രീഫിൽ, പേജ് A-18 ൽ A-22 ടേബിളിൽ ഇൻഡസ്ട്രി ആന്റ് ലേബർ എന്നു പറയുന്ന സെക്ടറിൽ 2012-13–ൽ ടോട്ടൽ ഡെവലപ്മെന്റ് എക്സിപെൻഡിച്ചറിന്റെ 3.88 ശതമാനം, 2013-14–ൽ ടോട്ടൽ ഡെവലപ്മെന്റ് എക്സിപെൻഡിച്ചറിന്റെ 3.55 ശതമാനം, 2014-15–ൽ ടോട്ടൽ ഡെവലപ്മെന്റ് എക്സിപെൻഡിച്ചറിന്റെ 3.53 ശതമാനം. കുറഞ്ഞു കുറഞ്ഞു വരുന്നു. ആഭ്യന്തര ഉല്പാദനവും മൂലധന നിക്ഷേപവും തമ്മിലുള്ള ബന്ധം കൂടി നോക്കുക. ഈ ടേബിളിൽ Capital Expenditure as percentage of GDP, ജി.ഡി.പി.–യുടെ ഭാഗമായോ അതിന്റെ ശതമാനമായിട്ടുള്ള ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ 2013-14–ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 2.32 ശതമാനം, പക്ഷേ റിവൈസ്ഡ് എസ്റ്റിമേറ്റ് 1.76 ശതമാനം. എന്നിട്ടുപോലും 2014-15–ൽ പുതിയ ബഡ്ജറ്റിൽ 1.6 ശതമാനം, അത് ബഡ്ജറ്റ് എസ്റ്റിമേറ്റ് മാത്രമാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് എങ്ങനെ വരുമെന്നറിയില്ല. 2.32 ശതമാനം ബഡ്ജറ്റ് എസ്റ്റിമേറ്റുണ്ടായിരുന്നത് റിവൈസ്ഡ് എസ്റ്റിമേറ്റിൽ വന്നത് 1.76 ശതമാനമായി. ഈ വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 1.6 ശതമാനം....., ഇതുകൊണ്ടാണ് കഴിഞ്ഞ വർഷം റവന്യൂ കമ്മിയുണ്ടായത്. അതുകൊണ്ടു തന്നെയാണ് റവന്യൂ കമ്മി പെർസന്റേജ് ജി.ഡി.പി.–യുടെ 185 ശതമാനം ആയി വർദ്ധിച്ചത്. അടുത്ത കൊല്ലം വീണ്ടും റവ

ന്യൂ കമ്മി വർദ്ധിക്കാൻ പോകുന്നു. വീണ്ടും കടം കൂടും. വീണ്ടും ഒരുപാട് പ്രതിസന്ധികളുണ്ടാകും. കേരളം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നതെന്നുള്ളതിന്റെ ഉത്തമമായ ലക്ഷണങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. കേരളം ഗുരുതരമായ Stagflation-നെ നേരിടുകയാണ്. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെക്കുറിച്ചാണ് പറയുന്നത്. കേരളം വളരെ ഗുരുതരമായ ഒരു Stagflation-ലേയ്ക്ക് (Stagnation plus Inflation) പോകുകയാണ്. ഡേവിസ് വെർണറിന്റെ വളരെ സുപ്രസിദ്ധമായ പുസ്തകമായ 'Questioning the Solutions'-ൽ നവലിബറൽ നയങ്ങളുടെ പ്രശ്നപരിഹാര വഴികളുടെ അപകടങ്ങളെക്കുറിച്ചാണ് ഈ പുസ്തകം സൂചിപ്പിക്കുന്നത്. 'Similarly, I am questioning your Economic solutions for our crisis.' ഒരിക്കൽ കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുകയാണ്.

**റൂളിംഗ്**

(1) <u>ദേവസ്വം ബിൽ പരിഗണന സംബന്ധിച്ച റൂളിംഗ്</u>

<u>മി. സ്പീക്കർ</u>: 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപനങ്ങൾ (ഭേദഗതി) ബിൽ, 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ എന്നിവ 23.01.2014-ൽ പരിഗണനയ്ക്കെടുത്ത വേളയിൽ ഈ ബില്ലുകൾ നേരത്തെ പ്രസിദ്ധീകരിച്ച 2013-ലെ 34, 35 എന്നീ ഓർഡിനൻസുകൾക്ക് പകരമുള്ളതാണെന്നും പുതിയ ഓർഡിനൻസുകളായ 2013-ലെ 42, 43 എന്നീ ഓർഡിനൻസുകൾക്ക് പകരമായി പുതിയ ബില്ലുകൾ പ്രസിദ്ധീകരിക്കണ്ട എന്ന നിയമോപദേശം നിയമ വകുപ്പ് നേരത്തെ നൽകി

യിരുന്നോ എന്ന കാര്യം ഫയൽ വിളിച്ചുവരുത്തി പരിശോധിക്കണമെന്നും ചില അംഗങ്ങൾ ആവശ്യപ്പെട്ടിരുന്നു.

മേൽപ്പറഞ്ഞ ബില്ലുകളെ സംബന്ധിച്ച നിയമ വകുപ്പിന്റെ 23459/ലെജി. ബി2/2012/നിയമം, 23460/ലെജി.ബി2/2012/നിയമം എന്നീ നമ്പർ ഫയലുകൾ ചെയർ പരിശോധിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മേൽപ്പറഞ്ഞ ബില്ലുകൾ പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനകാലത്ത് നിയമസഭയിൽ സമർപ്പിച്ചുവെങ്കിലും പ്രസ്തുത സമ്മേളനത്തിൽ പാസ്സാക്കാൻ കഴിഞ്ഞില്ലെന്നും അതിനാൽ 34, 35 എന്നീ നമ്പർ ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിന് 42, 43 എന്നീ നമ്പരുകളിലായി പുതിയ ഓർഡിനൻസുകൾ വിളംബരപ്പെടുത്തിയിട്ടു ണ്ടെന്നും, അപ്രകാരം ഓർഡിനൻസു മുഖേന നിയമനിർമ്മാണം ആവശ്യമായിത്തീർന്ന സാഹചര്യം വിശദീകരിക്കുന്ന ചട്ടം 75(2) പ്രകാരമുള്ള പ്രസ്താവന സഭയ്ക്ക് നൽകണമെന്നും മേൽപ്പറഞ്ഞ ഫയലുകളിൽ രേഖപ്പെ ടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ സഭ മുമ്പാകെയുള്ള ബില്ലിൽ 42, 43 എന്നീ ഓർഡിനൻസുകൾക്ക് അനുസൃതമായി വരുത്തേണ്ട ഭേദഗതികളും ഫയലിൽ രേഖപ്പെടുത്തി അംഗീകാരം വാങ്ങിച്ചതായി കാണുന്നു. ചട്ടം 75(2) പ്രകാരമുള്ള മേൽപ്പടി സ്റ്റേറ്റ്മെന്റുകൾ 06.01.2014–ൽ ബഹുമാനപ്പെട്ട ആരോ ഗ്യ വകുപ്പുമന്ത്രി ഓർഡിനൻസുകൾ സഭയുടെ മേശപ്പുറത്തുവച്ച വേളയിൽ അതോടൊപ്പം വച്ചിട്ടുണ്ട്. നിയമസഭയുടെ നിലവിലുള്ള ബില്ലിലെ വ്യവസ്ഥ കൾ മുഴുവനായോ ഭാഗികമായോ അഥവാ ഭേദഗതികളോടു കൂടിയോ ഉൾക്കൊള്ളുന്ന ഒരു ഓർഡിനൻസ് പ്രസിദ്ധീകരിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് ചട്ടം 75(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് ഓർഡിനൻസ് പുറപ്പെടുവിച്ച തിന് തൊട്ടടുത്ത് വരുന്ന സമ്മേളനത്തിന്റെ പ്രാരംഭത്തിൽ സഭയുടെ മേശപ്പു

റത്ത് വയ്ക്കേണ്ടത്. ഇതിൽ നിന്നും സഭ മുമ്പാകെ പെന്റിംഗ് ആയിട്ടുള്ള മേൽപ്പറഞ്ഞ രണ്ട് ബില്ലുകളിൽ 2013–ലെ 42, 43 എന്നീ നമ്പർ ഓർഡിനൻസിന് അനുസൃതമായി മാറ്റങ്ങൾ വരുത്തി പരിഗണനയ്ക്ക് എടുക്കുവാൻ നിയമ വകുപ്പ് നേരത്തെ തന്നെ നിയമോപദേശം നൽകിയതായി കാണുന്നു.

(2) <u>ഉപചോദ്യം സംബന്ധിച്ച റൂളിംഗ്</u>

ചോദ്യോത്തരവേളയിൽ ഉപചോദ്യം അനുവദിക്കുമ്പോൾ രണ്ട് പക്ഷത്തുമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പരമാവധി അവസരം ലഭിക്കുന്നതിന് ചെയർ പ്രത്യേക ശ്രദ്ധ നൽകാറുണ്ടെങ്കിലും അതു സംബന്ധിച്ച് ചില അംഗങ്ങൾ പരാതി ഉന്നയിച്ച സാഹചര്യത്തിൽ ചില കാര്യങ്ങൾ വ്യക്തമാക്കുവാൻ ചെയർ ആഗ്രഹിക്കുന്നു. ഉപചോദ്യം അനുവദിക്കുന്നത് സംബന്ധിച്ച് 2011 സെപ്റ്റംബർ 29–ന് ചെയർ ഒരു റൂളിംഗ് നൽകിയിരുന്നു. ഓരോ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിനും 6–7 മിനിട്ട് സമയം അനുവദിച്ചത് കുറഞ്ഞത് 10 ചോദ്യമെങ്കിലും സഭാതലത്തിൽ ചോദിക്കുവാനുള്ള അവസരം സൃഷ്ടിക്കണമെന്ന നിയമസഭാ ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച സമിതിയുടെ 2010–ലെ ശുപാർശ നടപ്പിലാക്കുവാൻ ചെയർ ആഗ്രഹിക്കുന്നതായി പ്രസ്തുത റൂളിംഗിൽ പറഞ്ഞിരുന്നു. എന്നാൽ ഇത് ഇതുവരെ പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഒരു ദിവസം 3–4 ചോദ്യങ്ങൾ മാത്രമാണ് ഇപ്പോഴും സഭാതലത്തിൽ അനുവദിക്കുവാൻ കഴിയുന്നത്. ഈ സമ്മേളനകാലത്ത് ഇന്നുവരെ ഒൻപത് ദിവസം ചോദ്യോത്തരവേള ഉണ്ടായിരുന്നു. 30 ചോദ്യങ്ങളാണ് ഇതുവരെ സഭാതലത്തിൽ ഉന്നയിക്കുവാൻ കഴിഞ്ഞത്. ഒരു

ദിവസം ശരാശരി 28 അംഗങ്ങൾക്ക് ഉപചോദ്യം അനുവദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ സമ്മേളനത്തിൽ ഒരു ചോദ്യവും ലഭിക്കാത്ത 15 അംഗങ്ങളും ഒരു ചോദ്യം മാത്രം ചോദിക്കുവാൻ അവസരം ലഭിച്ച 30 അംഗങ്ങളുമുണ്ട്. ഉപചോദ്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച നിയമസഭാ നടപടിചട്ടം 45-ലെ വ്യവസ്ഥകൾ അനുസരിച്ച് മുഖ്യചോദ്യത്തിൽ നിന്നോ അതിന്റെ ഉത്തരത്തിൽ നിന്നോ വ്യതിചലിക്കുന്നതും, ഒന്നിൽ കൂടുതൽ വ്യത്യസ്തമായ സംഗതികൾ ഉൾപ്പെടുന്നതോ, വിവരം ആവശ്യപ്പെടുന്നതിന് പകരം വിവരം നൽകുന്നതോ ആയ ഉപചോദ്യങ്ങൾ അനുവദനീയമല്ല. അംഗങ്ങൾ ഉപചോദ്യങ്ങൾ ചോദിക്കുന്നതിന് മുമ്പ് ദീർഘമായ ഉപക്രമം നടത്തുന്നതു കാരണം അടിസ്ഥാനമിടുന്നതു കാരണം കൂടുതൽ അംഗങ്ങൾക്ക് ഉപചോദ്യത്തിനുള്ള അവസരം നഷ്ടപ്പെടുകയാണ് ചെയ്യുന്നതെന്ന് സഭയിലെ അംഗങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകും. നിയമസഭാ നടപടിചട്ടത്തിലെ 45-ാം ചട്ടത്തിന് അനുസൃതമായി മാത്രമേ അംഗങ്ങൾക്ക് ഇനി ഉപചോദ്യം അനുവദിക്കുകയുള്ളൂ. ഉപചോദ്യങ്ങൾക്ക് ദീർഘമായ മറുപടി നൽകുന്ന രീതി മന്ത്രിമാർ ദയവായി ഒഴിവാക്കണമെന്നും ചെയർ അഭ്യർത്ഥിക്കുന്നു. ഉപചോദ്യം ലഭിക്കുന്ന അംഗങ്ങൾ കുറഞ്ഞത് 3-4 ദിവസം കഴിഞ്ഞുമാത്രമേ അതിനായി വീണ്ടും ആവശ്യം ഉന്നയിക്കാവൂ എന്ന് വീണ്ടും ചെയർ അഭ്യർത്ഥിക്കുന്നു. കക്ഷി നേതാക്കൾക്ക് ചിലപ്പോൾ സ്വാഭാവികമായി അവസരങ്ങൾ നൽകേണ്ടി വന്നേക്കും. അത് എപ്പോഴുമുള്ള താണ്. കാരണം അവർ പാർട്ടിയുടെ പ്രധാന നേതാക്കന്മാരാണ്. കൂടുതൽ ചോദ്യങ്ങൾ സഭാതലത്തിൽ വരുന്നതിനും, കൂടുതൽ അംഗങ്ങൾക്ക് ഉപചോദ്യം അനുവദിക്കുന്നതിനും, എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടേയും സഹകരണം ചെയർ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജനുവരി മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.38-ന് പിരിഞ്ഞു.)

*********